V2:19WN10
32J8;1

V2:19w N10 32J8;1
...AR:
...ANANGAL
MURUGAN BINDIN...
EL...
NO. 8. BOMM...
MUL
195532

**Madras University Library**

Call Number

Accession Number

Available for loan from

This book should be returned on or before the date last marked below.

21 OCT 1968

12 NOV 1968

256

# ആന്ദോളനങ്ങൾ

(ചില ഓർമ്മക്കുറിപ്പുകൾ)

[Malayalam]

# ANDOLANANGAL

(MEMOIRS)

BY

C. B. KUMAR

First Impression October 1958

RIGHTS RESERVED

PRINTED AT THE INDIA PRESS, KOTTAYAM

Copies 1000

PUBLISHED BY C. B. KUMAR

DISTRIBUTORS

NATIONAL BOOKSTALL

KOTTAYAM KERALA STATE

Rs. 3

# ആന്ദോളനങ്ങൾ

(ചില ഓർമ്മക്കുറിപ്പുകൾ)

സി. ബി. കുമാർ

നാഷനൽ ബുക്ക്സ്റ്റാൾ
കോട്ടയം

വില ക. മൂന്ന്

NATIONAL BOOK STALL LTD. BR. KOTTAYAM

## സി. ബി. കുമാറിന്റെ

## കൃതികൾ

ആന്ദോളനങ്ങൾ

ചിതറിയ ചിത്രങ്ങൾ

മങ്ങിയ ചിത്രങ്ങൾ

സായാഹ്നങ്ങൾ

ലണ്ടൻകത്തുകൾ

മെക്സിക്കൻനാട്ടുകളിൽ

195532 C.N
V2:19w N10
32J8;1

# മുഖവുര

കഴിഞ്ഞ ഏതാനും വർഷങ്ങളിൽ അപ്പോഴപ്പോഴായി എഴുതിയ ചില ഓർമ്മക്കുറിപ്പുകളാണു് ഇപ്പോൾ ഈ പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്തുന്നതു്. ഇതിലെ ചില ഭാഗങ്ങൾ മുൻപു് വിശാലകേരളം, ജയകേരളം, മഹാത്മാ, മാതൃഭൂമി ആഴ്ചപ്പതിപ്പു് എന്നീ പ്രസിദ്ധീകരണങ്ങളിൽ പ്രസിദ്ധപ്പെടുത്തിയവയും, മററു ചിലതു് ഇപ്പോൾ ആദ്യമായി പ്രസിദ്ധപ്പെടുത്തുന്നതുമാണു്.

ജീവിതത്തിലെ ദൈനന്ദിനസംഭവങ്ങളെ ആധാരമാക്കി എനിക്കു് അപ്പോഴപ്പോൾ തോന്നിയ വിചാരങ്ങൾക്കു് ഒരു സാഹിത്യരൂപം കൊടുക്കുക എന്നാണു് ഈ കുറിപ്പുകളുടെ പ്രധാനഉദ്ദേശം. ഈ കുറിപ്പുകൾ എഴുതിയകാലം മുക്കാൽ ഭാഗവും ഞാൻ ഇൻഡ്യയ്ക്കു വെളിയിൽ താമസിക്കുകയായിരുന്നു. ആ കാലത്തു് അന്യരാജ്യങ്ങളിൽ പല സ്ഥലങ്ങളും സന്ദർശിക്കുകയും, പല ആളുകളുമായി പരിചയപ്പെടുകയുംചെയ്തു. ഇതിൻെറയെല്ലാം ഒരു പ്രതിബിംബം ഈ കുറിപ്പുകളിൽ കാണുമെങ്കിലും, ഈ കൃതി ഒരു യാത്രാവിവരണമായിട്ടല്ല ഞാൻ ഉദ്ദേശിച്ചിട്ടുള്ളതു്. ബാഹ്യസംഭവങ്ങളേക്കാൾ ആന്തരമായ വികാരങ്ങൾക്കും, വിചാരങ്ങൾക്കുമാണു് ഞാൻ പ്രാധാന്യം കൊടുത്തിട്ടുള്ളതു്. സംഭവങ്ങളേയും, ആളുകളേയും അവതരിപ്പിച്ചിട്ടുള്ള സന്ദർഭങ്ങളിലും, വിവരണങ്ങളേക്കാൾ ഒരു പ്രത്യേക അന്തരീക്ഷം സൃഷ്ടിക്കുന്നതിലാണു് ഞാൻ മനസ്സിരുത്തിയിട്ടുള്ളതു്.

ഭാവപ്രധാനമായ ഈ ആവിഷ്കരണരീതി, ഒരുവിധം നോക്കുകയാണെങ്കിൽ ഈമാതിരിയുള്ള ഓർമ്മക്കുറിപ്പുകൾക്കു് പൊതുവേ യോജിച്ച ഒരു രീതിയാണെന്നു പറയാം. പക്ഷേ, വേറെ ഒരുവിധം നോക്കുകയാണെങ്കിൽ ഞാൻ എൻെറ മറ്റു ചില കൃതികളിൽ സ്വീകരിച്ച ആവിഷ്കരണരീതിയോടു് ഈ രീതിക്കു് ഏറെക്കുറെ സാമ്യമുള്ളതായി കണ്ടേക്കാം. കല്പനാ

സൃഷ്ടികളുടെയ കഥാപാത്രങ്ങളുടെ അനുഭവങ്ങളെ ആസ്പദമാക്കി നേരിയ വികാരങ്ങളുടേയും, ശിഥിലചിന്തകളുടേയും അപൂർണ്ണങ്ങളായ ചില ചിത്രങ്ങൾ ഞാൻ കുറേ മുൻപ് 'ചിതറിയ ചിത്രങ്ങൾ' എന്നപേരിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. ഏതാണ്ട് അതേരീതിയിൽ, ജീവിതത്തിൽ വാസ്തവമായി നടന്ന സംഭവങ്ങളേയും, അനുഭവങ്ങളേയും കേന്ദ്രമാക്കി ചില ശിഥിലചിന്തകളുടെ ചിത്രീകരണമാണ് ഇപ്പോൾ ഈ പുസ്തകത്തിൽ യത്നിച്ചിട്ടുള്ളത്. സാമൂഹ്യജീവിതത്തിൽ അമർന്നു കഴിയുന്ന വ്യക്തികളുടെ വികാരസംഘട്ടനങ്ങളും, ശോകച്ഛായകൊണ്ടു മങ്ങിയ ഒരു അന്തരീക്ഷവുമായിരുന്നു എന്റെ മുൻപിലത്തെ കൃതിയിൽ ആകെ വ്യാപിച്ചുകണ്ടിരുന്നെങ്കിൽ, ജീവിതത്തിലെ വിവിധനിറത്തിലുള്ള അന്തരീക്ഷവും, അനുഭവങ്ങളും ഇപ്പോഴത്തെ കൃതിയിൽ ഉൾപ്പെട്ടിരിക്കുന്നു. പക്ഷേ, ആവിഷ്ക്കരണസമ്പ്രദായത്തിൽ, ഒരു അപൂർണ്ണരീതി ഈ രണ്ടു കൃതികളിലും കാണാം. ഈ ആവിഷ്ക്കരണസമ്പ്രദായം ചിലപ്പോഴെല്ലാം അപൂർണ്ണമായ ഒരു ഭാഷാശൈലിയേയും വരുത്തിയിട്ടുണ്ടെങ്കിൽ, അതു വായനക്കാർ ക്ഷമിക്കുമെന്നു വിശ്വസിക്കുന്നു.

ജനീവ
2 മാർച്ച് 1958

**സി. ബി. കുമാർ**

## അദ്ധ്യായങ്ങൾ


| | |
|---|---|
| തിരമാലകൾ | 9 |
| ആന്ദോളനങ്ങൾ | 45 |
| കായലിൻെറ കരയ്ക്കു് | 65 |
| വീണ്ടും കായലിൻെറ കരയ്ക്കു് | 96 |
| നിഴലുകൾ | 128 |
| ഇരുട്ടിൽ | 164 |
| വെളിച്ചത്തിലേയ്ക്കു് | 197 |
| ബഹളത്തിനിടയ്ക്കു് | 209 |
| അമേരിക്കൻരംഗം | 223 |

## ചിത്രങ്ങൾ


1 ആന്ദോളനങ്ങളുടെ പിന്നിൽ—ഗ്രന്ഥകർത്താവ്

2 മദ്ധ്യധരണ്യാഴിയിലെ സൂര്യാസ്തമനം


3 ജനീവാകായലും ഫൗണ്ടനും

4 രാജ്യങ്ങളുടെ കൊട്ടാരം

5 ജനീവാകായലിന്റെ ഒരു ഭാഗം

6 ജെഫർസൺ മെമ്മോറിയൽ

7 വാഷിംഗ്ടണിലെ പഞ്ചകോണക്കെട്ടിടം



ആന്ദോളനങ്ങളുടെ പിന്നിൽ—ഗ്രന്ഥകർത്താവ് ശ്രീ. സി. ബി. കുമാർ

അദ്ധ്യായം 1

## തിരമാലകൾ

കറാച്ചി

5 നവംബർ 1946

ഉപയോഗശൂന്യമായി കഴിഞ്ഞുപോയ എന്റെ ആ ദിവസങ്ങളെ അപേക്ഷിച്ചു് ഭാവിയെ നന്നാക്കാനുള്ള ആഗ്രഹത്തിന്റെ ഫലങ്ങളിൽ ഒന്നു്, എനിക്കു് അപ്പഴപ്പോൾ തോന്നുന്ന വിചാരങ്ങളെ എവിടെയെങ്കിലും കുറിച്ചിടുകയെന്നുള്ള ഒരു നിശ്ചയമാണു്. എന്റെ ജീവിതം ഇതാ അവിചാരിതമായ ഒരുവഴിക്കു പോയിത്തുടങ്ങിയിരിക്കുന്നു. ഒഴിഞ്ഞ കോണിലുള്ള ജീവിതം ഉപേക്ഷിച്ചു്, ഞാൻ ഭൂഖണ്ഡങ്ങൾ ചാടിക്കടക്കാനും, സ്വരാജ്യത്തുനിന്നു സ്വയമേവ ബഹിഷ്കൃതനാകാനും നിർബ്ബന്ധിതനായിരിക്കുന്നു. ഈമാതിരി ഒരു സമയത്തു്, പ്രത്യേകിച്ചും, അവനവന്റെ ഭാവിയെപ്പററി ആകെ ചില നിശ്ചയങ്ങൾ ചെയ്യു ഒരുപക്ഷേ, സ്വാഭാവികമായിരിക്കാം. ഞാൻ എന്റെ ഭൂതകാലത്തേയ്ക്കു് ഒന്നു തിരിഞ്ഞുനോക്കി,

സാമാന്യമായ ഒരു വിജയം നേടിയിട്ടുള്ള ജീവിതം എന്ന് അന്യർ അഭിപ്രായപ്പെടത്തക്കതാണെങ്കിലും, അതിൽ സ്ഥിരപ്രയത്നത്തിന്റെ ലാഞ്ഛനയോ, സമാധാനത്തിന്റെ കണികയോ ഞാൻ കണ്ടില്ല. ഏതു വിഡ്ഢിക്കും എഴുതാവുന്ന ചില കഥകളും, ലേഖനങ്ങളുമേ എൻെറ സാഹിത്യശ്രമങ്ങളുടെ ഫലമായി അവശേഷിച്ചിട്ടുള്ളു; എൻെറ വമ്പിച്ച സാഹിത്യസ്വപ്നങ്ങളെല്ലാം അങ്ങനെ അവസാനിച്ചു. എൻെറ ജീവിതമോ?—പല കുണ്ടിലും, കുന്നിലും, താഴ്‌വരയിലുംകൂടി വലിഞ്ഞിഴഞ്ഞു് അതിന്റെ മന്ദഗതി പിൻതുടരുന്നു. ഒരിക്കൽ, ഞാൻ വിദ്യാർത്ഥി ആയിരുന്ന ആ കാലത്തു്, ജീവിതം യഥാർത്ഥത്തിൽ മനസ്സിന്റെ ജീവിതംമാത്രമാണെന്നു വിചാരിച്ചിരുന്നു; തത്വജ്ഞാനത്തിൻെറ വിഭിന്നമുഖങ്ങൾ ആരാഞ്ഞറിയുന്നതിനും, രാഷ്ട്രീയമായും, സാമ്പത്തികമായും ഉള്ള പല സിദ്ധാന്തങ്ങളെപ്പററി നിരൂപണം ചെയ്യാനും എനിക്കു് അന്നു് അളവററ ജിജ്ഞാസയുണ്ടായിരുന്നു. അനേകനിമിഷങ്ങൾ ഞാൻ വെറും അറിവുസമ്പാദിക്കാനായി വിനിയോഗിച്ചു. ഈ ഉയന്ന ആദശലോകത്തിൽനിന്നും, ജീവിതത്തിലെ സാധാരണ സുഖങ്ങളുടെ മഹിമ മനസ്സിലാക്കാൻ, എന്റെ ജീവിതത്തിനെ ആകെ ഇളക്കിമറിച്ച ചില സംഭവങ്ങൾ വേണ്ടിവന്നു. ഇപ്പോൾ തത്വശാസ്ത്രത്തിനു തരാവുന്ന മാധുയ്യത്തേക്കാൾ, ദാഹിച്ചു വലഞ്ഞുവരുമ്പോൾ കിട്ടുന്ന വെറും പച്ചവെള്ളത്തിൻെറ മഹിമയേയാണു് ഞാൻ ആസ്വദിക്കുന്നതു്; എൻെറ ശിശുക്കളുടെ കോലാഹലങ്ങൾ ലോകത്തിലുള്ള ധനശാസ്ത്രജ്ഞന്മാർ തമ്മിലുള്ള ലഹളകളേക്കാൾ ഞാൻ ഇഷ്ടപ്പെടുന്നു....ഇതു് എൻെറ മനസ്സിനു വന്ന ഒരു അധഃപതനമാണോ എന്നു ഞാൻ ചിലപ്പോൾ അത്ഭുതപ്പെടുന്നു; മററുചിലപ്പോൾ അതു് എനിക്കു്

അവശ്യം വേണ്ടിയിരുന്ന എൻെറ വികാരജീവിതത്തിൻേറയും, വിചാരജീവിതത്തിൻേറയും ഒരു യോജിപ്പു മാത്രമാണെന്നും എനിക്കു തോന്നുന്നു.

ജീവിതം ആകെക്കൂടി നോക്കുമ്പോൾ അതിലെ സംഭവങ്ങളെ ഏതാണ്ടു രണ്ടായി തരംതിരിക്കാം. ചില സംഭവങ്ങൾ ജീവിതത്തിൻെറ ഗതിയെ ആകെ മാററത്തക്ക വിധം പ്രാധാന്യമുള്ളവയാണു്; ജീവിതസാഗരത്തിലെ ഈ തിരമാലകൾക്കിടയ്ക്കു സാധാരണദിവസങ്ങളുടെ പോക്കിനെ കുറിക്കുന്ന പല ചില്ലറസംഭവങ്ങൾ, താരതമ്യേന പ്രാധാന്യം കുറഞ്ഞവയാണെങ്കിലും, ചിലപ്പോൾ ജീവിതത്തിൻെറ ഏറിയഭാഗവും അവകൊണ്ടു നിറഞ്ഞിരിക്കും. പ്രകൃത്യാ ശാന്തനും അലസനും ആയ എനിക്കു ചില തിരമാലകൾപോലും മന്ദമായ ആന്ദോളനങ്ങളുടെ ഭാവം കൈക്കൊണ്ടു പ്രത്യക്ഷമാകും.... ഈമാതിരിയുള്ള വിചാരങ്ങൾ ഇന്നു സിൻഡിലെ മണലാരണ്യങ്ങളുടേയും, കായലുകളുടേയും മുകളിൽക്കൂടി പറന്നുവന്നപ്പോൾ എന്നെ നിരന്തരം ബാധിച്ചുകൊണ്ടിരുന്നു.

ഉച്ചയ്ക്കു് 1.30—ന്നു് പാലസ് ഹോട്ടലിൽ. കൊട്ടാരതുല്യമായ ഈ ഹോട്ടലിൻെറ വിശാലമായ വിരുന്നുമുറികളിൽവെച്ചു ഞാൻ പത്തുകൊല്ലമായി വേർപെട്ടിരുന്ന യൂറോപ്യൻജീവിതസമ്പ്രദായവുമായി വീണ്ടും ഏററുമുട്ടി. പട്ടണത്തിൻെറ യാതൊരു പകിട്ടും എത്താത്ത പവിത്രേശ്വരത്തെ എൻെറ ജീവിതം എവിടെ; ഇന്നത്തെ പാലസ്ഹോട്ടലിലെ ജീവിതം എവിടെ! ജീവിതം എനിക്കു തന്നിട്ടുള്ള ഈമാതിരി ചില ഭാഗ്യരേഖകളെ ഓമ്മിച്ചു കൃതജ്ഞതാപൂവ്വം, നമ്രശിരസ്കനായി ഞാൻ ദൈവത്തിൻെറ മുമ്പിൽ പലപ്പോഴും നിന്നിട്ടുണ്ടു്. പക്ഷേ, മററു ചിലപ്പോൾ ഈ ഭാഗ്യത്തിൻെറ കുറെഭാഗം എടുത്തിട്ടെ

ങ്കിലും, എന്റെ മനസ്സിനു ശാന്തതയും സമാധാനവും തരണേ എന്നു ഞാൻ പ്രാൎത്ഥിച്ചിട്ടുണ്ടു്. ഏതായാലും എൻെറ ജീവിതത്തിനെ ഇനി മാററാൻ സാധിക്കാത്തതുകൊണ്ടു്, അതിനെ കഴിയുന്നിടത്തോളം ഉപയോഗപ്രദമായി വിനിയോഗിക്കുകയെന്നല്ലാതെയെന്താണു് ചെയ്യുക? എന്റെ ഹൃദയപ്പിളർപ്പിൻെറ അടയാളങ്ങൾ ഈ ഏടുകളിൽ കാണുകയില്ലെന്നും, എൻെറ മനസ്സു ക്രമേണ ശാന്തമാവുമെന്നും ഞാൻ ആശിക്കുന്നു....

വില്ലാർ (സ്വിറ്റ്സർലൻഡ്)
1 ജനുവരി 1947

അമേരിക്ക സന്ദർശിക്കണമെന്നുള്ള ഒരു ആഗ്രഹം കുറെ വൎഷങ്ങളായി എന്നിൽ സ്ഥിരപ്രതിഷ്ഠമായിരുന്നു. ലണ്ടനിൽ ഒരു വിദ്യാൎത്ഥിയായിരുന്നപ്പോൾ, ഈ ആഗ്രഹം അതിൻെറ മൂൎദ്ധന്യദശയിൽ എത്തിയിരുന്നു. അതുകഴിഞ്ഞു്, ആ ആഗ്രഹവും അപ്രാപ്യമായ ആഗ്രഹകോടിയിൽ ചേൎന്നു മാഞ്ഞു മറഞ്ഞുകഴിഞ്ഞിരുന്നു. എന്നാൽ ഇടയ്ക്കിടയ്ക്കു് ഈ ആഗ്രഹത്തിൻെറ ലാഞ്ഛനകൾ എന്റെ മനസ്സിൽക്കൂടി പായും. അതിൻെറ ഫലമായിട്ടോ എന്തോ ഒരിക്കൽ ഞാൻ സ്വപ്നത്തിൽക്കൂടി അമേരിക്ക കാണുകയും ചെയ്തു. അതിവേഗം അപ്രത്യക്ഷമാകുന്ന വൈദ്യുതദീപസമൂഹങ്ങളുടെ ഒരു പ്രതീതി മാത്രമാണു് ഈ സ്വപ്നയാത്രയുടെ സ്മരണയായി അടുത്തദിവസം രാവിലെ എൻെറമനസ്സിൽ അവശേഷിച്ചതു്.

ഇന്നു്, ഈ ആല്പയിൻപൎവ്വതനിരകളുടെ ഇടയ്ക്കുള്ള ഈ ചെറിയ പട്ടണത്തിൽവെച്ചു്, അടുത്തുതന്നെ ഉണ്ടാകാൻപോവുന്ന അമേരിക്കൻസന്ദർശനത്തെപ്പററി ഞാൻ വിചാരിക്കാൻ തുടങ്ങി. ഇനി കഷ്ടിച്ചു് ഒരു മാസമേ

യുള്ള അങ്ങോട്ടു പുറപ്പെടാൻ. അതിനു് എന്തെല്ലാം ഒരു ക്കങ്ങൾ വേണം....ഇതായിരുന്നു വില്ലാറിലുള്ള എൻെറ ചുരുങ്ങിയ താമസക്കാലത്തു് എന്നെ നിരന്തരം അലട്ടി ക്കൊണ്ടിരുന്നതു്. ഞാൻ ഇന്നലെ സന്ധ്യയ്ക്കാണു് ഇവി ടെ എത്തിയതു്; അപ്പോൾ അവിടെയൊക്കെ രാത്രി മന്ദ മന്ദം വ്യാപിച്ചുതുടങ്ങിയിരുന്നെങ്കിലും, പരക്കെ മൂടിയി രുന്ന മഞ്ഞിൻെറ ധവളത ആ സ്ഥലത്തിനൊക്കെ ഒരു സ്വർഗ്ഗീയസൗന്ദര്യം പ്രദാനംചെയ്തിരുന്നു. ഒരു 'ലൂഷിൽ' എന്റെ സാമാനങ്ങളുംവെച്ചു് ഹോട്ടലിലെഭൃത്യൻ അതി നെ മഞ്ഞിൻെറ മുകളിൽക്കൂടി തെററിച്ചുകൊണ്ടുപോയ കാഴ്ച നോക്കിക്കൊണ്ടു് ഞാൻ പുറകേ നടന്നു ഹോട്ടലിൽ വന്നുചേൎന്നു.

ഞാൻ നാളെ ഈ സ്ഥലംവിടും. മഞ്ഞിന്റെ ഇടയ്ക്കു ള്ള ഈ ഒഴിവുദിവസങ്ങൾ പ്രത്യേകം ആനന്ദകരമായിരു ന്നു. ഇവിടെനിന്നു കുറേക്കൂടി ഉയൎന്ന സ്ഥലമായ 'ബ്രേട്ടേ' യിൽ പോയി, അവിടെ ഹോട്ടലിനകത്തിരുന്നു്, വെളി യിൽകുന്നിൻെറ മുകളിൽനിന്നു് അടിക്കടി താഴത്തേയ്ക്കു മഞ്ഞിൽക്കൂടി തെറിച്ചു തെറിച്ചുവന്നു് എന്റെ കണ്ണിന്റെ അട്ടത്തെത്തി അപ്രത്യക്ഷമാകുന്ന 'സ്കീ'കളിക്കാർ വരു ന്ന കാഴ്ച; ചെസ്സിയേഴ്സിൽ, താഴോട്ടു ലൂഷിൽ ഇരുന്നു് അതിൻെറ പ്രയാണത്തിനൊപ്പം, അല്പം നിസ്സഹായത യോടുകൂടിയുള്ള യാത്ര; അവിടെ റോഡിൻെറ വളവിൽ നിന്നു കണ്ണെത്തുന്നതുവരെ കാണുന്ന മഞ്ഞിൽപ്പൊതി ഞ്ഞ കുന്നിൻനിരകൾ; താഴ്വരയിലുള്ള പൈൻവൃക്ഷ ങ്ങൾ; മേഘനിരകൾക്കിടയിൽക്കൂടി പ്രത്യക്ഷമായി അ വിടെയാകെയുള്ള മഞ്ഞിൻെറ ധവളതയെ ഒന്നുകൂടി പ്ര കാശമാനമാക്കുന്ന സൂൎയ്യൻെറ കിരണങ്ങൾ—ഇവയെല്ലാം എന്നെ കണക്കില്ലാതെ രസിപ്പിച്ചു.

വില്ലാർ
2 ജനുവരി 1947

ഇന്നുരാവിലെ ഞാൻ എഴുന്നേറ്റപ്പോൾ വെളിയിൽ മഞ്ഞു വീഴുകയായിരുന്നു. ആദ്യം ചെറിയ മഴത്തുള്ളികളോടൊപ്പം ഉള്ള മഞ്ഞിൻെറ പൊടികളും, ക്രമേണ വെളുത്ത ഈയ്യൽക്കൂട്ടപോലെയുള്ള വലിയ മഞ്ഞിൻെറ ദളങ്ങളും തെരുതെരെ പെയ്യുതുടങ്ങി. നിശ്ശബ്ദമായ ഈ മഞ്ഞിൻെറ ആക്രമണത്തിന്നു് അവസാനം ഇല്ലാത്തതുപോലെ തോന്നി. വെളിയിൽ ഒരടിപൊക്കത്തിൽ മഞ്ഞിൻപൊടി വന്നു തിക്കിക്കൂടി. ഞാൻ അതിൻെറ മൃദുവായ മേൽത്തട്ടിൽക്കൂടി നടന്നു്, ചുററും ഉള്ള മഞ്ഞിൻകൂട്ടത്തിന്റെ പുതുമയെ തൊട്ടാസ്വാദിക്കാൻ കുതുകിയായി. അടുത്തു് ഒരു കുന്നിൻചെരുവിലുള്ള ഒരു മുറിയിൽ ഇരുന്നു്, ചുററും ഉള്ള മനോമോഹനമായ കാഴ്ചയെ നോക്കിക്കൊണ്ടു് ഞാൻ ചായ കഴിച്ചു. ഈ സമയത്തു് ശാരദയും കൂടി എൻെറ ഒരുമിച്ചു് ഉണ്ടായിരുന്നെങ്കിൽ, എന്നു് അല്പം വ്യസനത്തോടുകൂടി ഞാൻ ഓൎമ്മിച്ചു.

അക്വിടാനിയാ കപ്പലിൽ
19 ജനുവരി 1947

ഞാൻ ഈ കപ്പലിൽ കേറിയിട്ടു് ഇപ്പോൾ അഞ്ചു ദിവസങ്ങൾക്കു മേലായി; എങ്കിലും, അതിൻെറ എല്ലാ ഭാഗവും പരിചയമാവാൻ എനിക്കു കഴിഞ്ഞിട്ടില്ല. രണ്ടായിരത്തിൽപ്പരം ഉള്ള യാത്രക്കാരിൽ അധികംപേരും കാനഡായിലുള്ളവരും, യുദ്ധകാലത്തു് അവർ യൂറോപ്പിലും ഇംഗ്ലണ്ടിലും സമ്പാദിച്ച അവരുടെ ഭാൎയ്യമാരും ആണു്. ചുരുങ്ങിയ അവരുടെ ദാമ്പത്യജീവിതത്തിൻെറ ചിഹ്നങ്ങളായ ശിശുക്കൾ അങ്ങോട്ടും ഇങ്ങോട്ടും ഓടിനടക്കുന്നു.

യുദ്ധകാലത്തുമുഴവൻ സ്തുത്യർഹമായ സേവനം കഴിച്ച്, യുദ്ധസഹജമായ നിഷ്കർഷയോടുകൂടിയ ഈ കപ്പലിന്റെ ഒടുവിലത്തെ യാത്രയാണിതു്. പട്ടാളനിബന്ധനകളുടെ ചില ലാഞ്ഛനകൾ ഇടയ്ക്കിടയ്ക്കു സകല സ്ഥലത്തും ഘടിപ്പിച്ചിട്ടുള്ള ഉച്ചഭാഷിണി(Loud Speaker)യിൽക്കൂടി ബീഭത്സമായ ശബ്ദത്തോടുകൂടി പുറപ്പെടുന്നതു കേൾക്കാം. അനുവാദം ഇല്ലാത്ത സ്ഥലങ്ങളിൽ പുകവലിക്കുക, കൂട്ടംകൂട്ടമായി നില്ക്കുക, അസഭ്യംപറയുക—ഇതെല്ലാം പുലർത്തിക്കൊണ്ടുപോകാൻ തങ്ങൾ ഒരുക്കമില്ലെന്നു പട്ടാളമേധാവികൾ വിളിച്ചുപറയുന്നു. അതിനിടയ്ക്കു്, അതിൽ ലേശംശ്രദ്ധയില്ലാതെ പട്ടാളക്കാരും, ഒരുകാലത്തു നൃത്തശാലകളിലെ ബഹളത്തിൽ കഴിഞ്ഞ അവരുടെ വധുക്കളും അങ്ങോട്ടും ഇങ്ങോട്ടും നടക്കുന്നു.

കപ്പൽ കടലിൻെറ തിരമാലകൾക്കിടയിൽ തട്ടി മുന്നോട്ടു പോകുന്നു. ഈ പട്ടാളക്കാരുടെ ബഹളം ഒഴിച്ചാൽ 'സിവിലിയൻ' നിലയിലുള്ളവർ ഞങ്ങൾ ചുരുക്കം ചിലരേയുള്ളു. എൻെറ ക്യാബിനിൽ (മുറിയിൽ) ഒരു വൈമാനികവിദഗ്ദ്ധൻ—മി. ടപീഡിൽ, കൊളംബിയാസർവ്വകലാശാലയിൽ ധനശാസ്ത്രപ്രഫസറായി നിയമിച്ചിട്ടുള്ള പ്രഫസർ പോളാനി, ബർമ്മാഷെൽ മാനേജർ മി. സൗത്തൽ ഇവരുംകൂടി സഹയാത്രക്കാരായിട്ടുണ്ടു്. ഞാനും പ്രഫസറുമായി നിരന്തരമായ തർക്കത്തിലേർപ്പെട്ടിരിക്കയാണു്. ധനശാസ്ത്രനിയമങ്ങൾ, രാഷ്ട്രീയതത്വങ്ങൾ ഇവയെക്കുറിച്ചാണു് ഞങ്ങൾ വീണ്ടും വീണ്ടും സ്നേഹസമന്വിതമായ കോലാഹലത്തിൽ ഏർപ്പെടുന്നതു്. ലോകത്തിൻെറ സാമ്പത്തികചരിത്രത്തിനെപ്പററി പ്രഫസർക്കു ചില പ്രത്യേക സിദ്ധാന്തങ്ങൾ ഉണ്ടു്; ഇവയെ ക്രോഡീകരിച്ച് ഒരു ഗ്രന്ഥം അദ്ദേഹം എഴുതിയിട്ടും

ഉണ്ടു്. പ്രഫസറുടെ അഭിപ്രായങ്ങളും എൻെറ അഭിപ്രായങ്ങളും നേരെ വിരുദ്ധങ്ങളാണു്. എനിക്കു് എല്ലാ വിഷയങ്ങളെക്കുറിച്ചും ചില ചില്ലറ തത്വങ്ങൾ സ്ഥായിയായിട്ടുണ്ടു്. ഞാൻ അവയെ മുറുകെപ്പിടിച്ചിരിക്കയാണു്. ഇന്നത്തെ സാമ്പത്തികപരിതഃസ്ഥിതികൾക്കുള്ളിൽ, കേവലം മനുഷ്യപ്രയത്നത്തിനുള്ള വില തുലോം കുറവാണു്; പക്ഷേ, സാമുദായികനീതിപ്രകാരം, ഈ വിലയേക്കാൾ എത്രയും കൂടിയ ഒരു തുക വേതനമായി കൊടുക്കണം; ഇതാണു് ഈ തത്വങ്ങളിൽ ഒന്നു്. രാഷ്ട്രീയമായി, സാധാരണ മനുഷ്യരുടെ അലക്ഷ്യവും, വിജയകരമായ പ്രജായത്തഭരണത്തിനു് അവരുടെ രാഷ്ട്രീയവിദ്യാഭ്യാസത്തിൻെറ ആവശ്യകതയും, ഞാൻ ഇടയ്ക്കിടയ്ക്കു കൊണ്ടുവരുന്ന വാദമുഖങ്ങളാണു്. ഒരിക്കലും പതറാത്ത പ്രകൃതത്തോടുകൂടി പ്രഫസർ ഈ അഭിപ്രായങ്ങളുടെ മറുവശം എനിക്കു കാണിച്ചുതരും; മാത്രമല്ല, എൻെറ വാദമുഖങ്ങളെ സമ്മതിക്കുകയുംചെയ്യും. ഇടയ്ക്കിടയ്ക്കു ടചീഡിൽ ഞങ്ങളുടെ വാദകോലാഹലങ്ങളിൽ പരിഭ്രാന്തനായി അകലെനിന്നു നോക്കി അല്പംഹസിക്കും; മററുചിലപ്പോൾ പ്രഫസൎമ്മാരുടെ ഓൎമ്മയില്ലായ്മയെക്കുറിച്ചു ചിലനേരംപോക്കുകളായ കഥകൾ പറഞ്ഞു ഞങ്ങൾ എല്ലാവരുംകൂടി ചിരിക്കും.

അകപിടാനിയാ

20 ജനുവരി 1947

പ്രഫസറെ എനിക്കു വല്ലാതെ പിടിച്ചിരിക്കുന്നു. അദ്ദേഹത്തിൻെറ ഒരു ശിഷ്യനായി ഞാൻ പുറകെ കൂടും. ഡെക്കിൽക്കൂടി അങ്ങോട്ടും ഇങ്ങോട്ടും നടക്കാനും, ചായസമയം ആവുമ്പോൾ ചായവാങ്ങി കഴിക്കാനും, ഞങ്ങൾ ചങ്ങാതിമാരാണു്. ലണ്ടനിൽനിന്നു ഞങ്ങൾ പുറപ്പെട്ട

തിനേക്കാൾ തണുപ്പ് ഇപ്പോൾ വളരെ കൂടിയിരിക്കുന്നു. ഡെക്കിലേയ്ക്കു് അടിച്ചുവരുന്ന ജലകണങ്ങൾ തണുത്തു മഞ്ഞിൻകഷണങ്ങളായി അവിടവിടെ കാണാം; അതിൽ തെററിവീഴാതെ നോക്കണം. ശൈത്യം ഉള്ള കാററു് വെളിയിലേയ്ക്കു നോക്കിയാൽ അല്പാല്പം ഇളകുന്ന കടലിലെ തണുത്ത തിരമാലകളെ കാണാം. കാലത്തിൻെറ കേടുകൊണ്ടു ഞങ്ങൾ വിചാരിച്ചസമയം ഹാലിഫാക്സിൽ (കാനഡായിൽ ഉള്ള ഒരു തുറമുഖം) എത്താൻ സാധിക്കുകയില്ലെങ്കിലും, നാളെ വൈകുന്നേരം എത്തിച്ചേരുമെന്നാണു് കപ്പലിലെ സംസാരം.

അകപിടാനിയാ

21 ജനുവരി 1947

അമേരിക്കൻ ഭൂഖണ്ഡം അല്പാല്പം അകലെ കണ്ടുതുടങ്ങി; ഈ ഒരു കാഴ്ച എൻെറ ഏകാന്തതയെ വല്ലാതെ ഇളക്കിവിട്ടു. ചിരപ്രാൎത്ഥിതമായ ഒരു ആഗ്രഹം സഫലമാകാൻ പോകുന്നതിലുള്ള ചാരിതാൎത്ഥ്യം എന്നിൽ ആകെ വ്യാപിച്ചു. പ്രഫസറും, ടചീഡിലും, ഞാനും മാത്രമേ ക്യാബിനിലുണ്ടായിരുന്നുള്ളു. ഇൻഡ്യയിലെ ഒരു ഒഴിഞ്ഞ ഗ്രാമത്തിൽ ജനിച്ചുവളൎന്നുള്ള എൻെറ ജീവിതത്തിൻെറ സാധാരണവഴിയിൽനിന്നു് എത്രയോ വിഭിന്നമായ ഒരു വേർപാടാണു് എൻെറ ഈ അമേരിക്കൻസന്ദൎശനമെന്നു ഞാൻ അവരോടു പറയുകയായിരുന്നു. പ്രത്യേക സംഭവങ്ങൾ ഒന്നും ഇല്ലാതെ എൻെറ ജീവിതം അതിൻെറ സാധാരണ വഴിക്കു പോയിരുന്നെങ്കിൽ, ഞാൻ ഞങ്ങളുടെ വീട്ടിൻെറ അടുത്തുള്ള ശിവക്ഷേത്രത്തിൽത്തന്നെ കാലം മുഴുവനും കഴിക്കുമായിരുന്നു. അവിടെ എൻെറ ജീവിതം എങ്ങനെയായിരിക്കുമായിരുന്നു എന്നു ഞാൻ എൻെറ

സഹയാത്രക്കാരോടു പറഞ്ഞു. ക്ഷേത്രസംബന്ധമായ ജോലികളാണു് ഞങ്ങളുടെ പരമ്പരയായ തൊഴിൽ; തുച്ഛമായ ഈ പ്രവൃത്തികൾകൊണ്ടു ജീവിതത്തിൻെറ എളിയ ആവശ്യങ്ങൾ എല്ലാം നിറവേററാം. ഒതുങ്ങിയ ഈ ജീവിതത്തിൽ ഞാൻ സംതൃപ്തനായിരുന്നെങ്കിൽ—? ആ ജീവിതത്തിൻെറ അവാച്യമായ ആനന്ദത്തെപ്പറ്റി, അമേരിക്കൻ ബഹളത്തിലേക്കു ചാടിവീഴാൻ കാത്തിരുന്ന ആ സമയത്തു്, ഞാൻ വല്ലാതെ ഓർമ്മിച്ചു. എൻെറ ഈ പ്രയാണങ്ങൾക്കെല്ലാം ശേഷം, അവിടെ ആ കുന്നിൻചെരുവിൽ ഒരു വീടുംകെട്ടി, താഴെ സൂര്യപ്രഭയിൽ മിന്നിത്തിളങ്ങുന്ന പാടങ്ങളും നോക്കി, ജീവിതസായാഹ്നം കഴിക്കാനാണു് എൻെറ ചിരപ്രതിഷ്ഠിതമായ ആഗ്രഹം എന്നു ഞാൻ അവരോടു പ്രത്യക്ഷമാക്കി....ഇങ്ങനെ വിഭിന്നമായ സ്വപ്നങ്ങൾക്കിടയിലാണു് ഞാൻ അമേരിക്കൻഭൂഖണ്ഡത്തിലേക്കു പ്രവേശിച്ചതു്.

ഹാലിഫാക്സ്
21 ജനുവരി 1947

കപ്പലിൽനിന്നിറങ്ങി ഞാൻ ഈ ചെറിയ പട്ടണം ഒക്കെ ഒരു കാറിൽക്കേറി ഓടിച്ചു കണ്ടു. യൂറോപ്യൻരാജ്യങ്ങളിൽ തണുപ്പുകാലത്തു കാണുന്ന പ്രകൃതിവിശേഷങ്ങളാണു് മിക്കവാറും ഇവിടേയും. ടാക്സിയുടെ മുൻവശത്തുനിന്നും റേഡിയോയുടെ ശബ്ദം മുഴങ്ങുന്നുണ്ടു്. അതിൽനിന്നു ഞങ്ങളോടൊപ്പം മുന്നോട്ടുവന്നിരുന്ന ചില അമേരിക്കൻഗാനങ്ങളും കേട്ടുകൊണ്ടു് ഞാനും ആ കനേഡിയൻ ഡ്രൈവറും തിരിയെ കപ്പൽ കിടന്ന സ്ഥലത്തെത്തി. അടുത്തു്, ഒരു ഊക്കൻ തീവണ്ടി നെടുനീളത്തിൽ കിടപ്പുണ്ടു്. ഓരോ മുറിയിലേക്കും കേറാൻ കോണിപ്പടിയും.

അതിന്റെ അട്ടത്തു് ആ മുറിയുടെ കാവൽക്കാരനായ ഒരു നീഗ്രോയും നില്പുണ്ടു്. എനിക്കു് ഏർപ്പാടുചെയ്തിരുന്ന മുറിയിൽ സാമാനങ്ങൾ എല്ലാം ഭദ്രമായിവെച്ചിട്ടു്, ഞാൻ പ്രഫസറോടുംമററും യാത്രപറയുവാൻ തിരിയെ പ്ലാററുഫോറത്തിലേയ്ക്കുതന്നെ പോന്നു. ടചീഡിൽ എന്റെ കൂടെ മോൺട്രിയിലേയ്ക്കു വരുന്നുണ്ടു്. പ്രഫസർ ന്യൂയോക്കിലേയ്ക്കു പുറപ്പെടുകയാണു്. മററു വ്യസനങ്ങളോടൊപ്പം, അപ്പോൾ പ്രഫസർക്കു സമ്മാനംകിട്ടിയ ഫൗണ്ടൻ പേന കളഞ്ഞുപോയതിൽ ഉള്ള വ്യസനം അദ്ദേഹത്തിനെ വല്ലാതെ അലട്ടിയിരുന്നു. അവിചാരിതമായി ഒരുമിച്ചു കഴിച്ചുകൂട്ടിയ ഞങ്ങൾ ഇനിയും എന്നാണു് കാണുക എന്നുംമററും അശ്രദ്ധമായി ഓരോന്നു പറഞ്ഞു്, വണ്ടി പുറപ്പെടാറാകുന്നതുവരെ കഴിച്ചു. തീവണ്ടിയിൽ ഉറങ്ങാൻ കട്ടിലും, കിടക്കയും, തലയിണകളും സ്വച്ഛമായും വൃത്തിയായും ഒതുക്കിയിരുന്നു; വെളിയിൽ മരവിക്കുന്ന തണുപ്പാണെങ്കിലും, അകത്തു വൈദ്യുതശക്തിയുടെ ചൂടുകൊണ്ടു ശൈത്യത്തിൻെറ അംശംപോലും ഇല്ലായിരുന്നു. ഞാൻ അതിൽ കേറി ഉറങ്ങാൻ ഭാവിച്ചപ്പോൾ, സ്വന്തം പോക്കററിൽനിന്നു ഫൗണ്ടൻപേന കിട്ടിയെന്നുള്ള സന്തോഷവാർത്തയുംകൊണ്ടു പ്രഫസർ വീണ്ടും എൻെറ അടുത്തുവന്നു യാത്രപറഞ്ഞു പിരിഞ്ഞു.

തീവണ്ടിയിൽ
22 ജനുവരി 1947

മോൺട്രിയലിലേയ്ക്കു തീവണ്ടി അതിവേഗം പായുന്നു. ചുറ്റും മഞ്ഞുകൊണ്ടുനിറഞ്ഞ സ്ഥലങ്ങളും ഇടയ്ക്കിടയ്ക്കു തണുത്തു കട്ടിയായ നദികളും കാണാം. നദി തണുത്തു കട്ടിയായതിന്റെമേൽ മഞ്ഞുവീണു സ്ഥലജലങ്ങൾ തമ്മിൽ

ഉള്ള ഭേദങ്ങൾതന്നെ അറിയാനില്ല. ചില ആൾപാൎപ്പുള്ള സ്ഥലങ്ങളിൽ മഞ്ഞുമാററുന്നതിന്നു മോട്ടോർവണ്ടികൾ ഉപയോഗിക്കുന്നതു കാണാം. അകത്തു ഞങ്ങൾ ഇതൊന്നും അറിയുന്നില്ല. ടവീഡിൽ ഉൾപ്പെടെ കപ്പലിൽ കിട്ടിയ എൻെറ ചില സ്നേഹിതന്മാരുമായി സംഭാഷണം ചെയ്തു ഞാൻ സമയം കഴിക്കുന്നു. ടവീഡിൽ ഇന്ത്യയിലേയ്ക്കു വിമാനമാൎഗ്ഗം പ്രവേശിച്ച ആദ്യത്തെ സംഘത്തിൽപ്പെട്ട ഒരാളാണു്. അറേബ്യൻപ്രദേശങ്ങളിലുള്ള ആട്ടിടയന്മാരുമായി ആ കാലത്തു് അദ്ദേഹത്തിന്നു പലപ്പോഴും പരിചയപ്പെടേണ്ടിവന്നു. അവരുടെ ജീവിതക്രമവും, തണുപ്പ് അസഹ്യമാവുമ്പോൾ ആട്ടിൻെറ ശരീരത്തിനകത്തു മാംസമെല്ലാം കളഞ്ഞു രക്ഷതേടുന്നതും മററും അദ്ദേഹം സവിസ്തരം പറയുന്നു. യുദ്ധം തുടങ്ങിയപ്പോൾ അദ്ദേഹം ലണ്ടനിൽ വിമാനവകുപ്പിൽ ജോലി ചെയ്യുകയായിരുന്നു. അകലെ ക്രോയിഡനിൽ താമസിച്ചിരുന്ന അദ്ദേഹം ദിവസവും കുടുംബാംഗങ്ങളോടു് അന്ത്യയാത്ര പറഞ്ഞായിരുന്നു ലണ്ടനിലേയ്ക്കു പുറപ്പെട്ടിരുന്നതു്. പ്രഫസറുമായി താരതമ്യപ്പെടുത്തിനോക്കുമ്പോൾ ടവീഡിൽ ഒരു പതിഞ്ഞ മട്ടുകാരനാണു്. പുതിയ സിദ്ധാന്തങ്ങൾ ലോകത്തിന്നു കൊടുക്കാൻ അദ്ദേഹം വെമ്പുന്നില്ല; ലോകഗതിയെപ്പററി നിരൂപണംചെയ്വാനും അദ്ദേഹം തുനിയുന്നില്ല. അപ്പോഴപ്പോൾ വരുന്ന പ്രശ്നങ്ങൾക്കു് ഒരു പോംവഴി കണ്ടുപിടിക്കാനും, അപകടങ്ങളെ ശാന്തമായി അഭിമുഖീകരിക്കാനും അദ്ദേഹം പഠിച്ചിട്ടുണ്ടു്. സ്വകുടുംബവുമായി ഒഴിഞ്ഞ ഒരു ജീവിതംമാത്രം കാംക്ഷിക്കുന്ന ഇദ്ദേഹത്തിൻെറ വഴിക്കും രസാവഹമായ പല ദിവസങ്ങൾ വന്നിട്ടുണ്ടു്. യാദൃച്ഛികമായി എനിക്കു കിട്ടിയ ഈ രണ്ടു

സ്നേഹിതന്മാരുടെ വിഭിന്നമായ ജീവിതഗതിയെപ്പറ്റി ഞാൻ ആലോചിക്കുകയാണു്.

മോൺട്രിയൽ
24 ജനവരി 1947

ഞാൻ വിചാരിച്ചിരുന്നത്ര കഷ്ടപ്പാടുള്ള സ്ഥലമല്ല മോൺട്രിയൽ. തണുപ്പിന്റെ കൂടുതൽകൊണ്ടു ചെവി മരവിച്ചു വ്രണപ്പെടുമെന്നും, കാൽ സ്തംഭിച്ചുപോകുമെന്നും ഞാൻ ഇവിടെ വരുന്നതിനുമുമ്പു കേട്ടിരുന്നു. മോൺട്രിയലിലെ തണുപ്പിനെ പൊരുതാനായി ടപീഡിൽ ശേഖരിച്ചിരുന്ന അസംഖ്യം സാമഗ്രികൾ കണ്ടു് ഞാൻ വല്ലാതെ ഭയപ്പെട്ടിരുന്നു. ഞാൻതന്നെ ചെവികൾ മൂടാൻ ഒരു പ്രത്യേക രോമംകൊണ്ടുണ്ടാക്കിയ ഉറകളും, തലയിൽ ധരിക്കാനുള്ള തൊപ്പിയും, കാലിലേക്കു പ്രത്യേകം റബ്ബർഷൂസും സമ്പാദിച്ചിരുന്നു. ചുണ്ടുകൾ പിളർന്നുപോകാതിരിക്കാനുള്ള മരുന്നു് ഇല്ലല്ലോ എന്നു ഞാൻ വ്യസനിച്ചു.

പക്ഷേ, സാധാരണ വരാറുള്ളതുപോലെ, വിചാരിച്ചത്ര മോശമല്ലായിരുന്നു വാസ്തവത്തിൽ കണ്ട കാര്യങ്ങൾ. ഞാൻ വന്നിറങ്ങിയ ദിവസം വല്ലാതെ തണുപ്പുണ്ടായിരുന്നു; വെള്ളം കട്ടിയാവുന്ന ഡിഗ്രിയിൽനിന്നു 14 ഡിഗ്രി താഴെയായിരുന്നു അന്നു്; പക്ഷേ, അതു കഴിഞ്ഞുള്ള ദിവസങ്ങൾക്കു് അത്ര തണുപ്പില്ലായിരുന്നു. മോൺട്രിയലിലെ ആഫീസുകളിലും, വീടുകളിലും എപ്പോഴും നല്ല ചൂടായിരുന്നു; ഓരോ മുറിയിലും, ആവി നിറഞ്ഞ കമ്പിക്കുഴലുകൾ തണുപ്പിനെ അകറ്റിനിർത്തിയിരുന്നു. പക്ഷേ, വെളിയിൽ പാതകളിൽ, വെള്ളം കട്ടിയായി, ആ മഞ്ഞിൻകട്ടകളുടെ മേൽഭാഗം സൂര്യരശ്മിയേററു ഗ്ലാസ്സുപോലെ മൃദുത്വമേറിയ സ്ഥലങ്ങൾ അങ്ങിങ്ങു കാണമായിരുന്നു.

ഷൂസിട്ടു് ഇതിൻെറ മുകളിൽക്കൂടി നടക്കുന്നതു വളരെ സൂക്ഷിച്ചുവേണം; അല്പം അലക്ഷ്യമായാൽ തെറ്റി താഴെവീഴും. ഇന്നു രണ്ടുകൈയിലും ഓരോ സാധനവുമായി താഴോട്ടു് ഒരു ഇറക്കം ഇറങ്ങി വന്നപ്പോൾ ഞാൻ മിക്കവാറും നിലംപതിച്ചു.

മോൺട്രിയൽ
26 ജനവരി 1947

എനിക്കു് ഇവിടുത്തെ ജീവിതരീതിയെപ്പററി ഒരു പരാതിയും ഇല്ല. ഞാൻ താമസിക്കുന്ന വീട്ടിലെ ആഹാരവും, അവിടുത്തെ അന്തേവാസികളുടെ സംഭാഷണവും എനിക്കു രുചിച്ചതാണു്. രാവിലെ എട്ടുമണിക്കു ഞങ്ങൾ എല്ലാവരും മുമ്പിലത്തെ മുറിയിൽ കൂടും; അവിടെ ഇരുന്നു ഭക്ഷണം കഴിക്കുമ്പോൾ താഴെ പാതയിൽക്കൂടി പ്രയാസപ്പെട്ടു നടക്കുന്നവരെ കാണാം. ഉച്ചക്കു് ഈ പട്ടണത്തിലെ നിരന്തരമായ വാഹനപ്രവാഹത്തെ നോക്കിക്കൊണ്ടു ഞാൻ വെളിയിൽ എവിടെയെങ്കിലും ഊണുകഴിക്കാൻ പോകും. രാത്രിയിൽ എനിക്കു വേറെ ഒരു പതിവുസ്ഥലം ഉണ്ടു്; അവിടുത്തെ ഭൃത്യകളുമായി ഞാൻ ഏതാണ്ടു പരിചയമായി കഴിഞ്ഞിരിക്കുന്നു.

ഇന്നു് ഉച്ചതിരിഞ്ഞു ഞാൻ അടുത്തുള്ള മൗണ്ട് റായൽ കുന്നിലേയ്ക്കു പോയി. മഞ്ഞിൻമുകളിൽക്കൂടി തട്ടിത്തട്ടിപ്പോകുന്ന ഒരു ഇരട്ടക്കുതിരവണ്ടിയിലാണു് ആ കുന്നു കേറിയതു്. കുതിരകളുടെ കഴുത്തിലെ മണികളുടെ ഘണഘണനാദവും, വളഞ്ഞുതിരിഞ്ഞുപോയ ആ വഴിയും എന്നെ വല്ലാതെ രസിപ്പിച്ചു. കുന്നിൻെറ മുകളിൽനിന്നു നോക്കിയാൽ മോൺട്രിയൽനഗരംമുഴുവൻ കാണാം. താഴെ ഉയർന്നുയർന്നുനില്ക്കുന്ന സൗധങ്ങളെ തിരിച്ചുതിരിച്ചു

പറഞ്ഞുതരാൻ ഞാൻ ഒരു ഗൈഡിനെ തിരഞ്ഞപ്പോൾ ടപീഡിൽ ആ മാന്യനുമായി സൈപരസല്ലാപത്തിൽ ഏർപ്പെട്ടിരിക്കയായിരുന്നു. ഏഴുകൊല്ലംമുമ്പു ടപീഡിൽ ഈ സ്ഥലത്തു വന്നപ്പോൾ കിട്ടിയ പരിചയക്കാരിൽ ഒന്നായിരുന്നു ഈ 'ഗൈഡും.' ഞാനും ടപീഡിലും, ഒരേ വണ്ടിയിൽ തിരിയെ മോൺട്രിയലിലേക്കു പോന്നു. അന്യോന്യം പരിചയം ഉള്ളവരെ കൂട്ടിമുട്ടുന്നതിൽ, ലോകം എത്ര ചെറുതാണെന്നു ഞാൻ അത്ഭുതപ്പെട്ടുകയായിരുന്നു....

തീവണ്ടിയിൽ
30 ജനുവരി 1947

മോൺട്രിയൽനഗരം വിട്ടു ഞാൻ അമേരിക്കൻഭൂഖണ്ഡത്തിൻെറ മദ്ധ്യത്തിൽക്കൂടി അതിവേഗം പായുകയാണു്. ഞങ്ങൾ 28-ാംതീയതി ഉച്ചതിരിഞ്ഞു മോൺട്രിയലിൽനിന്നു ടൊറോൺടോയ്ക്കു പുറപ്പെട്ടു. സ്പ്രിംഗ്കസേരകളും മേശകളും ഉണ്ടായിരുന്ന ആ റെയിൽവേമുറി ഒരു ഹോട്ടലിലെ വിരുന്നുമുറിയെപ്പോലെ സുഖം ഉള്ളതായിരുന്നു. ജനാലയിൽക്കൂടി മറഞ്ഞുമായുന്ന കാഴ്ചകൾ നോക്കി, ഇടയ്ക്കിടയ്ക്കു് അവിടെ വായിക്കാൻ കൊണ്ടുതന്ന മാസികകളിൽ കണ്ണോടിച്ചുകൊണ്ടു ഞങ്ങൾ അതിവേഗം മുന്നോട്ടു പോയി. ടൊറോൺടോവിൽവെച്ചു്, രാത്രിയിൽ സവാരി ചെയ്യേണ്ടുന്ന പ്രത്യേക വണ്ടിയിൽ കയറി. ഓരോ കമ്പാർട്ടുമെന്റിന്റെ ഇരുഭാഗവും കിടക്കസ്ഥലങ്ങളായി മാറ്റിയിരുന്നു; ഓരോ ഭാഗത്തും താഴേയും, മുകളിലും, ഓരോ കിടക്കമുറികളായിരുന്നു. ആ കിടക്കമുറികളെ ഭാഗിക്കാൻ തുണികൊണ്ടുള്ള കർട്ടനും, നടുക്കു് അങ്ങോട്ടും ഇങ്ങോട്ടും നടക്കാനുള്ള വഴിയും ആയിരുന്നു. കിടക്കമുറികൾക്കകത്തു വായിക്കാനും മററുംവേണ്ടി വിളക്കുകളും

ഉണ്ടായിരുന്നു. പകൽസമയത്തു് ഇതെല്ലാം ഇരിപ്പുമുറികളായി മാററും. ഈ ജോലികൾക്കായി ഓരോ കമ്പാർട്ടുമെൻറിലും, നീഗ്രോഭൃത്യന്മാർ കാണും. വണ്ടിയുടെ ഒരററം മുതൽ മറേറ അററംവരെ നടക്കാം; ഊണു കഴിക്കാൻ പ്രത്യേകമായ രണ്ടു മുറികളും, ഇരുന്നു് എഴുത്തുകൾ എഴുതാൻ ഒരു മുറിയും, അതോടുചേൻറ പാനീയങ്ങൾ വില്ക്കുന്ന ബാറും—ആകപ്പാടെ അമേരിക്കൻ തീവണ്ടിയുടെ സമ്പ്രദായം ഒരു ഇളകിപ്പോകുന്ന ഹോട്ടലിൻെറയാണു്. കുറേക്കൂടി ഉയർന്നതരം യാത്രക്കാർക്കു പ്രത്യേകം മുറികളിൽത്തന്നെ യാത്രചെയ്യാവുന്നതാണു്. തീവണ്ടിയിലെ ഈ മാതിരിയുള്ള പലവിധ സൗകര്യങ്ങളെ കണ്ടുംകൊണ്ടു ഞങ്ങൾ അടുത്തദിവസം ഉച്ചയോടെ ഷിക്കാഗോവിൽ എത്തി.

ഏതു മൂലയിൽനിന്നാണു് ഇവിടുത്തെ കുപ്രസിദ്ധരായ കൊള്ളക്കാർ (Gangsters) പ്രത്യക്ഷമാകുന്നതെന്ന ആശങ്കയോടുകൂടിയാണു് ഞങ്ങൾ ഷിക്കാഗോവിലെ കാഴ്ചകൾ കണ്ടതു്. പക്ഷേ, ഇത്ര ഭയപ്പെടേണ്ട ആവശ്യം ഇല്ലായിരുന്നു; കുറെ തിരഞ്ഞുനോക്കിയിട്ടും യാതൊരു കവർച്ചക്കാരേയും കണ്ടില്ല. മഞ്ഞിൻകട്ടകൾ അല്പം അലിഞ്ഞു ചെളിക്കട്ടകൾപോലെ പാതകളിൽ അങ്ങിങ്ങായി കൂടിയിരുന്നു; അവ വാഹനങ്ങളുടെ ഗതാഗതത്തെ ഇടയ്ക്കിടയ്ക്കു തടഞ്ഞിരുന്നു. ഞാൻ അവിടുത്തെ ചിത്രശാല കാണാൻപോയി. വിശേഷോത്തരങ്ങളായ ചിത്രങ്ങളും ശില്പകലാമാതൃകകളും അവിടെ ശേഖരിച്ചിട്ടുണ്ടായിരുന്നു. അവയെ നോക്കി രസിച്ചുകൊണ്ടു നടന്നപ്പോൾ ഒരു അപരിചിതൻെറ ശ്രദ്ധയെ ഞാൻ ആകർഷിച്ചു. അവർ അവിടെ ഒരു ഇൻഡ്യൻ ചിത്രകലാപ്രദർശനം നടത്താൻ ഉദ്ദേശിച്ചിട്ടുണ്ടു്. അതിൽ ദേശീയവേഷവും ധരിച്ച്

എനിക്കുകൂടി പങ്കെടുക്കാൻ സാധിച്ചിരുന്നെങ്കിൽ—എന്ന് അയാൾ അഭിപ്രായപ്പെട്ടു. ഞാൻ അന്നുതന്നെ സ്ഥലംവിടുകയാണെന്ന് അറിഞ്ഞതോടുകൂടി എന്നിൽ അയാൾക്കു തീരെ ശ്രദ്ധയില്ലാതെയായി.

ലേക്ക് മിച്ചിഗന്റെ തീരത്തുകൂടി ഞാൻ കാറോടിച്ചുപോയി. മൂന്നു മണിക്കൂറുകൊണ്ടു വലിയ ഈ നഗരത്തിന്റെ ഒരു കോണുപോലും തികച്ചുകാണാൻ കഴിയുകയില്ല. അതു മുഴുവൻ, അതേസമയംകൊണ്ടു കാണാൻ വെമ്പി പുറപ്പെട്ട എനിക്കു ചുററുമുള്ള ഉച്ചസൗധങ്ങളെ നോക്കി പ്രതിക്ഷണം മുന്നോട്ടു പോവുകയെന്ന ക്രിയ അല്ലാതെ വേറെ ഒന്നും കഴിക്കാൻ സാധിച്ചില്ല.

വീണ്ടും ഷിക്കാഗോ സ്റ്റേഷനിലെത്തി; ഷിക്കാഗോ സത്യസന്ധതയുടെ ഇരിപ്പിടമാണെന്നു തെററിദ്ധരിക്കേണ്ട എന്നു തോന്നിപ്പിക്കുമാറു്, എന്നെ കൊണ്ടുനടന്ന മോട്ടോർവണ്ടിക്കാരൻ നിർല്ലജ്ജമായി എന്നെ കബളിപ്പിച്ചു. ഒന്നിലധികം പ്രാവശ്യം എന്റെ ശ്രമങ്ങളെ അവഗണിച്ചു് ആ ടാക്സി മീററർ (വണ്ടിയുടെ കൂലി കാണിക്കുന്ന യന്ത്രം) മാററിക്കളഞ്ഞു; ഒടുവിൽ ക്രമത്തിലധികം കൂടിയ കൂലി വേണമെന്നു പറഞ്ഞതിനെ നിരസിക്കാനുള്ള ധൈര്യം ഇല്ലാതെ ഞാൻ തോററു. ജീവിതത്തിൽ എത്രപ്രാവശ്യം, ഈമാതിരി, യാഥാർത്ഥ്യത്തെ വെളിപ്പെടുത്താനുള്ള ധൈര്യം ഇല്ലാതെ ഞാൻ കുഴങ്ങിയിട്ടുണ്ടു്!

അമേരിക്കൻ ഐക്യനാടുകളുടെ പടിഞ്ഞാറെ തീരത്തുള്ള ലോസ് ഏൻജലസ്സിലേയ്ക്കു പുറപ്പെടാൻ വണ്ടി സ്റ്റേഷനിൽ തയ്യാറായിരുന്നു. ഞാൻ അതിൽ ഞങ്ങളുടെ മുറിയിൽ കേറിയപ്പോൾ മിസ്. ഡി—യുടെ മധുരസ്വരം എന്നെ സ്വാഗതംചെയ്തു. ഞങ്ങളോടൊപ്പം സഞ്ചരിച്ചി

രുന്ന ഈ യുവതിയുമായി ഞാൻ അതുവരെ അത്ര പരിചയപ്പെട്ടിരുന്നില്ല. ഞാൻ ചിത്രകലാശാലയിൽ ചുറ്റിയ സമയംമുഴുവൻ അവർ അവിടെത്തന്നെയുണ്ടായിരുന്നു. കുരുടൻെറ മുമ്പിൽക്കൂട്ടിയ സ്വർണ്ണകുംഭംപോലെ, എനിക്കു് അവരെ കാണാൻ കഴിഞ്ഞില്ലെന്നുമാത്രം....ഈ അമേരിക്കൻസന്ദർശനം ഇനി ഓർമ്മിക്കുമ്പോഴെല്ലാം ഈ യുവതിയുടെ പ്രസന്നമായ മുഖബിംബമായിരിക്കും എൻെറ മുമ്പിൽ പ്രത്യക്ഷപ്പെടുക....ജീവിതയാത്രകളിലെല്ലാംതന്നെ ഈമാതിരിയുള്ള ഒരു സ്ത്രീരൂപം മനസ്സിൻെറ മുന്നിൽ ആടിക്കളിക്കുമായിരുന്നെങ്കിൽ....

തീവണ്ടിയിൽ, ലോസ് ഏൻജലസ്സിനടുത്തു്
31 ജനുവരി 1947

ഞങ്ങൾ ലോസ് ഏൻജലസ്സ് അടുക്കാറായി. മൂന്നു ദിവസവും, രാത്രിയും, വണ്ടി നിരന്തരമായി ഓടിക്കൊണ്ടിരിക്കുകയാണു്. മൂവായിരത്തിൽപ്പരം നാഴിക ദൂരം കടന്നുകഴിഞ്ഞിരിക്കുന്നു. അമേരിക്കൻഭൂഖണ്ഡത്തിൻെറ ഭൂപ്രകൃതിയുടെ എല്ലാ വശവും ഞങ്ങൾ കണ്ടിരിക്കുന്നു. ഷിക്കാഗോ വിട്ടപ്പോൾ ചുററും മഞ്ഞു നിറഞ്ഞു വെളുത്ത സമനിലങ്ങൾ ആയിരുന്നു. അതുകഴിഞ്ഞു വിശാലമായ പച്ചമൈതാനങ്ങളും, അതിനപ്പുറത്തു കുന്നിൻനിരകളും കണ്ടു; പിന്നീടു കല്ലും മണ്ണും നിറഞ്ഞ കുന്നുകളും, താഴ്‌വരകളും. ഇടയ്ക്കിടയ്ക്കു ചില സ്റ്റേഷനിൽ അല്പംസമയം വണ്ടി നിർത്തും. പടിഞ്ഞാറൻതീരമായപ്പോഴെയ്ക്കും തണുപ്പു തീരെയില്ലാതായി. വളഞ്ഞുപുളഞ്ഞുപോകുന്ന റയിൽവേപാതയിൽക്കൂടിയുള്ള ഈ തീവണ്ടിയാത്ര അവസാനം ഇല്ലാത്തതുപോലെ തോന്നി. വണ്ടിയുടെ ഒരററത്തുനിന്നു നോക്കിയാൽ മറേറ അററം വളഞ്ഞുകിടക്കുന്ന സർപ്പ

ത്തിൻെറ ഒരു ഭാഗംപോലെ കിടക്കുന്നതുകാണാം. മഞ്ഞിൻകട്ടകൾക്കുപകരം പാറക്കുന്നുകളും, ഉറച്ചു കട്ടിയായി മരവിച്ച നദികൾക്കുപകരം ശാന്തമായ മമ്മരത്തോട്ടു കൂടി ഒഴുകുന്ന പുഴകളും പ്രത്യക്ഷമായി. അധികംതാമസിയാതെ നമ്മുടെ നാട്ടിലെ ശീതോഷ്ണസ്ഥിതിയെ അനുസ്മരിപ്പിക്കുന്ന ലോസ് ഏഞ്ജലസ്സിൽ ഞങ്ങൾ എത്തിച്ചേൎന്നു.

ലോസ് ഏൻജലസ്സ്, ബിൽട്മൂർ ഹോട്ടൽ
6 ഫിബ്രുവരി 1947

ഇവിടെ വന്നിട്ടു ദിവസങ്ങൾ കുറെ ആയി. എങ്കിലും ഒരു നിമിഷംപോലും എൻേറതെന്നു പറയുവാൻ ഇതുവരെ എനിക്കു കിട്ടിയില്ല. ഇവിടെ ഉള്ളതിലേക്കും വലിയ ഹോട്ടലാണിതു്. ആയിരത്തിൽപ്പരം മുറികളും 12 നിരകളും ഉണ്ടു്. എല്ലാ മുറികളിലും വേണ്ട ഒരുക്കങ്ങളും, അതെല്ലാം നേരെ നടത്തിക്കൊണ്ടുപോകാൻ ഒരു വമ്പിച്ച പരിചാരകവൃന്ദവും സദാ ജാഗരൂകരായിരിക്കും. എൻെറ മുറി നാലാമത്തെ നിലയിലാണു്. മുകളിലേക്കു പോകുന്തോറും മുറിയുടെ വില കൂടിവരും. ഞങ്ങളുടെ കൂടെ വന്നവൎക്കെല്ലാം പ്രത്യേകമുറികൾകിട്ടാൻ സാധിക്കാത്തതുകൊണ്ടു് എൻെറ മുറിയിൽ ഒരു കനേഡിയൻ യുവാവും കൂടെയുണ്ടു്.

കിടക്കയുടെ അടുത്തുള്ള ടെലിഫോണിൽ വിളിച്ചു പറഞ്ഞാൽ രാവിലെ വേണ്ടസമയത്തു് ഉണൎത്തും. ഉണൎന്നാലുടൻ ചായ കഴിക്കണമെന്നതു് എനിക്കുള്ള ചില ചില്ലറ നിർബ്ബന്ധങ്ങളിൽ ഒന്നാണു്. അതിനു ടെലിഫോണിൽ പറയുകയേ വേണ്ടു; പ്രതിക്ഷണം, ഒരു വമ്പിച്ച വാഹനസദൃശമായ ട്രേയിൽ ചായയുടെ വിഭവങ്ങളെല്ലാം ഒരുക്കി ഉന്തിക്കൊണ്ടു് ഒരാൾ പ്രത്യക്ഷമാകും, കൊണ്ടു

വരുന്ന പരിചാരകൻെറ ചെറിയ പടിയുൾപ്പെടെ ചായയ്ക്കു് ഒന്നര ഡോളറോളം (ഏഴ ക.) ആകും. ഇക്കണക്കിനു് മററു് ആഹാരങ്ങളും സാധിക്കുകയില്ലാത്തതുകൊണ്ടു്, രാവിലത്തെ ഭക്ഷണം ഞാൻ വെളിയിലുള്ള ഒരു ചെറിയ ചായപ്പീടികയിൽ കഴിക്കും; അതിനു് ഇതിൽ പകുതിയേ വില ആകൂ.

പകൽസമയംമുഴവൻ ഒരു സമ്മേളനത്തിൽ സംബന്ധിക്കാനായി ഞാൻ അല്പം ദൂരെയുള്ള ഫെഡറൽബിൽഡിംഗിൽ ചെലവഴിക്കും. അവിടെ സമ്മേളനം നടക്കുന്നതു് 16—ാമത്തെ നിലയിലാണു്. ആ കെട്ടിടത്തിനു 17 നിലയാണു്. അവിടേയ്ക്കുപോകാൻ പലേ ലിഫ്ടുകളുണ്ടു്. ചില ലിഫ്ടുകൾ അടിയന്തരമായി ഇടയ്ക്കെങ്ങും നിൽക്കാതെ 16–ം, 17—ം നിലകളിൽ മാത്രമേ പോവൂ. 16—ാമത്തെ നിലയിൽനിന്നു താഴോട്ടു നോക്കിയാൽ പാതകളിൽക്കൂടി കാറുകൾ വണ്ടിൻകൂട്ടംപോലെ അങ്ങോട്ടും ഇങ്ങോട്ടും ഓടുന്നതുപോലെ തോന്നും. കെട്ടിടത്തിൻെറ മുൻവശത്തുള്ള ജനാലയിൽക്കൂടി നോക്കിയാൽ അല്പം ദൂരെ ഹോളിവുഡ്ഡിലെ സിനിമാപ്രഭുക്കൾ താമസിക്കുന്ന കൊട്ടാരങ്ങൾ കാണാം. എൻെറ ജോലിയിൽനിന്നും വിശ്രമം കിട്ടുന്ന സമയങ്ങളിൽ ചുററും കാണുന്ന ഈ ജീവൽപ്രവാഹത്തെ ഞാൻ നോക്കിരസിച്ചുകൊണ്ടിരിക്കും.

ബിൽട്മൂർ ഹോട്ടൽ
7 ഫിബ്രുവരി 1947

എൻെറ അമേരിക്കൻസ്നേഹിതൻ മി. എസ്. ഈ പട്ടണം മുഴവൻ കാണിക്കാനായി രാവിലെ വന്നു. അദ്ദേഹത്തിൻെറ കാറു് പാക്കുചെയ്തിരുന്ന സ്ഥലത്തു പോയി നോക്കിയപ്പോൾ അസംഖ്യം വണ്ടികൾ അവിടെ തെരു

തെരെ കൂട്ടിയിരുന്നു; ഈ ഒരു കാഴ്ച അമേരിക്കൻജീവിതം എത്രത്തോളം കാറിനെ അവലംബിച്ചാണെന്നു് എന്നെ ബോദ്ധ്യപ്പെടുത്തി. വെളിയിൽ ഒന്നിനോടൊന്നു സാമ്യം ഉള്ള കെട്ടിടങ്ങളെ കണ്ടുംകൊണ്ടു ഞങ്ങൾ മുന്നോട്ടു പോയപ്പോൾ പെട്രോൾബങ്കുകളും, പഴയ കാറുകൾ ലേലംചെയ്യുന്ന സ്ഥലങ്ങളും, കാറുകാർക്കു് ഒന്നും രണ്ടും രാത്രികൾ താമസിക്കാനുള്ള ഒരുതരം താല്ക്കാലികഹോട്ടലുകളും, ഇതേ വാസ്തവത്തെത്തന്നെ വെളിപ്പെടുത്തി. മുകളിൽ ആകാശത്തിൽ ഇന്ന കാർ വാങ്ങണമെന്നുള്ള ശാസനകൾ തങ്കലിപികളിൽ എഴുതിക്കൊണ്ടു് ഒരു വിമാനം വലയംചെയ്യുന്നുണ്ടായിരുന്നു. അതിനിടയ്ക്കു ഞങ്ങൾ ഒരു 'അടിമക്കോണു്' കടന്നുപോയി. യാതൊരു ജോലിയും കിട്ടാത്ത തൊഴിലാളികൾ ഏതെങ്കിലും തുച്ഛമായ വീട്ടുപണികൾക്കും മററും കാത്തിരിക്കുന്ന സ്ഥലത്തിനാണു് ഈ പേരു കൊടുത്തിട്ടുള്ളതു്. അവിടുന്നു് അല്പം ദൂരെയായിരുന്നു ഹോളിവുഡ്ഢ്സിനിമാതാരങ്ങളുടെ പാദമുദ്രകൾ പതിപ്പിച്ചിരുന്ന ഒരു ക്ഷേത്രം; ഞാൻ അവിടെ ഇറങ്ങിനോക്കിയതേയില്ല.

രാത്രിയിൽ, ഞങ്ങൾ അവിടുത്തെ ക്ലബ്ബുകളിൽ ചിലതിൽ പോയിനോക്കി. 'ഏൾ കറോൾസ് ക്ലബ്ബ്' എന്ന പ്രശസ്തമായ ക്ലബ്ബാണു് സിനിമാതാരങ്ങളുടെ സന്ദർശനരംഗമായി പറയപ്പെട്ടുന്നതു്. കൃത്രിമവേഷങ്ങളുംധരിച്ചു് ചില പരിചാരികമാർ ആഗതരെ എതിരേൽക്കും; അതു കഴിഞ്ഞു് അവിടുത്തെ സംഗീതത്തിനിടയ്ക്കു വലിയ വിലകൊടുത്തു ഭക്ഷണം കഴിക്കാം—അല്ലാതെ വലിയ സംഭ്രമജനകമായതു് ഒന്നും അവിടെ കണ്ടില്ല. അതുകഴിഞ്ഞു്, ഒരു നാടകശാലയിൽ പോയി ഇരുപതാംനൂററാണ്ടിൽ അമേരിക്ക ലോകത്തിനു പ്രത്യേകം പ്രദാനംചെയ്ത ഒരു നാട്യകല—വസ്ത്രമഴിക്കൽ (Striptease)—കണ്ടു.

ഓരോ തരത്തിൽ, ഇരുപതോളം യുവതികൾ, ഓരോന്നായി വന്നു മിക്കവാറും നഗ്നമാവുന്നതുവരെ വസ്ത്രമഴിക്കുക എന്നതാണ് ഇതിലെ പ്രധാനമായ ക്രിയ. അതോടൊപ്പം കാമക്രീഡാസദൃശമായ ചില നൃത്തങ്ങളും കാണിക്കും. ഇതിലൊന്നും, കലയുടെ ഒരു അംശവും ഇല്ല. നേരേമറിച്ച് പാരീസ്സുനാടകശാലകളിൽ സ്ത്രീരൂപത്തിൻെറ സൗന്ദര്യ്യപ്രദശ്നത്തിൻെറ മാതിരി ഒന്നു വേറെയാണ്. അവിടെ അതു് ഒരു കലയാക്കിയിട്ടുണ്ടു്. ഒരേ വിഷയംതന്നെ കലയുടെ തന്മയത്വത്തോടുകൂടി പ്രത്യക്ഷപ്പെടുത്തുകയും, അതില്ലാതെ ആഭാസത്തിൽ കാണിക്കുകയും ചെയ്യുന്നതിൻെറ വ്യത്യാസം ഏതാണ്ടു നഗ്നരൂപത്തിൽ ഈ രണ്ടു പ്രദർശനങ്ങളും കണ്ടാൽ അറിയാവുന്നതാണ്. പക്ഷേ, കലയില്ലെന്നു വിചാരിച്ച് ആ നാടകശാലയിൽ ആളുകൾക്കു് ഒരു ലോഭവും ഇല്ലായിരുന്നു; വിദ്യുത്‌വിളക്കിൻെറ മുൻപിൽ മിക്കവാറും വെറുതെ കാണിച്ചിരുന്ന ഈ കാമോദ്ദീപകക്രീഡകൾ കണ്ടുംകൊണ്ടു് അസംഖ്യം ആളുകൾ അവിടെ കൂടിയിരുന്നു....മലയാളത്തിലെ ഇന്നത്തെ ചില ചെറുകഥകൾക്കുകിട്ടുന്ന പ്രചുരപ്രചാരത്തിൽ വിശ്വസിക്കാൻ എനിക്കു് അപ്പോൾ വളരെ വേഗം സാധിച്ചു.

ബിൽട്‌മൂർ ഹോട്ടൽ
8 ഫിബ്ര്‌വരി 1947

എൻെറ മുറിയിൽ കൂടെ താമസിക്കുന്ന മി. ഡീബോ വളരെ ചെറുപ്പക്കാരനാണു്; 21 വയസ്സേ പ്രായമായിട്ടുള്ളു. എങ്കിലും, എനിക്കു് ആകെ കിട്ടാൻകഴിഞ്ഞിട്ടുള്ള ജീവിതാനുഭവങ്ങളേക്കാൾ എത്രയോ കൂടുതൽ അയാൾക്കു് ആ ചുരുങ്ങിയ കാലത്തിനുള്ളിൽ കുത്തിച്ചെലുത്താൻ സാധിച്ചിട്ടുണ്ടു്. ഇതിലെ ഓരോ അദ്ധ്യായങ്ങൾ ഞങ്ങൾ

രാത്രിയിൽ ഉറങ്ങാൻ കിടക്കുമ്പോൾ അയാൾ എന്നെ പറഞ്ഞു കേൾപ്പിക്കും. അതോടുകൂടി അയാളുടെ കുടുംബ ജീവിതത്തിൻെറ ഒരു ഏകദേശരൂപവും എനിക്കു തന്നു. അയാളുടെ അച്ഛനു് 12 സന്താനങ്ങളുണ്ടു്; ആദ്യത്തെ ഭാര്യയിൽ 2 കുട്ടികളും, അതുകഴിഞ്ഞു് അച്ഛൻ 23–ാംവയസ്സിൽ വിവാഹം കഴിച്ച തൻെറ അമ്മയ്ക്കു 10 കുട്ടികളും ആണുള്ളതു്. മി. ഡീബോയുടെ മാതിരി ജീവൽപ്രസരിപ്പുള്ളതാണു് മററു സഹോദരീസഹോദരങ്ങളെങ്കിൽ, അവരുടെ ഭാവിയെപ്പററി തീരെ ആശങ്കപ്പെടേണ്ടതില്ല.

ഞങ്ങൾ ഒരുമിച്ചു് ഇന്നു് അല്പംദൂരെ ഒരു വിരുന്നു സല്ക്കാരത്തിനുപോയി. പോയവഴിയുടെ രണ്ടുവശത്തും മധുരനാരകത്തോട്ടങ്ങൾ കാണാമായിരുന്നു. ഉയർന്നുയർന്നു കണ്ടിരുന്ന കുന്നിൻനിരകളുടെ താഴ്വരയിലുള്ള ഒരു സ്ഥലത്തായിരുന്നു ഞങ്ങളെ സല്ക്കരിക്കാനൊരുക്കിയിരുന്ന വീടു്. 'ബാർബെക്യൂ' എന്നു പറയുന്ന ഒരുതരം സല്ക്കാരസമ്പ്രദായമായിരുന്നു അവിടെ. അടുപ്പിന്റെ മുകളിൽത്തന്നെ പൊരിഞ്ഞുകിടന്നിരുന്ന ഇറച്ചിയെ കഷണംകഷണമായി വെട്ടിയെടുത്തു വേണ്ട വിഭവങ്ങളോടുകൂടി സല്ക്കരിക്കുകയെന്നതാണു് അവിടുത്തെ പ്രധാന ഇനം. അതുകഴിഞ്ഞു മെക്സിക്കൻ തരത്തിലുള്ള ഒരു നൃത്തത്തിൽ ചിലരെല്ലാം പങ്കുകൊണ്ടു. ധൃതഗതിയിൽ അല്പം ബഹളത്തോടുകൂടിയുള്ള ഒരു നൃത്തമായിരുന്നു ഇതു്. അതുകഴിഞ്ഞു സാധാരണ മന്ദഗതിയുള്ള ഒരു നൃത്തം തുടങ്ങി. മി. ഡീബോ, ഈ നൃത്തങ്ങളിലെല്ലാം ആഹ്ലാദഭരിതനായി പങ്കെടുക്കുകയായിരുന്നു. ഒരുതവണ നോക്കിയപ്പോൾ എൻെറ സ്നേഹിത മിസ് ഡി—, മിസ്റ്റർ ഡീബോയുടെ കൈകോർത്തുപിടിച്ചു് ആനന്ദസമന്വിതം നൃത്തംചെയ്യുക

യായിരുന്നു. നൃത്യകല അഭ്യസിച്ചിട്ടില്ലല്ലോ എന്ന വ്യസനം അപ്പോൾ എന്നെ വല്ലാതെ ബാധിച്ചു....

ബിൽട്മൂർ ഹോട്ടൽ
9 ഫിബ്രുവരി 1947.

ഇന്നു ഞങ്ങൾ എല്ലാവരും—ഏകദേശം നൂറിൽപ്പരം ആളുകൾ—അടുത്തു 'ലോംഗ്ബീച്ച്' എന്നു പറയപ്പെടുന്ന സമുദ്രതീരത്തുള്ള സ്ഥലത്തേയ്ക്കുപോയി. വഴിക്കനേവധി പെട്രോൾക്കിണറുകൾ അടുത്തടുത്തു് അവിടവിടെയായി കാണാമായിരുന്നു. അവയിൽ ചിലതു പരിശോധിക്കാൻ ഞങ്ങൾ അല്പസമയം താമസിച്ചു. തുടർച്ചയായി പെട്രോൾകോരിയെടുക്കാൻ ഷിഫ്ടുപോലെയുള്ള യന്ത്രങ്ങൾ ഓരോ കിണററിലും ഘടിപ്പിച്ചിട്ടുണ്ടു്. ഈ യന്ത്രത്തിൻെറ മുകൾഭാഗം ഉയന്നും താണും, പെട്രോൾ താഴെനിന്നും മുകളിലേയ്ക്കു കൊണ്ടുവരുന്ന കൃത്യം നിവ്വഹിച്ചുകൊണ്ടിരുന്നു; ഈമാതിരി അസംഖ്യം യന്ത്രങ്ങളുടെ ഇളക്കം ആ സ്ഥലത്തിനൊക്കെ ഒരു സജീവചൈതന്യം കൊടുത്തിരുന്നു.

ലോംഗ്ബീച്ച് കാണാൻകൗതുകമുള്ള ഒരു സ്ഥലമാണു്. സമുദ്രതീരത്തിൽക്കൂടി കാറോടിച്ചുപോകുമ്പോൾ കാറ്റിലാടിക്കളിക്കുന്ന പനകളും, അഴകേറിയ കെട്ടിടങ്ങളും ഓരോ വശത്തും കാണാമായിരുന്നു. കടലിനടുത്തുള്ള ഒരു ഹോട്ടലിൽ ഞങ്ങൾക്കു് ഉച്ചയ്ക്കു് ഒരു വിരുന്നുസല്ക്കാരം ഉണ്ടായിരുന്നു. കടലിലെ നീലജലത്തിൽ തട്ടിവരുന്ന കുളിർകാറ്റേററു ഞങ്ങൾ ആ സല്ക്കാരവിരുന്നിൽ പങ്കുകൊണ്ടു. തീനും കുടിയും കഴിഞ്ഞു് ഔദ്യോഗികപ്രസംഗത്തിലേയ്ക്കു പ്രവേശിച്ചപ്പോഴാണു്, കാലഭേദങ്ങൾക്കു മാററാൻകഴിയാത്തവിധം അവ എപ്പോഴും അരസികമാണെ

ന്നുള്ള വിശ്വാസം എന്നിൽ പൂർവ്വാധികം ഉറപ്പോടുകൂടി സ്ഥാനംപിടിച്ചതു്.

ബിൽട്ട്മൂർ ഹോട്ടൽ
10 ഫിബ്രുവരി 1947

മിസ്റ്റർ ഡീബോയെ കാണാനില്ല. സമ്മേളനസ്ഥലത്തു ചെന്നപ്പോൾ പരിഭ്രാന്തരായി എൻെറചുററും കൂടിയ ആളുകളുടെ മുറവിളിയായിരുന്നു അതു്. ഞാൻകൂടി അല്പം പരിഭ്രമപ്പെട്ടുപോയി. ഇന്നലെ രാത്രിയിൽ അയാൾ ഹോട്ടലിൽ തിരിയെവന്നില്ല. ഏതു് അപകടത്തിലാണോ അയാൾ ചെന്നുവീണതെന്നു ഞാൻ അത്ഭുതപ്പെട്ടു. അയാളുടെ പലേ സ്നേഹിതമാരിൽ ഒന്നു്, ഇങ്ങോട്ടു് അയാളെ കൊണ്ടുവന്ന വിമാനത്തിലെ പരിചാരികയായിരുന്നു. അവരുടെ മേൽവിലാസം തപ്പിപ്പിടിച്ചു തിരയണമെന്നു ഞാൻ ആലോചിച്ചു. അതിനുമുമ്പ്, സമ്മേളനജോലിയിൽ രാത്രിമുഴുവൻ ചിലപ്പോൾ ചിലവഴിക്കാറുള്ള അയാൾ ഹോട്ടലിൽത്തന്നെ കണ്ടേക്കാമെന്നു ഞാൻ അഭിപ്രായപ്പെട്ടു. ഹോട്ടൽ മുറിയിൽ അവർ പലവുരു ടെലിഫോൺചെയ്തു കഴിഞ്ഞിരിക്കുന്നു; യാതൊരു മറുപടിയും ഇല്ല.

അതിനിടയ്ക്കു സമ്മേളനത്തിൽ അവതരിപ്പിക്കേണ്ടിയിരുന്ന ചില പ്രമേയങ്ങളുടെ നക്കൽ ഡീബോ കരസ്ഥമാക്കിയിരുന്നു. അതു കിട്ടാതെ സമ്മേളനപരിപാടികൾ ഏതാണ്ടു സ്തംഭാവസ്ഥയിലെത്തിയിരുന്നു. ഞങ്ങൾ വല്ലാതെ കുഴങ്ങി. കാറുകൾ അങ്ങോട്ടും ഇങ്ങോട്ടും അയയ്ക്കാൻ ഏർപ്പാടുചെയ്തു. അപ്പോഴേയ്ക്കും സുസ്മേരവദനനായി ഡീബോ രംഗത്തിലെത്തി. ഇരുപത്തിനാലുമണിക്കൂറില

ധികം തുടർച്ചയായി പണിചെയ്യു് ഉറങ്ങിത്തുടങ്ങിയ അ യാളുണ്ടോ ടെലിഫോണിൻെറ വിളികൾ കേൾക്കുന്നു.

ബിൽട്ട്മൂർ ഹോട്ടൽ
11 ഫിബ്രു്വരി 1947

എനിക്കിനി ലോസ് ഏൻജലസ്സ് വിടാൻ അധി കം താമസമില്ല. സമ്മേളനവും സന്ദർശനങ്ങളുമായി ദിവ സംമുഴവനും രാത്രിയുടെ പകുതിയിലധികം ഭാഗവും കഴി യുന്നു. ഇന്നു സമ്മേളനത്തിൽ സംബന്ധിക്കുന്നവർക്കെല്ലാം കൂടി ബിൽട്ട്മൂർ ഹോട്ടലിൻെറ വിശാലമായ വിരുന്നു ഹാളിൽവെച്ചു് ഒരു 'കോക്ക്ടെയിൽ' പാർട്ടിയുണ്ടായി രുന്നു. ഈമാതിരിയുള്ള സല്ക്കാരസമ്മേളനങ്ങളിൽ ആളു കൾക്കു വേണ്ടത്ര സ്ഥലം അനുവദിക്കുന്നതു്, അവർ അടു ത്തു പരിചയപ്പെടാനുള്ള അവസരം കൊടുക്കാനാണു്. ഞങ്ങൾ അവിടെ അർദ്ധനിമീലിതങ്ങളായ നയനങ്ങളോടു കൂടി അങ്ങോട്ടും ഇങ്ങോട്ടും നീങ്ങിക്കൊണ്ടിരുന്നു. അതി നിടയ്ക്കു് എന്നിൽനിന്നു് അല്പാല്പം അകന്നുപൊയ്ക്കൊണ്ടി രുന്ന മിസ് ഡി—യുടെ പെരുമാററത്തിനെക്കുറിച്ചു ഞാൻ സൗമ്യമായി പരാതിപ്പെട്ടുകയായിരുന്നു.

ആകാശത്തിൽ—ലോസ് ഏൻജലസ്സി
ന്നും തുൽസായ്ക്കും ഇടയ്ക്കു് എവിടെയോ
14 ഫിബ്രു്വരി 1947

ഒരു ഡി. സി. 4 വിമാനം എന്നെ അമേരിക്കൻ ഭൂഖണ്ഡത്തിൻെറ മുകളിൽക്കൂടി മണിക്കൂറിനു് 250 മൈൽ വേഗത്തിൽ വഹിച്ചുകൊണ്ടു പറക്കുകയാണു്. അതിൻെറ ശബ്ദം എനിക്കല്പം അസഹ്യമായിതോന്നുന്നു; ഇടയ്ക്കിടയ്ക്കു വിമാനം വായുമണ്ഡലത്തിൽ തട്ടി താഴോട്ടും, മേലോട്ടും

ളളകുന്നു. എൻെറ ഇരിപ്പിടത്തിനു മുകളിലുള്ള വിളക്കു് അണച്ചാൽ അല്പം ഉറങ്ങാമെന്നു് എനിക്കു് ആഗ്രഹം ഉണ്ടു്. അതിനിടയ്ക്കു്, "അതെല്ലാം എഴുതിവെയ്ക്കുക" എന്ന ശാസനയും വഹിച്ചുകൊണ്ടു് വിമാനക്കമ്പനിക്കാർ തന്ന ഒരു ചെറിയ ബുക്കിൽ ഈ വിവരങ്ങളെല്ലാം ഞാൻ പകർത്തുന്നു.

ഞങ്ങൾ ഇപ്പോൾ കാലിഫോർണിയാ വിട്ടുകാണുമെന്നു് ഊഹിക്കേണ്ടിയിരിക്കുന്നു. ഇതു് ഒരു ഊഹം മാത്രമാണു്; എന്തെന്നാൽ രാത്രിയായതോടുകൂടി ഞങ്ങൾക്കു ചുററും ഇരുട്ടാണു്. വിശാലമായ അന്ധകാരത്തിൽക്കൂടി പോകുമ്പോൾ ചിലപ്പോൾ താഴെ ഒരുക്കൂട്ടം വിദ്യുൽവിളക്കുകൾ മിന്നിത്തിളങ്ങുന്നതു കാണാം. മോൺട്രിയലിലും, ലോസ് ഏൻജലസ്സിലും ഞാൻ കണ്ട ജീവിതത്തിൻെറ ഒരു പകർപ്പായിരിക്കും ഈ ദീപസമൂഹങ്ങൾ കുറിക്കുന്ന പട്ടണങ്ങളിലും. ഈ മാതിരിയുള്ള പട്ടണങ്ങൾ അങ്ങിങ്ങായേ കാണു; ബാക്കിയുള്ള സമയം എല്ലാം, മുകളിലുള്ള നക്ഷത്രങ്ങളെ മാത്രം ആധാരമാക്കി ആ വലിയ ഇരുട്ടിൻെറ ശൂന്യതയിൽക്കൂടി വിമാനം ശീഘ്രഗതിയിൽ പായുകയാണു്.

താഴെ ക്ഷണംപ്രതി മറയുന്ന കുന്നുകളും, കാടുകളും, കായലുകളും അതേസ്ഥലത്തുതന്നെ യുഗയുഗാന്തരമായി സ്ഥിതിചെയ്യുന്നു; ഞങ്ങൾ കടന്നുപോയ ഓരോ പട്ടണങ്ങളിലും ആയിരക്കണക്കിനു് ആളുകൾ അവരുടെ ദൈനന്ദിനമായ ജീവിതവ്യവഹാരങ്ങളിൽ ഏർപ്പെട്ടു കഴിയുന്നു. അതിനിടയ്ക്കു് ഈ ഒരു രാത്രി അങ്ങിങ്ങോ ഞാൻ ആ ചരാചരങ്ങളുമായി ഏതോ അവ്യക്തമായ ബന്ധത്തിലേർപ്പെടാൻ കാത്തിരുന്നു. ഗന്ധർവ്വന്മാരുടെമാതിരി മുകളിൽക്കൂടി പറക്കുന്ന എനിക്കുണ്ടോ അവരുമായി അടുത്തു

പെരുമാററാൻ സാധിക്കുന്നു. ഈ ഒരു വിചാരം, ഞാൻ ഇടയ്ക്കിടയ്ക്കു കാണാറുള്ള ഒരു സ്വപ്നത്തിനെ എന്റെ മനസ്സിൽ കൊണ്ടുവന്നു. പണ്ടത്തെ ഗ്രീക്കു് ദേവന്മാരെ അനുസ്മരിപ്പിക്കുന്ന ഒരു വേഷവും ധരിച്ചു് വായുവിൽക്കൂടി പറക്കുന്ന ഒരു സ്വപ്നമാണിതു്. എൻെറ ശ്വാസം ക്രമമായി അടക്കിനിത്തിയാൽ മതി, ഞാൻ പെട്ടെന്നുയന്നു് ആകാശത്തിലേയ്ക്കു പോകാൻ. അതു കഴിഞ്ഞു് ആകാശത്തിൽ, അങ്ങോട്ടും ഇങ്ങോട്ടും അതിവേഗം പായുകയാണു് എന്റെ വിനോദം. ഈ ഒരു വിദ്യ ആ സ്വപ്നസമയത്തു് എത്രയോ സ്വാഭാവികമായി തോന്നിയിരുന്നു.

ഞങ്ങൾ അപ്പോൾ പ്രസ്കോട്ടു് (അ.സീസ്) എന്ന സ്ഥലത്തിൻെറ മുകളിൽക്കൂടി പതിനോരായിരം അടി ഉയരത്തിൽ പറക്കുകയാണെന്നും, ഒൻപതരമണിക്കു് ന്യൂമെക്സിക്കോവിലെ അൽബുക്കക്ക് കടക്കുമെന്നും ഉള്ള വാത്ത വിമാനോദ്യോഗസ്ഥന്മാർ ഞങ്ങളെ അറിയിച്ചു. ഈ പേരുകൾകൊണ്ടൊന്നും എനിക്കു യാതൊരത്ഥവും കിട്ടുന്നില്ല. നാളെ രാവിലെ ഞങ്ങൾ ന്യൂയോക്കിൽ എത്തും; അവിടെനിന്നു് എനിക്കു ലണ്ടനിലേയ്ക്കു പുറപ്പെടാനുള്ള വിമാനം ഉച്ചയ്ക്കു 12 മണിക്കു പുറപ്പെടും.

മാഞ്ചസ്റ്റർ, ഗ്രാൻഡ് ഹോട്ടൽ
23 ഫിബ്രു്വരി 1947

എനിക്കു വിചാരിച്ചിരുന്നതുപോലെ ന്യൂയോക്കു കാണാൻ കഴിഞ്ഞില്ല. ലോസ് എൻജലസ്സിൽനിന്നും എന്നെയും വഹിച്ചുപോന്ന വിമാനം ന്യൂയോക്കിലെത്തിയപ്പോഴേയ്ക്കും 11 മണി ആയിക്കഴിഞ്ഞിരുന്നു; ലണ്ടനിലേയ്ക്കു പുറപ്പെടാനുള്ള വിമാനത്തിൽ കേറാൻ കഷ്ടിച്ചു് ഒരു മണിക്കൂർസമയമേ എനിക്കുണ്ടായിരുന്നുള്ളു. വിശാലമായ

ന്യൂയോക്ക് വിമാനത്താവളത്തിൻെറ ഒരററംമുതൽ മറേറ അററംവരെ പോകുന്നതിനുതന്നെ ടാക്സി വേണ്ടിവന്നു. അതുകഴിഞ്ഞു് അവിടുത്തെ അധികൃതന്മാരുടെ ചോദ്യോത്തരങ്ങൾ തീൎന്നപ്പോഴേക്കും വിമാനത്തിൽ കേറാൻ സമയമായി.

എനിക്കു സുപരിചിതമായി തീൎന്നിരുന്ന എല്ലാ വിമാനയാത്രകൾക്കും ഒരു സാദൃശ്യമുണ്ടായിരുന്നു. വിമാനത്തിലെ ഇരിപ്പിടങ്ങളും, പരിചാരികമാരും, ആഹാര സമ്പ്രദായവും ഏതാണ്ടു് ഒരേതരത്തിലായിരുന്നു. വമ്പിച്ച ഒരു ശബ്ദവും പുറപ്പെടുവിച്ചു് വിമാനം ക്രമേണ മുമ്പോട്ടു് ഉയൎന്നുപോകും. അതുകഴിഞ്ഞു പരന്ന വിഹായസ്സിൽക്കൂടി പ്രയാസംകൂടാതെ തട്ടിത്തട്ടി മുന്നോട്ടുപായും. താഴെ ചിലപ്പോൾ വെള്ളമേഘങ്ങൾ ഒരു പാൽക്കടലിലെ തിരമാലകൾപോലെ അവിടവിടെ ഇളകിമറിഞ്ഞു കിടക്കും; മററു ചിലപ്പോൾ കുന്നുകളും പാടങ്ങളും കെട്ടിടങ്ങളും കാണും. ഞങ്ങൾ ഇപ്പോൾ ചെയ്യുതുപോലെ കടലിൻെറ മുകളിൽക്കൂടി പറക്കുമ്പോൾ, ചെറിയ ഓളങ്ങൾകൊണ്ടു് ഇളകുന്ന ഒരു നീലത്തട്ടുപോലെ ആ വലിയ ജലാശയം കിടക്കുന്നതു കാണാം. ഞങ്ങൾ ന്യൂയോക്ക് വിട്ടിട്ടു രാത്രി 9 മണിയോടുകൂടി ന്യൂഫൗണ്ട്ലൻഡിൽ എത്തി. അവിടുന്നു് അടുത്തദിവസം രാവിലെ ഐർലൻഡിൽ എത്തുന്നതുവരെ രാത്രിമുഴവൻ കടലിൻെറ മുകളിൽക്കൂടി നിരന്തരമായി പ്രയാണംചെയ്യുകയായിരുന്നു. ഞങ്ങളുടെ മേൽഭാഗത്തു് അതിരററ ആകാശവും അതിൽ അങ്ങിങ്ങായി പ്രകാശിച്ചിരുന്ന നക്ഷത്രങ്ങളും, താഴെ അവ്യക്തമായി നീണ്ടുകിടന്നിരുന്ന കടലും അല്ലാതെ വേറെ ഒന്നും കാണാനില്ലായിരുന്നു. ഏതെങ്കിലും കാരണവശാൽ, തുരിക്കുന്ന ഈ യന്ത്രം നിശ്ചലമായാൽ, ഞങ്ങളുടെ സ്ഥിതി

എന്തായിരിക്കുമെന്നു സിഗററ്റിൻെറ പുകവലി നോക്കി പാനീയങ്ങളെ അല്പാല്പം അകത്തേയ്ക്കാക്കുന്ന ആ സുരക്ഷണതയിൽ ഞങ്ങൾ അത്ഭുതപ്പെട്ടു.

17–ാംനു രാവിലെ പത്തുമണിയോടുകൂടി ഞാൻ ലണ്ടനിലെത്തി. ഭയങ്കരമായ തണുപ്പ്; വിദ്യുച്ഛക്തിയുടെ കുറവുകൊണ്ടു ഹോട്ടലുകളിലും, ആഫീസുകളിലും, ചില സമയങ്ങളിൽ വിളക്കും, ലിഫ്ടും ഇല്ല. മുമ്പെങ്ങോ ജീവിച്ചിരുന്ന പ്രാചീനന്മാരുടെ കൂട്ടത്തിൽ മെഴുകുതിരിയും കൊളുത്തി, റാന്തലും എടുത്തു് അതിന്റെ അസ്പഷ്ടമായ വെളിച്ചത്തു് ആ സമയങ്ങളിൽ ആളുകൾ അങ്ങോട്ടും ഇങ്ങോട്ടും ഉഴലുകയാണു്. എനിക്കു് ഇന്ത്യയിലേയ്ക്കു മടങ്ങുവാനുള്ള വിമാനം കിട്ടാൻ ഇനിയും പത്തു ദിവസം താമസിക്കണം. അതിനിടയ്ക്കു മാഞ്ചസ്റ്റർവരെ പോകാൻ ഞാൻ തീർച്ചയാക്കി.

മാഞ്ചസ്റ്റർ ലണ്ടനേക്കാളും തുലോം ചെറിയ ഒരു പട്ടണമാണു്. അനേകതലമുറകളായി ഒന്നാംതരം നൂലു പിന്നിയും, തുണി നെയ്തും കഴിക്കുന്ന തൊഴിലാളികളാണു് അധികം. അവർ ജോലിചെയ്യുന്ന സ്ഥിതികൾ കണ്ടു പഠിക്കാനായി ഞാനവിടെ ഒരു നെയ്ത്തുശാലയിൽ പോയി നോക്കി. ചില ഇന്ത്യൻ മില്ലുകളിലേക്കാൾ എത്രയോ നല്ല സ്ഥിതിയാണവിടെ. ബാക്കിയുള്ള സമയം മാഞ്ചസ്റ്റർ തെരുവുകളിൽക്കൂടി അങ്ങോട്ടും ഇങ്ങോട്ടും നടക്കും. അസാധാരണമായ തണുപ്പുള്ള ഒരു കാലമാണിതു്. സകല സ്ഥലത്തും മഞ്ഞുവീണു കിടപ്പുണ്ടു്. സ്വിറ്റ്സർലൻഡിനെ അനുസ്മരിപ്പിക്കുന്നവിധം അവിടവിടെ കുട്ടികൾ ആ മഞ്ഞിൻപുറത്തു് ഓടിക്കളിക്കുന്നു. അകത്തു ഞങ്ങളുടെ ഹോട്ടലിൽ ആഗതക്കു് ഇരിക്കാനുള്ള മുറിയിൽ മാത്രം കത്തിക്കാളുന്ന തീ തണുപ്പിനെ അകററി നിർത്തു

ന്നുണ്ട്. അവിടെ പോയി ആ തീ നോക്കി രസിച്ചുകൊണ്ട് എൻെറ അമേരിക്കൻ യാത്രയിലെ വിവിധസംഭവങ്ങളെപ്പററി ഞാൻ ഓമ്മിച്ചിരിക്കും.

ലണ്ടൻ, കെൻഡൽ ചേംബേഴ്സ്
26 ഫിബ്രുവരി 1947

ഞാൻ നാളെ ലണ്ടൻ വിടുകയാണ്. അസാധാരണമായ ഈ തണുപ്പിൽ വെളിയിൽ നടക്കാനും, പഴയ ചങ്ങാതിമാരെ കാണാനും തീരെ ഇഷ്ടപ്പെടുന്നില്ല. അകത്തോ, തീയില്ലാത്ത ഈ മുറിയിൽ കഴിച്ചുകൂട്ടുന്നതും വളരെ കഷ്ടപ്പാട്. അതിനിടയ്ക്ക്, ചൂടുവെള്ളം നിറച്ച് കിടക്ക ചൂടുപിടിപ്പിച്ചിരുന്ന ആ റബ്ബർസഞ്ചിയുടെ അടപ്പ്, ഇവിടുത്തെ ഭൃത്യ ചീത്തയാക്കി. ആ അടപ്പു നേരെയാക്കാനുള്ള വ്യർത്ഥമായ ശ്രമത്തിൽ ഞാൻ കുറെസമയം ചെലവാക്കി. കിടക്കയിലെ അസഹ്യമായ തണുപ്പിനെ അല്പം മാററിനിത്തിയിരുന്ന ഈ സഞ്ചി അമേരിക്കയിൽ നിന്നു ഞാൻ ഭദ്രമായി കൊണ്ടുവന്നതാണ്. സൂക്ഷ്മമില്ലാതെ ഇതിങ്ങനെ ചീത്തയാക്കിയതിൽ ആ ഭൃത്യയോട് എനിക്കു കഠിനമായ ദേഷ്യംതോന്നി. അവളെ വിളിച്ചു പറഞ്ഞിട്ട് എന്തുകാര്യം? നിശ്ശബ്ദനായി, നിസ്സഹായനായി ഞാനല്പം വ്യസനിച്ചു.

ഇംഗ്ലണ്ടിലെ താമസം മുമ്പിലത്തെപ്പോലെയല്ല. വേണ്ടത്ര സിഗററും ഒട്ടുംതന്നെ തീപ്പെട്ടിയും കിട്ടാത്ത ഒരു രാജ്യമായിത്തീന്നിരിക്കുന്നു ഇംഗ്ലണ്ട്. ആഹാരസാധനങ്ങളും പരിചാരികമാരും ധാരാളമില്ല. രാജ്യത്തെ സാമ്പത്തികസ്ഥിതിയെപ്പറ്റി ഗവമ്മേണ്ട് ഈ കഴിഞ്ഞ ആഴ്ച പുറപ്പെടുവിച്ച പ്രസ്താവനയെപ്പററി മാഞ്ചസ്റ്റർ ഗാർഡിയൻപത്രം പറയുന്നതു നോക്കുക. "ഇരുളടഞ്ഞ

ഒരു ആഴ്ചയിലെ ഇരുൾ കൂട്ടുകയേയുള്ളൂ, രാജ്യത്തിൻെറ സാമ്പത്തികസ്ഥിതിയെപ്പറ്റിയുള്ള വൈറ്റ്പേപ്പർ. അതു പ്രത്യക്ഷമാക്കിയിരിക്കുന്ന അസന്തോഷവാസ്തുവങ്ങളെ സമുദായത്തിൻെറ എല്ലാ വകുപ്പിൻെറയും മനസ്സിൽ ദൃഢമായി ഊന്നി ഉറപ്പിക്കണം; അവയെ അടിസ്ഥാനമാക്കി ഒരു ദേശീയനയത്തെ രൂപീകരിക്കണം. നമ്മുടെ സാമ്പത്തികഘടനയുടെ അടിസ്ഥാനം ആപൽക്കരമായവിധം ചുരുങ്ങിയിരിക്കുന്നു. യുദ്ധത്തിനു മുമ്പുള്ള ജീവിതനിലയിൽ എത്തിച്ചേരാൻ, വേണ്ടത്ര മനുഷ്യശക്തിയോ, വേണ്ടത്ര ഭൂസ്വത്തോ, വേണ്ടത്ര അന്യരാജ്യങ്ങളിലെ മുതലോ നമുക്കില്ല; ആ ജീവിതനില ഉയർത്തുന്നതിൻെറ കാര്യം പിന്നെ പറയേണ്ട. എങ്കിലും ഭാവി നിരാശാജനകമല്ല."

ഞാൻ 1937—ൽ വിട്ടുപിരിഞ്ഞ ഇംഗ്ലണ്ടിൽനിന്ന് എത്ര വ്യത്യസ്തമായ ഒരു ഇംഗ്ലണ്ടാണിതു്!

കറാച്ചി
1 മാർച്ച് 1947

വീണ്ടും കറാച്ചിയിൽ. ഞാൻ മുമ്പു കറാച്ചിയിൽനിന്നു യൂറോപ്പിലേയ്ക്കു വിമാനം കേറാൻ വന്നിട്ടു നാലു മാസം തികച്ചായിട്ടില്ല. ആ നാലുമാസക്കാലം എത്ര സംഭവബഹുലമായിരുന്നു. പഴയ പാലസ്ഹോട്ടലിൽ പോകാൻ സമയമില്ല. നേരിട്ടു ബോംബെയ്ക്കു പോകാൻ ധൃതിയായി; ആ വിമാനം വിടാൻ കഷ്ടിച്ച് അരമണിക്കൂറേയുള്ളു.

മുമ്പ് ഇങ്ങോട്ടുവന്ന വഴിയെ വീണ്ടും കടന്നു ഞങ്ങൾ ബോംബെയെ ലാക്കാക്കി പ്രയാണംചെയ്തു. അതിവേഗം പായുന്ന വിമാനത്തിലിരുന്ന്, ഈ പുതിയ യാത്രാസമ്പ്രദായം ഒരു ഭൂഖണ്ഡത്തിൽനിന്നു മററൊരു ഭൂഖണ്ഡ

ത്തിലേയ്ക്കു് ആളുകളെ എത്രവേഗം എത്തിക്കുമെന്നു് അത്ഭുതപ്പെട്ടുകയായിരുന്നു. ലോസ്ഏൻജലസ്സിൽനിന്നു ലണ്ടനിലെത്താൻ എനിക്കു കഷ്ടിച്ചു നാല്പതുമണിക്കൂറേ വേണ്ടിവന്നുള്ളു. ഇതിനിടയ്ക്കു തണുപ്പു തീരെയില്ലാത്ത സ്ഥലംവിട്ടു മഞ്ഞിൻകട്ടകളുടെ മുകളിൽക്കൂടി ഞാൻ പറന്നു. ഇപ്പോൾ ഇതാ ലണ്ടൻവിട്ടിട്ടു കഷ്ടിച്ചു രണ്ടുദിവസമായതേയുള്ളു. മിനിഞ്ഞാന്നു് ഉച്ചയ്ക്കു് അവിടം വിട്ടപ്പോൾ എൻെറ കാലും കൈയും ഏതാണ്ടു കോച്ചുകയായിരുന്നു; വൈകുന്നേരം മാൾട്ടായിൽ വന്നിറങ്ങിയപ്പോൾത്തന്നെ തണുപ്പില്ലാത്ത സ്ഥലത്തു് എത്തിക്കഴിഞ്ഞിരുന്നു. അന്നു രാത്രിമുഴുവനും, ഇന്നലെ രാവിലേയും കെയ്റോയിലെ ഹോട്ടലിൽ ശാന്തമായി കഴിച്ചിട്ടും ഈ ചുരുങ്ങിയ സമയത്തിനുള്ളിൽ ഇന്ത്യയിൽ വരാൻ സാധിച്ചു. ഇതേ ദൂരം കടക്കാൻ എത്രയെത്ര ദിവസം കല്ലോലങ്ങളിലിളകുന്ന കപ്പലിൽ കഴിച്ചുകൂട്ടണം; താമസിയാതെ ആ കപ്പൽയാത്രയ്ക്കു് ഒരുങ്ങാൻപോകുന്ന ഞാൻ അതു് ആലോചിക്കുകയായിരുന്നു.

അപ്പോഴേയ്ക്കും ബോംബെയിലെ സുപരിചിതമായ രംഗങ്ങൾ കണ്ടുതുടങ്ങി. സാൻടാക്രൂസ് വിമാനത്താവളത്തിൽനിന്നു ബോംബെപട്ടണത്തിലേയ്ക്കു ബസ്സിലോടിച്ചുപോവുമ്പോൾ ഇരുവശങ്ങളും പകച്ചു നോക്കിക്കൊണ്ടുനിന്ന സ്ത്രീകളും കുട്ടികളും ഇവിടുത്തെ എൻെറ പഴയ ദിവസങ്ങളെ മനസ്സിൽ കൊണ്ടുവന്നു.

മണ്ണൂടി
15 മാർച്ചു് 1947

ഞാൻ കഴിഞ്ഞ രണ്ടു ദിവസങ്ങളായി ഇവിടെ നാട്ടുമ്പുറത്തു് അമ്മാവൻെറ വീട്ടിൽ താമസിക്കുകയാണു്.

എൻെറ ശൈശവകാലത്തിലെ ഒരു ഏറിയഭാഗം ഞാൻ ഇവിടെയാണു് കഴിച്ചുകൂട്ടിയതു്. അന്നത്തെ പല ഓൎമ്മകളും എൻെറ മനസ്സിൽക്കൂടി അടിക്കടി പായുന്നു. അമ്മാവൻ അന്നൊക്കെ എന്നുംതന്നെ ഞങ്ങൾക്കു പുരാണകഥകൾ പറഞ്ഞുകേൾപ്പിക്കുമായിരുന്നു. ഈ അടുത്തുള്ള സ്ഥലമെല്ലാം ഞാൻ പുരാണപുരുഷന്മാരെക്കൊണ്ടു നിറച്ചിരുന്നു. അതാ ഈ ഏലായുടെ അങ്ങേ അററത്തു കാണുന്ന കുന്നിലാണു് യദുവംശക്കാർ കുടിപാൎത്തിരുന്നതു്; അടുത്തു തന്നെയുള്ള ഒരു കുളത്തിലാണു് കാളിയമർദ്ദനം നടന്നിരുന്നതു്.

അവയ്ക്കൊന്നും യാതൊരു മാറ്റവും വന്നിട്ടില്ല. ഇവിട്ടത്തെ ആളുകളും അവരുടെ സമ്പ്രദായങ്ങളും വിശ്വാസങ്ങളും ഏതാണ്ടു് അതുപോലെത്തന്നെ ഇരിക്കുന്നു. യാഥാസ്ഥിതികന്മാരായ ബ്രാഹ്മണർ, കാണുന്ന കോട്ടങ്ങൾക്കെല്ലാം കലിയുഗത്തിനെ പഴിക്കുന്നു. അവരുടെ തേവാരങ്ങൾ പതിവുപോലെ നടക്കുന്നു. മററുള്ളവരെല്ലാം മിക്കവാറും മുമ്പിലത്തെപ്പോലെ അവരെ ദേവന്മാരായി കരുതുന്നു. പാടങ്ങൾ ഉഴാൻ കാത്തിരിക്കുന്നു. കൃഷിക്കാർ കഴിഞ്ഞവിളവിനെപ്പററി സംസാരിക്കുന്നു. പാവങ്ങൾ അവരവരുടെ ദാരിദ്ര്യത്തിൻെറ ഉയൎച്ചതാഴ്ചയെ അളന്നു് അതിനുതക്ക അകൽച്ച അന്യോന്യം ഭാവിക്കുന്നു.

ഇന്നു് എൻെറ അമ്മയുടെ ശ്രാദ്ധമാണു്. പഴയ ചടങ്ങനുസരിച്ചു ഞാൻ അതിനു് ഉടുത്തൊരുങ്ങി ആവണിപ്പലകമേൽ ഇരിക്കയാണു്. ദൎഭപ്പുല്ലിൻെറ തലപ്പത്തു പിതൃലോകത്തുനിന്നു് അമ്മയെ ആവാഹിച്ചു ഞാൻ ഉദകം കൊടുക്കുന്നു. മുപ്പതുകൊല്ലം മുമ്പു് ഇതേ സ്ഥലത്തു് അമ്മയുടെ സജീവചൈതന്യം നിലകൊണ്ടിരുന്നു; അതുകൊണ്ടു്, ആ ആത്മാവിനു് ഈ ചുററും കാണുന്നതിൽ തീരെ

അത്ഭുതപ്പെടാൻ അവകാശമില്ല. നേരെമറിച്ച്, അവിടെ അങ്ങേലോകത്ത്, അമേരിക്കയിൽനിന്ന്, എൻെറ സ്നേഹിതന്മാർ അരക്ഷണത്തേയ്ക്കു് ഈ രംഗം കാണുകയാണെങ്കിൽ, അവർ എന്തെല്ലാം വിചാരിക്കും. പ്രഫസറും, ടചീഡിലും, മിസ് ഡി—യും, ഡീബോയും എൻെറ ചുററും വന്നിരുന്നതുപോലെ എനിക്കു തോന്നി. പ്രഫസറോട്ട് ഈ ഓരോ ക്രിയകളുടേയും അത്ഥത്തെപ്പററി എനിക്കു കുറെ ഏറെ പ്രസംഗിക്കേണ്ടിവരും. ഇവിടുത്തെ കുടുംബജീവിതവും, സമുദായസമ്പ്രദായവും, വേഷരീതിയും, എനിക്കു് അവിടുത്തെ ആചാരങ്ങളിൽ തോന്നിയതിൽ പതിന്മടങ്ങ് അവരെ അത്ഭുതപ്പെടുത്തും. ബിൽട്മൂർഹോട്ടലിൽ കൂടിയ വിരുന്നുസമ്മേളനങ്ങളും, അവിടുത്തെ അകത്തേ വരാന്തകളിൽ ചങ്ങാതിമാരുമായി ഇരുന്ന് കോക്ക്ടെയിലിൽക്കൂടിയുള്ള സംഭാഷണങ്ങളും വേറെ ഏതോ ഒരു ലോകത്തിലേതുപോലെ എനിക്കുതോന്നി.

എൻെറ പ്രയാണങ്ങൾ എൻെറ മനസ്സിൻെറ ഇളക്കത്തിനെ എത്രത്തോളം ശാന്തപ്പെടുത്തി എന്നു ഞാൻ ആലോചിച്ചു. പുതിയപുതിയ രംഗം കണ്ടു ശരീരം ഇളകിക്കൊണ്ടിരിക്കുമ്പോൾ, മനസ്സ് അതിൻെറ പഴയ പരിധിയെ വിട്ടുമെന്നു ഞാൻ ആശിച്ചിരുന്നു. അതു് എത്ര അബദ്ധമായിപ്പോയി. മനസ്സിലെ അസന്തോഷവിചാരങ്ങൾ, ചെകുത്താൻെറ ദുരാശകൾപോലെ, എന്നെ എപ്പോഴും അസഹ്യപ്പെടുത്തിക്കൊണ്ടിരുന്നു. ശരീരം എവിടെ എങ്ങനെയൊക്കെ ആയാലും മനസ്സ്മാറാതെ ഒരുപോലെ കൂടിയിരുന്നു. അസഹ്യമായി മനസ്സ് എന്നെ ഞെരിച്ച ആ ഒരുരാത്രി എനിക്കു് ഓമ്മവന്നു: ഇനി ഒരിക്കലും സമാധാനം എൻെറ മനസ്സിനു കിട്ടുകയില്ലെങ്കിൽ, എൻെറ

ജീവിതത്തിനെ തിരിയെ എടുക്കണേ എന്ന ഭയങ്കരമായ ഒരു പ്രാൎത്ഥന ഞാൻ അന്നു ദൈവസന്നിധിയിലേക്കയച്ചു.

വെളിയിൽ വൈകുന്നേരത്തിൻെറ നിഴലുകൾ നീണ്ടുനീണ്ടു വന്നുതുടങ്ങി. നിശ്ശബ്ദമായ മദ്ധ്യാഹ്നം മാറി ആ പാടത്തു മുഴുവൻ കാററിൻെറ നേരിയ മൎമ്മരശബ്ദം പുറപ്പെട്ടു. പാടത്തിൻെറ ഇരുവശത്തുമുള്ള വൃക്ഷങ്ങൾ ആ കാററിൽ മന്ദംമന്ദം ആടിക്കൊണ്ടിരുന്നു. ഈ ഒരു കാഴ്ച ഏതോ അവാച്യമായ ചില മധുരസ്മരണകളെ എൻെറ മനസ്സിൽ കൊണ്ടുവന്നു. അസ്പഷ്ടമായ ജീവിതത്തിലെ പാശങ്ങൾ എന്നെ വീണ്ടും വീണ്ടും ബന്ധിച്ചു.

അദ്ധ്യായം 2

## ആന്ദോളനങ്ങൾ

എസ്. എസ്. ഫ്രാങ്കോണിയാ

1 ഏപ്രിൽ 1947

ഞാൻ വീണ്ടും യൂറോപ്പിലേയ്ക്കു പുറപ്പെട്ടുകയായി. കഴിഞ്ഞതവണ ബോംബെയിൽനിന്നു യൂറോപ്പിലേയ്ക്കു് ഞാൻ കപ്പൽ കയറിയിട്ടു് ഇപ്പോൾ പതിന്നാലുവർഷങ്ങൾക്കു മേലായി. അന്നും ഇന്നും തമ്മിൽ എത്ര വ്യത്യാസം! അന്നു ഞാൻ ജീവിതത്തിലേയ്ക്കു പ്രവേശിച്ച ഒരു വിദ്യാർത്ഥി മാത്രമായിരുന്നു. ഇന്നു ഗൃഹസ്ഥനായി മദ്ധ്യവയസ്സിൻെറ നീണ്ട നിഴലുകൾ എന്നെ പതുക്കെ വലയം ചെയ്തുതുടങ്ങിയിരിക്കുന്നു. അന്നു തനിച്ചു്, ഉത്സാഹഭരിതനായി, അജ്ഞാതമായ യൂറോപ്പിലേയ്ക്കും അനിശ്ചിതമായ ഒരു ഭാവിയിലേയ്ക്കും ഞാൻ പോവുകയായിരുന്നു. ഇന്നു് അപ്പോഴത്തെ ഇളക്കങ്ങളെല്ലാം അല്പം അമന്നു്, ഏതാണ്ടു നിശ്ചിതമായ ഒരു വഴിക്കു് എൻെറ ജീവിതനൗക മന്ദംമന്ദം നീങ്ങിത്തുടങ്ങിയിരിക്കുന്നു. ഈ രണ്ടു കാലഘട്ടങ്ങളേയും ഞാൻ മനസാ താരതമ്യപ്പെടുത്തി അവയുടെ ഗുണാഗുണങ്ങളെ തിട്ടപ്പെടുത്തുകയായിരുന്നു.

ചുറ്റും, അന്നത്തെപ്പോലെ, കപ്പലിലും, താഴെ തുറമുഖത്തും യാത്രക്കാരോടു യാത്രപറയുവാൻ പലരും തിക്കിത്തിരക്കി കൂടിയിട്ടുണ്ടു്. ഓരോ ജീവിതത്തിൽ എത്ര എത്ര വേർപാടുകളും, കൂട്ടിമുട്ടലുകളും ആണു് ഉണ്ടാകാറുള്ളതു്! ജീവിതത്തിനെന്നപോലെത്തന്നെ, ജീവിതത്തിലെ ഓരോ അദ്ധ്യായങ്ങളുടെ ആരംഭങ്ങളായ ഈ സംഭവ

ങ്ങൾക്കും, അപൂർണ്ണതയുടെ ഒരു ഛായ ഉള്ളതുപോലെ എനിക്കു തോന്നി. വന്നതുപോലെ നടത്തുക എന്നല്ലാതെ, ഏതുവഴിക്കു നടത്തണം എന്നൊരുവിചാരം ആക്കും ഉള്ളതുപോലെ കണ്ടില്ല. വേർപാടുകൾ വഴിപോലെ അഭിനയിക്കുന്നതിനുള്ള പരിശീലനം കൊടുക്കാൻ ഒരു സ്ഥാപനം ഏർപ്പെടുത്തേണ്ടതിൻെറ ആവശ്യകതയെപ്പററി ഒരു ഉപന്യാസം പണ്ടു് വായിച്ചതായി ഞാൻ ഓക്കുന്നു.

2 ഏപ്രിൽ 1947

ഞങ്ങൾ ഇനിയും ബോംബെ വിട്ടിട്ടില്ല. പുറപ്പെടുവാൻ നല്ലസമയവുംകാത്തു കപ്പൽ നില്ക്കുകയായിരിക്കാം. അതിനിടക്കു കപ്പലിലെ യാത്രക്കാരുമായി ഞാൻ അല്പാല്പം പരിചയപ്പെട്ടുതുടങ്ങി. എൻെറകൂടെ ശാരദയും, ഞങ്ങളുടെ രണ്ടു കുഞ്ഞുങ്ങളും, വിജയവും കൊച്ചനിയനും, ഉണ്ടു്. ഈ പുതിയ കാഴ്ചകളും അനുഭവങ്ങളും അവരെ വല്ലാതെ രസിപ്പിക്കുന്നു. എൻെറ സ്നേഹിതൻെറ ഭാര്യയും, ഒരു ചെറിയ ശിശുവുംകൂടി ഞങ്ങളുടെകൂടെയുണ്ടു്. ആ ചെറിയ ശിശു—മുന്ന—വല്ലാത്ത വികൃതിയാണു്. അതിനെ ലാളിക്കാനും മേയ്ക്കാനും വിജയം വെമ്പുന്നു. കപ്പലിൻെറ ഡെക്കിൽനിന്നു ഞങ്ങൾ താഴോട്ടു നോക്കുകയാണു്. യാത്ര പറയുവാൻ വന്നവരെല്ലാം അപ്രത്യക്ഷരായി. പകരം പഴങ്ങൾവില്ക്കാൻ വന്നവർ ഞങ്ങളുടെ പണം പററിക്കാൻ പ്രയത്നിക്കുകയാണു്.

ഡെക്കിൽ ചാരുകസേരകളുടെ എണ്ണം കൂടിക്കൂടിവരുന്നു. മുമ്പു് ഞാൻ യാത്രചെയ്ത കപ്പലിനേക്കാൾ തുലോം വലുതാണു് ഇതെങ്കിലും, യുദ്ധകാലത്തെ സമ്പ്രദായത്തെ പരിപാലിച്ചുപോരുന്ന ഇതിലെ ജീവിതരീതി അത്രതന്നെ സുഖകരമല്ല. ഡെക്കിൽ ചാരുകസേരയിൽ ഇരിക്കണ

മെങ്കിൽ അതു വാങ്ങുകതന്നെ വേണം. ഈ ഒരു വാസ്തവം ക്രമേണ എൻെറ ബുദ്ധിയിലേയ്ക്കു വ്യാപിച്ചുവന്നു. ഇൻഡോർ അമ്മമഹാറാണിയും ഞങ്ങളുടെ സഹയാത്രക്കാരിലുൾപ്പെട്ടിരുന്നു. അവരുടെ ഉദ്യോഗസ്ഥവൃന്ദത്തിൻെറ മേലാവ്, മി. ഷിൻഡേ, ചാരുകസേരകൾ മുറയ്ക്കു വാങ്ങിക്കൂട്ടുന്നു. ഷിൻഡേയെ ഞാൻ പിന്നീടു പലപ്രാവശ്യവും കണ്ടിട്ടുണ്ട്; അദ്ദേഹം അധികം കഴിയുന്നതിനു മുമ്പ് എൻെറ ഒരു അടുത്ത സ്നേഹിതനായി തീരുകയും ചെയ്തു. അതുകൊണ്ട് ഞങ്ങളുടെ ആദ്യത്തെ ബന്ധത്തിനെപ്പറ്റി ഇവിടെ കുറിച്ചുകൊള്ളട്ടെ. ആ കസേരകളിൽ ഒന്ന് എനിക്കും സമ്പാദിച്ചുതരുകയെന്നല്ലാതെ അതിൽ കൂടുതലും കുറവും അല്ലായിരുന്നു, അത്.

3 ഏപ്രിൽ 1947

കപ്പൽ ഇളകിത്തുടങ്ങി. അതോടുകൂടി അതിലെ ജീവികൾക്കും ഒരു പുതിയ ഉത്സാഹവും ഇളക്കവും കണ്ടു. ഡെക്കിൻെറ വരാന്തയിൽനിന്ന് ഞങ്ങൾ അകന്നകന്ന് മറഞ്ഞുവരുന്ന ബോംബെ തുറമുഖത്തിലേയ്ക്കു നോക്കി. അവിടുത്തെ പഴംവില്ക്കുന്നവരും, കസേരക്കച്ചവടക്കാരും തുലോം ചെറുതായി തോന്നി. ഇളകുന്നതു ദൂരെക്കാണുന്ന കരയോ, ചുററുമുള്ള കടലോ, കപ്പലോ, അതിലെ ആളുകളോ എന്ന് ഏതെങ്കിലും ഒരു നിശ്ചിതസമയത്തു നിശ്ചയിക്കാൻ വയ്യാതെയായി. ഈ ബഹളത്തിലൊന്നും പങ്കെടുക്കാൻ ഭാവമില്ലാതെ അവരുടെ ദിനസരിയെ മുറുകെപ്പിടിച്ച് ചിലർ അകത്തുള്ള 'സ്മോക്കിംഗ്'മുറിയിലിരുന്ന് എന്തോ വായിച്ചുകൊണ്ടിരിക്കുന്നു. ജീവിതത്തിലാകെ കിട്ടുന്ന സമയം എത്രയോ ചുരുക്കമായിരിക്കെ, ഒരു കപ്പൽ തുറമുഖംവിടുന്ന ആ തുച്ഛമായ സന്ദർഭത്തെ

വായിക്കാതെ വിനിയോഗിക്കുന്നതെന്തിനാണ്? അതായിരിക്കാം അവരുടെ അഭിപ്രായം.

കര കാണാതെയായി. കടലിന്റെ നട്ടക്ക് കപ്പൽ നിസ്സഹായമായി ഓളംതട്ടിത്തുടങ്ങി. ഞങ്ങൾ അവരവരുടെ ക്യാബിനിലേയ്ക്കുപോകാൻ ഭാവിച്ചു. കപ്പലിൽ കഴിയാവുന്നിടത്തോളം ആളുകളെ തള്ളിക്കേററിയിരുന്നതുകൊണ്ട്, ഞങ്ങളുടെ സൗകര്യത്തിന്ന ക്യാബിൻ (മുറി) കിട്ടിയില്ല. ഒരു കുടുംബത്തിലെ അംഗങ്ങൾ ഒരുമിച്ച് ഒരു ക്യാബിനിൽ കഴിച്ചുകൂട്ടാൻ ചുരുക്കംചിലക്കേ സാധിച്ചുള്ളു. മററുള്ളവർ, പുരുഷന്മാർ വേറെയും, സ്ത്രീകൾ വേറെയും ആയി, വേർപെട്ടു താമസിക്കാനേ കഴിഞ്ഞുള്ളു. എന്റെ ക്യാബിനിലേയ്ക്കു തിരിച്ചുപോവുന്നവഴിക്ക്, ശാരദയുടെ ക്യാബിനിൽ നോക്കിയപ്പോൾ വിജയം അവിടെയിരുന്നു കരയുന്നതുകണ്ടു. ഉറക്കത്തിൽനിന്നു് അപ്പോൾ ഉണന്ന അവൾ ഈ ബഹളങ്ങൾ ഒന്നും അറിഞ്ഞതേയില്ല. ചുററും ആരെയും കാണാതായപ്പോൾ, ഈ കപ്പലിൽ അവളെ തനിച്ചുവിട്ടിട്ട് ഞങ്ങൾ പോയി എന്ന് അവൾ വിചാരിച്ചു. തുച്ഛമായ കാരണങ്ങൾകൊണ്ടു ശിശുക്കൾ എത്ര എത്ര കഷ്ടപ്പാടുകളും ദുഃഖങ്ങളും ആണ് അനുഭവിക്കുന്നതു്! ഇവയെല്ലാം നമുക്ക് അറിയാൻ സാധിച്ചിരുന്നുവെങ്കിൽ!

4 ഏപ്രിൽ 1947

കപ്പൽ യാതൊരു തടസ്സവുംകൂടാതെ മുന്നോട്ടുപോകുന്നു. കപ്പലിലെ ജീവിതസമ്പ്രദായവും ഏതാണ്ടു തിട്ടപ്പെട്ടുകഴിഞ്ഞു. ഓരോ മുറിയിലും സാധാരണകാലത്തു യാത്ര ചെയ്യുന്നതിൽ ഇരട്ടി ആളുകളുണ്ടു്. ഞങ്ങളുടെ മുറിയിൽത്തന്നെ എട്ടു യാത്രക്കാർ; അവക്കു കിടക്കാൻ രണ്ടുവശത്തും

നെട്ടനീളത്തിൽ കട്ടില്വകൾ നിരത്തിയിരിക്കുന്നു. നാല്വ പേക്കു് മുകളിലത്തെ 'ബെത്ത്' ആയതുകൊണ്ടു് ഏണി വെച്ചുവേണം അവക്കു കിടക്കാൻ പോകുവാൻ. ഞാൻ വളരെ സൂക്ഷിച്ചു് ഈ ഏണികേറി മുകളിലത്തെ ബെത്തിലിരുന്ന എന്റെ സഹയാത്രക്കാരെ നോക്കുന്നു. യു. പി. ഗവമ്മെന്റിന്റെ ചീഫ്സെക്രട്ടറി ബാനർജി തെരുതെരെ പുസ്തകം വായിക്കുകയും ബിയർ കുടിക്കുകയും ആണു്. ഷിൻഡേ, ഇൻഡോർ അമ്മമഹാറാണിയുടെ കായ്യസ്ഥകൃത്യങ്ങൾ നിവ്വഹിക്കുന്നു. കൽക്കട്ടാ കോർപ്പറേഷനിലെ ഒരു ഉദ്യോഗസ്ഥനൊഴിച്ചാൽ ബാക്കിയുള്ളവരെല്ലാം വിദ്യാത്ഥികളാണു്. അതിൽ ചിലരുടെ ഭായ്യമാർ കപ്പലിൻെറ അങ്ങേവശത്തുള്ള സ്ത്രീവിഭാഗത്തിലുണ്ടു്. ഞങ്ങൾ പതുക്കെപ്പതുക്കെ പരിചയമാവാനുള്ള ശ്രമത്തിലേർപ്പെട്ടിരിക്കുകയാണു്. അന്യോന്യം അറിയാൻവയ്യാത്തവർ ആദ്യം കണ്ടുമുട്ടി ക്രമേണ അടുത്തടുത്തുവരുന്ന ചടങ്ങിൻെറ വിദ്യകൾ എനിക്കു പലപ്പോഴും രസാവഹമായി തോന്നിയിട്ടുണ്ടു്. എതിരാളിയുടെ മനസ്സിൽ ഓരോ പടിയും ഏതുവിധം പതിയുന്നു എന്നറിഞ്ഞിട്ടാണു് പ്രായേണ സകലരും അടുത്തപടി വെയ്ക്കുന്നതു്; ഇതു് അയാൾ അറിയാതെ ചെയ്താൽ, പരിചയമാവലിൻെറ സൗമ്യതയുടെ മാററു് ഒന്നു കൂടിയിരിക്കും—; അത്രമാത്രം ഈ ആദ്യത്തെ ചടങ്ങു ഞങ്ങൾ മിക്കവാറും നിറവേറ്റിക്കഴിഞ്ഞു.

അതിനിടയ്ക്കു് ഊണുകഴിക്കാനുള്ള ക്ഷണം എല്ലാ മുറിയിലും ഘടിപ്പിച്ചിട്ടുള്ള 'ലൗഡ്സ്പീക്കറി'ൽക്കൂടി മുഴങ്ങിത്തുടങ്ങി. നിർഭാഗ്യവശാൽ, പുതിയ കപ്പലിൻെറ വിശാലമായ ഓരോ മുറികളും കണ്ടുംകൊണ്ടു നടന്ന ആ ആദ്യത്തെ സമയത്തു് യാദൃച്ഛികമായി എന്നെ കപ്പൽമേധാവികൾ പിടിപെട്ടു് ഊണിൻെറ ആദ്യത്തെ പന്തി

യിൽ എൻെറ സംഘത്തിനെ മുഴവൻ ഉൾപ്പെട്ടത്തി. അതുകൊണ്ടു് രാവിലെ ഉറക്കത്തിൽനിന്നു തീരെ സമ്മതമില്ലാതെ എഴനേൽക്കേണ്ടതായിവരുന്നതുകൂടാതെ, ഉച്ചക്കും വൈകുന്നേരത്തും ഉള്ളഊണിനു ബദ്ധപ്പെട്ട പോകേണ്ടിവരികയും ചെയ്യിരുന്നു. നിസ്സാരമായ ഈ ഒരു അസൗകര്യ്യം എന്നെ അകാരണമായി പീഢിപ്പിച്ചുകൊണ്ടിരുന്നു. ഒരുമണിക്കൂർ കഴിഞ്ഞു് ഊണിനു പോകേണ്ടിവന്ന മററുകൂട്ടരെ ഞാൻ ഈ കാര്യ്യത്തിൽ ഭാഗ്യവാന്മാരായി കണക്കാക്കി.

5 ഏപ്രിൽ 1947

ഞങ്ങളുടെ സഹയാത്രക്കാരിൽ ചിലരെ കുറെക്കൂടി അടുത്തു പരിചയമായിത്തുടങ്ങി. പ്രത്യേകിച്ചു്, ശാരദയുടേയും കുഞ്ഞുങ്ങളുടേയുംകൂടെ ഒരു ക്യാബിനിൽ കഴിച്ചുകൂട്ടുന്ന പ്രേമ ഏതാണ്ടു് ഞങ്ങളുടെ സംഘത്തിലെ ഒരംഗമായിത്തീൎന്നിരിക്കുന്നു. പ്രേമ ന്യൂകാസിൽ—ഒൺ—ടൈനിൽ പഠിക്കുന്ന അവരുടെ ഭത്താവിൻെറ അടുത്തേക്കു പോവുകയാണു്. ആ ഭത്താവിനെപ്പററി അറിയേണ്ടതെല്ലാം ഞങ്ങൾ അറിഞ്ഞുകഴിഞ്ഞിരിക്കുന്നു. പ്രേമ്—അതാണു ഭത്താവിൻെറ പേരു്. പ്രേമദാമ്പത്യജീവിതത്തിൻെറ പലേ ഏടുകൾ അത്ര എളുപ്പം പ്രേമ ഞങ്ങൾക്കു കാണിച്ചുതന്നു. അതുപ്രകാരം ആ ജീവിതം പ്രേമമയമാണെന്നു വിശ്വസിക്കാൻ ഞങ്ങൾക്കു തീരെ ബുദ്ധിമുട്ടില്ലായിരുന്നു.

പ്രേമ രണ്ടാമത്തെ പന്തിയിലാണു്. അതുകൊണ്ടു്, ഞങ്ങൾ കുട്ടികളേയുംകൂട്ടി ബദ്ധപ്പെട്ടു് ഊണുകഴിക്കാൻ പോവുമ്പോൾ, അവൾ കൂസലൊന്നും ഇല്ലാതെ അവിടെ ഒക്കെ ലാത്തിക്കൊണ്ടു നടക്കും. ആ ഒരു കൃത്യത്തിൽ,


അവൾ അടിക്കടി സ്നേഹിതമാരേയും,സ്നേഹിതന്മാരേയും സമ്പാദിക്കുകയും ചെയ്യുന്നു. അതിനൊക്കെ അവൾക്കുള്ള മിടുക്കു് ഒന്നു വേറെതന്നെ. വിജയവും, കൊച്ചുനിയനും, അവൾ എന്തുജോലി പറഞ്ഞാലും കേൾക്കാൻ തയ്യാർ. ഉച്ചയ്ക്കു് ഊണുകഴിക്കുന്നതിനുമുമ്പു് ഞങ്ങളെല്ലാവരും, ഡെക്കിൽ വെയിലത്തിരുന്നു സല്ലപിച്ചുകൊണ്ടിരിക്കും. അപ്പോൾ ഡെക്കിൽനിന്നു് അവളുടെ മുറിയിലേയ്ക്കു തെരുതെരെ പായാൻ "ഞാൻ" "ഞാൻ" എന്നു് അവർതമ്മിൽ മത്സരമാണു്. നിങ്ങളെ കണ്ടുമുട്ടിയ ഉത്തരക്ഷണത്തിൽ, നിങ്ങളുടെ ചുമതലകളെല്ലാം വഹിക്കാൻ വെമ്പുന്ന ചിലരെ നിങ്ങൾ കണ്ടിരിക്കാം, ഏതാണ്ടു് അക്കൂട്ടത്തിലാണു പ്രേമ. ഇപ്പോൾ അവളുടെ തുന്നൽസാമഗ്രികളെല്ലാം വരുത്തി അവിടെയിരുന്നു് അവൾ ഭർത്താവിനു് ഒരു 'പുൾ-ഓവർ' ഉണ്ടാക്കുന്നതിൽ ഏർപ്പെട്ടിരിക്കുകയാണു്. ഇടയ്ക്കിടയ്ക്കു് അവളുടെ കഥകളുടെ പ്രസംഗവും.

6 ഏപ്രിൽ 1947

കപ്പലിലെ ജീവിതത്തിൻെറ വേഗം അല്പം ഉത്സാഹവും കൂട്ടിയിരിക്കുന്നു. രാവിലെ സ്റ്റുവേർഡ് ഒരു വലിയ ബക്കററിൽ ചായകൊണ്ടുവന്നു് ഓരോ ഗ്ലാസ്സിൽ അളന്നു് ഞങ്ങൾക്കു തരുന്നു. പണ്ടു്, മധുരനാരങ്ങകളുടെ അകമ്പടിയോടുകൂടി ഓരോരുത്തനും പ്രത്യേകം ട്രേയിൽ കൊണ്ടുതന്ന ചായയുടെ കാലം, കഴിഞ്ഞ യൂറോപ്യൻ മഹായുദ്ധം തുരത്തിക്കളഞ്ഞതുപോലെ തോന്നുന്നു. അന്നത്തെ ആ ചെറിയ കപ്പൽജീവിതത്തിൻെറ സ്മരണകൾ ഇടയ്ക്കിടയ്ക്കു് എന്നെ ചുഴന്നുകൊണ്ടിരിക്കുന്നു. താഴെ രണ്ടുമൂന്നു നിലകൾ ഇറങ്ങി ലിഫ്ടിൽ പോയി വിഭവസമൃദ്ധമായ രാവിലത്തെ ഭക്ഷണം കഴിഞ്ഞാൽ ആളുകൾ

ഡെക്കിലും മററും ലാത്തിക്കൊണ്ടിരിക്കും. പിന്നീട്ട് ഉച്ചയോടടുക്കുമ്പോൾ ബാറിൻെറ അടുത്തുള്ള ബഹള മാണ്. ബിയറും സിഗററും വെളിയിൽ കിട്ടുന്നതിൽ തുലോം വിലകുറഞ്ഞു് ഇവിടെ കിട്ടും. അതുകൊണ്ടു് ആളു കൾ അതുരണ്ടും ഉപയോഗിക്കാൻ കണക്കിലധികം ശ്ര ദ്ധാലുക്കളായിരിക്കുന്നു. ബിയറിൻെറ അല്പം മങ്ങിയ ഉണർവ്വിൽക്കൂടി വെളിയിൽ തിളങ്ങിമിന്നുന്ന കല്ലോലങ്ങ ളുടെ ശാന്തമായ അലർച്ചയെ നോക്കിക്കൊണ്ടു് സമയ ത്തിൻെറ പോക്കു കുറിക്കുന്നതു് ജീവിതത്തിലെ ആനന്ദ കരമായ വ്യവസായങ്ങളിൽ ഒന്നാണ്. അതിനിടയ്ക്കു് ചുററുമുള്ള ഇളക്കങ്ങളും, ബഹളങ്ങളും അപ്രധാനങ്ങ ളായ ഏതോ വ്യവഹാരങ്ങളായേ തോന്നു. അധികം ക ഴിയുന്നതിനുമുമ്പു് ഉച്ചഭക്ഷണത്തിനുള്ള സമയമാവും. അ തിൽക്കൂടി അപരിചിതരായ എൻെറ സ്നേഹിതയേയും, കുടുംബാംഗങ്ങളേയും നയിക്കണം. ഇടയ്ക്കിടയ്ക്കു 'മുന്ന' ഉണ്ണാനിരിക്കുന്നവരുടെയിടയിൽക്കൂടി പായും; വിജയവും കൊച്ചനിയനും ബഹളംകൂട്ടും; അങ്ങനെ ജീവിതത്തിന്റെ ആദ്യഭാഗങ്ങളെ എൻെറമുമ്പിൽ കൊണ്ടുവരും.

ഉച്ചയ്ക്കു് ഊണുകഴിഞ്ഞാൽ വായനയിലേയ്ക്കും ഉറക്ക ത്തിലേയ്ക്കും ഞാൻ അന്തർദ്ധാനംചെയ്യും. സിഗ്ഫ്രെഡ് സസ്സൂണിൻെറ സുന്ദരമായ സ്മരണകൾ, അദ്ദേഹത്തിന്റെ സ്വതസ്സിദ്ധമായ ശൈലിയിലും മധുരമായ ഭാഷയിലും കൂടി—നിർഭാഗ്യമെന്നു പറയട്ടെ—ആ ഊണു കഴിഞ്ഞ മദ്ധ്യാഹ്നങ്ങളിൽ, ക്രമേണയെങ്കിലും സുനിശ്ചിതമായി എന്നെ നിദ്രയിലേയ്ക്കുതന്നെ നയിച്ചുകൊണ്ടിരുന്നു. ആ ഉറക്കത്തിൽനിന്നും പരിപൂൎണ്ണമായ ഉണർവ്വു കിട്ടുന്നതു് നാലുമണിക്കുശേഷം സ്മോക്കിംഗ്മുറിയിൽ വരിവരിയാ യി ചായയ്ക്കുചെന്നു നില്ക്കുമ്പോഴാണ്. ചായകഴിഞ്ഞു്



മദ്ധ്യധരണ്യാഴിയിലെ സൂര്യാസ്തമയം

അത്താഴംവരെ പ്രശാന്തമായ ഒരു ചൊടിചൊടിപ്പ് എന്നെ ബാധിക്കും. വൈകുന്നേരത്തെ സൂൎയ്യകിരണങ്ങളുടെ ചൂട്ട് അടിക്കടി കുറഞ്ഞുവരുമ്പോൾ, ഡെക്കിൽ ടെന്നീസു കളിക്കുന്നതും, വളയം എറിയുന്നതും, അതിലെ കോലാഹലങ്ങളും, കപ്പലിൽ മേപ്പാവ് കെട്ടിയിരിക്കുന്ന കാൻവാസ്ത്തുണികൾ കാററിലാടി പടപടശബ്ദം പുറപ്പെടുവിക്കുന്നതും നോക്കിക്കൊണ്ട് ഞാൻ മന്ദംമന്ദം നടക്കുകയോ കസേരയിൽക്കിടന്നു പുസ്തകങ്ങൾ വായിക്കുകയോ ചെയ്യും. സന്ധ്യയാകുമ്പോൾ കപ്പലിൽ മുഴവൻ വൈദ്യുതദീപങ്ങൾ തിളങ്ങിമിന്നും. സൂൎയ്യൻ ക്രമേണ അസ്തമിച്ചു സമുദ്രത്തിൽ മുങ്ങുന്നതു നോക്കിക്കൊണ്ടു നില്ക്കവേ, രാത്രി മുന്നോട്ടു പോവുമ്പോൾ, ഡെക്കിൻെറ ഒരുഭാഗത്ത് നൃത്തത്തിൻെറ ധ്രുതഗതിയും, അവിടവിടെ മൂക്കിനും മൂലക്കും അനുരാഗനാടകങ്ങളുടെ നേരിയ ലാഞ്ഛനകളും കാണാം. നിലാവുള്ള രാത്രികളിൽ, കടലിൻെറ ഇളകുന്ന കല്ലോലങ്ങൾ, ചന്ദ്രരശ്മിതട്ടി ധവളത പരത്തിച്ച്, പാഞ്ഞുമറയുന്നതു്, ഡെക്കിൻെറ വരാന്തകളിലെ വേലിക്കമ്പിയിൽ ചാഞ്ഞു് ഏകാന്തമായി നോക്കിക്കൊണ്ട് നില്ക്കുന്നതു് ആനന്ദമയമാണു്. ആ സമയങ്ങളിൽ പ്രേമകിരണങ്ങളുടെ പ്രാഭവവും ഉണ്ടെങ്കിൽ പിന്നത്തെ കഥ പറയാനുമില്ല.

7 ഏപ്രിൽ 1947

മിസ്— എൻെറ സഹയാത്രക്കാരിൽ ഒരാളാണു്. ഞാൻ ലണ്ടനിൽ ഒരു വിദ്യാൎത്ഥിയായിരുന്നപ്പോൾ അവളും അതേ കോളേജിൽ പഠിക്കുകയായിരുന്നു. കാലത്തിന്റെ പോക്കു് അവളുടെ ജീവിതത്തിനെ പലവിധത്തിൽ മാറ്റിക്കഴിഞ്ഞിരുന്നു. ഇന്നു് അവൾ ഒരു വലിയ ഉദ്യോഗ

സ്ഥയാണ്. എന്തോ ഒരു പരിശീലനത്തിനു ഗവണ്മെന്റ് വീണ്ടും അവളെ യൂറോപ്പിലേയ്ക്കു് അയച്ചിരിക്കുകയാണ്. എങ്കിലും അവളോടു് രണ്ടുവാക്കു സംസാരിക്കുന്നതിനു മുമ്പുതന്നെ ആ സ്വഭാവത്തിനു യാതൊരു മാററവും വന്നിട്ടില്ലെന്നു മനസ്സിലായി. ലോകത്തിനോടു പൊതുവെയുള്ള ഒരു പുച്ഛരസവും, ഇളകിക്കാളുന്ന ഒരു കോപാഗ്നിയും ആണ് അവളിൽനിന്നു് എപ്പോഴും സ്ഫുരിക്കുന്നതു്. തൻെറ ആത്മാത്ഥതയും, മിടുക്കും കാണിക്കാൻ ഈ പെരുമാററം അത്രതന്നെ വേണോ എന്നു് ഞാൻ അത്ഭുതപ്പെട്ടു. പണ്ടു സ്വരാജ്യസ്നേഹം പ്രകടിപ്പിക്കാൻ, ബ്രിട്ടീഷുകാരെ ശകാരിക്കുകയായിരുന്നു, അവൾ ഒരു മാററുകല്ലായി ഉപയോഗിച്ചുവന്നതു്. ഇന്നു് സ്വന്തം സഹോദരന്മാരുടെ കെല്പിനെ അല്പം താഴ്ത്തി അവളുടെ മേന്മ കാണിക്കുന്നു. ഞാൻ കഴിയുന്നതും അവളെ ഒഴിച്ചുവിടാൻ തീച്ച്യാക്കി. ഈ കക്കശസ്വഭാവത്തിനു് ഒത്ത ഒരു ദേഹപ്രകൃതിയും അവൾക്കു ദൈവം കൊടുത്തിട്ടുണ്ടു്. സ്ത്രീകളിൽ സ്വാഭാവികമായി ആശിക്കാറുള്ള മൃദുമഞ്ജുളമായ ലാവണ്യമോ, സ്വരമാധുയ്യമോ, അവൾക്കു തീരെയില്ല. എനിക്കു് അവളോടു തോന്നിയിട്ടുള്ള എതിരഭിപ്രായത്തിനു പ്രധാന കാരണം ഇതായിരിക്കുമോ?

ഷിൻഡേ കപ്പലിലെ മത്സരക്കളിയിലെല്ലാം കെങ്കേമമായി പങ്കെടുക്കുന്നു. മിക്കവാറും സകലതിലും ജയിക്കയുംചെയ്യുന്നു. ഓരോ ദിവസവും കപ്പൽ എത്രദൂരം പോയി എന്നു നേരത്തെ ഊഹിച്ചറിയുന്നവക്കു പണം കിട്ടുന്ന ഒരു മത്സരക്കളി എന്നും നടപ്പുണ്ടു്. അതിൽ എന്നും അദ്ദേഹം പറയുന്നതു ശരിയായിവരുന്നു. ഞാനോ?— പണം കിട്ടാനുള്ള ദുരാഗ്രഹംകൊണ്ടു് അതിൽ ചേരാൻ തീർച്ചയാക്കി. പക്ഷേ, ഇന്നു കപ്പൽ പതുക്കെ പോയി

എൻെറ കണക്കെല്ലാം തെററിച്ചു. ഭാഗ്യം എന്നെ അനുഗ്രഹിച്ചിട്ടുള്ള ഘട്ടങ്ങൾ വളരെ കുറവാണു്.

8 ഏപ്രിൽ 1947

കപ്പൽ സൂയസ്സ്കനാലിൽക്കൂടി മന്ദമന്ദം മുന്നോട്ടു പോകുന്നു. തോടിൻെറ രണ്ടുവശത്തുമുള്ള കാഴ്ചകൾ വളരെ മനോഹരമായിരിക്കുന്നു. മണലാരണ്യങ്ങളുടെ വക്കിൽ കുസവിട്ടുനില്ക്കുന്ന ചെടികളും, മോട്ടോർകാറുകൾ സ്വച്ഛന്ദമായി പോകുന്ന പാതകളും, തീവണ്ടികൾ വന്നുനില്ക്കുന്ന സ്ഥലങ്ങളും, തോട്ടിൽ അങ്ങിങ്ങായി മുന്നോട്ടു ഉന്തിനില്ക്കുന്ന കടത്തുപാലങ്ങളും അവിടവിടെ ഞങ്ങളെ പകച്ചു നോക്കി നില്ക്കുന്ന ആളുകളും, അതിരററ സമുദ്രത്തിൻെറ ഏകാന്തതയിൽനിന്നു് എത്ര ഭിന്നമായി തോന്നുന്നു. ജംഗമമായ ജീവിതത്തിന്റെ ചില ലാഞ്ഛനകൾ ഇതിലെല്ലാം കാണുന്നു. പ്രകൃതിയിലെ ഏതു മനോഹരകാഴ്ചയ്ക്കും, മനുഷ്യസഹവാസത്തിൻെറ അടയാളം ഏതോ ഒരു പ്രത്യേക സൗഹാർദ്ദസംഗീതം ചേക്കുന്നതുപോലെ അനുഭവപ്പെട്ടു.

9 ഏപ്രിൽ 1947

പോർട്ട്സെഡ്ഡിൽ എത്തി കപ്പൽ നങ്കൂരമിട്ടു. ഞാൻ മുമ്പു് ഇവിടെക്കൂടി കടന്നുപോയിട്ടു് എത്രയോ കാലമായി. എങ്കിലും കപ്പലിന്റെ അടുത്തു് വള്ളങ്ങളിൽ വന്നുനില്ക്കുന്നവരുടെ ശബ്ദങ്ങളും, അവർ വില്ക്കാൻ ശ്രമിക്കുന്ന സാധനങ്ങളും, അന്നത്തേതുപോലെതന്നെതോന്നി. ഒരു പക്ഷേ, അവരിൽ ചിലർതന്നെയായിരിക്കാം ഇന്നും ഇവിടെവന്നു നില്ക്കുന്നതു്. ഈ കഴിഞ്ഞുപോയ കാലങ്ങൾ അവരുടെ ജീവിതത്തിൽ എന്തെല്ലാം മാററം ഉണ്ടാക്കിയിരിക്കും എന്നു ഞാൻ അത്ഭുതപ്പെടുകയാണു്. അവർ

സാമാനം വില്ക്കുന്നവർ എന്നല്ലാതെ, ഓരോരുത്തർക്കും വ്യക്തിപരമായ ഒരു ജീവിതം ഉണ്ടെന്നു ചുററും ക്രയവിക്രയങ്ങളിൽ ഏർപ്പെട്ടിട്ടുള്ളവർ ആലോചിക്കുന്നില്ല. സ്നേഹവും, വെറുപ്പും, വിശപ്പും, ക്ഷീണവും, സൃഷ്ടിച്ച അനേകരംഗങ്ങൾ ആ പരുഷമായ പെരുമാററത്തിൻെറ പിന്നിൽ അമൎന്നു കിടക്കുന്നുണ്ടാവും. അമിതമായ ലാഭേച്ഛയും, ബാലിശമായ വ്യാപാരസമ്പ്രദായങ്ങളും ദാരിദ്ര്യത്തിനെ വിളിച്ചുപറയുന്നു....

അന്നത്തേപ്പോലെ ഞാൻ കരയ്ക്കു പോകുന്നില്ല. ഈ കാഴ്ചകൾ കണ്ടുംകൊണ്ടു നിൽക്കുന്നതേയുള്ളു. അന്നു എൻെറകൂടെ രണ്ടു ഇന്ത്യാക്കാർ യാത്രചെയ്തിരുന്നു. അവർ ഇപ്പോൾ എവിടെ എന്തുചെയ്യുയായിരിക്കും? അന്ന് അവരോടൊപ്പം ഞാൻ പോർട്ട്സെഡ് കണ്ടു. ഇന്ന് അതുപോലെ ഷിൻഡേയും, ബാനർജിയും, കരയ്ക്കുപോയി ഭക്ഷണം കഴിക്കാൻ വെമ്പുന്നു. ഞാൻ എൻെറ ചെറിയ സംഘത്തിനെ മേച്ചുകൊണ്ടു കപ്പലിൽത്തന്നെ കഴിച്ചുകൂട്ടുകയാണ്. ഇവിടുത്തെ ഞങ്ങളുടെ പെട്ടികൾ എല്ലാം ഭദ്രമാക്കിവെച്ച് കപ്പലിൽ കേറിവന്നു സാധനങ്ങൾ വില്ക്കുന്നവരുടെ വിദ്യകൾ അവരോടൊപ്പം കാണാൻ ഞാൻ നിശ്ചയിച്ചു.

11 ഏപ്രിൽ 1947

പ്രേമയുടെ പ്രതാപം കൂടിക്കൂടി വരുന്നു. ഒന്നുരണ്ടു ദിവസമായി ഒരു പുതിയ ഇൻഡ്യൻ ചങ്ങാതി അവളുടെ പുറകെ കൂടിയിട്ടുണ്ട്. പോർട്ട്സെഡ്ഡിൽ അവൾക്കു വേണ്ടി ചില ചില്ലറ സാമാനങ്ങൾ വാങ്ങിക്കാനും, അതു കഴിഞ്ഞു് കപ്പലിൽ അങ്ങോട്ടും ഇങ്ങോട്ടും ഓടാനും അയാളാണ് ഇപ്പോൾ.

ഇന്നു കപ്പലിൽ യാത്രക്കാൎക്കുവേണ്ടി പലതരം മത്സരക്കളികൾ നടക്കുന്നു. അതിൽ ഒന്നു സ്ത്രീകളും, പുരുഷന്മാരും തമ്മിലുള്ള വടംവലിയാണു്. പ്രേമ, സ്ത്രീകളുടെ കൂട്ടത്തിൽ മുന്നണിയിലുണ്ടു്. വടം അവളെ മുമ്പോട്ടും പുറകോട്ടും വലിക്കുന്ന കാഴ്ച വളരെ രസകരമായിരുന്നു. ഒടുവിൽ അവൾ നയിച്ച സ്ത്രീകൾതന്നെ ജയിച്ചു. അവളുടെ സേവകവൃന്ദം ആകെ അതിൽ അവളെ അഭിനന്ദിക്കാൻ അതാ അവിടെ ചുററും കൂടിനിൽക്കുന്നു. വേറെ ഒരു കളിയിലും അവൾ ജയിച്ചിരിക്കുന്നു. ഇതിനു രണ്ടിനും സമ്മാനം കിട്ടുന്നതു് കപ്പൽയാത്രയുടെ ഒടുവിലേയുള്ളു എന്നു് സേവകന്മാരോടു് അവൾ വിളംബരം ചെയ്യുന്നു.

12 ഏപ്രിൽ 1947

മെഡിററേനിയൻ കടൽ. മാൾട്ടാ കഴിഞ്ഞു് തണുത്ത ഒരു കാററിൽക്കൂടി ഞങ്ങൾ മുന്നോട്ടുപോവുകയാണു്. കടലിൻെറ ഇളക്കവും, കാററിൻെറ ബഹളവുംകൊണ്ടു് ഡെക്കിൽനിന്നു് യാത്രക്കാർ അവരവരുടെ മുറികളിൽ പോയി കൂടികഴിഞ്ഞിരുന്നു. ചുരുക്കം ചില കാമുകീകാമുകന്മാർ മാത്രം അങ്ങിങ്ങു് ജീവിതത്തിൻെറ രസം അനുഭവിച്ചുകൊണ്ടു് ഡെക്കിൽ നില്പുണ്ടു്. വെളിയിലുള്ള ചൂളിക്കാററിൻെറ ശബ്ദംമാത്രംഭഞ്ജിക്കുന്ന രാത്രിയുടെ ഈ നിശ്ശബ്ദതയിൽ, എൻെറ കിടക്കയിൽ ഇരുന്നു് ഞാൻ ഇന്നത്തെ കുറിപ്പു് എഴുതുകയാണു്. പലപ്പോഴും എന്നെ ബാധിക്കാറുള്ള ഒരു വിചാരം എന്നെ വീണ്ടും അലട്ടുന്നു. ജീവിതം എനിക്കു തന്ന ഈ കാലത്തിനെ സാധൂകരിക്കാൻതക്കവണ്ണം എന്തു നേട്ടമാണു് എനിക്കു കാണിക്കാൻ സാധിക്കുന്നതു്? നിരാശാമയമായ ഒരു മറുപടിയേ എനിക്കു അതിനു കിട്ടാൻ കഴിയുന്നുള്ളു. ജീവിതത്തിന്റെ

സാധാരണപടികൾപോലും കെല്പില്ലാതെ ഏതുവിധമെങ്കിലും കടക്കാനേ ഞാൻ ശ്രമിച്ചിട്ടുള്ളൂ. ആ ഒരു വിചാരം രാത്രിയുടെ ഈ അസമയത്ത് ആകസ്മികമായി എന്നിൽ വീണ്ടും ഉയരുന്നു.

13 ഏപ്രിൽ 1947

ചുററും കടലിലെ തിരമാലകൾ ഊക്കോടെ അടിക്കുന്നു. ഇളകിമറിഞ്ഞുപോവുന്ന കപ്പലിലെ പല യാത്രക്കാരും കടൽസുഖക്കേടിന് അടിമപ്പെട്ടിരിക്കുന്നു. പാവം, പ്രേമ, നിസ്സഹായയായി അവളുടെ കിടക്കയിൽത്തന്നെ കഴിച്ചുകൂട്ടുകയാണ്. ഇടയ്ക്കിടയ്ക്ക് എന്തെങ്കിലും കുറച്ച് ആഹാരം സ്റ്റീവേർഡ് കൊണ്ടുകൊടുക്കുന്നതു കഴിക്കും. അവളുടെ ചൊടിചൊടിപ്പും, പ്രതാപവും എല്ലാം അസ്തമിച്ചിരിക്കുന്നു. ഇന്നു വൈകുന്നേരം അവളുടെ സുഖക്കേട്ട് അന്വേഷിക്കാൻ ഞാൻ പോയപ്പോൾ, അവൾ പതുക്കെ കരയുകയായിരുന്നു. അടുത്ത് ഭർത്താവിന്റെ ഫോട്ടോ, പൊട്ടിത്തകർന്നതു്, ഇടയ്ക്കിടയ്ക്കു നോക്കുന്നുണ്ടായിരുന്നു. പെട്ടെന്നു താഴെവീണ് ഫോട്ടോ പൊട്ടിയതു് അവൾ എന്തോ ദുഃശകുനമായി കണക്കാക്കി. അദ്ദേഹത്തിന്റെ ദേഹസ്ഥിതി അറിയാൻ അവൾക്കു് അളവററ ഉൽക്കണ്ഠയുണ്ടായിരുന്നു. അതിനുവേണ്ടി ഉടൻതന്നെ കമ്പിയടിക്കേണ്ട ഭാരം ഞാനേററു.

അടുത്ത മുറിയിലുള്ള ചില പച്ചപ്പരിഷ്ക്കാരികളായ പെണ്ണുങ്ങൾക്കു് ഈ സുഖക്കേടും, അതിൻെറ ബഹളങ്ങളും തീരെ പിടിക്കുന്നില്ല. സുഖക്കേടാണെങ്കിൽ കപ്പലിലെ ആശുപത്രിയിൽ പോവരുതേ എന്നാണ് അവർ ചോദിക്കുന്നതു്. അവക്കു് സുഖക്കേട്ട് പിടിപെട്ടാലും ഇതേ അഭിപ്രായംതന്നെ ഉണ്ടായിരിക്കുമോ എന്നു് ഞാൻ

അത്ഭുതപ്പെട്ടുന്നു. മനുഷ്യപ്രകൃതിക്കു് എത്ര വിഭിന്നവശങ്ങളാണുള്ളതു്!

14 ഏപ്രിൽ 1947

യൂറോപ്പിനെച്ചുററി വടക്കോട്ടുപോകുന്തോറും തണുപ്പ് കുറേശ്ശ കൂടിക്കൂടിവരുന്നു. കപ്പലിലെ മുറികളിൽ ചൂടു വരുത്തുന്ന കമ്പിക്കുഴലുകളെ തുറന്നു് അതിൽക്കൂടി ആവി പ്രവാഹം വരുത്തുന്നതിൽ ഞങ്ങൾ ഉത്സുകരായിരിക്കുന്നു. ആ കൃത്യം എങ്ങനെ നിവ്വഹിക്കണമെന്നു് അറിയാൻ വയ്യാതെ അമ്പരന്നു നടന്നിരുന്ന ചില നാടൻകന്യാസ്ത്രീകളെ ഞാൻ അതിൽ സഹായിച്ചു. തണുപ്പത്തു് കോച്ചിക്കൊണ്ടിരുന്ന അവക്കു് അതിൽ അതിരററ സന്തോഷം.

കപ്പൽയാത്രയുടെഅവസാനം അടുത്തടുത്തു വരുന്തോറും ഞങ്ങളിൽ ചിലക്കു് ഇരിപ്പുറയ്ക്കുന്നില്ല. ലിവർപ്പൂളിൽ (അവിടെയാണത്രേ കപ്പൽ അടുക്കുന്നതു്) ചെന്നാലുടൻ എന്തു ചെയ്യണമെന്നുള്ള ആലോചനയിൽ ചിലർ മുഴുകിയിരിക്കുന്നു. മററു ചിലർ പെട്ടികൾ ഒരുക്കുകയും, തുറക്കുകയും, അടയ്ക്കുകയുംചെയ്യുന്നു. അവരുടെ മട്ടു കണ്ടാൽ അടുത്തനിമിഷം കപ്പലിൽനിന്നിറങ്ങാൻപോവുകയാണോ എന്നു തോന്നും. ഈ പരിഭ്രമങ്ങൾക്കിടയിൽ, ഞാനും ഇംഗ്ലണ്ടിൽ ചെന്നാൽ താമസത്തിനുള്ള ഏർപ്പാടുകൾ ചെയ്യാൻ കമ്പിയില്ലാക്കമ്പിവഴി മുറയ്ക്കു കമ്പികൾ അടിക്കുകയാണു്.

MUL
195532

പ്രേമയ്ക്കു ഭത്താവിൻെറ മറുപടി കിട്ടിയിരിക്കുന്നു. അതാണു് ഇന്നത്തെ സന്തോഷവാത്ത. ലൗഡ്സ്പീക്കറിൽക്കൂടി പ്രേമയ്ക്കു കമ്പിയുണ്ടെന്നുള്ള വാത്ത കേട്ടപ്പോൾ

195532
V2:19w N10
32J8:1

എനിക്കും സമാധാനമായി. അവളുടെ മുറിയിൽ അവൾ സുസ്മേരവദനയായി കാണപ്പെട്ടു. ഫോട്ടോ പൊട്ടിത്തക ൎന്നെങ്കിലും, അതിന്റെ പ്രതിപുരുഷനു് കേടൊന്നും തട്ടാതെ ജീവിക്കുന്നുണ്ടു്. അതിൽപ്പരം അവൾക്കു് എന്തുവേണം?

പണിമുടക്കംകൊണ്ടു്, ലിവർപ്പൂളിലല്ല, സൗത്താം പ്ടനിലായിരിക്കും, കപ്പൽ അടുക്കുന്നതു്. അനിശ്ചിത മായ ഈ വാൎത്ത യാത്രക്കാരെ ഒക്കെ ഇളക്കിമറിച്ചിരി ക്കുന്നു. ഇംഗ്ലീഷുകാരുടെ സുസ്ഥിരസ്നേഹിതനായ ബാ നാർജിക്കുപോലും, ലിവർപ്പൂളിലെ ഈ തൊഴിൽത്തക്കം തീരെ പിടിക്കുന്നില്ല. നിസ്സാരങ്ങളാണെങ്കിലും, അവര വർ തിട്ടപ്പെടുത്തിയ കാൎയ്യപരിപാടിയിൽ മാററം വരു ത്താൻ ആൎക്കും ഇഷ്ടമില്ല. അതുകൊണ്ടു് അതൃപ്തിനിറഞ്ഞ മുഖങ്ങളാണു് ചുററും. ഏതായാലും, മുമ്പു് നിശ്ചയി ച്ചുറച്ച ഏർപ്പാടുകൾ മാററാൻ കമ്പികൾ വീണ്ടും തെരു തെരെ പോയിത്തുടങ്ങി. അല്ലാതെ എന്താ ചെയ്യുക?

17 ഏപ്രിൽ 1947

കപ്പൽയാത്രയുടെ അവസാനം കണ്ടുതുടങ്ങി. കൈ യിൽ കൊണ്ടുപോവാനുദ്ദേശിക്കുന്ന പെട്ടികളൊഴിച്ചു് ബാക്കിയുള്ള പെട്ടികളെല്ലാം കപ്പൽക്കാരെ ഏല്പിക്കാ നുള്ള കല്പന വന്നുകഴിഞ്ഞു. അതുപ്രകാരം ഞങ്ങളുടെ പെട്ടികളെല്ലാം കൊടുത്തു. അതോടുകൂടി അതിൻെറ സുര ക്ഷിതത്വത്തെപ്പററിയുള്ള സംശയവും കൂടിത്തുടങ്ങി.

കുറേമുമ്പു് ഡെക്കിൽപ്പോയി നോക്കിയപ്പോൾ, പെട്ടികളെല്ലാം ഒന്നിനുമേൽ ഒന്നായി വളരെ ഉയരത്തിൽ അടുക്കിക്കൂട്ടിയിരിക്കുന്നു. ഞാൻ ബാനർജിയോടു പറ ഞ്ഞതുപോലെ, മുകളിൽനിന്നുവരുന്ന ശക്തിക്കു വഴങ്ങി ക്കൊടുക്കുന്ന ഉദ്യോഗസ്ഥന്മാരുടെയെന്നോണം താഴത്തെ

പെട്ടികളുടെ നില വളരെ ശോചനീയമായിരിക്കുന്നു. ഏതാണ്ട് ഇതിലും താഴെയാണ്, എന്റെ കൃശമായ രണ്ടു മൂന്നുപെട്ടികൾ കാണപ്പെട്ടതു്.

18 ഏപ്രിൽ 1947

സൗത്താംപ്ടനിൽ കപ്പൽ നങ്കൂരമിട്ടു. താഴെ യാത്രക്കാരെ എതിരേല്ക്കാനായി അവരുടെ ബന്ധുക്കളും സ്നേഹിതന്മാരും വന്നുകൂടിയിട്ടുണ്ട്. താഴെയിറങ്ങിപ്പോവാനുള്ള അനുവാദം ഇനിയും കിട്ടിയിട്ടില്ല. നാളെരാവിലെ മാത്രമേ യാത്രക്കാരെ കപ്പലിൽനിന്നു് ഇറക്കുന്നുള്ളു. അതിനിടയ്ക്കു കപ്പലിൽനിന്നു് താഴോട്ടും, അവിടെ കരയ്ക്കുനിന്നു മേലോട്ടും ആളുകൾ അസ്പഷ്ടമായ സംഭാഷണങ്ങൾ നടത്തുന്ന കോലാഹലമാണ്. ഞങ്ങളെ എതിരേല്ക്കാൻ ബന്ധുക്കളൊന്നുമില്ല. അതുകൊണ്ടു് ഈ ബഹളം കണ്ടുംകൊണ്ടു് ഞാൻ അതിനിടയിൽ നിന്നു.

ദൂരെ പ്രേമ ഭർത്താവിനോടു് ഒരുതരം ഉച്ചത്തിലുള്ള നർമ്മസല്ലാപത്തിൽ ഏർപ്പെട്ടിരിക്കയാണ്. അയാൾ എന്തുകൊണ്ടു് കുറേക്കൂടി വണ്ണംവെച്ചില്ലാ എന്നു് അവൾ ചോദിക്കുന്നു. അങ്ങനെ ചെയ്യുമെന്നു വിചാരിച്ചു് ആ കണക്കിനു് അവൾ 'പുൾ—ഓവർ' തുന്നിക്കഴിഞ്ഞു. അതുകൊണ്ടു് ഇനി എന്തുചെയ്യും? ശരിക്കുള്ള ഉത്തരം കൊടുക്കാൻ വയ്യാതെ അയാൾ കുഴങ്ങി. ആ സമയത്തു് ഞാൻ ആ വഴിക്കു കടന്നുപോയി. കമ്പികളുടെ അങ്ങേയറ്റത്തു് അശരീരമായ ഒരു ചോദ്യചിഹ്നമായി ഇതുവരെ കണ്ടിരുന്ന അയാളെ ഞാൻ ഒന്നുകൂടി നോക്കി. എന്നെ പരിചയപ്പെടുത്താൻ അവൾ ഉറക്കെ പേരുവിളിച്ചു പറഞ്ഞു; അതേവിധത്തിൽ അതുകഴിഞ്ഞുള്ള ഞങ്ങളുടെ കുശലപ്രശ്നങ്ങളും.

വൈകുന്നേരം അത്താഴത്തിനു സമയമായപ്പോൾ പ്രേമയെ കാണാനില്ല. അവൾ പ്രത്യേകം അനുവാദം വാങ്ങി കപ്പൽ വിട്ടുകഴിഞ്ഞു. അവളുടെ സേവകവൃന്ദം ഒന്നുംതന്നെ ഈ വേർപാട്ട് കണ്ടില്ല. അങ്ങനെ പ്രേമാ പ്രേമന്മാർ അജ്ഞാതതയിലേയ്ക്കു് അപ്രത്യക്ഷരായി.

19 ഏപ്രിൽ 1947

കപ്പലിൽനിന്നു്ആളുകൾ ഇറങ്ങുന്ന ബഹളമാണു്. ഞാൻ സ്നേഹിതന്മാരോട്ടു് യാത്രപറഞ്ഞു. ഷിൻഡേ അടുത്തു ജനീവായിൽ കാണാമെന്നും, ബാനർജി അനശ്ചിതമായ ഭാവിയിൽ ഏതെങ്കിലും ഒരു ദിവസത്തിൽ കാണാമെന്നും, വാഗ്ദാനംചെയ്തു. അപ്പോഴേയ്ക്കും കുട്ടികൾ കരയ്ക്കുപോവാൻ അക്ഷമരായി. 'മുന്ന' തീരെ വഴങ്ങാതെ ഓട്ടംതുടങ്ങി. ഒരു കൈയിൽ ആ ശിശുവിനേയും, മറേറ കൈയിൽ ചില പെട്ടികളും തൂക്കിപ്പിടിച്ചു് എൻെറ സംഘത്തിലെ പരിവാരങ്ങളോട്ടുകൂടി ഞാൻ കപ്പലിൽനിന്നു കരയിലേയ്ക്കുള്ള കോണിപ്പടി പതുക്കെപ്പതുക്കെ ഇറങ്ങി, ഇംഗ്ലണ്ടിലേയ്ക്കു വേറൊരു പ്രാവശ്യം ഇതാ കാലെടുത്തുവെച്ചു....

മുമ്പിൽ വേറൊരു സമുദ്രംപോലെ യാത്രക്കാരുടെ സാമാനങ്ങൾ അങ്ങിങ്ങായി വിതറിയിരുന്നു. അതിൽനിന്നെല്ലാം എൻെറ സാധനങ്ങൾ തേടിപ്പിടിച്ചു് ചുങ്കംമേധാവികളുടെ അനുമതിമുദ്രയും വാങ്ങി അവിടെ കാത്തുനില്ക്കുന്ന തീവണ്ടിയിൽ കേറണം; അതായിരുന്നു എനിക്കു് ഏററവും അടുത്തുള്ള പ്രധാനപ്പെട്ട പ്രശ്നം. അതിനിടയിൽ സാമാനങ്ങളുടെയിടയ്ക്കു് ഒരു ബാണംപോലെ 'മുന്ന' ചിലപ്പോഴെല്ലാം പായുന്നതിനെ തടയണം. ഈ വിഭിന്ന ജോലികളിൽ ഞാൻ ബദ്ധശ്രദ്ധനായി.

20 ഏപ്രിൽ 1947

ഞങ്ങൾ ലണ്ടൻവിമാനത്താവളം വിട്ടുകയായി. ഇന്നലെ വൈകുന്നേരം മുതൽ ഇന്നുച്ചവരെയുണ്ടായിരുന്ന ലണ്ടനിലെ ചുരുങ്ങിയതാമസം എന്നെ കണക്കിലധികം സന്തോഷിപ്പിച്ചു. ഇതേ സ്ഥലത്തുനിന്ന് ഞാൻ ഇൻഡ്യയിലേയ്ക്കു വിമാനം കേറിയിട്ട് ഇപ്പോൾ ആറാഴ്ചയേ ആയൊള്ളു. അതിനിടയ്ക്കു തണുപ്പുമാറി വസന്തത്തിൻെറ ചരായ ഇവിടെ വന്നിരിക്കുന്നു. ഞാൻ പണ്ട് തനിച്ച് ഇവിടെ താമസിച്ച ആ കാലത്തെല്ലാം, വീണ്ടും സകുടുംബം ഇവിടെവന്ന് ഞങ്ങൾക്കു രണ്ടുപേക്കും ഒരുമിച്ച്, ഞാൻ വിദ്യാത്ഥിയായി കഴിച്ച ആ രംഗങ്ങളെല്ലാം കാണണമെന്ന് എനിക്ക് ഒരു ചിരപ്രാത്ഥിതമായ ആഗ്രഹമുണ്ടായിരുന്നു. അതു് ഇപ്പോൾ ഇതാ അവിചാരിതമായി സാധിച്ചിരിക്കുന്നു. ഇന്നലെ പ്രിം-റോസ് ഹില്ലിന്റെ പരിസരപ്രദേശങ്ങളിലും, അതിനടുത്തു് ഞാൻ താമസിച്ച വീട്ടിലും ഞങ്ങൾ പോയിരുന്നു. അവിടെ നാലുകൊല്ലക്കാലം ഞാൻ നിത്യവും പെരുമാറിയിരുന്ന അട്ടക്കളയോട്ടും, അവിട്ടത്തെ അധിപതിയായ 'വല്യമ്മ'യോട്ടും ശാരദയും കുഞ്ഞുങ്ങളും പരിചയമായി. എൻെറ ഭാര്യയേയും കുഞ്ഞുങ്ങളേയും സൽക്കരിക്കുന്നതിൽ അവർ അതിയായ ആനന്ദം പ്രകടിപ്പിച്ചു.

ഞങ്ങൾ ജനീവായ്ക്കു വിമാനംകേറിയപ്പോൾ ഞാൻ ഈ ക്രുടിക്കാഴ്ചയേയും, അടുത്ത ഭാവിയേയും പറ്റി വിചാരിക്കുകയായിരുന്നു. ജീവിതത്തിലെ സംഭവങ്ങൾ—അവ ഓരോന്നും ചിലപ്പോൾ എത്ര അസംഭാവ്യമായി തോന്നുന്നു. എൻെറ ആദ്യത്തെ ലണ്ടൻസന്ദശ്നംതന്നെ ഞാൻ അസംഭാവ്യകോടിയിൽ ഒരിക്കൽ തള്ളിയതായിരുന്നു.

ഒരുപക്ഷേ, ജീവിതം എങ്ങനെവന്നാലും, അനിശ്ചിതമായിരിക്കെ, അസംഭാവ്യതയുടെ ഒരു ഛായ അതിനുണ്ടായിരിക്കാം. എൻെറ ഈ വിചാരങ്ങൾക്കിടക്ക്, വിമാനം ഞങ്ങളേയും വഹിച്ച് അതിവേഗം പായുകയായിരുന്നു. താമസിയാതെ താഴെ ആൽപ്സ് പർവ്വതനിരകളും, അതിൻെറ കൊടുമുടികളിലെ മാറാത്ത മഞ്ഞിൻകൂട്ടവും ഞങ്ങൾക്കു കാണാറായി. അപ്പുറത്ത് ജനീവാനഗരം എന്നെ ജീവിതത്തിൻെറ വേറൊരു അദ്ധ്യായത്തിലേക്കു കൈമാടി വിളിച്ചുകൊണ്ടിരുന്നു.

അദ്ധ്യായം 3

## കായലിൻെറ കരയ്ക്കു്

ജെനീവ
30 ഏപ്രിൽ 1947

ശാരദയും കുട്ടികളും ഞാനും ഇവിടെവന്നിട്ട് ഒരാഴ്ചയ്ക്കു മേലെയായി.' ഈ പുതിയ സ്ഥലം അവർക്കു നന്നേ പിടിച്ചു. ഇന്നു വൈകുന്നേരം ഞങ്ങൾ കായലിൻെറ കരയ്ക്കുള്ള പാർക്കിൽ പോയി. കായൽ സൂര്യപ്രകാശംതട്ടി മിന്നിത്തിളങ്ങുന്നുണ്ടായിരുന്നു. അതിലെ ശാന്തമായ ആന്ദോളനങ്ങൾ കണ്ടുംകൊണ്ടു ഞങ്ങൾ പാർക്കിലെ ബെഞ്ചിൽ കുറേനേരം ഇരുന്നു. അല്പം ദൂരെ യാത്രക്കാരെയും വഹിച്ചുകൊണ്ടു് ഒരു വലിയ ബോട്ടു് മന്ദഗതിയിൽ തിരിച്ചു പട്ടണത്തിലേയ്ക്കു പോകുന്നുണ്ടായിരുന്നു. അതിനപ്പുറം, കായലിൻെറ അങ്ങേ കരയ്ക്കുള്ള കുന്നിൻചെരിവുകളും കെട്ടിടങ്ങളും ഞങ്ങൾക്കു ഭംഗിയായി കാണാമായിരുന്നു. ചുററും പാർക്കിലെ ചെടികൾ പുഷ്പിച്ചുതുടങ്ങി. ഞാൻ ഇവിടെനിന്നു പോയപ്പോൾ മഞ്ഞും തണുപ്പും കലശലായിരുന്നു. ഇപ്പോൾ അതൊക്കെ മാറി, പ്രകൃതിയോടൊപ്പം ആളുകളും ഉത്സാഹഭരിതരായിരിക്കുന്നു. പാർക്കിലെ റസ്റ്റോറണ്ടിൽ ചായകഴിക്കാനും മററും ഉള്ള ആളുകളുടെ ബഹളം. അതിൽ പങ്കുകൊണ്ടു്, കായലിലെ ഉല്ലാസപ്രദമായ കാഴ്ചകൾ കണ്ടപ്പോൾ, ഈ വിദൂരമായ വിദേശത്തെ താമസത്തിൽ അപ്രിയമല്ലായിരുന്നു, നേരെമറിച്ചു്, ഇവിടുത്തെ താമസക്കാലം വേഗം അവസാനിക്കുമോ എന്നായിരുന്നു ശാരദയുടെ ആശങ്ക. ഈ സ്ഥലം ശാരദയ്ക്കു് അത്രമാത്രം ആകർഷകമായി തോന്നി.

10 മെയ് 1947

ഇന്നലെ ഒരു സംഘം സന്ദർശകന്മാരോടൊപ്പം 'ന്യൂഷാട്ട'ലിൽ പോയിരുന്നു. വഴിക്കു് ഒരു ബോട്ടുസവാരിയും ഈ സക്കീട്ടിൻെറ ഒരു ഭാഗമായിരുന്നു. പുതിയ വൈൻ, വേണ്ടുവോളം, സ്വിസ്സ് അധികൃതന്മാർ ഞങ്ങൾക്കും മററു അതിഥികൾക്കും ബോട്ടിൽ കരുതിയിരുന്നു. ബോട്ടിൽക്കൂടി അല്പം ആടി നടക്കാൻ വലിയ രസമായിരുന്നു. അതിനിടയ്ക്കു ബോട്ടിൻെറ മുകളിലത്തെ ബഞ്ചുകളിലിരുന്നു കായലിൻെറ ഇരുവശത്തും ഉള്ള കാഴ്ചകൾ കണ്ടുംകൊണ്ടുള്ള സല്ലാപങ്ങൾ. ബോട്ടു് കായലിനെ വിട്ടു് ഇടുങ്ങിയ ഒരു തോട്ടിലേയ്ക്കു കടന്നപ്പോൾ ചുററുമുള്ള കാഴ്ചകൾ വളരെ അടുത്തുകൂടി പാഞ്ഞുപോയി. കടകടശബ്ദം പുറപ്പെടുവിച്ചുകൊണ്ടുള്ള ബോട്ടിൻെറ പ്രയാണം, മറെറല്ലാ ശബ്ദങ്ങളുടെയുമിടയ്ക്കു്, ജീവിതഗതിയെപ്പററിയുള്ള മ്ലാനമായ വിചാരങ്ങൾ ഉണത്തി. ജീവിതസാഗരത്തിൽക്കൂടിയുള്ള മനുഷ്യൻെറ യാത്രയെപ്പററി പലകുറി വായിച്ചിട്ടുള്ള സാഹിത്യശകലങ്ങളാണോ ഇപ്രകാരം ഉപബോധാന്തഃകരണത്തിൽനിന്നു് ഇവയെ തട്ടിപ്പൊക്കുന്നതെന്നു് അത്ഭുതപ്പെട്ടു.

ഞങ്ങൾ ന്യൂഷാട്ടലിൽ എത്തിയപ്പോഴേയ്ക്കും ബോട്ടിലെ യാത്രക്കാരെല്ലാം അസാമാന്യമായ ഉന്മേഷമുള്ളവരായി കാണപ്പെട്ടു. അവിടെ എതിരേല്ക്കാൻ പട്ടണത്തിലെ പ്രതിനിധികളായി പാരമ്പര്യപൂവ്വമായ പട്ടുടയാടകൾ ധരിച്ച പെൺകിടാങ്ങൾ ബോട്ടിൻെറ അടുത്തു വന്നിരുന്നു. ഞാനും എന്റെ കൂടെയുണ്ടായിരുന്ന ആസ്ത്രേലിയൻ പാർലിമെന്റ്മെമ്പർ ഡാലിയും കരയ്ക്കു കാലെടുത്തു വെച്ചപ്പോഴേയ്ക്കും ഓരോ പെൺകിടാങ്ങൾ വന്നു കൈയ്ക്കു

പിടിച്ചു സ്വാഗതംചെയ്തുകഴിഞ്ഞു. അതുകഴിഞ്ഞു് ഒരു ഘോഷയാത്ര. ബാൻഡിൻെറ ശബ്ദം ഞങ്ങളെ നയിച്ചുകൊണ്ടിരുന്നു. ഇരുവശത്തും അല്പം പരിഭ്രാന്തരായ പട്ടണനിവാസികൾ ഞങ്ങളുടെ ആഹ്ലാദഗതി നോക്കിക്കൊണ്ടിരുന്നു. ഘോഷയാത്ര അവസാനിച്ചപ്പോഴേയ്ക്കും ഞങ്ങൾ അവിടത്തെ ഒരു ഹോട്ടലിൻെറ വിശാലമായ ഹാളിൽ നില്ക്കുന്നതായി കണ്ടു. ഒരു വിരുന്നുസല്ക്കാരത്തിൻെറ വിഭവങ്ങൾ മുന്നിൽ ഒരുക്കിയിരുന്നു.

ഏതെങ്കിലും ലഹരി മനുഷ്യരുടെ സാധാരണ അവസ്ഥയ്ക്കു് അല്പം ഭേദം വരുത്തുമെന്നുള്ളതിനു സംശയമില്ല. ക്രമത്തിനു നിയന്ത്രിച്ചുനിൎത്തുന്ന കടിഞ്ഞാൺ അല്പം അയച്ചുവിട്ടമ്പോൾ കുതിരകൾ ഓടുന്നതുപോലെ വികാരങ്ങൾ പതിവിലധികം വികസിച്ചുവരും. ഈ അനുഭവം, സ്നേഹിതന്മാരുമായി ഉല്ലാസപൂൎവ്വം സംഭാഷണം ചെയ്യുമ്പോഴും മനസ്സഴിഞ്ഞു് എന്തു പ്രവൃത്തി ചെയ്യുമ്പോഴും എനിക്കു് ഉണ്ടാവാറുണ്ടു്. മനുഷ്യരെ മനസ്സിന്റെ സാധാരണ നിരപ്പിലുള്ള ശൃംഖലകളിൽനിന്നു മോചിപ്പിക്കുന്ന പലതരം വഴികളുണ്ടു്. അതിൽ ഏററവും താണതത്രേ ശാരീരികമായ ലഹരി. ഏററവും ഉയൎന്നതു് ആത്മീയമായ ഉന്മാദവും. പക്ഷേ, ഇവയ്ക്കെല്ലാം പൊതുവായി അവ്യക്തമായി, അനുഭവജ്ഞാനാതീതമായി, ഒരു ആനന്ദമുണ്ടു്. അതുകൊണ്ടായിരിക്കാം ഈ വഴികളെല്ലാം ചിലപ്പോൾ സമ്മിശ്രമായി കണ്ടുവരുന്നതു്.

17 മെയ് 1947

ഞങ്ങൾ ഇവിടെ തൽക്കാലം താമസിക്കുന്ന വീടിന്റെ പിൻഭാഗത്തു് ഒരു ചെറിയതോട്ടമുണ്ടു്. ഈ കെട്ടിടത്തിൽ താമസിക്കുന്ന ഓരോ കുടുംബങ്ങൾക്കും കൃഷി

ചെയ്യാനായി ആ തോട്ടത്തിലെ ഓരോ ഭാഗവും പകുത്തു കൊടുത്തിട്ടുണ്ട്. ആഫീസ്ജോലിചെയ്തുകഴിഞ്ഞു വരുമ്പോഴും, ഞായറാഴ്ചയും ഈ ശകലം സ്ഥലം വെട്ടിക്കിളയ്ക്കാനും, ചെടികൾ നടാനും ഞങ്ങളുടെകൂടെ താമസിക്കുന്ന സ്നേഹിതനു വലിയ ഉത്സാഹം. അങ്ങനെ ചെയ്യുമ്പോഴൊക്കെ "പ്രകൃതിയിലേയ്ക്കു തിരിയേ" എന്നു് അദ്ദേഹം വിളിക്കുകയാണു്. എനിക്കു നല്ല ചെടികളും പുഷ്പങ്ങളും പച്ചപ്പുൽത്തകിടികളും കാണാൻ വലിയ രസമുണ്ടു്. പക്ഷേ, തോട്ടത്തിൽ അവ വെച്ചുപിടിപ്പിക്കാൻ മുഷിയുന്നതിന്നു തീരെ ഉത്സാഹമില്ല. ആ സമയം പുസ്തകങ്ങൾ വായിക്കുകയോ എഴുതുകയോ അല്ലെങ്കിൽ വെറുതേ വെളിയിലേയ്ക്കു തുറിച്ചു നോക്കിക്കൊണ്ടിരിക്കുകയോ ചെയ്യാനാണു് ഇഷ്ടം. വിജയവും കൊച്ചനിയനും മുന്നയും ഒക്കെ ചെടികൾക്കു വെള്ളംഒഴിക്കാൻ അങ്ങോട്ടും ഇങ്ങോട്ടും ഓട്ടമാണു്. അവരോടട്ടെ. ഞാൻ ഈ ചാരുകസേരയിലിരുന്നു വായിക്കും.

പട്ടണത്തിലെ ഏതു കാഴ്ചകൾ കണ്ടു ലയിച്ചിരിക്കുമ്പോഴും പ്രകൃതിയുടെ അകൃത്രിമമായ ഭംഗി മനുഷ്യരെ ക്രമത്തിലധികം ആകർഷിക്കുന്നു എന്നുള്ളതിനു സംശയമില്ല. അഥവാ, പ്രകൃതിയുടെ കാഴ്ചകളിൽനിന്നും അല്പം അകന്നു പട്ടണത്തിൽ താമസിക്കുമ്പോൾ അവയുടെ ആകർഷകത കുറെ കൂടുതൽ പ്രത്യക്ഷമാവുന്നതായിരിക്കാം. ജന്തുക്കളെ ഭയന്നും വേട്ടയാടിയും കഴിക്കുന്ന കാട്ടാളന്മാർ കാട്ടിലെ പ്രകൃതിയുടെ ഭയങ്കരതയിൽ വലിയ ആകർഷണം ഒന്നും കാണുകയില്ല. നേരെമറിച്ചു് അതേ കാടിന്റെ അനേകായിരം അടി മുകളിൽക്കൂടി വിമാനത്തിൽ പോകുന്ന ആളുകൾക്കു് താഴെ ഇരുണ്ടുകാണുന്ന വൃക്ഷങ്ങളും ഓടുന്ന മൃഗങ്ങളും എത്ര കൗതുകമായിത്തോന്നും!

22 മെയ് 1947

എൻെറ ആഫീസിലിരുന്നു നോക്കിയാൽ കായൽ അടുത്തുകാണാം. കായലിനും എന്റെ മുറിയുടെ ജനലിനും ഇടയ്ക്ക് ഒരു കല്ലെറിഞ്ഞാലെത്തുന്ന സ്ഥലം പുൽത്തകിടിയാണ്. അതിന്നു് അങ്ങേപ്പുറം കായലിൻെറ വക്കത്തു് ഒരു പൊതുപാതയുണ്ട്. ആ പാതയിൽക്കൂടി, പ്രത്യേകിച്ചു ഉച്ചസമയത്തു് പലരും കായലിലെ മത്സ്യങ്ങളെ നോക്കിക്കൊണ്ടു നടന്നു പോകാറുണ്ട്. ഇടയ്ക്കിടയ്ക്കു ഞാൻ ഈ ആളുകളേയും അങ്ങേപ്പുറത്തു വിശാലമായി കിടക്കുന്ന കായലിനേയും അതിനപ്പുറത്തെ കുന്നിൻചരിവുകളിലുള്ള കാഴ്ചകളേയും നോക്കിക്കൊണ്ടിരിക്കും. അകലെയുള്ള കാഴ്ചകൾ ചിത്രങ്ങൾപോലെ ചലനം ഇല്ലാത്തവയായി തോന്നും. നേരെമറിച്ചു് അടുത്തുകൂടി പോകുന്ന ആളുകളുടെ സകല ചേഷ്ടകളും എനിക്കു കാണാം. അവർ, അടുത്തുള്ള ഈ കെട്ടിടത്തിലെ ഒരു മുറിയിൽ ജോലിചെയ്യാതെ ഒരാൾ തങ്ങളെ നോക്കിക്കൊണ്ടിരിക്കുന്നു എന്നു സ്വപ്നത്തിൽപ്പോലും വിചാരിക്കാൻ വഴിയില്ല. ഫലം: അപ്രതീക്ഷിതമായ പല വ്യവഹാരങ്ങളിലും ഞാൻ പങ്കെടുക്കാറുണ്ട്. എത്ര എത്ര അപൂൎണ്ണമായ പ്രേമകഥകളിലെ അദ്ധ്യായങ്ങളാണു് ഞാൻ ഇവിടെനിന്നു കാണുന്നതു്!

24 മെയ് 1947

ദൈനംദിനമുണ്ടാവുന്ന നിസ്സാരസംഗതികൾകൊണ്ടു് എൻെറ ജീവിതത്തിൻെറ ഏറിയഭാഗവും നിറഞ്ഞു കഴിഞ്ഞു. അവയിൽ മനസ്സുറപ്പിച്ചു്, ഓടിപ്പോകുന്ന നിമിഷങ്ങളെ തേടിപ്പിടിക്കാനുള്ള വ്യൎത്ഥമായ യത്നങ്ങളിൽ വ്യാപൃതനായി, കാലംപോകുന്ന പോക്കു് ഞാൻ തികച്ചും അറിയുന്നതേയില്ല. ഇന്നു വിജയത്തിനെ സ്കൂളിൽ നിന്നു്

വിളിച്ചുകൊണ്ടുവരാൻ പോയപ്പോൾ ആ കാലമെല്ലാം ഞാൻ പെട്ടെന്നു് ഓമ്മിച്ചു. ആറുവയസ്സിൽ ഞാൻ എങ്ങനെയായിരുന്നു? അവൾ എന്നെക്കണ്ടപ്പോൾ ദൂരെനിന്നു് ഓടി അടുത്തേയ്ക്കുവന്നു. എൻെറ പുറകെ ആ കൊച്ചുകാലുകൾ ധ്രുതഗതിയിൽ മുന്നോട്ടു വെച്ചുകൊണ്ടിരുന്നു. ഇതുപോലെ എൻെറ അപ്പൻെറകൂടെ ആദ്യം സ്കൂളിലേയ്ക്കുപോയതു് ഞാൻ ഇന്നലെ നടന്നതുപോലെ ഓമ്മിച്ചു. പാരമ്പര്യത്തിൽനിന്നും അല്പം മാറിയ രീതിയിൽ എൻെറ പേരു് സ്കൂളിൽ കൊടുക്കാമെന്നുപറഞ്ഞ ആ നിമിഷവും, ആ സ്ഥലവും, യാതൊരു മറവും ഇല്ലാതെ അത്ര വ്യക്തമായി ഇപ്പോൾ മനസ്സിൽ വരുന്നു.

ഇന്നു ഞാൻ ഓടുന്നതുതന്നെ ചുരുക്കം. കുട്ടികൾക്കു സ്വാഭാവികമായുള്ള ഓട്ടം പ്രായംകൂടുമ്പോൾ കൃത്രിമമായി വരുന്നതെന്തുകൊണ്ടാണു്? ജീവിതത്തിൽക്കൂടി ആകെയുള്ള യാത്രതന്നെ നടപ്പിൻെറ വേഗത്തിലുള്ള ക്രമമായ കുറവാണെന്നു തോന്നുന്നു. ഒടുവിൽ സ്തബ്ധമാവുമ്പോൾ അവസാനവും.

ഒരു വ്യക്തിയെപ്പററി എത്രതന്നെ പ്രാധാന്യമേറിയവയാണെങ്കിലും, ഈ അവസാനം സമുദായത്തെ എത്ര കുറച്ചുമാത്രമേ ബാധിക്കുന്നുള്ളു എന്നു ഞാൻ അത്ഭുതപ്പെടുന്നു. മനുഷ്യജീവിതത്തിൻെറ ക്ഷണഭംഗുരതയെപ്പററി എനിക്കു് ആദ്യം ബോധ്യംവന്ന ആ സമയം ഇപ്പോൾ ഓക്കുന്നു. തേവലപ്പുറത്തു ക്ഷേത്രത്തിൻെറ മുമ്പിലത്തെ ഒരു കൽക്കഷണത്തിൽക്കിടന്നു ഞാൻ മുകളിൽ ആകാശത്തിലേയ്ക്കു നോക്കുകയായിരുന്നു. അവിടെ ഒരു നക്ഷത്രത്തിൽനിന്നു മററൊരു നക്ഷത്രത്തിനെ തിരിച്ചറിയുവാൻ എനിക്കു വയ്യായിരുന്നു. അതുകൊണ്ടായിരിക്കാം ശൂന്യമായ മനസ്സിൽക്കൂടി ഈമാതിരി വിചാരങ്ങൾ കടന്നതു്. ആ

അമ്പലം, പുതിയതായി കെട്ടിത്തീർത്തതാണെങ്കിലും ഞാൻ ലോകത്തിൽ വരുന്നതിനുമുമ്പ് ഇതേ നിലയിൽ നിന്നിരുന്നു. അവിടെ ചുററും ഉള്ളവർ എല്ലാവരും അന്യലോകത്തിലേയ്ക്കു മറഞ്ഞു മാഞ്ഞാലും, അമ്പലവും ഞാൻ കിടന്ന കല്ലും അതേനിലയ്ക്കു നിലകൊള്ളും എന്ന വിചാരം എന്നെ പെട്ടെന്നു ബാധിച്ചു. അതു കഴിഞ്ഞിട്ട് ഇപ്പോൾ മുപ്പതുകൊല്ലത്തിനുമേലായി. അന്ന് അവിടെ അട്ടത്തുണ്ടായിരുന്ന അമ്മാവൻ യൗവനം കഴിയുന്നതിനുമുമ്പു പരലോകപ്രാപ്തനായി. ആ അമ്പലത്തെ വലയംചെയ്തു പ്രാർത്ഥിക്കുന്നവർ ഇന്ന് അന്നത്തെ ആളുകളല്ല, വേറൊരുകൂട്ടം മനുഷ്യജീവികളാണ്. ഇന്നു ശേഷിച്ചിട്ടുള്ളവർതന്നെ എത്രയോ വ്യത്യസ്തരായിരിക്കും.

മനുഷ്യർ കെട്ടിപ്പൊക്കുന്ന കെട്ടിടങ്ങൾക്കുപോലും അവരേക്കാൾ ഏറെ ആയുസ്സുണ്ട്. സ്കൂളിൽനിന്നു വിജയത്തിനെ ട്രാമിലേയ്ക്കു കൊണ്ടുപോയപ്പോൾ ആ പഴയ വിചാരം എന്നിൽ വീണ്ടും വന്നു. വിജയം വളന്ന് ഒരു അമ്മയായി അവളേപ്പോലെയുള്ള കുട്ടികളെ പോററാൻ താരതമ്യേന ചുരുങ്ങിയ ഒരു സമയം മതി. അത്രതന്നെ ചുരുങ്ങിയ സമയംമതി ഇതുപോലെ തുടൻുപോകുന്ന ജനീവായിൽനിന്നും ലോകത്തിൽനിന്നും യാതൊരു ചിഹ്നവും അവശേഷിക്കാതെ എന്നെ മാററിമറയ്ക്കാനും. ഈ വിചാരം, എന്തുകൊണ്ടെന്നറിയാൻ വയ്യ, എന്നെ വല്ലാതെ വ്യസനിപ്പിച്ചു.

27 മെയ് 1947

അന്യരെ പററിക്കാനുള്ള ഒരു വിരുതു് ചിലക്കു പ്രത്യേകമാണു്. ഒരു ഗുണമായിട്ടല്ല പറയുന്നതു്, എനിക്കു് ആ വിരുതു് തുലോം കുറവാണു്. ഇന്നു ഞങ്ങൾ മോംട്രോ

വരെ പോയിരുന്നു. അവിടെ ഒരു പുഷ്പോത്സവം ആയിരുന്നു. പൂക്കൾകൊണ്ടു പലതരം രഥങ്ങൾ ഉണ്ടാക്കി, വിചിത്രവേഷങ്ങൾ ധരിച്ചു രസകരമായ ഒരു ഘോഷയാത്ര അവിടത്തെ തെരുവിൽക്കൂടി കടന്നുപോയി. ഞങ്ങൾ അതും അവിടെയടുത്തുള്ള വിശ്വവിശ്രുതമായ 'ഷീയോ' കൊട്ടാരവും കണ്ടു. അതുകഴിഞ്ഞു തുറസ്സായ ഒരു രംഗസ്ഥലത്തു് ഒരു നാടകവും കാണാൻ പോയി. ഇതെല്ലാം കാണാൻ ഒരു ചങ്ങാതി—ഞാൻ ഒന്നുരണ്ടു പ്രാവശ്യംമാത്രം കണ്ടിട്ടുള്ള ആ രസികൻ—എൻെറകൂടെ കൂടി. യാത്രച്ചെലവും ചായയും മററും ഒരു ലോഭവുംകൂടാതെ ആ വിരുതൻ എൻെറ കണക്കിൽക്കൊള്ളിച്ചു. ഒടുവിൽ യാത്രപറഞ്ഞു മറഞ്ഞപ്പോൾ അതിനെപ്പററി പരോക്ഷമായിപ്പോലും പറയാൻ യാതൊരു ഭാവവും ഇല്ല.

ഈ ലോകത്തിൽ 'മിടുക്കു്' അവനവൻെറ ജോലി ഒരുവിധം ഭംഗിയായി ചെയ്തുതീർക്കുകയാണെന്നു വിചാരിക്കുന്നതു തുലോം തെററാണു്. ബുദ്ധിക്കുമാത്രം ഇത്ര പ്രാധാന്യം കൊടുക്കുന്നതെന്തിനാണു്? അവനവൻെറ മിടുക്കു വലുതാക്കി അന്യരെ കാണിക്കുക, മററുള്ളവരോടു പെരുമാറുന്നതിലുള്ള നയം—വേറൊരു തരത്തിൽ പറയുകയാണെങ്കിൽ സേവകൂടൽ—വേണ്ടപ്പോൾ ദേഷ്യംകാണിച്ചു ജോലി ചെയ്യിപ്പിക്കുക, ഇവയെല്ലാം ഒരാളുടെ കെല്പിൻെറ അംശങ്ങളായി കണക്കാക്കണം. എനിക്കു കെല്പു് തുലോം കുറവാണെന്നു ബോദ്ധ്യപ്പെട്ടിരിക്കുന്നു. വെറുതേ അലസനായി ജീവിതം കഴിക്കുമ്പോൾത്തന്നെ, വെറും ആഗ്രഹം കൊണ്ടുമാത്രം, പ്രശസ്തിയും വിജയവും എല്ലാം എല്ലാം എനിക്കു കിട്ടണമെന്നാണു് എൻെറ വിചാരം. എത്ര വ്യർത്ഥമായ വിചാരം!

14 ജൂൺ 1947

ഞങ്ങൾ ഇന്നു വേറൊരു വീട്ടിലേയ്ക്കു മാറിത്താമസിച്ചു. നാലാമത്തെ നിലയിലുള്ള ഞങ്ങളുടെ മുറികളിൽനിന്നു നോക്കിയാൽ, താഴെ ഒരു റോഡും ആ റോഡു ചാടിക്കടന്നാൽ ഒരു വലിയ പാക്കും കാണാം. കുട്ടികൾക്കു കളിക്കാൻ ആ പാക്കിൽ പ്രത്യേകം ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. അടുക്കളയിൽനിന്നു വിളിച്ചാൽ പാക്കിൽകളിക്കുന്ന വിജയത്തിനും കൊച്ചുനിയനും കേൾക്കാം.

ഈ വീടും പരിസരങ്ങളും ഞങ്ങൾക്കു വളരെ പിടിച്ചു. സന്തോഷം ചുററുമുള്ള കസേരകളെ ആശ്രയിച്ചു പൊങ്ങുകയും താഴുകയും ചെയ്യുന്നതെങ്കിലും, സ്വച്ഛവും വൃത്തിയുള്ളതുമായ താമസസ്ഥലം സുഖപ്രദമാണെന്നുള്ളതിനു സംശയമില്ല.

എൻെറ സ്നേഹിതൻെറ കൂടെയുള്ള താമസം മാററിയതോടുകൂടി 'മുന്ന'യുടെ കളികൾ കാണാൻ വയ്യാതെയായി. പക്ഷേ, ഈ ചുരുങ്ങിയ കാലത്തെ ഒരുമിച്ചുള്ള താമസത്തിനിടയ്ക്കു രണ്ടു വ്യക്തികൾ, എത്രതന്നെ സൗഹാർദ്ദസമന്വിതന്മാരാണെങ്കിലും, രണ്ടു വ്യക്തികളായേ ഇരിക്കൂ എന്ന് എനിക്കു ബോദ്ധ്യപ്പെട്ടു. ഈ ലോകത്തിലെ പരിമിതികളുള്ളിൽ, ഇത്ര സഹസ്രം സ്വഭാവവിശേഷങ്ങൾ, രൂപവിശേഷങ്ങളോടൊപ്പം, ദൈവം സൃഷ്ടിച്ചതെങ്ങനെയാണെന്നു ഞാൻ അത്ഭുതപ്പെട്ടു. രൂപത്തിൽ ഒരുപോലെയിരിക്കുന്നവരപൂർവ്വമാണ്; അതുപോലെ ഒരേ സ്വഭാവമുള്ളവരേയും കാണാൻ പ്രയാസം. അതുകൊണ്ടു് ഒന്നിച്ചു പെരുമാറുമ്പോൾ അല്പസ്വല്പം കൂട്ടിമുട്ടുന്നതു ആരെസ്സംബന്ധിച്ചും സ്വാഭാവികമാണ്. ഗൃഹപ്രശ്നങ്ങളും, സമൂ

ദായപ്രശ്നങ്ങളും ഈ ഒരു വാസ്തവത്തെ ഏറെയേറെ ആശ്രയിച്ചിരിക്കുന്നു.

28 ജൂൺ 1947

ഞങ്ങൾ ഇന്നു സംഗീതത്തോടുകൂടി കായലിൽ ഒരു സവാരിക്കു പോയി. രണ്ടുമൂന്നു ബോട്ടുകൾ കൊടികൾകൊണ്ടു് അലങ്കരിച്ചു്, മുഴങ്ങുന്ന ബാൻഡിൻെറ ശബ്ദത്തിനു താളംതുള്ളി മുന്നോട്ടു പോയപ്പോൾ ഞങ്ങൾ സ്നേഹിതന്മാരോടൊരുമിച്ചു സല്ലപിച്ചുകൊണ്ടിരുന്നു. ഇവിടെ കൂടുന്ന സമ്മേളനത്തിനുവന്ന പ്രതിനിധികൾക്കു സ്വിസ്സ് ഗവമ്മെൻറ് നൽകുന്ന ഒരു സല്ക്കാരമാണിതു്. ഞാൻ ബോംബെയിൽ മിക്കവാറും എന്നും കണ്ടുകൊണ്ടിരുന്ന ഒരു സ്നേഹിതനും ഈ കൂട്ടത്തിൽ ഉണ്ടായിരുന്നു. ഒരുകൊല്ലത്തിനു മുമ്പു ഞങ്ങൾ തീരെ വിചാരിച്ചിരുന്നില്ല, ഇവിടെ ഞങ്ങൾ ഒന്നിച്ചു് ഇങ്ങനെ കായലിൻെറ മുകളിൽക്കൂടി പ്രയാണംചെയ്യുമെന്നു്. ഈ അപ്രതീക്ഷിതമായ സമാഗമം ഞങ്ങൾ ബോട്ടിൽവെച്ചു് കെങ്കേമമായി കൊണ്ടാടി.

മനുഷ്യൻ ഒരു സാമുദായികജീവിയാണെന്നു സാധാരണ പറയാറുണ്ടു്. അതായതു് മററാളുകളോടു് ഒത്തൊരുമിച്ചു് പെരുമാറാനും സഹവസിക്കാനും ഉള്ള കെല്പു് മനുഷ്യൻെറ ഒരു സ്വഭാവവിശേഷമാണു്. പക്ഷേ, ഇതുമാത്രം അല്ല ചങ്ങാതിമാർതമ്മിലുള്ള സ്നേഹത്തിൽ അടങ്ങിയിരിക്കുന്ന സന്തോഷത്തിനു പൂണ്ണമായ കാരണം. രണ്ടു ചങ്ങാതിമാർ കൂടുമ്പോൾ പ്രത്യേകമെങ്കിലും ഒത്തൊരുമിച്ചുള്ള രണ്ടു് അനുഭവസമൂഹങ്ങൾ ഒന്നിച്ചുകൂടുന്നു. ഇവയിൽനിന്നു് അങ്ങോട്ടും ഇങ്ങോട്ടും സ്നേഹത്തിൻെറ പൊരികൾ പാറിക്കൊണ്ടിരിക്കുമ്പോൾ ചങ്ങാതിത്തത്തിന്റെ

പൂണ്ണമായ സുഖംകിട്ടുന്നു. ഓരോ വ്യക്തിക്കും അവനവ ൻെറയായി കാത്തുസൂക്ഷിക്കുന്ന ഒരു ഭാഗം, മറ്റ് ആളുകൾ ക്കും സമുദായത്തിനും പ്രവേശം ഉള്ള വേറൊരു ഭാഗം— ഇങ്ങനെ രണ്ടു് അംശങ്ങൾ ഉള്ളതായി കണക്കാക്കാം. ഇ വസ്തുതമ്മിൽ എല്ലാവർക്കും എത്രത്തോളം പൊരുത്തം ഉ ണ്ടു്? അവസ്ഥതമ്മിലുള്ള അന്തരമാണു് എനിക്കു പലപ്പോ ഴും ബോധ്യപ്പെട്ടിട്ടുള്ളതു്. മനസ്സിൽ പലേ കഷ്ടപ്പാടുക ളും കിടന്നു് അലതല്ലുമ്പോൾ പലപ്പോഴും ഞാൻ അന്യർ ക്കു് സുസ്മേരവദനനായി കാണപ്പെടുന്നു. എൻെറ ഹൃദയം ലോകത്തിനു മുഴുവൻ തുറന്നുകാണിച്ചുകൊണ്ടു് നടന്നിട്ടു് എന്തു ഫലം? പക്ഷേ, ഈമാതിരി ആഘോഷത്തിലമർ ന്നു കഴിയുന്ന സമയങ്ങളിൽ ഭാഗ്യവശാൽ സമുദായത്തി നു പൊതുവേയുള്ള ഭാഗത്തിനു പ്രാധാന്യം കിട്ടുന്നു. മന സ്സിൻെറ ഒരു കോണിലുള്ള കഷ്ടപ്പാടുകളും മററും മിക്ക വാറും മറന്നതുപോലെ തോന്നുന്നു.

4 ജൂലൈ 1947

എൻെറ മുട്ടിലെ നീരിൻെറ വേദന കൂടിക്കൂടി വരു ന്നു. ഈ സുഖക്കേടു് എന്നെ പിടിപെട്ടിട്ടു് ഇപ്പോൾ അ ഞ്ചാറുകൊല്ലങ്ങളായി. പക്ഷേ, അംഗഭംഗം വന്നു് നിസ്സ ഹായമായ ഒരു ജീവിതം ഭാവിയിൽ നയിക്കേണ്ടിവരും എന്ന ഭയം ഇന്നാണു് ആദ്യം എന്നിൽ ക്രമേണ വ്യാപി ച്ചുവന്നതു്.

എല്ലാം നേരെ പോവുമ്പോൾ ധൈര്യം അവലംബി ക്കുന്നതിനു തീരെ ബുദ്ധിമുട്ടില്ല. സകലതും തെററുമ്പോഴാ ണു് ധൈര്യത്തിൻെറ ആവശ്യം. എന്തെങ്കിലും ഒന്നു തെ ററുമ്പോൾ സങ്കടവികാരങ്ങൾക്കു് വഴിപ്പെടുന്ന എനിക്കു് ആപത്തു നേരിടാൻ എങ്ങനെ ധൈര്യം കിട്ടും? പ്രതീ

ക്ഷിക്കുന്നതിൽ തുലോം കുറവായിട്ടാണു് പ്രായേണ ജീവിതത്തിലെ കഷ്ടപ്പാടുകൾ കാണുന്നതെന്നുള്ള വിചാരം മാത്രമേ എനിക്കു് ഇന്നു് ധൈര്യം തരുന്നുള്ളൂ.

8 ജൂലൈ 1947

ജീവിതത്തിൽ നല്ല കാര്യങ്ങൾ കൂടിപ്പോയതായി വരുമോ? ദാരിദ്ര്യവും സങ്കടവും നിറഞ്ഞ ഈ ലോകത്തിൽ സുഖം കൂടിപ്പോയതായി ആക്കും അനുഭവപ്പെട്ടു കാണാൻ വഴിയില്ല. എങ്കിലും ഇന്നു് മഴപെയ്യുന്ന സമയത്തു് വെളിയിൽ കായലിലേയ്ക്കുനോക്കി യാതൊരു ഇളക്കവുംകൂടാതെ കിടന്ന ആ ജലാശയത്തിൻെറ ഭംഗി ആലോചിച്ചപ്പോൾ യാതൊരു കാരണവുമില്ലാതെ ഈ വിചാരം എൻെറ മനസ്സിൽക്കൂടി കടന്നുപോയി. മനോരാജ്യത്തിൽ എന്തിനാണു് അദ്ധരാജ്യം? ഞാൻ അതുകൊണ്ടു് ഒരു സുഖജീവിതത്തിന്നുള്ള സകല സാധനങ്ങളും ശേഖരിക്കുന്നതിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു. നല്ല കെട്ടിടം, നല്ല ആഹാരസാധനങ്ങൾ, നല്ല സുഹൃൽസംഭാഷണങ്ങൾ, നല്ല...എൻെറ ആവശ്യങ്ങളുടെ പട്ടിക അങ്ങനെ നീണ്ടു നീണ്ടു പോയി.

4 ആഗസ്റ്റു് 1947

ഇന്ത്യയിലെ രാഷ്ട്രീയസംഭവങ്ങളുടെ തകിടംമറിച്ചിൽ പല വ്യക്തികളേയും അവിചാരിതമായി മാററിമറിച്ചിട്ടുണ്ടു്. ഇന്നലെവരെ ദാരിദ്ര്യത്തിൽ കഴിച്ച ഒരു രാഷ്ട്രീയപ്രവത്തകൻ ഇന്നു് ഒരു മന്ത്രിയോ അംബാസഡറോ ആയിച്ചമഞ്ഞിരിക്കുന്നു. ഇതിൽ ചിലരുടെ കഥകൾ ഓക്കുമ്പോൾ, പ്രസിദ്ധ ഫ്രഞ്ചുരാജ്യതന്ത്രജ്ഞനായ ഷാട്ടോബ്രിയാ അംബാസഡർസ്ഥാനംവഹിച്ചു ബക്കിംഗാം

കൊട്ടാരത്തിലേയ്ക്കു പരിവാരസമേതം പോയതിന്റെ വിവരണം എൻെറ മനസ്സിൽ വരുന്നു. ലണ്ടനിൽ അജ്ഞാതനായി കഴിച്ച ആ കാലത്ത് അദ്ദേഹം ആത്മഹത്യചെയ്യാൻ ഭാവിച്ച മുറി ആ സന്ദർഭത്തിൽ അടുത്തിരുന്നാൾക്ക് അദ്ദേഹം കാണിച്ചുകൊടുത്തുവത്രേ.

ഭാവി മുഴുവൻതന്നെ അനിശ്ചിതമായിരിക്കെ, പ്രതീക്ഷിക്കാവുന്നതേത് അപ്രതീക്ഷിതമായിവരുന്നതേത് എന്നു തിട്ടപ്പെടുത്താൻ സാധിക്കുകയില്ലായിരിക്കാം. എങ്കിലും എത്രയോ ആളുകളുടെ ജീവിതം ഒരു നിശ്ചിതവഴിയിൽനിന്നു അത്രയേറെ വ്യതിചലിക്കാതെ പോവുന്നു. ധനവാനായി ജനിച്ചാൽ ധനവാനായി മരിക്കുക, ദരിദ്രനായി ജനിച്ചാൽ ദരിദ്രനായി കഴിക്കുക—എന്ന നിയമം ഏതാണ്ട് സർവ്വസാധാരണമാണ്. അങ്ങനെയിരിക്കെ, പെട്ടെന്നുള്ള ഉയർച്ചയും ഭാഗ്യവും ആളുകളെ സന്തോഷിപ്പിക്കുക സാധാരണമാണ്.

ഇന്നു ഞങ്ങൾ കായലിൽ വള്ളംകളിക്കാൻപോയി. നിർഭാഗ്യവശാൽ എനിക്കു തുഴയാൻ തീരെ അറിഞ്ഞുകൂടാ. ശാരദയും മദാംമോറായും ജൈനും മാറിമാറി തുഴഞ്ഞു. അതിനിടയ്ക്കു മദാംമോറാ ഒരു പഴയ ഫ്റഞ്ച്പാട്ടു പാടി; ഒരു പാവപ്പെട്ട പട്ടാളക്കാരൻ ഒരു രാജപുത്രിയെ വിവാഹംകഴിക്കാൻ അർത്ഥിക്കുന്നതും ആദ്യം പാവമാണെന്നുള്ള കാരണത്താൽ അവൾ ഈ അർത്ഥനയെ നിരസിക്കുന്നതും ഒടുവിൽ അയാൾ പണക്കാരനാവുകയും രാജപുത്രി അയാളെ വിവാഹംചെയ്യാൻ സമ്മതമാണെന്നു പറയുകയും ചെയ്യുമ്പോൾ വേറെ ആളെ അന്വേഷിച്ചുകൊള്ളാൻ പട്ടാളക്കാരൻ സൂചന കൊടുക്കുന്നതുമാണ് ഈ പാട്ടിലെ ഇതിവൃത്തം. ഇഴഞ്ഞ സ്വരത്തിലുള്ള അവരുടെ പാട്ടും, തണ്ട് വെള്ളത്തിൽത്തട്ടി ഓളംതള്ളിക്കുന്ന

ശബ്ദവും, എല്ലാവരുടേയും ആഹ്ലാദവും, എന്നെ വല്ലാതെ രസിപ്പിച്ചു.

5 ആഗസ്റ്റ് 1947

ഒരു ആഴ്ചയിലെ ക്രമത്തിലധികമുള്ള ചൂടുകഴിഞ്ഞു വീണ്ടും മഴ. ഇന്ന് ആഫീസിൽ ഇരുന്നു വെളിയിലേയ്ക്കു നോക്കിയപ്പോൾ, ഒരൊറ്റ ഓളവും ഇല്ലാത്ത കായലിലെ വെള്ളപ്പരപ്പും ദൂരെ മലമുകളിൽ തത്തിനില്ക്കുന്ന വെള്ള മേഘങ്ങളും അവിടെ മൗണ്ട് ബ്ളാങ്കിൽ എന്നും കാണാറുള്ള മഞ്ഞിന്റെ ധവളതയും—ആകപ്പാടെ മനോഹരമായ കാഴ്ച. ചുററും ഇടവിടാതെ മഴ ചാറുന്നു. പ്രകാശമാനമായ പ്രകൃതിയുടെ കാഴ്ചകൾക്കു നാം കൂടുതൽ പ്രാധാന്യം കൊടുക്കുന്നില്ലേ എന്നു ഞാൻ സംശയിക്കുന്നു. സൂര്യൻെറ വെളിച്ചം തട്ടി തിളങ്ങുന്ന സായാഹ്നങ്ങൾ, വെൺനിലാവിൽ കുളിക്കുന്ന രാത്രികൾ, മഞ്ഞിൻെറ ധവളതകൊണ്ടു മൂടിയ കുന്നിൻശിഖരങ്ങൾ—ഇവയിലെല്ലാം സൗന്ദര്യം നാം കാണുന്നു. നേരെമറിച്ച്, മഴ പൊട്ടിപ്പുറപ്പെടുന്നതിനുമുമ്പ് കുന്നിൻമുകളിലും, കായലിനുചുററും കാണുന്ന കാർമേഘങ്ങളിലുമുള്ള മങ്ങിയ തേജസ്സോ, നിരന്തരം പൊഴിയുന്ന മഴത്തുള്ളികളോ നമ്മെ ആനന്ദത്തിലാറാടിക്കുന്നില്ല. മഴദിവസം നാം ഒരു ദുർദ്ദിനമായിട്ടാണു് കണക്കാക്കാറു്. എങ്കിലും ചിലപ്പോൾ അതിനും ഒരു പ്രത്യേക ഭംഗിയുണ്ടു്. ഇപ്പോൾ മഴ കഴിഞ്ഞിരിക്കുന്നു. വെളിയിലാകെ നിശ്ശബ്ദതയും ഒരു തനി ശാന്തതയും. കായലിലെ വെള്ളത്തിനാകെ ഒരു പുതുമ. അതു കാണാനെന്നപോലെ മേഘങ്ങൾക്കിടയിൽക്കൂടി സൂര്യൻ പ്രത്യക്ഷമാകുന്നു. അവിടെ വിഹായസ്സിൽക്കൂടി ചിറകടിച്ചു പറപ്പിച്ചുകൊണ്ടു് ഒരുകൂട്ടം പക്ഷികൾ പറന്നുപോകുന്നു.

ക്ഷണഭംഗുരമായ ഈ കാഴ്ചയ്ക്ക് ഒരു ശാശ്വതരൂപം കൊടുക്കാൻ സാധിക്കുമായിരുന്നെങ്കിൽ എന്നു ഞാൻ ആഗ്രഹിക്കുന്നു.

12 ആഗസ്റ്റ് 1947

മുമ്പ് മുക്കാലും ഒരു വിപ്ലവകാരി എന്ന് അഭിമാനിച്ചിരുന്ന, അതുകഴിഞ്ഞു ഗവമ്മേൻറ് ഉദ്യോഗസ്ഥനായിത്തീന്ന, ഒരു മാന്യൻ ഇവിടെ കുറേദിവസം താമസിക്കാനായി വന്നിരിക്കുന്നു. അദ്ദേഹത്തിൻെറ രൂപവും അഭിപ്രായങ്ങളും തിരിച്ചറിയാൻ വയ്യാത്തവണ്ണം മാറിയിരിക്കുന്നു. അഭിപ്രായങ്ങൾ എത്രകണ്ട് സ്വതവേ മാറിയവയാണ്, എത്രമാത്രം ജീവിതാവശ്യങ്ങൾക്കുവേണ്ടി, മാംസത്തിനെ തൃപ്തിപ്പെടുത്താൻവേണ്ടി, മാറിയവയാണ് എന്നു പറയാൻ പ്രയാസം. മാംസവും ആത്മാവും, ആഗ്രഹങ്ങളും ആദർശങ്ങളും, തമ്മിൽ നടക്കുന്ന വടംവലിയാണ് ജീവിതത്തിലെ ഭയങ്കരമായ വടംവലി. ഇതിൽ തോല്ക്കുന്നവരെ ആക്ഷേപിക്കാൻ വളരെ എളുപ്പം. അതേ പരിതഃസ്ഥിതിയിൽ ആക്ഷേപിക്കുന്നവരിൽ എത്രപേർ വ്യത്യസ്തരായി പെരുമാറുമെന്നു് ആക്കു തീൎത്തുപറയാം? അങ്ങനെയിരിക്കെ ആദൎശങ്ങൾക്കുവേണ്ടി സകല ദുഃഖങ്ങളുംവരിക്കുന്ന ധീരാത്മാക്കൾക്ക് ആയിരംനമസ്കാരം.

13 ആഗസ്റ്റ് 1947

ആഫീസിലുള്ള എൻെറ സ്നേഹിതന്മാക്ക് എല്ലാവക്കുംകൂടി ഇന്നു് ഒരു വിരുന്നുസല്ക്കാരം കൊടുത്തു. അതിഥികളെ സ്വീകരിക്കാനും സല്ക്കരിക്കാനും, ആളുകളുടെ ഇടയ്ക്കു പിന്നോട്ടു പോകുന്ന ഞാൻ വളരെ പണിപ്പെട്ടു. ഒടുവിൽ ഞാൻ അതിഥികളുടെക്കൂട്ടത്തിൽ ഒരു അതിഥിയായി സല്ക്കാരത്തിൽ പങ്കുകൊള്ളുകയാണുണ്ടായതു്!

ഭൂതകാലത്തിൽനിന്നുമുള്ള ഇരുണ്ട ചെറിയ നിഴലു കൾ ഇടയ്ക്കിടയ്ക്ക് അവിചാരിതമായി എൻെറ മനസ്സിൽ ക്കൂടി പായുന്നു. കഴിഞ്ഞുപോയ കഷ്ടപ്പാടുകളെ അല്പം അമർത്തുക, ആനന്ദനിമിഷങ്ങളെ മിനുക്കിക്കാണിക്കുക— ഓർമ്മയ്ക്കു സാധാരണയുള്ള ഒരു ഗുണമാണിതു്. പക്ഷേ, ചിലപ്പോൾ കഷ്ടപ്പാടുകളുടെ നിറം അതേ കറുപ്പിൽത്ത ന്നെ കാണുന്നു. ഇനി അതേ കഷ്ടപ്പാടുകൾതന്നെ തിരി യെ വരുമോ എന്നു ഭയപ്പെടുമ്പോൾ അവയ്ക്കു് തുള്ളിച്ചാ ടുന്ന ചെകുത്താന്റെ ഒരു ഭയങ്കരതയുംകൂടി ഉള്ളതുപോലെ തോന്നുന്നു. അങ്ങനെയുള്ള സന്ദർഭങ്ങളിൽ അങ്ങോട്ടു നോക്കാൻതന്നെ നാം ഇഷ്ടപ്പെടുന്നില്ല. പക്ഷേ, എന്തു ഫലം? ചെകുത്താന്റെ തുള്ളിച്ചാട്ടം ചുററും പൂർവ്വാധികം ശക്തിയോടുകൂടി മുഴങ്ങുന്നു.

21 ആഗസ്റ്റ് 1947

ഞങ്ങൾ ഈ ശനിയാഴ്ച ഇന്റർലാക്കനും യുംഗ് ഫ്റൗവും കാണാൻപോയി. രണ്ടു കായലുകളുടെ ഇടയ്ക്കുള്ള കമനീയമായ ഒരു സ്ഥലമാണു് ഇന്റർലാക്കൻ. അവിടെ സ്റ്റേഷനിൽ ഇറങ്ങി മണികിലുക്കിക്കൊണ്ടു് കുതിച്ചുചാ ടിയ ഒരു കുതിരവണ്ടിയിൽ കേറി ഹോട്ടലിലേയ്ക്കുള്ള ഞങ്ങളുടെ യാത്ര വളരെ രസകരമായിത്തോന്നി. വൈകു ന്നേരം അവിടുത്തെ തെരുവുകളിൽക്കൂടി നടന്നു. സന്ദർശ കന്മാർക്കുവേണ്ടി കടകൾ രാത്രിയിൽ കുറേസമയംവരെ തുറന്നുവെച്ചിരിക്കും. ഉയർന്നുനില്ക്കുന്ന കുന്നിൻെറ അടി വാരംവരെ ചെന്നു തട്ടി ശാന്തമായി കിടക്കുന്ന അവിടു ത്തെ കായലിനു്, അതു സംഭാവ്യമെങ്കിൽ, ജെനീവാ കായലിനേക്കാൾ കുറേക്കൂടി അഴകുണ്ടു്.

ഞായറാഴ്ചരാവിലെ ഞങ്ങൾ യുംഗ്ഫ്റൗകുന്നി

ലേസ്സു കേറിപ്പോകുന്ന ഒരു പ്രത്യേകതീവണ്ടിയിൽ യാത്ര ചെയ്തു. ഉച്ചയായപ്പോഴേയ്ക്കും അവിടെ എത്തി. വേനൽ ക്കാലത്തും അവിടെമുഴുവൻ മഞ്ഞുകൂടിക്കിടക്കുകയാണു്. ഞങ്ങൾ മഞ്ഞിന്റെ പുറത്തിരുന്നു് ഉച്ചഭക്ഷണം കഴിച്ചു. രണ്ടുമണിക്കു തിരിയെ പുറപ്പെട്ടു. വഴിയുടെ ഇരുവശത്തും മനോഹരമായ കാഴ്ചകൾ. റോഡിൽക്കൂടി ഞങ്ങളെപ്പോലെ അന്യസ്ഥലങ്ങൾ സന്ദർശിച്ചു തിരിയെ പോകുന്നവരുടെ കാറുകൾ ഒന്നിനുപുറകെ ഒന്നായി ഓടുന്നു. തിരിയെ രാത്രിയിൽ പതിനൊന്നുമണിക്കു ജെനീവായിൽ എത്തിയപ്പോൾ ഈ ചുരുങ്ങിയ മണിക്കൂറുകൾക്കുള്ളിൽ ഞങ്ങൾ എത്ര സ്ഥലങ്ങളിൽക്കൂടി സഞ്ചരിച്ചു എന്നോർത്തു് അത്ഭുതപ്പെട്ടു. എത്രയോ ഞായറാഴ്ചകൾ വെറുതേ പോകുന്നു. അവയെല്ലാം ഇതുപോലെ കഴിച്ചിരുന്നെങ്കിൽ! ഒരുപക്ഷേ, അങ്ങനെയാണെങ്കിൽ, ആ ഓരോ ഞായറാഴ്ചയും ഇത്ര സുഖം കിട്ടുകയില്ലായിരിക്കും.

5 സെപ്റ്റംബർ 1947

ജീവിതത്തിലും ഒരുപക്ഷേ, വികാരത്തിലും തീക്ഷ്ണതയില്ലാത്തതാണു് എനിക്കാകെയുള്ള കുറവെന്നു തോന്നുന്നു. എൻെറ തുച്ഛമായ ജോലി ദിവസങ്ങൾകൊണ്ടു് ഞാൻ നിറവേററുന്നു. ഇങ്ങനെ ജീവിതത്തിൽക്കൂടി വലിച്ചുവാരി അബദ്ധനായി എങ്ങനെയെങ്കിലും മുന്നോട്ടുപോകുന്നതുകൊണ്ടെന്തുഫലം? അർദ്ധപ്രാണമായുള്ള എൻെറ ജീവിതഗതിയെ ഞാൻ ആരോഗ്യത്തിലുള്ള കുറവുകൊണ്ടു് സാധൂകരിക്കാൻ നോക്കുന്നു. ഉപയോഗശൂന്യമായി ഞാൻ കഴിക്കുന്ന നിമിഷങ്ങളെ ഓർമ്മിക്കുമ്പോൾ ഞാൻ ലജ്ജിച്ചു തലതാഴ്ത്തുന്നു. ഏതെങ്കിലും ഒരു ശക്തി

എന്റെ ഈ അനന്തമായ മന്ദതയ്ക്കു് അല്പം ഒരു ബലവും ഉ ണർവ്വും കൊടുക്കണേ എന്നു ഞാൻ എത്ര ആഗ്രഹിക്കുന്നു.

30 സെപ്തംബർ 1947

മാററാൻ കഴിയാത്തവിധം ഉള്ള ഒരു അലസതയാ ണ് എന്നെയാകെ അടക്കിപ്പിടിച്ചിരിക്കുന്നതെന്നുള്ളതി ന് സംശയമില്ല. കുറേക്കൂടി ഊർജ്ജിതമായി ജീവിക്കാൻ നിശ്ചയിച്ചിട്ട് ഏതാണ്ട് ഒരുമാസമായി. എന്തു ഫലം? നോക്കിനില്ക്കുന്നതും ജീവിക്കുന്നതും ഒരുപോലെയാണോ? വായിക്കുന്നതും എഴുതുന്നതും ഒരേകണക്കിൽ ഉൾപ്പെട്ടതാ മോ? ഇതിൽ രണ്ടഭിപ്രായത്തിനു വഴിയില്ല. എങ്കിലും എൻെറ ജീവിതഗതിക്കു യാതൊരു ഭേദവുമില്ല. വെളി യിൽ മഴപെയ്താലും കാററ് ഊക്കോടെ അടിച്ചാലും ഇല കൾ പൊഴിയാൻ തുടങ്ങിയാലും അതു നിർജ്ജീവതയിൽ ആണ്ടിരിക്കുന്നു.

15 ഒക്ടോബർ 1947

കുറേവർഷങ്ങളായി തോന്നാത്തവിധം ഇന്നു് എനി ക്ക് മനസ്സിനു സുഖംതോന്നി. ഇതിനു പ്രത്യേകകാരണം ഒന്നുമില്ല. എനിക്കു കുറെ ദിവസമായി ആരോഗ്യമുണ്ടാ യിരുന്നു എന്നുമാത്രം.

ശരൽക്കാലത്തിൻെറ ചിഹ്നങ്ങൾ കുറേശ്ശ കണ്ടുതു ടങ്ങി. മഞ്ഞനിറത്തിലുള്ള ഇലകൾ അവിടവിടെ പച്ച നിറത്തിന് അല്പം ഭേദം വരുത്തിവരുന്നു. തണുപ്പ് എന്നു പറയുവാൻവയ്യെങ്കിലും വേനൽക്കാലത്തെ ചൂടിനു തെ ല്ലൊരു വാട്ടംവന്നിരിക്കുന്നു. ശൈത്യത്തിൻെറ ലാഞ്ഛന കൊണ്ടായിരിക്കാം ചൂടുകാലത്തേ ഉണങ്ങിക്കരിഞ്ഞുള്ള മട്ടുമാറി എല്ലാവക്കും ഒരു ചൊടിചൊടിപ്പു കാണുന്നതു്.

വൈകുന്നേരം കായലിൽനിന്ന് ഇളവെയിൽ ക്രമേണ അപ്രത്യക്ഷമാവുന്നതു നോക്കിക്കൊണ്ടിരിക്കാൻ ഞാൻ വളരെ ഇഷ്ടപ്പെട്ടു. ദൂരെ, കായലിനക്കരെ, സന്ധ്യയ്ക്കുള്ള മൂടലിൽക്കൂടി ചില വീടുകളും അവിടവിടെ വിളക്കുകളും മിന്നിക്കൊണ്ടിരുന്നു. അടുത്തടുത്തുവന്ന രാത്രിയുടെ നിശ്ശബ്ദതയിൽ ചില പക്ഷികൾ കൂടന്വേഷിച്ചു ദൂരെ എവിടേയോ പറന്നുപൊയ്ക്കൊണ്ടിരുന്നു. ശാന്തമായ ഈ രംഗത്തിൽ, എൻെറ അലസതയെപ്പററിയുള്ള വ്യസനകരമായ വിചാരം എന്നെ വീണ്ടും ബാധിച്ചു.

15 നവംബർ 1947

തണുപ്പുകാലം അടുത്തടുത്തു വരുന്നു. ഇന്നിളകാത്ത കായലിൻെറമുകളിൽ കൂട്ടംകൂട്ടമായി വന്നുചേൎന്ന കാർമേഘങ്ങൾ വരാനിരിക്കുന്ന ഏതോ ഇരുണ്ട സംഭവങ്ങളെ കുറിക്കുന്നതുപോലെ തോന്നി. ഇലകൾ ഒന്നുമില്ലാത്ത ഒരു മരത്തിൻെറ കൊമ്പുകൾ, ഇരുണ്ട ആകാശത്തിൻെറ നേരേ വ്യക്തമായി കാണാം. അവയുടെ അങ്ങേഭാഗത്ത് അനക്കമില്ലാതെ നീണ്ടുകിടക്കുന്ന കായലിലെ വെള്ളം ഈ രംഗത്തിൻെറ നിശ്ശബ്ദമായ ശാന്തതയെ വദ്ധിപ്പിക്കുന്നതേയുള്ളു. എനിക്ക് എന്തുതന്നെ വന്നാലും, ഈ രംഗം മായാതെ എൻെറ മനസ്സിൽ അവശേഷിക്കും എന്നു തോന്നി.

20 നവംബർ 1947

ആഗ്രഹമുള്ളതെല്ലാം എനിക്കു വായിക്കാൻ സാധിക്കയില്ലെന്നു ഞാൻ മനസ്സില്ലാമനസ്സോടെ നിശ്ചയിച്ചുകഴിഞ്ഞു. മുമ്പു സമയം ധാരാളമുണ്ടായിരുന്നപ്പോൾ, കിട്ടുന്നതെല്ലാം വായിക്കുന്ന പതിവായിരുന്നു. ഇപ്പോൾ

സമയം ചുരുക്കം. അതിനിടയ്ക്കു ചെയ്തുതീർക്കേണ്ടകാര്യങ്ങൾ കൂട്ടതല്ലും. ഒന്നു വായിച്ചാൽ മററൊന്നു വായിക്കാതെപോകും. ഈ സ്ഥിതിക്കു വായിക്കേണ്ടതും ചെയ്യേണ്ടതും തിരഞ്ഞെടുക്കേണ്ട ആവശ്യം വന്നിരിക്കുന്നു. തിരഞ്ഞെടുക്കാതെ ഒന്നും ചെയ്യാതിരിക്കാൻ അതിലും എളുപ്പം!

വായിക്കുന്നതുകൊണ്ടുള്ള ഉപയോഗം? പഠിക്കുന്ന കാലം കഴിഞ്ഞതോടുകൂടി വായിക്കുന്നതിൻെറ ഉപയോഗത്തിൽ അല്പം സംശയം വന്നുതുടങ്ങിയിരിക്കുന്നു. അന്നൊക്കെ വായിക്കുന്നതു പരീക്ഷയിൽ ജയിക്കാനാണെന്നു സംശയമുണ്ടായിരുന്നില്ല. അതിനിടയ്ക്കു് അറിവു വല്ലതും കിട്ടിയെങ്കിൽ അതൊരു യാദൃച്ഛികസംഭവം; പഠിപ്പു കഴിഞ്ഞപ്പോൾ വായിക്കുന്നതിൽ എന്തെന്നില്ലാത്ത ഒരു രസം തോന്നി. കുറെക്കാലം അതു് അറിവു സമ്പാദിക്കാനാണെന്നു വിചാരിച്ചിരുന്നു. പക്ഷേ, വായിക്കുന്നതിൽ ഒരംശംപോലും ഓർമ്മിക്കാതെയായപ്പോൾ, ജ്ഞാനസമ്പാദനമാണുദ്ദേശ്യമെന്നു പറയാൻ വയ്യാതായി. വെറും നേരമ്പോക്കിനും രസത്തിനുമായി വായിക്കുകയാണെന്നു സമ്മതിക്കേണ്ടിവന്നു. എൻെറ വിചാരങ്ങളെ ഉണർത്താനല്ല, നേരെമറിച്ചു്, ഉറക്കാനും ഗാഢമായ എല്ലാ ജോലികളിൽനിന്നും അകററാനും വായന സഹായിക്കുമെന്നു വരുന്നതു കഷ്ടമാണു്. ഉറങ്ങാനായി പുസ്തകം വായിക്കുന്നതു സാഹിത്യത്തോടുചെയ്യുന്ന ഒരു സാഹസംതന്നെ.

പഠിച്ചുകഴിഞ്ഞതോടുകൂടി കിട്ടാവുന്ന അറിവെല്ലാം കിട്ടിക്കഴിഞ്ഞു എന്നു വിചാരിക്കുന്ന പതിവു നിർത്തേണ്ടിയിരിക്കുന്നു. അതോടൊപ്പം പുസ്തകം വായിക്കുന്നതു് നേരമ്പോക്കിനാണെന്നുള്ള വിചാരവും. പുസ്തകങ്ങൾ വായിക്കുന്നതിനുപകരം വീണ്ടും പുസ്തകങ്ങൾ പഠിക്കാൻ തുടങ്ങാമായിരുന്നെങ്കിൽ—

21 നവംബർ 1947

പ്രായം കൂട്ടുന്നതോട്ടുകൂടി പഠിക്കുന്നതിന്നുള്ള താൽപര്യം വർദ്ധിച്ചുവരുമോ? ചെറിയ കുട്ടികൾക്കു പഠിക്കുന്നതിൽ വൈമനസ്യം ഉണ്ടാവുന്നതു് ഏതാണ്ടു സ്വാഭാവികമായി കണക്കാക്കിവരാറുണ്ടു്. അതു കഴിഞ്ഞു്, പരീക്ഷക്കാലം അടുക്കുമ്പോഴെങ്കിലും, വിദ്യാർത്ഥികൾ വായിക്കുന്നതിൽ വളരെ ഉത്സുകരായി കാണുന്നു. ഏതെങ്കിലും ജോലിയിൽ പ്രവേശിച്ചു മധ്യവയസ്കന്മാരാവുമ്പോൾ വീണ്ടും അനക്ഷരതയിലേയ്ക്കു പോവുന്നവരും ധാരാളം ഉണ്ടു്. നേരെമറിച്ചു്, പ്രായം കൂട്ടുംതോറും പരിശ്രമശീലവും ഉത്തരവാദിത്വവും കൂടിവരുന്നവരേയും ധാരാളം കാണാം. വാർദ്ധക്യത്തിൽ ജർമ്മൻഭാഷയിൽ അറിവു വർദ്ധിപ്പിക്കാൻ അശ്രാന്തപരിശ്രമംചെയ്യുന്ന ഷീഡിന്റെ കഥ ആലോചിക്കുക. അതിനെപ്പററി അദ്ദേഹം പറയുന്നു: "ഹാ! ഈമാതിരിയുള്ള ഒരു ശ്രമം എന്റെ ചെറുപ്പത്തിൽ ഉണ്ടാവാനായി ഞാൻ എന്തുതന്നെ കൊടുക്കുകയില്ലായിരുന്നു! പക്ഷേ, ആ സമയത്തു ജീവിതം നേരിട്ടാസ്വദിക്കുന്നതു കുറെക്കൂടി പ്രധാനമായിട്ടു് എനിക്കുതോന്നി. എന്റെ ദൃഷ്ടിയുടെ നിഷ്കളങ്കതയേയും ശുദ്ധതയേയും ഹനിക്കുന്ന ആ പുസ്തകങ്ങളേയും മററെല്ലാതരം തിരശ്ശീലകളേയും തട്ടിക്കളയുകയാണു നല്ലതെന്നു വിചാരിച്ചു. അതു തെറ്റായിരുന്നോ? ആയിരുന്നുവെന്നു ഞാൻ വിശ്വസിക്കുന്നില്ല. അഥവാ, ഞാൻ വിശ്വസിക്കുകയാണെങ്കിൽത്തന്നെ എന്തുചെയ്യാൻ സാധിക്കും? വ്യസനത്തേക്കാൾ വ്യർത്ഥമായി ഒന്നുമില്ല." എന്നേ സംബന്ധിച്ചും ഏതാണ്ടു് ഇതുതന്നെ കഥ.

10 ഡിസംബർ 1947

ഭയങ്കരമായ ഒരു കാററു വെളിയിൽ ഇലകളില്ലാത്ത കവരങ്ങളെയിട്ട് അങ്ങോട്ടുമിങ്ങോട്ടും അടിക്കുന്നു. അടച്ച ജന്നലുകൾക്കിടയിൽക്കൂടി അതു ചുഴഞ്ഞു സീല്ക്കാരം പുറപ്പെടുവിച്ചുകൊണ്ടു വരുന്നു. കായലിൽ സംഭരിച്ചിരിക്കുന്ന തണുപ്പ് ആകെ അതെടുത്തുകൊണ്ടു വരുന്നതുപോലെ തോന്നുന്നു. ഞാൻ കുളിരുകൊണ്ടു വിറച്ചു, ചൂടുവഹിച്ചുകൊണ്ടു മൂലയ്ക്കു നില്ക്കുന്ന ലോഹക്കഷണത്തെ തലോടുന്നു. അകത്തെ ഇടനാഴിയിൽ ഇത്ര തണുപ്പില്ല. അവിടെനിന്നു ചൂടുവായു ഈ മുറിയിലേയ്ക്കുവരാൻ ഞാൻ വാതിൽ തുറന്നിട്ടു നോക്കുകയാണ്. അതുകൊണ്ട് ഇടനാഴിയിൽ തണുത്ത കാററുകേറി ആളുകളെ കഷ്ടപ്പെടുത്തുമെന്ന് എനിക്കു തീരെ വിചാരമില്ല. ഈ തണുപ്പിനിടയ്ക്ക്, ഈ ദിവസം മുഴുവൻ എന്റെ ഭാവിയിൽ വരാവുന്ന മാററങ്ങളെപ്പററി ഞാനാലോചിച്ചുകൊണ്ടിരുന്നു.

2 ജനുവരി 1948

ഇന്നലെ രാത്രി ശ്രീ. കുയ്യൻ മരിച്ചുപോയി. പെട്ടെന്നു യാതൊരു മുന്നറിവുംകൂടാതെ ഇങ്ങനെ പരലോകത്തിലേയ്ക്ക് അപ്രത്യക്ഷനായ അദ്ദേഹത്തിനെ ഓർമ്മിച്ചു ഞങ്ങൾ വിഷണ്ണരായി ദിവസം കഴിച്ചു. ഒരാഴ്ചയ്ക്കുമുമ്പു ഞങ്ങളുടെ വീട്ടിൽവന്നു ചിരിച്ചും കളിച്ചും സല്ക്കാരം സ്വീകരിച്ചു; ഇപ്പോൾ ഉല്ലസിച്ചു ഹാർദ്ദമായി സ്വാഗതം പറഞ്ഞു് ആടിനടന്നുകൊണ്ടിരുന്ന ആ ദേഹം എവിടെപ്പോയി? ഒടുവിൽ കട്ടിലിൽക്കിടക്കുന്ന ആ രൂപം ഞാൻ കണ്ടു. ജീവന്റെ സ്ഫുരണംവിട്ട ആ ദേഹത്തിനു കണ്ടാൽ യാതൊരു വ്യത്യാസവും വന്നിരുന്നില്ല. എങ്കിലും ഒരു അൻപതു വർഷത്തിനുമേൽ ആർജ്ജിച്ചുവെച്ചിരുന്ന

ആ അറിവും ഓൎമ്മയും എവിടെ? അതിനെ ഇളക്കിയിരുന്ന ആത്മാവു് എവിടെപ്പോയി? ജീവിതവും മരണവും തമ്മിലുള്ള അജ്ഞാതമായ അതിൎത്തിയിൽ ഞാൻ വീണ്ടും എത്തിനോക്കി.

15 ജനുവരി 1948

ശാരദയും കുട്ടികളും ബാസെർഗിൽപ്പോയി താമസിക്കുകയാണു്. ഞാൻ കഴിഞ്ഞ ഞായറാഴ്ച അവിടെ പോയിരുന്നു. മഞ്ഞു മുഴുവൻ മൂടിക്കിടന്നിരുന്ന ആ കുന്നിൻ മുകളിൽ ഞങ്ങൾ വലിയ കുപ്പായങ്ങളും ഇട്ടു് അങ്ങോട്ടും ഇങ്ങോട്ടും നടന്നു. ഒരുസ്ഥലത്തു മഞ്ഞിൽ ആളുകൾ കളിക്കുന്ന ബഹളമായിരുന്നു. ഉയൎന്നഭാഗത്തുനിന്നു 'ലൃഷിൽ' കേറി തെററിത്തെററി താഴോട്ടുപോകാൻ ബഹുരസം. തണുപ്പേററു് ഒരു ചായക്കടയിൽ പോയി. ചൂടുപിടിപ്പിച്ചിരുന്ന മുറിയും ചൂടുള്ള നല്ല ചായയും വേറെ ഒരിക്കലും ഇത്ര സുഖമായി തോന്നിയിട്ടില്ല.

ചായ കഴിച്ചുകൊണ്ടിരുന്നപ്പോൾ കൊച്ചനിയൻ, മരിച്ചുപോയ കുഞ്ഞിൻെറ കാൎയ്യം ഓൎമ്മിച്ചു. ദൈവത്തിന്റെ കൂടെ മുകളിലെവിടെയോ ചായ കഴിച്ചുകൊണ്ടിരിക്കുകയാണത്രേ അദ്ദേഹം. താമസിയാതെ സമ്മാനങ്ങൾ കൊണ്ടുവരും. അവനു് അതിൽ സംശയമില്ല. വാസ്തവം ഇങ്ങനെയായിരുന്നെങ്കിൽ! പുരാണങ്ങളിൽ പറയുന്നതു പോലെ, ഉടലോടെ പരലോകത്തിൽ പോവാനും, രാജാക്കന്മാൎക്കെങ്കിലും ചിലപ്പോഴൊക്കെ സ്വൎഗ്ഗത്തിലേയ്ക്കു ക്ഷണം കിട്ടാനും (തിരിച്ചുവരാനും) സാധിച്ചിരുന്നെങ്കിൽ!

ദൈവത്തിനെപ്പററിയുള്ള സങ്കല്പം, ഓരോ കാലത്തിലും, ഓരോ ദേശത്തിലും മാറിയിട്ടുണ്ടെന്നുള്ളതു് സുവിദിതമാണു്. ആ സങ്കല്പം സംസ്കാരത്തിൻെറ ഒരു പ്രതി

ച്ഛായയായിരിക്കാം. കൊച്ചനിയന്റെ അഭിപ്രായത്തിൽ, സ്വർഗ്ഗത്തിലേയ്ക്കു കോണിപ്പടികേറി ചെല്ലുമ്പോൾ അങ്ങേ അററത്തു വേവിച്ച ഉരുളക്കിഴങ്ങു കൊട്ടത്തുകൊണ്ടിരിക്കുന്ന ആളാണു് ദൈവം; ആ ക്രിയയുടെ ഇടയ്ക്കിടയ്ക്കു് അദ്ദേഹം മീശ തിരുമ്മിക്കൊണ്ടിരിക്കുകയുംചെയ്യും.

11 മാർച്ചു് 1948

പുതിയ അംബാസഡർ ധീരുഭായിദേശായിയുടെ വിരുന്നുസല്ക്കാരം. എല്ലാ ഇൻഡ്യക്കാരും കൂടിയിരുന്നു. ഇൻഡ്യയുടെ സ്വാതന്ത്ര്യലബ്ധിക്കുശേഷം വിദേശങ്ങളിൽ ഇൻഡ്യക്കാരുടെ സ്ഥിതിക്കു് അവ്യക്തമായ ഒരു മാററം വന്നിട്ടുണ്ടെന്നുള്ളതിനു സംശയമില്ല. ഈമാതിരിയുള്ള സല്ക്കാരങ്ങൾ അതിനെ ഓർമ്മിപ്പിക്കുന്നു. ദേശായി സകലരോടും ഭവ്യമായി പെരുമാറി. ഞങ്ങൾ മേശയുടെ ചുററും ഇരുന്നപ്പോൾ, ഞാൻ ഈമാതിരിയുള്ള ഒരു സമ്മേളനത്തിൽ പങ്കെടുക്കുമെന്നു് ഒരു പതിനഞ്ചുകൊല്ലത്തിനു മുമ്പുപോലും തീരെ വിചാരിച്ചിട്ടില്ലെന്നു് ഓർമ്മിച്ചു. ഇനി അടുത്ത പതിനഞ്ചുകൊല്ലത്തിൽ എന്തെല്ലാം മാററങ്ങൾ വരും? ഇടയ്ക്കിടയ്ക്കു് എന്റെ മനസ്സു് ഏർപ്പെടുന്ന ഒരു വ്യവസായമാണിതു്. ഭാവിയിലും ഭൂതകാലത്തും ഇങ്ങനെ ജീവിച്ചാൽ ഒടുവിൽ ഞാൻ വത്തമാനകാലത്തിൽ ജീവിക്കാതെയാവും. ഇപ്രകാരം കഴിഞ്ഞതും വരുന്നതും എപ്പോഴും ആലോചിച്ചുകൊണ്ടിരിക്കുകയെന്ന സുഖക്കേടു് എനിക്കു് എങ്ങനെകിട്ടി? അപ്പോഴപ്പോൾ ഉള്ള ജോലി അപ്പോഴപ്പോൾ ചെയ്യാൻമാത്രം ഞാൻ ശ്രമിക്കട്ടെ.

25 മാർച്ചു് 1948

മഹായുദ്ധത്തിനുശേഷം ഞാൻ യൂറോപ്പിലേയ്ക്കു പോന്നിട്ടു് ഇപ്പോൾ ഒന്നരക്കൊല്ലത്തോളമായി. എത്ര വിചിത്ര

മായ വേഗത്തിൽ സമയം ഓടിപ്പോയിരിക്കുന്നു! ഇന്നലെയാണ് ഞാൻ ജെനീവായിൽ വന്നിറങ്ങിയതെന്നു തോന്നുന്നു. മുമ്പ് സ്കൂളിൽ പഠിച്ചുകൊണ്ടിരുന്നപ്പോൾ ഒരു മാസം ഈ ഒരു കൊല്ലത്തേക്കാൾ ദൈർഘ്യം ഉള്ളതായി അനുഭവപ്പെട്ടിരുന്നു.

വീണ്ടും വസന്തം വന്നുകഴിഞ്ഞു. ഭാവിയെപ്പററിയുള്ള ആശങ്കകൾക്കിടയ്ക്കെല്ലാം എനിക്കു് ഒരു സമാധാനം ഉണ്ട്. എന്തുതന്നെ വന്നാലും, ചിലതിലൊക്കെ സന്തോഷം തോന്നും. പുലർച്ചയിലെ പ്രകൃതിയുടെ പുതുമ, പുൽത്തകിടിയുടേയും പുഷ്പങ്ങളുടേയും ഭംഗി, നിലാവുള്ള രാത്രികൾ, നക്ഷത്രങ്ങൾ, സ്ത്രീസൗന്ദര്യം—അവയെല്ലാം കാണുമ്പോഴും അവയെക്കുറിച്ച് എഴുതിയിട്ടുള്ള സാരമായ സാഹിത്യഗ്രന്ഥങ്ങൾ വായിക്കുമ്പോഴും.

പാരീസ്
16 ഏപ്രിൽ 1948

കഴിഞ്ഞ രണ്ടാഴ്ചയായി ഞാൻ വീണ്ടും പാരീസിൽ കഴിയുകയാണ്. മുമ്പ് ഇവിടെവന്ന ആ സമയത്തെപ്പററി ഓർമ്മിക്കാതിരിക്കാൻ തരമില്ല. അന്നും ഇന്നും ആയി താരതമ്യപ്പെടുത്തിനോക്കാനുള്ള ശ്രമത്തിനും ഞാൻ വഴിപ്പെട്ടുകൊടുത്തു. അന്നു ഞാൻ അതിഥിയായി താമസിച്ചിരുന്ന സ്ഥലത്തുപോയി. ഭാഗ്യവശാൽ മദാം മോറാ, അവരുടെ പ്രയാണങ്ങൾക്കിടയിൽ അവിടെത്തന്നെ ഉണ്ടായിരുന്നു. അന്നത്തെപ്പോലെ ഒരു ചൈനീസ് റെസ്റ്റോറന്റിൽ ഞങ്ങൾ ഒരുമിച്ച് ഊണുകഴിക്കാൻ പോയി. പഴയകാലങ്ങളെക്കുറിച്ചു രസകരമായ സംസാരം. അതിൽനിന്നു ശ്രദ്ധയെ ആകർഷിക്കാൻ അന്നത്തേപ്പോലെ ഇക്കുറി അടുത്തു യാതൊരു കാമുകീകാമുകന്മാരുടെ

ചാപല്യവും ഇല്ലായിരുന്നു. എനിക്കു് മദാംമോറായെ അതിഥിയായി സൽക്കരിക്കാൻ കാലത്തിൻെറ പോക്കു് കെല്പുതന്നു.

കൂടാതെ, ഈ തവണ ഫ്റഞ്ചുഗവമ്മേൻ്റിൻെറ സല്ക്കാരങ്ങൾ സ്വീകരിക്കാനും എനിക്കു ഭാഗ്യം ഉണ്ടായി. പാരീസ്പട്ടണത്തിലെ സകലകാഴ്ചകളും ഔദ്യോഗികമായി കാണിച്ചുതന്നതിന്നുപുറമേ, ഒരു പ്രത്യേകതീവണ്ടിയിൽ ഞങ്ങളെ ആറസ്സിലേയ്ക്കു കൊണ്ടുപോകയുംചെയ്തു. ആദ്യത്തെ മഹായുദ്ധകാലത്തുനടന്ന ഘോരസംഭവങ്ങളുടെ സ്മാരകമായി കെട്ടിപ്പൊക്കിയ ആ മഹനീയ സ്തംഭം—വിമി മെമ്മോറിയൽ—കണ്ടു് വികാരനിമീലിതനായി അരനിമിഷം അവിടെനിന്നു. അതുകഴിഞ്ഞു ബസ്സിൽ ഭംഗിയേറിയ പ്രദേശത്തുകൂടി സവാരിയും, സ്നേഹിതന്മാരുമായി ആഹ്ലാദപുരസ്സരമായ സംഭാഷണവും.

14 മെയ് 1948

എനിക്കു സാഹിത്യതൃഷ്ണ നല്ലവണ്ണം ഉണ്ടെങ്കിലും എന്തെങ്കിലും എഴുതിവിടാനുള്ള ആവശ്യമോ ആഗ്രഹമോ ഭാഗ്യവശാൽ ഇല്ല. പുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്താൻ മാത്രമാണു് ആഗ്രഹമെങ്കിൽ, തജ്ജമകളോ അനുകരണങ്ങളോ, കുറെ എഴുതിത്തയ്യാറാക്കാൻ വലിയ ബുദ്ധിമുട്ടൊന്നും ഇല്ല. പക്ഷേ, ഇംഗ്ലീഷ് ഏറെക്കുറെ അറിയാവുന്ന ഇന്നത്തെ അഭ്യസ്തവിദ്യരുടെ മുമ്പിൽ ഞാൻ ഇംഗ്ലീഷിൽനിന്നു തജ്ജമചെയ്ത പുസ്തകങ്ങൾ അവതരിപ്പിച്ചിട്ടു് എന്തുഫലം? ഒരുകാലത്തു് എനിക്കു സമയവും കെല്പും ഉണ്ടെങ്കിൽ സ്വതന്ത്രമായ സാഹിത്യശ്രമം ചെയ്യാം; അല്ലെങ്കിൽ ആക്കും ഒരു നഷ്ടവും വരാനില്ല.

പക്ഷേ, ഇങ്ങനെ നിശ്ചയിച്ചുറപ്പിച്ചതോടുകൂടി

എൻെറ സാഹിത്യക്കൊതി അവസാനിക്കുന്നില്ല. ഞാൻ ചെയ്തുതീർത്ത് ഉച്ച്ശ്രമങ്ങളും ചെയ്യാനിരിക്കുന്ന വമ്പിച്ച കാര്യങ്ങളും അടിക്കടി എൻെറ മനസ്സിൽക്കൂടി പാഞ്ഞു കൊണ്ടിരിക്കും. ചിലപ്പോൾ, ഞാൻ എഴുതിയ ചില ഭാഗങ്ങൾ വായിച്ചുനോക്കുമ്പോൾ, അവ വേറെ ആരോ എഴുതിയപോലെ അത്ര അപരിചിതമായി തോന്നും. ഇടയ്ക്കിടയ്ക്ക് എന്തെങ്കിലും എഴുതാനുള്ള ആഗ്രഹം തോന്നും; പക്ഷേ, സാഹിത്യത്തിൽ വിജയത്തിന്ന് ആവശ്യമുള്ളത്ര നിരന്തരമായ പരിശ്രമമോ പാടവമോ എനിക്കില്ലെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു.

നേരെമറിച്ച്, ജീവിതത്തിൽ കാണിക്കുന്നതിനെക്കാൾ ധൈര്യവും വാചാലതയും ഞാൻ സാഹിത്യത്തിൽ പ്രത്യക്ഷപ്പെടുത്തുന്നു. അതുകൊണ്ടായിരിക്കാം, എൻെറ സാഹിത്യശ്രമങ്ങൾമാത്രം കണ്ടിട്ടുള്ളവർ എന്നെ ആദ്യം കാണുമ്പോൾ അല്പം അത്ഭുതപരതന്ത്രരായി പെരുമാറുന്നതു്.

മിസ് എലോയിസാ വരേൻെറ എൻെറക്കൂടെ ജോലിനോക്കാൻ വന്നു. വളരെ കൃശയായ ഒരു പെൺകുട്ടി. ഇംഗ്ലീഷും ഫ്റഞ്ച്യം സംസാരിക്കും. കൂടാതെ അവളുടെ ഭാഷ പോർത്തുഗീസ്, സ്പാനിഷ്ഭാഷയോടടുത്തതാണതാനും. എനിക്ക് ഇംഗ്ലീഷൊഴിച്ച് അന്യഭാഷയിലുള്ള അജ്ഞാനത്തിൻെറ കുറവ് അവൾ തീർക്കും. പക്ഷേ, ഒരു സഹപ്രവർത്തകയോട്ട് എങ്ങനെ പെരുമാറും എന്ന് ഓർമ്മിച്ച് ഞാൻ അല്പംപരുങ്ങലിലാണ്. ഇതുവരെ ജോലിചെയ്യാൻ ചുററും പുരുഷന്മാരേ എനിക്കുണ്ടായിരുന്നുള്ളൂ. ഇപ്പോൾ ഇതാ ഒരു സ്ത്രീ. ആ ഭേദം വിഗണിച്ചു പതിവുപോലെ പുരുഷന്മാരോടെന്നപോലെ പെരുമാറാം എന്നു വെച്ചാൽ അതു ശരിയാവുമെന്നു തോന്നുന്നില്ല.

ഏതായാലും അവളെ എനിക്കു പരിചയപ്പെട്ടത്തിയിട്ട് പ്രസ്സ് (അതാണെൻെറ മേലാവിൻെറ പേരു്) അന്തർദ്ധാനം ചെയ്തു. ഞാൻ പൊതുവിൽ ഞങ്ങളുടെ ജോലിയെപ്പററിയും അവളെക്കുറിച്ചും സംസാരിച്ചു. ഭാഗ്യവശാൽ കുറേദിവസത്തേയ്ക്കു് അവൾ വേറൊരു മുറിയിലാണിരിക്കുന്നതു്. എനിക്കു് എൻെറ മുറിയിലുള്ള സ്വാതന്ത്ര്യം കുറേക്കൂടി നീണ്ടുനില്ക്കും. അതുകഴിഞ്ഞു് ഇവിടുത്തെ ദിവസങ്ങളിലെ ഏറിയഭാഗവും ഈ മുറിയിൽ ഞങ്ങൾ ഒരുമിച്ചായിരിക്കും. ഒരു സഹപ്രവത്തക എന്നു പറഞ്ഞുവെങ്കിലും ശരിക്കു് അവൾ ഔദ്യോഗികമായി എന്നേക്കാൾ താണപടിയിലാണു്. പക്ഷേ, ഇവിടുത്തെ സമത്വവും അവളുടെ സ്ത്രീത്വവും ഒരുമിച്ചു് ആലോചിക്കുമ്പോൾ അവളോടു് എന്തെങ്കിലും പറയുന്നതു് ഭവ്യമായേ പാടുള്ളു.

ഏതു യാദൃച്ഛികസംഭവങ്ങളാണു് എന്നെ ഈമാതിരിയുള്ള ജോലിക്കു വരുത്തിയതും, അതുകഴിഞ്ഞു ബ്രസ്സീലിൽ എവിടെയോ ജനിച്ചുവളന്ന ഒരു പെൺകുട്ടിയുടെ കൂടെ ആ ജോലിചെയ്യാൻ ഇടയാക്കിയതും എന്നു ഞാൻ ആലോചിക്കുകയാണു്.

10 ആഗസ്റ്റ് 1948

ഞാൻ കുറേക്കാലമായി ജോലിയിൽ ബദ്ധപ്പെട്ടിരിക്കയായിരുന്നു. അതുകൊണ്ടു് ഈ ഏടുകളിൽ ഒരക്ഷരംപോലും എഴുതാൻ സാധിച്ചില്ല. അതിനിടയ്ക്കു വേനൽക്കാലം വന്നുകഴിഞ്ഞു. ഞങ്ങൾക്കു ജനാലകളെല്ലാം തുണികൾകൊണ്ടു മൂടി വെയിലിനെമറച്ചു മുറിയിൽ സുഖമായിരിക്കാം. വെളിയിൽ, കായലിലെ വെള്ളം വെയിൽ തട്ടി തിളങ്ങുന്നതു നോക്കിക്കൊണ്ടു ചിലപ്പോൾ ഞാൻ

അവ്യക്തമായ വിചാരധാരയിൽ മുഴുകും. ജോലി തൃപ്തികരമായി ചെയ്തുതീൎത്തതിൽ എനിക്കു് അതിയായ ചാരിതാൎത്ഥ്യം. പുസ്തകങ്ങൾ എഴുതുന്നതിനായി എല്ലാസമയവും ചെലവാക്കാൻ സാധിച്ചിരുന്നെങ്കിൽ എന്നു ഞാൻ ഒരുകാലത്തു വിചാരിച്ചിരുന്നു. ഇപ്പോൾ അന്നത്തെ പ്രാൎത്ഥനയുടെ ഫലമോ എന്നു തോന്നുമാറു് പുസ്തകമെഴുതുകയാണു് എൻെറ പ്രധാനജോലി. അതിൽ എൻെറ പേരു പ്രസിദ്ധപ്പെടുത്തുന്നില്ലെങ്കിൽ ഞാൻ എന്തിനു വല്ലായ്മപ്പെടുന്നു? ഓരോ വാചകവും—ഓരോ അക്ഷരംപോലും—ഞാൻ എഴുതിയുണ്ടാക്കിയതാണെന്നു് എന്നോടു് ആരും പറഞ്ഞുതരേണ്ട. ഞാൻ ശ്രമിച്ചെഴുതിയുണ്ടാക്കിയതെല്ലാം അച്ചടിച്ചു കണ്ടപ്പോൾ ക്രമത്തിലധികം സന്തോഷമുണ്ടായി. അതിന്നു് എൻെറ മേലുദ്യോഗസ്ഥൻെറ പ്രശംസകൂടി കിട്ടിയപ്പോൾ സന്തോഷത്തിന്നു് അതിരില്ലായിരുന്നു. പലപ്പോഴും ആത്മനിന്ദയിൽ ഏൎപ്പെട്ടുകഴിയുന്ന എനിക്കു് എന്തുകൊണ്ടു് ഈമാതിരിയുള്ള അപൂൎവ്വനിമിഷങ്ങൾ ആഘോഷിച്ചുകൂടാ? ഞാനതുകൊണ്ടു് എനിക്കു കിട്ടിയ ഈ പ്രശംസയെ കെങ്കേമമായി കൊണ്ടാടി.

ഇതിൽ എനിക്കുള്ളപങ്കു് നിസ്സംശയം എനിക്കു് അറിയാവുന്നതുകൊണ്ടു മററുള്ളവൎക്കുള്ളതിൽക്കൂടുതൽ വീതിച്ചുകൊടുക്കുന്നതിൽ എനിക്കു ലേശം ലോഭമില്ല. എലോയിസാ വന്നപ്പോഴേയ്ക്കും എൻ്റെ റിപ്പോൎട്ടു് എഴുതിക്കഴിഞ്ഞിരുന്നു. അവൾ അതിൽ ചില പട്ടികകളും കണക്കുകളും തെയ്യാറാക്കി. ഞാൻ അവ പിന്നീടു് ഒന്നു പരിശോധിക്കുകയും ചെയ്തു. എങ്കിലും റിപ്പോൎട്ടു് അച്ചടിച്ചു വെളിയിൽ വന്നപ്പോഴേയ്ക്കും അതാ പട്ടികയുടെ ഒരു കോളത്തിലുള്ള സംഖ്യ വേറൊന്നിലായി. എനിക്കു് ഇതിലുള്ള

സങ്കടം ഞാൻ വേറെ ആരെയും അറിയിക്കാതെ വെച്ചു കൊണ്ടിരിക്കയാണു്.

17 സെപ്റ്റംബർ 1948

ഇന്നു വെള്ളിയാഴ്ച, സാധാരണആഴ്ചതോറും പോകാറുള്ളതുപോലെ ഞാൻ ആഫീസിൽ ജോലിചെയ്യുന്ന ഞങ്ങളുടെ വകുപ്പിലെ ആളുകളോടൊപ്പം വെളിയിൽ ഉച്ചയ്ക്കു് ഊണുകഴിക്കാൻ പോയി. വേനൽക്കാലത്തിൻെറ അവസാനത്തിലെ ശക്തിയില്ലാത്ത സൂര്യകിരണങ്ങൾ ഏററുകൊണ്ടു്, വെളിയിൽ ഞങ്ങൾ സംസാരിച്ചുകൊണ്ടിരുന്നു. ഫ്റഞ്ചും ഇംഗ്ലീഷും കലർത്തി പലരും ഒരുമിച്ചുള്ള ആ സംഭാഷണം സുപരിചിതമായി കേട്ടുകൊണ്ടിരുന്നപ്പോൾ, ഞാൻ എൻെറ ജെനീവാജീവിതത്തിൽ പരിപൂർണ്ണമായി ലയിച്ചുകഴിഞ്ഞു എന്നു് എനിക്കു തോന്നി. എൻെറ ജോലിയിൽ എനിക്കു തൃപ്തി, ഒരുപക്ഷേ, ആദ്യമായി, ഉണ്ടായിത്തുടങ്ങി. മനസ്സിൻെറ നിരന്തരമായ ഇളക്കം നിലച്ചു. ദേഹത്തിൻെറ ആരോഗ്യം സാമാന്യമായി ഭേദപ്പെട്ടു എന്നു ഞാൻ നിശ്ചയിച്ചുതുടങ്ങി. ഇതിൽക്കൂടുതൽ എന്താണു് ആവശ്യം?

ജീവിതം മുന്നോട്ടു പോകുന്തോറും—അതു് അവിശ്വാസനീയമായവിധം വേഗത്തിൽ മുന്നോട്ടുപോകുന്നു!—ഒരാൾക്കു കിട്ടാവുന്ന പരിമിതമായ അനുഭവത്തിൻെറ ഒരു ഭാഗം എന്നെന്നേയ്ക്കും കഴിഞ്ഞതായി തോന്നുന്നു. ആ ഭാഗത്തിന്റെ ഒരോർമ്മ ഏതെങ്കിലും തരത്തിൽ നിലനിറുത്തിയില്ലെങ്കിൽ, അതു നിശ്ശേഷം പാഴായല്ലോയതിൽ നാം പശ്ചാത്തപിക്കുന്നു. പക്ഷേ, ഏതുവിധമാണു് അതിനെ നിലനിർത്തുക? ക്ഷണഭംഗുരമായ നിമിഷങ്ങൾ ഒരു അനന്തതയെ പ്രദാനംചെയ്യണമെന്നുള്ളമോഹം കേവലം ദുഃസാദ്ധ്യ

മായിത്തന്നെയേ ഇരിക്കു. പക്ഷേ, അവനവന്ന് ഉണ്ടാവുന്ന അനുഭവങ്ങളെ തേടിപ്പിടിച്ചു മററുള്ളവക്കു കാണിച്ചുകൊടുക്കാനുള്ള ശ്രമം ദുർമ്മോഹങ്ങളിൽ ഉൾപ്പെടുത്തണമെന്നു തോന്നുന്നില്ല. നിസ്സാരസംഭവങ്ങൾപോലും, ആ അനുഭൂതിയിൽക്കൂടി പ്രത്യക്ഷപ്പെട്ടുമ്പോൾ, ഒരു പ്രത്യേക ഭാവപ്പകർച്ചയുള്ളതുപോലെ അനുഭവപ്പെട്ടുന്നു. അതുകൊണ്ടായിരിക്കാം ആത്മകഥകളിലും ഓമ്മക്കുറിപ്പുകളിലും എനിക്കു വല്ലാത്ത ഒരു രസംതോന്നുന്നത്.

അദ്ധ്യായം 4

## വീണ്ടും കായലിൻെറ കരയ്ക്കു്

5 ഒക്ടോബർ 1948

ശരൽക്കാലത്തിൻെറ ചിഹ്നങ്ങൾ വീണ്ടും കണ്ടുതുടങ്ങി. കൊച്ചനിയൻ ഇന്നു് ആദ്യമായി പള്ളിക്കൂടത്തിൽ പോയി. അങ്ങനെ അയാളുടെ വിദ്യാൎത്ഥിജീവിതം ആരംഭിച്ചു. വേറൊരു ജീവിതം. അതിൻെറ ആകെയുള്ള ഗതി എപ്രകാരമായിരിക്കും എന്നു ഞാൻ ആലോചിക്കുകയായിരുന്നു. അതോടുകൂടി അനിവാൎയ്യമായ അവസാനത്തിലേയ്ക്കു കുതിച്ചുചാടിക്കൊണ്ടിരിക്കുന്ന എൻെറ ജീവിതത്തിനെപ്പററിയും ഓൎമ്മിക്കുകയായിരുന്നു. അതിൻെറ ശരൽക്കാലത്തിന്റെ അടയാളം യാതൊരു സംശയവുമില്ലാതെ നരച്ചുതുടങ്ങിയ എൻെറ ചില തലമുടിയിഴകൾ വിളിച്ചുപറഞ്ഞുകൊണ്ടിരിക്കുന്നു.

കറുത്ത കാറുകൊണ്ടുമൂടിയ ആകാശത്തിനു താഴെ അല്പം ക്ഷോഭിച്ച കായലിലെ തിരമാലകൾ നോക്കിയിരുന്നപ്പോൾ അടിക്കടി വന്നുകൊണ്ടിരുന്ന വിചാരം എനിക്കു നേരിട്ടിട്ടുള്ള പലേ പരാജയങ്ങളെക്കുറിച്ചായിരുന്നു. ഈ ജീവിതത്തിൽക്കൂടി യാതൊരു പ്രാധാന്യവും ഇല്ലാതെ ഞാൻ കടന്നുപോകും എന്നു് എനിക്കു ബോധ്യംവന്നിട്ടു് വൎഷങ്ങൾ കുറെയായി. അതിൽ എനിക്കു യാതൊരു വല്ലായ്മയും ഇല്ലായിരുന്നു. പ്രാധാന്യംകൊണ്ടു് എന്തു ഫലമാണുള്ളതു്? അവരവരുടെ മനസ്സിനു സുഖവും തൃപ്തിയും ഉണ്ടെങ്കിൽ, ഈ ലോകത്തിൽ പ്രാധാന്യമില്ലെങ്കിൽ കൂടി ജീവിതം സഫലമാവും. പക്ഷേ, നിൎഭാഗ്യവശാൽ സ്വാത്മാഭിമാനം എന്നൊരു ചെടി ഏതു നിസ്സാരജീവി

യുടേയും അകത്തു മൊട്ടിട്ടുനില്ക്കുന്നു. ഏതെങ്കിലും ഒരു തരത്ത കാററുമതി അതിനെ ആകെ ക്ഷതപ്പെട്ടുത്താൻ. അവനവനു് അംഗീകരണം കിട്ടിയതിൽ അലംഭാവമില്ലായ്മ അഥവാ മറെറാരാൾക്കു കൂട്ടുതൽ അംഗീകരണം കിട്ടിയതിലുള്ള അസംതൃപ്തി, സ്വന്തം കഴിവനുസരിച്ചു ശ്രമിച്ചില്ലെന്നുള്ള ബോധം, മറെറാരാൾക്കു് അർഹിക്കാത്തവിധം പ്രാധാന്യം കിട്ടിയെന്നുള്ള വിശ്വാസം—ഇവയിൽ ഏതെങ്കിലുംമതി സ്വാത്മാഭിമാനത്തെ കെട്ടുത്താൻ. വേറൊരുവിധം പറയുകയാണെങ്കിൽ, ഏതു ചുരുങ്ങിയ നിലയിലും, അവനവനെ സംബന്ധിച്ചുമാത്രമായാലും, ഏതാണ്ടു് ഒരു പ്രാധാന്യം മനുഷ്യർ ആഗ്രഹിക്കുന്നു. അപ്രകാരം ഒരു ആഗ്രഹമില്ലെങ്കിൽ അതു് ഒരുപക്ഷേ, ആത്മവിശ്വാസം ഇല്ലാതെയാക്കുമായിരിക്കാം.

പ്രധാനികളാണെന്നു നടിച്ചുമാത്രം പലക്കും പ്രാധാന്യം സിദ്ധിക്കുന്നു. ഷേക്സ്പീയരുടെ ഒരു പ്രസിദ്ധപാത്രം പറഞ്ഞതുപോലെ ചിലർ മഹാന്മാരായി ജനിക്കുന്നു, മറ്റുചിലർ മഹാന്മാരാകുന്നു, വേറെചിലരിൽ മഹത്വം വെച്ചുകെട്ടുന്നു. ഏതാണ്ടിതുപോലെതന്നെ പ്രാധാന്യത്തിന്റെ കാര്യവും. എനിക്കാണെങ്കിൽ പ്രാധാന്യം നടിക്കാൻ കൂടി കെല്പില്ലാതെ വന്നിരിക്കുന്നു.

12 ഒക്ടോബർ 1948

കഴിഞ്ഞ യുദ്ധകാലത്തു് കപ്പൽനാശംവന്ന ചിലരെ തോക്കുകൊണ്ടു വെടിവെച്ചുകൊന്ന കുററത്തിനു് ഒരു ജർമ്മൻസേനാനായകനെ വിസ്തരിച്ചതിന്റെ വിവരണം വായിച്ചപ്പോൾ ജീവിതത്തിൻെറ അവസാനനിമിഷം മുമ്പിൽ കാണുന്ന സമയത്തുണ്ടാകാവുന്ന വിചാരങ്ങളെപ്പററി ഞാൻ ചിന്തിച്ചു.

അത്ഭുതമെന്നു പറയട്ടെ, മരണവും മരണത്തെപ്പററിയുള്ള വിചാരവും എന്നെ അല്പംപോലും ഭയപ്പെടുത്തുന്നില്ല. ഒരുപക്ഷേ, മരണം ആസന്നമാവുമ്പോൾ ഭാവം മാററമായിരിക്കാം. ഞാൻ ലോകത്തിൽ വേണ്ടത്ര താമസിച്ചുകഴിഞ്ഞു എന്ന തോന്നലുകൊണ്ടുണ്ടാവുന്ന സമാധാനവും സ്ഥിരതയും അല്ല എനിക്കിപ്പോൾ ഉള്ളതു്. എനിക്കു് ഇനിയും ഇതുവരെ ജീവിച്ചുകഴിഞ്ഞ കാലത്തോളം തന്നെ ഒരുപക്ഷേ, ജീവിക്കാൻ സാധിച്ചേയ്ക്കും. ഏതായാലും ജീവിതമോ ജീവിതത്തിലെ അനുഭവങ്ങളോ അധികമായിപ്പോയി എന്നു് എനിക്കു തീരെ തോന്നിയിട്ടില്ല. ഇനി അതെല്ലാം എമ്പാടും ആനന്ദിക്കാനുള്ള കെല്പു് എനിക്കു നിശ്ചയമായും ശേഷിച്ചിട്ടുണ്ടു്. പക്ഷേ, അതിന്റെയെല്ലാം പുതുമ പോയി. ജീവിതത്തിൽ ഉണ്ടാകാവുന്ന സന്തോഷവും സങ്കടവും, ജയവും പരാജയവും, സ്നേഹവും വെറുപ്പും, മമതയും അസൂയയും, എല്ലാം ഒരേസമയത്തു് എനിക്കു് അനുഭവപ്പെട്ടുകഴിഞ്ഞു. ഇനി ഏറെക്കുറെ ഈ അനുഭവങ്ങളുടെ ആവർത്തനം ആയിരിക്കും ജീവിതം എന്ന ഒരു തോന്നലാണിപ്പോൾ. ആ ആവർത്തനം കുറെ ഏറുകയോ കുറയുകയോ ചെയ്താൽ—അതായതു് ജീവിതം അല്പം ദീർഘമോ ഹ്രസ്വമോ ആയാൽ—പ്രത്യേകിച്ചു് ഒന്നും വരാനില്ലല്ലോ. ഒരുപക്ഷേ, ജീവിതത്തിലെ അനുഭവങ്ങൾ ഒന്നും അറിയാതെ ആദ്യംതന്നെ ജീവിതത്തിനോടു യാത്രപറയാൻ കുറേക്കൂടി വൈഷമ്യമുണ്ടായിരുന്നേനെ. ഒരുപക്ഷേ—? അഥവാ ജീവിതത്തിനോടു പരിചയമില്ലാത്തപ്പോൾ വേർപെട്ടുപോകുന്നതിനും വൈമനസ്യമില്ലായിരുന്നിരിക്കാം. ശരീരത്തിലെശക്തി ക്ഷയിച്ചുവരുന്നതോടുകൂടി ജീവിതത്തിൽ ആഗ്രഹം കുറഞ്ഞുകുറഞ്ഞുവന്നു് ഒടുവിൽ ആ അവസാനസമയത്തു് ജീവിതം വിടു

ന്നതു് ഒരു അനുഗ്രഹമായി തോന്നുമെങ്കിൽ മരണത്തിനെ തീരെ ഭയപ്പെടേണ്ടതില്ല. പക്ഷേ, ഇപ്രകാരമെല്ലാം നമ്മുടെ സൗകര്യത്തിനുവേണ്ടി മരണം ഏർപ്പാടുചെയ്യുതന്നിട്ടാക്കാണത്യാവശ്യം?

1 നവംബർ 1948

സമ്മേളനത്തിൻെറ ബഹളം. ചുററും ബഹളമുള്ളപ്പോൾ പരിഭ്രാന്തരായി ഓടിനടക്കുന്നവരുടെ സംഖ്യ ചുരുക്കമല്ല. പ്രകൃത്യാ ശാന്തശീലയായ മദാംസവ്വായെ ഈ മാതിരിസമയത്തു് അടുക്കാൻതന്നെ പ്രയാസം. സാധാരണ അവർ എഴുതിയുണ്ടാക്കുന്നതിൽ അററകുററങ്ങൾ ചൂണ്ടിക്കാണിച്ചാൽ അവർ അതെല്ലാം സമ്മതിക്കും; പക്ഷേ, ഇപ്പോൾ ഒരക്ഷരം മാററുന്നതിന്നുമുമ്പു് അവർ കുത്തിച്ചാവാൻ ഒരുക്കമാണു്. അവരുടെ ഇഷ്ടംപോലെ എഴുതിവിടട്ടെ; അല്പം തെററിപ്പോയാൽ ലോകം ഇടിഞ്ഞുവീഴില്ലല്ലോ. ഇപ്രകാരം എപ്പോഴും എനിക്കു സമാധാനം കിട്ടുമായിരുന്നെങ്കിൽ! ചിലപ്പോൾ ഞാൻ എഴുതിയതിനുവേണ്ടി അവരുമായി ഭയങ്കരമായ വാഗ്വാദത്തിൽ ഏർപ്പെടും. പക്ഷേ, ഒടുവിൽ എന്നെ സംബന്ധിച്ചിടത്തോളം എപ്പോഴും സ്ത്രീകൾക്കാണു വിജയം.

28 ഡിസംബർ 1948

ഇന്നു് ആഫീസിലേയ്ക്കു പുറപ്പെട്ടപ്പോൾ ഹിമകണങ്ങൾ തെരുതെരെ പൊഴിഞ്ഞുകൊണ്ടിരുന്നു. കുറെ കഴിഞ്ഞു വെളിയിലേയ്ക്കു നോക്കി. ചുററും മുഴുവൻ മഞ്ഞുകൊണ്ടു മൂടിയിരുന്നു. മഴയേക്കാൾ കട്ടിയായി വെള്ളം വെള്ളുത്തുവരുമ്പോൾ ഇത്ര അഴകു തോന്നുന്നതെന്താണു്?

ഇന്നത്തേക്കാൾ എത്രയോ ഭേദമായിരുന്നു ഇന്ന

ലത്തെ കാഴ്ച. ചുററും മൂടൽമഞ്ഞുകൊണ്ടു കായലുപോലും കാണാൻവയ്യാതെ. ഇടയ്ക്കിടയ്ക്കു് അടിച്ചുവരുന്ന പുകച്ചുരുട്ടങ്ങളുടെ മധ്യത്തിൽ ഇലയൊന്നുമില്ലാത്ത വൃക്ഷങ്ങൾ ഉഴലുന്നപോലെ തോന്നി.

തണുപ്പുകാലത്തു വെളിയിൽ അനക്കവും ശബ്ദവും കുറഞ്ഞിരിക്കുമ്പോൾ ജീവിതമാകെക്കൂടി ഒരു ശാന്തഭാവം കൈക്കൊള്ളുന്നു. ചൂടുപിടിപ്പിച്ചിട്ടുള്ള മുറിയിൽ സുഖമായിരുന്നുനോക്കുമ്പോൾ വെളിയിലെ പ്രകൃതിയുടെ വൈകല്യങ്ങൾപോലും വളരെ ആസ്വാദപ്രദമായി തോന്നും. മഞ്ഞു കാണാനുള്ള കൗതുകമല്ലാതെ അതിന്റെ തണുപ്പ് അപ്പോൾ അനുഭവിക്കേണ്ട.

പക്ഷേ, ഈ ശാന്തമായ സമയത്തും, എന്തുകൊണ്ടാണെന്നു നിശ്ചയമില്ല, എനിക്കു് അസുഖകരമായ വിചാരങ്ങളെ അകററിനിത്താൻ സാധിക്കുന്നില്ല. സന്തോഷമോ സങ്കടമോ ഒരു വിട്ടാവ്യാധിപോലെ എപ്പോഴും കൂട്ടുകയാണെങ്കിൽ അപകടത്തിലേ കലാശിക്കൂ. പ്രത്യേകിച്ചു് വിഷാദാത്മകത്വം ഭാവനാശക്തിയെ ആകെ അലങ്കോലപ്പെടുത്തി വാസ്തവത്തിൽനിന്നു നമ്മെ വളരെ അകററുന്നു. ഇതൊക്കെ തത്വത്തിൽ അറിയാമെങ്കിലും, ഭൂതവും ഭാവിയും ഒരുപോലെ കറുത്തമഷിയിൽ വരച്ചുകൊണ്ടിരിക്കുന്നു. മനസ്സിനു സുഖം വേണമെങ്കിൽ, അസുഖകരമായ വിചാരങ്ങൾ മറക്കുകയേ ഒരു വഴിയുള്ളുവെന്നു് ഞാനെന്നാണു് പഠിക്കുന്നതു്?

20 ജനുവരി 1949

കഴിഞ്ഞ കുറെദിവസങ്ങളായി ഞാൻ കിടപ്പിലാണു്. പ്രതീക്ഷിച്ചിരിക്കാതെ പെട്ടെന്നു വസൂരിയുടെയത്ര ഭയങ്കരമായ നീർപ്പോളൻ എന്നെവന്നു പിടികൂടി,

ബാക്കി വീട്ടിലുള്ളവക്കെല്ലാം വന്നപ്പോൾ എനിക്കുമാത്രം വരികയില്ലെന്നു ഞാൻ നടിച്ചുനടന്നു. ചുററും ആളുകൾ മരിക്കുമ്പോൾ എനിക്കുമാത്രം മരണമില്ലെന്നു വിചാരിക്കുന്നതുപോലെ. സുഖക്കേടിന്റെ ലക്ഷണങ്ങൾ കണ്ടിട്ടും സാരമാക്കാതെ ഞാൻ ചില ചില്ലറ ജോലികൾ തീക്കാൻ ആഫീസിൽ പോയി. ഫലം: സുഖക്കേടിൻെറ ഭാവം കുറേക്കൂടി മൂത്തുവന്നു. ക്രമേണ മുഖം വീത്തു. താടിവളന്ന് ഓരോ രോമകൂപങ്ങളും തീവ്രവേദനയുടെ ഓരോ കേന്ദ്രങ്ങളായി മാറി. രാത്രിയാവുമ്പോൾ ഈ കേന്ദ്രങ്ങളെല്ലാം ഏകോപിച്ച് ഒരു ഭയങ്കരമായ വേദനയുള്ള നൃത്തത്തിനു കോപ്പുകൂട്ടും. ഉറങ്ങാൻ എത്ര മരുന്നുകൾ കഴിച്ചിട്ടെന്തു ഫലം? വേദനയല്പം അടങ്ങീട്ടല്ലേ ഉറക്കംവരേണ്ടതു്? ഞാൻ ഈമാതിരിയുള്ള വേദന അനുഭവിച്ചിട്ടില്ലെന്നു മാത്രമല്ല, മനസ്സിൽ കാണാൻകൂടി ഇതുവരെ കഴിഞ്ഞിട്ടില്ല.

പക്ഷേ, ഭാഗ്യവശാൽ ഏതു വേദനയുടെയിടയിലും നിമിഷങ്ങൾ മുന്നോട്ടുപോകും എന്നൊരു സമാധാനമുണ്ട്. മുന്നോട്ടു പോകുന്നതിനുമുമ്പ് മരണത്തിൻെറനിഴൽ കണ്ടു എന്നുമാത്രം. ആ നിഴൽ യുക്തിവാദങ്ങൾ ഇത്ര സ്ഥിരമായി കെട്ടിപ്പൊക്കിയുണ്ടാക്കിയ സമാധാനത്തെയാകെ ഉടച്ചുകളയുന്നതെങ്ങനെയാണ്? ആലോചിച്ചു നോക്കിയപ്പോൾ, ജീവിതം വിടുന്നതിനു യാതൊരു ഒരുക്കവും ഞാൻ ചെയ്തുകഴിഞ്ഞിട്ടില്ല; അതിന്ന് ഇത്രയും അസൗകര്യമായ ഒരവസരവും ഞാൻ കണ്ടിട്ടില്ല. ഇതു്, എല്ലാപ്പോഴും ഒരുപക്ഷേ, ഇങ്ങനെയായിരിക്കാം; എന്നാലും, ആ വിചാരം എന്നെ വല്ലാതെ അസഹ്യപ്പെടുത്തി.

22 ജനുവരി 1949

ഞാൻ സുഖക്കേടിൽനിന്നും ക്രമേണ വിമുക്തനായിത്തുടങ്ങി. പക്ഷേ, മനസ്സിനെ അലങ്കോലപ്പെടുത്തുന്ന

വിചാരങ്ങളിൽനിന്നു് ഇനിയും രക്ഷകിട്ടിയിട്ടില്ല. ദേഹവും, മുഖവും ആസകലം പാടുകൾവന്നു വികൃതമായിരിക്കുന്നു. ഇവ മാറാതെ നില്ക്കുമോ എന്നാശങ്ക. കൂടാതെ അടുത്ത ഭാവിയെപ്പററിയും തീരെ സമാധാനമില്ല. ഞങ്ങൾ നാട്ടിലേയ്ക്കു പോവാൻ വട്ടംകൂട്ടിയിട്ടു് കാലം കുറെയായി. യാത്രയ്ക്കുറപ്പിച്ചിരുന്ന കപ്പൽ ജനോവാ(ഇററലി)യിൽനിന്നു പുറപ്പെടാനുള്ള തീയതിയടുത്തു. അപ്പോഴത്തേയ്ക്കു് എനിക്കു പോവാൻ സാധിക്കുമോ? ഇല്ലെങ്കിൽ—?

വെളിയിൽ തണുപ്പിൽക്കൂടി ജന്നലിൻെറയടുത്തു് തത്തിക്കളിക്കുന്ന സൂര്യപ്രകാശത്തിൻെറ ഭംഗിനോക്കി ഞാൻ ആലോചിക്കുകയായിരുന്നു.

എൻെറ ഇവിടുത്തെ കാര്യപരിപാടിയെല്ലാം ഈ യാത്രയെ കേന്ദ്രമാക്കി ഞാൻ തിട്ടപ്പെടുത്തിയിരുന്നു. അതിനിടയ്ക്കു്, ആരും വിളിച്ചുവരുത്താതെ കേറിവന്നു് ഈ നശിച്ച സുഖക്കേടു് അതിനെയെല്ലാം മാററിമറിച്ചു. ഞങ്ങൾതാമസിക്കുന്ന വീടു് വേറൊരാൾക്കു വാടകയ്ക്കു കൊടുത്തുകഴിഞ്ഞിരുന്നു. അയാൾ ഇടയ്ക്കിടയ്ക്കു ബദ്ധപ്പെടുത്തുന്നു. ഏതായാലും ഫെബ്രുവരി ഒന്നാംതീയതി വീടുകൊടുക്കാമെന്നു വാഗ്ദാനം ചെയ്തു് ഞാൻ എൻെറ വിചാരങ്ങൾക്കു പൂർണ്ണവിരാമം ഇട്ടു.

31 ജനുവരി 1949

വളർത്തിയ താടിയും മീശയുംകൊണ്ടുള്ള എന്റെ പുറപ്പാടു കണ്ടിട്ടു് ആഫീസിലുള്ളവർക്കു വലിയ നേരമ്പോക്കു്. ആഗ്രഹംപോലെ മനുഷ്യർക്കു വളർത്താനും മുറിക്കാനും സാധിക്കുന്നവയായി ഈ നിസ്സാരരോമങ്ങളല്ലേയുള്ളൂ? അവയിൽ ചിലതു ഞാൻ അല്പം കൂടുതൽ വളർത്തിപ്പോയതുകൊണ്ടു് ഇത്ര ഹസിക്കാനെന്താണു്?

ഏതായാലും അതിലൊന്നും പങ്കുകൊള്ളാൻ എനിക്കു തീരെ സമയമില്ല. ഞങ്ങൾ ഇന്നു വൈകുന്നേരം നാട്ടിലേയ്ക്കുള്ള ദീർഘയാത്രയുടെ ആരംഭമായി ജെനീവാ വിടുകയാണ്. പെട്ടികളും ഭാണ്ഡങ്ങളും ഒക്കെ ശാരദ ഒരറ്റത്തു ശേഖരിച്ചുകൂട്ടിയിട്ടുണ്ട്. അതിൻെറ ഇടയ്ക്കുകൂടി വിജയവും കൊച്ചനിയനും കിടന്നോട്ടം; രവി അവനു് ആവുന്നവിധം ഇഴഞ്ഞുകൊണ്ടു് അതിൽ ചിലതു തട്ടിയിടാനുള്ള ശ്രമം; ബദ്ധപ്പാടിനിടയ്ക്കു് എന്തെങ്കിലും തെററിയാൽ എനിക്കു ദേഷ്യം; ഇങ്ങനെ ആകെ വലിയ സ്വരത്തിലുള്ള ഒരു ബഹളം. ഒടുവിൽ പുറപ്പെടാറായപ്പോൾ മിസ്സിസ് മിഴ്സാ (ഞങ്ങളുടെ വീട്ടിൽ താമസിക്കാൻ വരുന്ന സ്ത്രീ) ഒരശുഭവർത്തമാനം കൊണ്ടുവന്നു ഞങ്ങളെ എതിരേററു. അസ്ഥാനത്തിലുള്ള അന്ധവിശ്വാസത്തിന്നടിമപ്പെട്ടു്, ഞാൻ യാത്രയ്ക്കു് എന്തെല്ലാം അപകടങ്ങൾ വരുമെന്നു ഭയപ്പെട്ടു.

സാമാനങ്ങളും ഭേസിക്കൊണ്ടു് ബദ്ധപ്പെട്ടു് ഓടി സ്റ്റേഷനിൽചെന്നു തീവണ്ടിയിൽ കേറാത്ത താമസം, അതു് അതിവേഗം പാഞ്ഞുതുടങ്ങി. തിരിയെ നാട്ടിൽ ചെല്ലുന്നതിനെപ്പററി വിചാരിക്കുമ്പോൾ വലിയ സന്തോഷം. ഞങ്ങൾ ഒരുമിച്ചു നാടുവിട്ടിട്ടിപ്പോൾ കഷ്ടിച്ചു രണ്ടു വർഷമേയായുള്ളു. എങ്കിലും അതു് എത്രയോ കാലത്തിനു മുമ്പാണെന്നു തോന്നുന്നു. അതിനിടയ്ക്കു ജെനീവാ ഞങ്ങൾക്കു തികച്ചും പരിചയമായിക്കഴിഞ്ഞു. ആ ചെറിയ പട്ടണത്തിൻെറ മിക്ക തെരുവുകളും ഞങ്ങൾ ധാരാളം അറിഞ്ഞുകഴിഞ്ഞു. അവിടുത്തെ ഈ രണ്ടുകൊല്ലക്കാലത്തെ താമസത്തെപ്പററി ഞാൻ ഓർമ്മിക്കാൻതുടങ്ങി. ഈ ചുരുങ്ങിയ കാലത്തിനിടയ്ക്കു ഞങ്ങൾ നാലുപ്രാവശ്യം വീടു മാറി; പല സ്നേഹിതന്മാരേയും സമ്പാദിച്ചു; ഏതാണ്ടു്

ഒരു പുതിയ ജീവിതരീതി കൈക്കൊണ്ടു. കൊച്ചനിയനും വിജയവും പരസ്പരം ഫ്റഞ്ചിൽ സംസാരിക്കുന്ന ബഹളമാണു്. ധ്രുതഗതിയിൽ പോകുന്ന തീവണ്ടിയുടെ ഇരുവശത്തും ഉള്ള കുന്നുകളും, കായലും, മററു കാഴ്ചകളും കണ്ടു് അവർ ഓരോന്നു് ആർത്തുവിളിക്കുന്നു. ജെനീവായിൽ കഴിച്ച ദിവസങ്ങളെപ്പററി അവർക്കു് എന്തു് ഓർമ്മയുണ്ടെന്നു ഞാൻ അത്ഭുതപ്പെട്ടുന്നു. പട്ടണത്തിൻെറ വെളിയിൽ നാട്ടുമ്പുറത്തു ഞങ്ങൾ താമസിച്ചപ്പോൾ അവർക്കു കിട്ടിയ കൂട്ടുകാരേയും, അവിടെയടുത്തുള്ള ഹോട്ടലിൽ തത്തിക്കളിക്കുന്ന മയിൽക്കൂട്ടങ്ങളേയും അവരോർക്കുന്നോ? അതോ, വീണ്ടും പട്ടണത്തിൽ വന്നശേഷം ആ പുതിയ കെട്ടിടത്തിൽ അവർക്കുകിട്ടിയ ചങ്ങാതിമാരെയാണോ ഈ ബഹളത്തിനിടയിൽ അവർ ഓർമ്മിക്കുന്നതു്?

മിലാൻ
2 ഫിബ്രു്വരി 1949

ജനോവായിൽനിന്നു കപ്പൽ കേറുന്നതിനുമുമ്പു ഞങ്ങൾ ചില ഇററാലിയൻപട്ടണങ്ങൾ സന്ദർശിക്കാൻ നിശ്ചയിച്ചു. അതിൻെറ ഫലമായി മിലാനിൽ വന്നിട്ടു് ഇപ്പോൾ രണ്ടു ദിവസമായി. ഇതുകഴിഞ്ഞു് റോംകൂടിയെങ്കിലും കാണണമെന്നാണു് വിചാരം.

മിലാൻ ഒരു പുരാതനപട്ടണമാണെങ്കിലും, മിക്ക കെട്ടിടങ്ങൾക്കും റോഡുകൾക്കും ഒരു പുതിയ പകിട്ടുണ്ടു്. ഞങ്ങൾ താമസിക്കുന്നതു് ഒരു ഒന്നാന്തരം ഹോട്ടലിലാണു്. അവിടെനിന്നും ബദ്ധപ്പാടു് ഒന്നുംകൂടാതെ ഒരു ദിവസം ഇവിടുത്തെ പ്രശസ്തമായ കത്തീഡ്രലും, മറെറാരു ദിവസം പഴയ കോട്ടയും കൊട്ടാരവും കണ്ടു. സന്ദർശകന്മാരാണെന്നു കണ്ടപ്പോൾ അവിടെ രണ്ടിടത്തും കുറെ

സംഘം ആളുകൾ ഞങ്ങളുടെ പുറകെക്കൂടി, ഫോട്ടോഎടു ക്കാനും, എന്തെങ്കിലുംവിററു പണംപിടുങ്ങാനും. അവ രുടെ ഉത്സാഹത്തിനു് അതിരില്ല. എനിക്കു് ഈ പഴയ കാഴ്ചകളേക്കാളും ഈയിടെനടന്ന സംഭവങ്ങളെ കുറിക്കുന്ന സ്ഥലങ്ങൾ കാണാനായിരുന്നു ആഗ്രഹം. ഇററാലിയൻ സർവ്വാധിപതി മുസ്സോലിനിയുടെ അപമാനകരമായ അവ സാനം കഴിഞ്ഞു പരസ്യമായി ശവശരീരം തൂക്കിയിട്ടി രുന്ന സ്ഥലംകാണാൻ എനിക്കു വിചിത്രമായ ഒരാഗ്രഹം ഉണ്ടായി. പക്ഷേ, അവിടെ ചെന്നപ്പോൾ സമചതുര ത്തിലുള്ള സാധാരണ ഒരങ്കണം; ഒരുപോലെ പരിതാപ കരമായ ഒരു വ്യക്തിയുടേയും കാലഘട്ടത്തിൻേറയും അവ സാനത്തിൻെറ അടയാളങ്ങൾ അവിടെയൊന്നും കണ്ടില്ല. എങ്കിലും ഇതേ സ്ഥലത്തായിരുന്നു, ഞങ്ങളുടെ ഡ്രൈവർ ഞങ്ങൾക്കുറപ്പു തന്നു, മുസ്സോലിനിയുടേയും അദ്ദേഹത്തി ൻെറയൊരുമിച്ചു വെടിവെച്ചുകൊന്ന വെപ്പാട്ടിയുടേയും ശവശരീരങ്ങൾ മഹായുദ്ധത്തിൻെറ ഭയങ്കരമായ ദിവസ ങ്ങളിൽഒന്നിൽ തൂക്കിയിട്ടിരുന്നതു്.

പ്രശസ്തമായ കാഴ്ചകൾ കാണുന്നതിൽ കൂടുതൽ അ വയെപ്പററി വായിക്കുന്നതാണോ രസം? ഈ സംശയം, ഒരു പൊളിഞ്ഞ ചെറിയ സന്യാസിമഠത്തിൽ പ്രസിദ്ധ നായ ആ കലാകാരൻെറ 'ഒടുവിലത്തെ അത്താഴം' (Last Supper) എന്ന ചിത്രം ചുമരിൽ കണ്ടപ്പോൾ പൂർവ്വാധി കം വർദ്ധിച്ചു. ഈ ചുമർച്ചിത്രത്തിനു നാനൂററിഅൻപതു വർഷത്തോളം പഴക്കമായി. പലരുടേയും ശ്രദ്ധയെ അതു് ആകർഷിച്ചിട്ടുമുണ്ടു്. അതിനെ സാഹിത്യകാരന്മാർ വാ നോടൊപ്പം വാഴ്ത്തിയിട്ടുണ്ടു്. എങ്കിലും ഞാനവിടെച്ചെന്നു കണ്ടപ്പോൾ, കുറെ തൊഴിലാളികൾ ആ പൊളിഞ്ഞ

മതില്യകളുടെ ചുററും കൂടിയിട്ടുണ്ടായിരുന്നു; ആ ചിത്ര
ത്തിൻെറ മഹിമ ആസ്വദിക്കാൻ ഞാൻമാത്രം.

തീവണ്ടി
4 ഫിബ്ര്യ്വരി 1

ഞങ്ങൾ ഒരു എക്സ്പ്രസ്സ് തീവണ്ടിയിൽ റോമി
ലേയ്ക്കു് അതിവേഗം പായുകയാണു്. കോച്ചുപോല്യള്ള
ഈ വണ്ടിയിൽ യാത്രചെയ്യാൻ വളരെ സൗകര്യം. ഇ
ക്കുന്നിടത്തുതന്നെ ഊണുകഴിക്കാൻ ഏർപ്പാടുകൾ ഉണ്ടു
രണ്ടുവശത്തും ഷേക്സ്പീയരുടെ നാടകത്തിൽനി
എഴുന്നേററുവന്നോ എന്നു തോന്നുന്ന പേരുള്ള പല
ഷനും വന്നു പാഞ്ഞുപോകുന്നു. പണ്ടു് ഇററാലിയ
സംസ്കാരം എത്ര പ്രബലതയോടെ പരന്നുപിടിച്ചിരു
ന്നു! അതിൻെറ അടയാളം ഈ ചുററുമുള്ളവരിൽ കാ
ണാൻ നോക്കുന്നതു കേവലം വ്യത്ഥമായ വ്യവസായം.
അതിനുപകരം ഇൻഡ്യൻസംസ്കാരം അല്പം പകർന്നു
കൊടുക്കാൻ ശ്രമിക്കുക.

യാത്രചെയ്യുമ്പോൾ സംഭാഷണംചെയ്യാൻ എനി
ക്കു സ്വതവേ ഒരുത്സാഹം തോന്നാറുണ്ടു്. വണ്ടി ഇളക
മ്പോൾ അകത്തുള്ള വിചാരങ്ങളും ഇളകിത്തുടങ്ങും. വേ
റെ ജോലിയൊന്നും ഇല്ലാത്തതുകൊണ്ടു് അടുത്തുള്ളവരെ
പിടികൂടി എന്തെങ്കിലും സംസാരിക്കുന്നതും രണ്ടുകൂട്ടരു
സ്വാഭാവികമായേ കണക്കാക്കൂ. ഇൻഡ്യൻ നൃത്തം! വാ
യ്തുറന്നാൽ ആളുകൾക്കു് ഇൻഡ്യൻനൃത്തത്തിനെപ്പററി
അറിയണം. എനിക്കാണെങ്കിൽ നൃത്തത്തിനേയും സംഗീ
തത്തിനേയുംപററി ലവലേശം ബോധമില്ല. ഞാൻ
ണ്ടും വെളിയിൽ യുദ്ധത്തിന്നിടയ്ക്കു് ബോംബു പൊ
ത്തെറിപ്പിച്ച കെട്ടിടങ്ങളിലേയ്ക്കു നോക്കിത്തുടങ്ങി.

6 ഫിബ്ര്വരി 1949

ഞങ്ങൾക്കു് റോം കാണാൻകഴിഞ്ഞില്ല; അതാണു് പരിതാപകരമായ പരമാത്ഥം. സ്വസ്ഥമായി രണ്ടുമൂന്നു ദിവസം താമസിച്ചു് റോം മുഴവൻ സന്ദർശിക്കാൻ വിസ്തരിച്ചു വട്ടങ്ങൾകൂട്ടി; അപ്പോഴാണു് യാദൃച്ഛികമായി കപ്പൽക്കമ്പനിയാഫീസിൽ അന്വേഷിച്ചപ്പോൾ, ഞങ്ങൾ വിചാരിച്ചിരുന്ന കപ്പൽ പോകുന്നില്ലെന്നും, വേറൊരു കപ്പലിൽ സ്ഥാനംകിട്ടാൻ അപ്പോൾത്തന്നെ നേപ്പ്ൾസിലേയ്ക്കു പോകണമെന്നും മനസ്സിലായതു്. ബദ്ധപ്പെട്ടു് റോമിലെ തെരുവുകളിലെ പ്രശസ്തമായപ്രതിമകൾ കണ്ടുംകൊണ്ടു് ഞങ്ങൾ ഹോട്ടലിൽനിന്നും വീണ്ടും റോം സ്റ്റേഷനിലേയ്ക്കു പുറപ്പെട്ടു. ഭാഗ്യംകൊണ്ടു് സന്ദർശകന്മാരെ സ്വീകരിക്കാൻ ഹോട്ടൽക്കാർ ഏർപ്പാടുചെയ്തിട്ടുള്ള കാര്യസ്ഥൻ വളരെ കെല്പുള്ള ഒരാളായിരുന്നു. ഞങ്ങളേയും സാമാനങ്ങളേയും എല്ലാം യഥാവിധി വഹിച്ചു് സമയത്തു തന്നെ പ്ലാറ്റ്ഫോമിൽ ചെന്നെത്തിച്ചു.

അദ്ധരാത്രികഴിഞ്ഞു് നേപ്പ്ൾസ് ഞങ്ങളെ സ്വീകരിച്ചു അപരിചിതമായ ഹോട്ടലിലേയ്ക്കു്. ഇത്ര മിശ്രമായ ഒരു ഹോട്ടൽ ഞാൻ ഇതുവരെ കണ്ടിട്ടില്ല. അവിടെനിന്നാണു് ഇന്നു് ഇൻഡ്യയിലേയ്ക്കു പുറപ്പെടുന്ന കപ്പലിൽ ഞങ്ങൾക്കു സ്ഥാനംകിട്ടാനുള്ള എൻെറ ശ്രമങ്ങൾ. എൻെറ കൈയിലുള്ള ടിക്കറ്റുകൾ പോരാ ആ കപ്പലിൽ പോകാൻ. അതിൻെറകൂടെ കുറെ പണവുംവേണം. പണമോ, പതിവുപോലെ എന്നിൽനിന്നും വളരെ ദൂരത്തിരിക്കുന്നതേയുള്ളു. എന്നാൽ പോവാനുംസാധിക്കുകയില്ലെന്നു കപ്പൽക്കമ്പനിക്കാരുടെ പിടി. ഞാൻ മനസ്സുകൊണ്ടു് മിസ്സിസ് മിഴ്സായെ ശപിച്ചു് ജെനീവായ്ക്കു തിരിച്ചുപോകാനൊരുങ്ങി.

വൈകുന്നേരം അഞ്ചുമണിക്കു കപ്പൽക്കമ്പനിക്കാ രുടെ ഫോൺ. ബാക്കിയുള്ള പണം പിന്നീടു കൊടുക്കാ മെന്നുള്ള വാഗ്ദാനത്തിൽ ഞങ്ങളെ ഇൻഡ്യയിലെത്തി ക്കാമെന്നും ഉടൻ കപ്പലിൻെറയടുത്തു് എത്തണമെന്നും. വീണ്ടും ഓട്ടം. ആറുമണിക്കു ഞങ്ങൾ കപ്പലിൽ കാലെടു ത്തുവെച്ചു; ഉടൻ കപ്പൽ നീങ്ങുകയും ചെയ്തു. അപ്പോഴാ ണു് ബദ്ധപ്പെട്ടു് ഓടിവരുന്ന ഞങ്ങൾക്കു് കപ്പലിനകത്തു കേറാൻ സാധിക്കുമോയെന്നുള്ള അന്യയാത്രക്കാരുടെ ഉൽ ക്കടമായ പന്തയത്തെപ്പററി ഞാൻ അറിഞ്ഞതു്.

എസ്. എസ്. ടൊസ്കാനാ
12 ഫിബ്രുവരി 1949

കപ്പൽജീവിതം പ്രശാന്തമായി മുന്നോട്ടുപോകുന്നു. കടൽകോപിച്ചു സുഖക്കേടു് വരുത്താത്തപ്പോൾ ഇത്ര സുഖ മായ ജീവിതം വേറെ കിട്ടുമോ എന്നു സംശയമാണു്. പ്രാർബ്ധം ഒന്നും ഇല്ലാതെ ആളുകളോടു പരിചയപ്പെടാ നും സംസാരിക്കാനുംമാത്രം ഒരു ജീവിതമായാൽ അതി നെന്താ തരക്കേടു്? പരിചയപ്പെടുന്ന സഹയാത്രക്കാരെ സ്ഥിരസ്നേഹിതന്മാരായി കണക്കാക്കാൻ സാധിക്കുകയി ല്ല; പക്ഷേ, ഇളകിക്കൊണ്ടിരിക്കുന്ന ഈ ജീവിതത്തിൽ എന്താണു് സ്ഥിരം?

വിജയത്തിനും കൊച്ചനിയനും തക്ക കൂട്ടുകാരെ കിട്ടി; ഞങ്ങൾക്കും അതുപോലെതന്നെ. ആസ്ട്രേലിയയിൽ കുടിയേറിപ്പാർക്കാൻ പോകുന്നവരാണു് ഈ കപ്പലിലെ അധികം ആളുകളും. അൻപതുവയസ്സു കഴിഞ്ഞുപോയതു കൊണ്ടു്, ഒരു പുതിയ ജീവിതത്തിലേയ്ക്കു പ്രവേശിക്കാൻ അവക്കാക്കും യാതൊരു ക്ലേശമില്ല.

പ്രായംകൂടി ആഹ്ലാദത്തോടെ നടക്കുന്ന രണ്ടു

സഹോദരിമാരെ ഞങ്ങൾക്കു വളരെ പിടിച്ചു. അതുപോലെ സദാകുടിച്ചുകൊണ്ടിരിക്കുന്ന എൻജിനീയരും, എപ്പോഴും വിഡ്ഢിത്തം വിളമ്പാൻ തയ്യാറെട്ടത്തിരിക്കുന്ന അയാളുടെ സ്നേഹിതനും എൻെറ കൂട്ടുകാരാണ്. അവരോട് സംസാരിക്കാത്തപ്പോൾ ഞാൻ വായനയിലും എഴുത്തിലും ബദ്ധശ്രദ്ധനായിരിക്കുന്നു. ആ സമയം തുലോം ചുരുക്കമാണെന്നുമാത്രം.

കൊളംബോവിനടുത്ത്
20 ഫിബ്രവരി 1949

ഞങ്ങൾ 23–ാംനു കൊളംബോവിൽ എത്തും. കപ്പൽയാത്ര കഴിയാറാവുന്നതോടുകൂടി സമ്മിശ്രവികാരങ്ങൾ. നാട്ടിൽ ചെന്നെത്താനുള്ള ധൃതി, കപ്പൽ വിടാനുള്ള മടി.

ഉച്ചയ്ക്കുശേഷം ഉറങ്ങിയെഴുന്നേററു് ചായയും കഴിച്ചുകൊണ്ട് വെളിയിൽ ഇളവെയിൽതട്ടി തിളങ്ങുന്ന തിരമാലകളെ നോക്കുന്നതിൽപ്പരം ആനന്ദപ്രദമായ നിമിഷങ്ങൾ ദുർല്ലഭമാണ്. കപ്പൽ സമുദ്രത്തിൻെറ മുകൾപ്പരപ്പിൽക്കൂടി മുന്നോട്ട് തെററിത്തെററി പോകുമ്പോൾ ചുററുമുള്ള ലോകം ഒരു പരിപൂർണ്ണചിത്രമെന്നപോലെ മുമ്പിൽ നീങ്ങുന്നതു കാണാം. മനോഹരമായ പ്രകൃതിയുടെ കാഴ്ചകൾ ആ സമയത്ത് ഒരു പ്രത്യേകപുതുമയോടുകൂടി പ്രത്യക്ഷപ്പെട്ടും.

അഥവാ ക്ഷീണംതീർന്ന മനസ്സിൻെറ ഉണർവ്വായിരിക്കാം ഈ കാഴ്ചകൾക്ക് ഒരു പ്രത്യേകപ്പകിട്ട് കൊടുക്കുന്നതു്. മനസ്സിൻെറ അവസ്ഥാഭേദങ്ങൾ എപ്രകാരം ഒരു കാഴ്ചയെ മാററുന്നു എന്ന് ഞാൻ ആലോചിക്കുകയാണ്. പ്രകൃതിയുടെഭംഗി നോക്കുന്നആളിന്റെ മനസ്ഥിതി അനു

സരിച്ചുമാറും എന്നു സ്ഥാപിക്കാൻ സാധിക്കുകയില്ലെങ്കിലും, കാഴ്ചകളുടെ ആസ്വാദ്യത മനസ്സിൻെറ അവസ്ഥയെ ഏറെക്കുറെ—കുറെയേറെ—ആശ്രയിച്ചിരിക്കും എന്നുള്ളതിനു സംശയമില്ല. സൂര്യന്റെ ചുവന്നബിംബം സമുദ്രത്തിലെ വെള്ളത്തിന്റെ അടിയിലേയ്ക്കു മുങ്ങുന്ന ആ മനോമോഹനമായ കാഴ്ച ഏതൊരാൾക്കും ആകർഷകമായിത്തോന്നും. സൂര്യൻ മറഞ്ഞതോടുകൂടി സന്ധ്യാസമയത്തെ ഇളം കറുപ്പുനിറം അല്പം ഇളകുന്നഅലകളിൽ വ്യാപിക്കുന്നു. അതോടുകൂടി മന്ദംമന്ദം മുമ്പോട്ടുപോകുന്ന കപ്പലിന്റെ ശബ്ദവും ഓളത്തിൻെറ മർമ്മരവും ആളുകളുടെ ചിലപ്പും. ആകപ്പാടെ സജീവമായ സൗന്ദര്യത്തിൻെറ അമന്ദ ഒരു ഇളക്കമാണ് അന്തരീക്ഷത്തിലൊക്കെ. പക്ഷേ, ഈസമയത്തുപോലും ശോകവിചാരങ്ങൾ നിറഞ്ഞിരിക്കുന്ന ഒരാൾക്ക് അന്തരീക്ഷത്തിൻെറ ആകർഷകതയെപ്പററി എത്രകണ്ട് അറിയാൻ കഴിയും?

23 ഫിബ്ര്വരി 1949

ഞങ്ങൾ കൊളംബോവിൽ ഇറങ്ങാൻപോവുകയാണ്. സഹയാത്രക്കാരോടെല്ലാം യാത്രപറയുന്ന ബഹളം. ഇന്നലെരാത്രി ഈ കപ്പലിലെ ഒടുവിലത്തെ ദിവസം 'ഘോരഘോരമായി' കൊണ്ടാടി. ഇൻഡ്യയിൽനിന്നു മൃഗങ്ങളെ (മനുഷ്യരെയല്ല) വാങ്ങിച്ചുകൊണ്ടു പോകാൻ വന്ന ഒരു ഇററാലിയൻ, വായയുടെ വിവിധഗോഷ്ഠികൾകൊണ്ട് അപ്പോൾ ഒരു മദ്ദളക്കച്ചേരിതന്നെ നടത്തി. അർദ്ധരാത്രിയുടെ പോക്ക് വകവയ്ക്കാതെ ഞങ്ങൾ ആ മേളത്തിൽ പങ്കുകൊണ്ടു. ഇന്നു് അതിൻെറ ക്ഷീണം പോയിട്ടില്ല.

വീണ്ടും കൊളംബോവിൽ! ഏതാണ്ടു പന്ത്രണ്ടുവർ

ഷമായി, ഞാൻ വിദ്യാൎത്ഥിജീവിതവുംകഴിഞ്ഞു് ഭാവിയെപ്പററി വലിയ ആശങ്കകളും നിറഞ്ഞു് ഇവിടെ വന്നിറങ്ങിയിട്ടു്. ഇപ്പോൾ വിവാഹിതനായി, മദ്ധ്യവയസ്കനായി, മാനമൎയ്യാദയുള്ളവനായി, പോരേ? ഈ പന്ത്രണ്ടു കൊല്ലം ജീവിച്ചതിനു് എന്തു കാണിക്കാനുണ്ടെന്നു ചോദിക്കുമ്പോഴാണു് തലതാഴ്ത്തേണ്ടിവരുന്നതു്. അന്നു് എന്നെ കാണാൻവന്ന സ്നേഹിതന്മാർ ഇപ്പോൾ എവിടെയാണെന്നു് അത്ഭുതപ്പെട്ടു. പൊടുന്നനേ, 'വന്നിട്ടുണ്ടു്' എന്നു് ആ സ്നേഹിതന്മാരെപ്പററി എന്നെ അന്നു് അറിയിച്ച മലയാളിയെ ഞാൻ ഇന്നലത്തെപ്പോലെ ഓൎമ്മിക്കുന്നു. ഇപ്പോൾ അവരുടെ അടയാളമില്ല. പകരം കൊച്ചനിയൻ കപ്പലിൽനിന്നും സാമാനങ്ങൾ ഇറക്കാൻവന്ന ചില മലയാളിച്ചെക്കന്മാരുമായി സംഭാഷണത്തിൽ ഏൎപ്പെട്ടുകഴിഞ്ഞു. എന്തുകൊണ്ടു് അവർ കാലിൽ ഷൂസിടാതെ നഗ്നന്മാരായി നടക്കുന്നു? എന്തുകൊണ്ടു്, ഞാൻ ആലോചിച്ചു, നമ്മുടെ പാവപ്പെട്ട നാട്ടിൽമാത്രം, എന്തുകൊണ്ടു്?

25 ഫിബ്രുവരി 1949

ഞങ്ങളുടെ യാത്രയുടെ അവസാനത്തീവണ്ടിയിൽ സ്ഥാനം പിടിച്ചുകഴിഞ്ഞു. പക്ഷേ, അതിനുമുമ്പു് ആദ്യത്തെ ശകുനപ്പിഴയ്ക്കുവേണ്ടി വേറെ ഒരു പിഴകൂടി അടയ്ക്കാതെ കഴിഞ്ഞില്ല. കൊളംബോവിൽവെച്ചു സാമാനങ്ങൾ വാങ്ങിക്കൂട്ടിയപ്പോൾ ഇൻഡ്യാഗവമ്മെൻറിന്റെ ചുങ്കനിയമങ്ങളുടെ വലിപ്പം ഞങ്ങൾ അറിഞ്ഞിരുന്നില്ല. ഫലം: ചുങ്കം കൊടുത്തുകഴിഞ്ഞപ്പോൾ തീവണ്ടിക്കൂലിക്കു പണം വേറെ വേണ്ടിവന്നു. ആ വിഷമസന്ധിയിൽ തല്ക്കാലം പരിചയമായ ഒരു മാന്യനെ പിടികൂടിയില്ലെങ്കിൽ, ആ ദുർഘടം എത്രമാത്രം ഞങ്ങളെ ബുദ്ധിമുട്ടിക്കുമായിരുന്നു!

പക്ഷേ, ഇപ്പോൾ അതും, ധനുഷ്ക്കോടിയിലെ അസഹ്യമായ ചൂട്ടം ഞങ്ങളെ തീരെ ശല്യപ്പെട്ടത്തുന്നില്ല. വീട്ട്—സ്നേഹംനിറഞ്ഞ വീട്ടിലേയ്ക്കു് അതിവേഗം പ്രയാണം ചെയ്യുകയാണു്. സ്നേഹത്തിനു ദാഹത്തെക്കൂടി നീക്കാൻ സാധിച്ചിരുന്നെങ്കിൽ! ദാഹംകൊണ്ടു തളൎന്ന ഞാൻ ആലോചിക്കുകയായിരുന്നു. പക്ഷേ, സ്നേഹത്തിൻെറ പലേ പരിമിതികളിൽ ഒന്നതാണു്. ദാഹത്തിന്നു വെള്ളംതന്നെ വേണം. മുസ്ലീംവെള്ളമായാലും മതി; അതു് എനിക്കനുഭവപ്പെട്ടു. എന്തെന്നാൽ എൻെറ താടിയും മീശയും കണ്ടപ്പോൾ എൻെറ മതത്തിനെപ്പററി ആ റയിൽവേഗാർഡിന്ന് യാതൊരു സംശയവും ഇല്ലായിരുന്നു. ഫെസ്തൊപ്പി വെയ്ക്കുമ്പോഴും, താടിവളൎത്തുമ്പോഴും, അത്ഭുതമെന്നു പറയട്ടെ, ഞാൻ ഒരു ആഢ്യനായ മുസ്ലീമാണു്. അല്ലാത്തപ്പോൾ അതിലും ആഢ്യനായ ഹിന്ദുവും. ഇതു് എനിക്കു യാതൊരു തെററും പററാതെ ഒന്നിലധികം പ്രാവശ്യം അനുഭവപ്പെട്ടിട്ടുള്ളതാണു്. ഹിന്ദു—മുസ്ലീം മൈത്രി വെൽവൂതാക!

തിരുവനന്തപുരം
6 മാൎച്ച് 1949

എനിക്കു് ഇവിടുത്തെ കാൎയ്യങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മ ഭയങ്കരംതന്നെ! എല്ലാവരും സംസാരിക്കുന്ന പ്രമാദമായ കേസ്സിനെപ്പററി യാതൊരു ബോധവും എനിക്കില്ല. പുതിയ ഭരണചക്രത്തിൻെറ ഉള്ളുകള്ളികൾ അപ്പൻെറ ഗുമസ്തൻ നാണുപ്പിള്ളയ്ക്കുപോലും (പോലും എന്നു പറയുന്നതു് ആ അനുഗൃഹീതനായ നാട്ടുകാൎയ്യസ്ഥനു പിടിക്കില്ല) പരിപൂൎണ്ണമായി അറിയാം. കൂടാതെ മന്ത്രിമാർ എം്പന്നൊരുതരം ജീവികൾ നാടൊക്കെ ഭരിക്കുകയാണു്.

ഞാൻ കുറേവർഷങ്ങൾ ഇവിടെ താമസിച്ചിട്ടുണ്ടു്; അപ്പോഴൊക്കെ പല സ്നേഹിതന്മാരേയും സമ്പാദിച്ചിട്ടുണ്ടു്. പക്ഷേ, അതുകൊണ്ടെല്ലാം എന്തു ഫലം? സ്നേഹിതന്മാരൊക്കെ അങ്ങെങ്ങോ പോയി മറഞ്ഞു. ബാക്കിയുള്ള സഹപാഠികളിൽ ചിലർ (സഹപാഠിനിമാരുടെ കാര്യം പിന്നെ പറയണോ?) 'നാട്ടിലേയ്ക്കു തിരിയെവരാൻ ആരെങ്കിലും വിളിച്ചോ?' എന്നു ചോദിക്കാതെചോദിക്കുന്ന ചോദ്യംകൊണ്ടാണു് അടുത്തുവരുന്നതു്. വേറൊരു ലോകത്തിൽനിന്നു വന്നപോലെ. ഞാൻ വീടും വായനശാലയുമായി കഴിക്കാൻ, അതുകൊണ്ടു്, നിശ്ചയിച്ചു. എങ്കിലും മെയിൻറോഡിനു വ്യത്യാസം ഒന്നുമില്ല. പുളിമൂട്ടും പോസ്റ്റാഫീസും അതുപോലെ നില്ക്കുന്നു; സ്റ്റാമ്പുവില്ക്കുന്ന ആളിൻെറ ഗൗരവത്തിനുപോലും യാതൊരു ഭേദവും വന്നിട്ടില്ല.

6 ഏപ്രിൽ 1949

ഒരുപോലെയുള്ള ദിവസങ്ങൾ. ചൂടിനുമാത്രം ഏറ്റക്കുറച്ചിൽ; കുറവിനേക്കാൾ കൂടുതൽ. ഇന്നു വെളിയിൽ പോയപ്പോൾ പൊരിയുന്ന വെയിൽ. ബസ്സുകാത്തുനില്ക്കുന്ന സ്ഥലത്തു് ഒരു ചെടിയുടെ തണലുള്ളതു് ഒരു വലിയ ആശ്വാസമായിക്കരുതി. അതുപോലെ ഏതെങ്കിലും ഒരു തണൽ കിട്ടിയാൽമതി. വണ്ണം ഉള്ളവരുടെ തണലായാൽ കുറേക്കൂടി ഭേദമായി. തണലിനു് അതിൻെറ ഉടമസ്ഥൻെറ സ്വഭാവം ഇല്ലാത്തതു ചിലപ്പോൾ വലിയ ഭാഗ്യംതന്നെ. അല്ലെങ്കിൽ, വിയത്തു് ദേഷ്യപ്പെട്ടു വലഞ്ഞു പോകുന്നവരുടെ തണൽ തട്ടുന്നതു് എത്ര ദുസ്സഹമായിരിക്കും!

ഏതാണ്ടു് അതുപോലെതന്നെയാണു് മനുഷ്യരുടെ അകത്തു നടക്കുന്ന വികാരങ്ങളുടേയും വിചാരങ്ങളുടേയും സ്ഥിതി. അന്യോന്യമുള്ള സ്നേഹംതന്നെ ഏതെല്ലാം വിധ

ത്തിൽ മാറിമറിഞ്ഞു പോകുന്നു! കുറേ ഏറെ വൎഷങ്ങൾ ഒരുമിച്ചുള്ള കഥ നോക്കുമ്പോൾ, അല്പം പരിതാപകരമായുള്ളതു് സ്നേഹത്തിൻെറ ഈ സ്ഥിരമില്ലായ്മയാണു്. എൻ്റെ ഇവിട്ടത്തെ സംഭാഷണങ്ങൾക്കിടയിൽ ചിലപ്പോൾ ഈ വാസ്തവം മറന്നുപോകുന്നു. ഇന്നലത്തെ ആ നക്ഷത്രമെവിടെ? അതു മങ്ങിട്ടുപ്പോയതു് ഞാൻ അറിഞ്ഞേയില്ല. ഇന്നത്തെ നക്ഷത്രം വേറെയൊന്നാണു്. ഞാൻ ഇല്ലാത്തപ്പോൾ ഈ ലോകംമുഴുവൻ നിശ്ചഞ്ചലമായിരിക്കുമോ?

6 മെയ് 1949

എനിക്കു തിരിയെ ജെനീവായിലെത്താൻ ധൃതിയായിത്തുടങ്ങി. എൻെറ സ്ഥിരമായ ജീവിതം അവിടെയാണെന്നു ഞാൻ നിരന്തരമായി വിചാരിക്കുകയാണു്. പക്ഷേ, അതിനുമുമ്പു് എൻെറ ബന്ധുക്കളെയൊക്കെ കാണണം. ഞാൻ ഇനി തിരിയെവരുമ്പോൾ (വരാൻകഴിയുമെങ്കിൽ___) അവരിൽ ആരെയൊക്കെ കാണാൻ സാധിക്കുമെന്നുള്ള ഭയാനകമായ വിചാരം എന്നെ കടന്നുകൂടിയിരിക്കുന്നു. അതുകൊണ്ടു്, ഞാൻ കഴിയുന്നത്ര സ്ഥലങ്ങളിൽ പോകാൻ നിശ്ചയിച്ചു.

1 ജൂൺ 1949

എൻെറ സൎക്കീട്ടുകളെല്ലാംകഴിഞ്ഞു ഞാൻ തിരിച്ചെത്തി. കൊട്ടാരക്കര, മണ്ണടി, ചെങ്ങന്നൂർ, ആലപ്പുഴ, പാലക്കാട്ടു്, കല്ക്കത്ത, നാഗപ്പൂർ, ബോംബെ, ബാംഗ്ളൂർ, ഉരഗം—ഇവിടെയെല്ലാം ഒരു വിഹഗവീക്ഷണം—ചിലപ്പോൾ പക്ഷികളെപ്പോലെ ആകാശത്തിൽക്കൂടി—നടത്തി. വീണ്ടും മടങ്ങാനുള്ള വലിയ സൎക്കീട്ടിൻെറ ഒരുക്കങ്ങൾ.

ഇടവിടാതെ മഴപൊഴിയുന്നു. അതിലും ഇടവിടാതെ പൊഴിയുന്നു ഇ. കെ.യുടെ സംഭാഷണങ്ങൾ. എല്ലാ വിഷയങ്ങളിലും അദ്ദേഹത്തിൻെറ മനസ്സു വ്യാപിക്കുന്നു. അതിൽ ഓരോന്നിനും ഉത്തേജനംകൊടുക്കാൻ അദ്ദേഹത്തിൻെറ ബുദ്ധിക്കു കഴിയുകയുംചെയ്യുന്നു. അണപൊട്ടിയ ചിറയിൽനിന്നെന്നപോലെ നിർഗ്ഗമിക്കുന്ന ഈ സംസാരത്തിൻെറ ഉറവു് ഇത്രവേഗം നിറഞ്ഞുവരുന്നതെങ്ങനെയെന്നു ഞാൻ അത്ഭുതപ്പെട്ടുന്നു. ചിലരുടെ തലച്ചോറു മററുള്ളവരുടേതിനേക്കാൾ തുലോം നല്ലതാണെന്നുള്ളതിനു സംശയമില്ല. പരിശ്രമംകൊണ്ടു് എത്രത്തോളം ബുദ്ധിയെ വികസിപ്പിക്കാം? എത്ര ശ്രമിച്ചാലും ചില ബുദ്ധികളുടെ മുന പാറപോലെ പരന്നേയിരിക്കു. ബുദ്ധിയുണ്ടെന്നുപറഞ്ഞു കൈയുംകെട്ടിയിരുന്നാൽ കാര്യങ്ങൾ മനസ്സിലാവുകയില്ലെന്നുള്ളതും സ്പഷ്ടം. സാധാരണയായി നോക്കുകയാണെങ്കിൽ കൂടുതൽ ബുദ്ധിയുള്ളവക്കു ശ്രമം കുറവും, ബുദ്ധികുറഞ്ഞവക്കു ശ്രമം കൂടുതലുമായി, ഇവ രണ്ടും തമ്മിലുള്ള പ്രവത്തനത്തിൻെറ ഫലം ഏതാണ്ടു് ഒരു സമനിരപ്പിൽ വെളിയിൽവരുത്താൻ സാധിച്ചേക്കും. പക്ഷേ, ബുദ്ധിയും ശ്രമവും കൂടുമ്പോൾ ഫലം ഇ. കെ. പ്രഭൃതികൾ; നേരെമറിച്ചു, ബുദ്ധിയും ശ്രമവും കുറയുമ്പോൾ എന്നെപ്പോലെയുള്ളവർ.

എസ്. എസ്. നപ്പോളി
10 ജൂൺ 1949

വീണ്ടും കപ്പലിൽ യാത്രയുടെ പുറപ്പാടിൻെറ ബഹളമെല്ലാം കഴിഞ്ഞു ഞങ്ങൾ കപ്പൽജീവിതത്തിൽ ലയിച്ചിരിക്കയാണു്. ആ ബഹളങ്ങൾ ആലോചിക്കുമ്പോൾ ഒന്നു കഴിഞ്ഞു് ഒന്നായി പല ബഹളങ്ങളായി വേർപെട്ടു

കാണുന്നു. ആദ്യം തിരുവനന്തപുരത്തുനിന്നു പുറപ്പെട്ട ന്ന ബഹളം. വേണ്ടസാമാനങ്ങൾ വാങ്ങുക, വഴിയിൽ ആഹാരത്തിനുള്ളതു ഒരുക്കുക—മററും മററും. അവിടെ നിന്നു വണ്ടിനീങ്ങിയപ്പോൾ, ആ ബഹളത്തിനിടയ്ക്കു വീണ്ടും കുറേക്കാലത്തേയ്ക്കു നാട്ടുവിട്ടുന്ന വ്യസനം മാഞ്ഞു പോയി. ഞങ്ങളുടെകൂടെ കുറെക്കാലമായി ഞങ്ങളെ പിരിഞ്ഞുതാമസിച്ചിരുന്ന കുഞ്ഞനിയനും മരുമകൾ മണിയുമുണ്ട്. കുഞ്ഞനിയന്ന് അവൻെറ ജ്യേഷ്ഠനും അനുജനും ഒരുപോലെ വിചിത്രമായി തോന്നുന്നു. നാളെ തിരിയെ തിരുവനന്തപുരത്തേയ്ക്കുതന്നെ വരുമെന്നാണ് അവൻെറ വിചാരം. ഇടയ്ക്കു മധുരയിൽ ഇറങ്ങാനും ഹോട്ടലിൽ പോകാനും വീണ്ടും വണ്ടിയിൽക്കേറാനും ഉള്ള ബഹളം, ധനുഷ്കോടിയിലെ ബഹളം. ഞങ്ങളുടെ സാമാനങ്ങൾ എന്തുതകരാറുകൊണ്ടാണെന്നു നിശ്ചയമില്ല, സമയത്തിനു കടത്തുകപ്പലിനടുത്തുള്ള സ്റ്റേഷനിൽ എത്തിയിട്ടില്ലായിരുന്നു. കാലിൻെറവേദന വകവെയ്ക്കാതെ എൻെറ അങ്ങോട്ടുമിങ്ങോട്ടുമുള്ള ഓട്ടം. ആ സമയമെല്ലാം സിലോണിലേയ്ക്കുള്ളകപ്പൽ അക്ഷമമായി അവിടെ നില്ക്കുകയായിരുന്നു. കൊളംബോവിലെ ബഹളം. അധികൃതന്മാരെ കാണാനും വീണ്ടും സാമാനങ്ങൾ വാങ്ങാനുമുള്ള ഓട്ടം. ഞാൻ ആദ്യം കൊളംബോവിൽ വന്നപ്പോൾ പരിചയമായ ശ്രീ. നായക്ക് ഈ കാലമെല്ലാം ഒരു മാററവും വന്നിട്ടില്ലായിരുന്നു. മേനവന്മാരുടെ ആനന്ദപ്രദമായ അതിഥിസല്ക്കാരം. അവിടുത്തെ ബഹളത്തിൻെറ ഏറിയ ഭാഗം അവർ താങ്ങിയിരുന്നില്ലെങ്കിൽ, കൊളംബോബഹളം എത്ര വല്യതായിപ്പോകുമായിരുന്നു! ഒടുവിൽ, കപ്പലിൽ കേറുന്ന ബഹളം. ഞങ്ങളും ഞങ്ങളുടെകൂടെ യാത്രചെയ്യുന്ന ലക്ഷ്മീനരസിംഹനും കുട്ടികളും—ആകപ്പാടെ

ഒരു വള്ളംനിറഞ്ഞ ഞങ്ങളുടെസംഘം, സൂക്ഷിച്ചു കാലു തെററാതെ കപ്പലിലെ കോണിപ്പടികേറി സ്ഥാനംപിടിച്ചപ്പോഴേയ്ക്കും വലിയ ആശ്വാസമായി. ഒരു യാത്രയ്ക്കെത്ര ഒരുക്കങ്ങൾ! എന്തെല്ലാം സാമാനങ്ങൾ കൂടെ വേണം! അവസാനയാത്രയ്ക്ക് ഒരുക്കങ്ങളെല്ലാം വ്യത്ഥമാണ്; യാതൊരുസാമാനങ്ങളും കൂട്ടുകാരും അങ്ങോട്ടുകൂടെ കൊണ്ടുപോകാനനുവാദമില്ല!

13 ജൂൺ 1949

ഒരു യാത്രയ്ക്കു പോവുമ്പോൾ, ജീവിതത്തിനെപ്പററിയാകെ വിചാരിക്കുന്നതു് എനിക്കൊരു പതിവായിരിക്കുന്നു. ജീവിതംതന്നെ ഇതുപോലെയുള്ള ഒരു യാത്രയായതുകൊണ്ടായിരിക്കും ഈ വിചാരം. ബാക്കിയുള്ള ജീവിതം കഴിയുന്നത്ര ഉപയോഗപ്രദമായി ജീവിക്കണമെന്നുള്ളവിചാരം അസാമാന്യമായ ബലത്തോടെ എന്നെ പിടികൂടിയിരിക്കുന്നു. ഇതുവരെ ജീവിതം വന്നവഴിക്കു നയിക്കുക എന്നല്ലാതെ അതിനെ മനഃപൂർവ്വമായി മാററാൻ യാതൊരു ശ്രമത്തിലും ഏർപ്പെട്ടിരുന്നില്ല. ഇപ്പോളിതാ ആ ശ്രമങ്ങൾ ആവശ്യമാണെന്നു വിചാരിക്കാൻതുടങ്ങിയിരിക്കുന്നു. എത്രമാത്രം ഈ മാതിരിയുള്ള ശ്രമങ്ങൾ വിജയകരമായിത്തീരും? വളരെകുറച്ചു്. എന്തെന്നാൽ പരിശ്രമശീലവും, ബുദ്ധികൂർമ്മതയെപ്പോലെ, ഏറക്കുറെ ജന്മസിദ്ധമാണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. ഒരുപക്ഷേ, കുട്ടിക്കാലത്തു സ്വഭാവവും ബുദ്ധിയും നന്നാക്കാൻ സാധിച്ചേയ്ക്കാം. എൻെറ പ്രായത്തിൽ—?

ജീവിതം കഴിയുന്നതോടുകൂടി എൻെറ പ്രധാനവ്യസനം ജീവിതം കഴിഞ്ഞുപോകുന്നു എന്നാണ്. ചെറുപ്പമായിരുന്നപ്പോൾ—ജീവിതം ധാരാളം അതിരുകാണാതെ

മുന്നിൽ കിടന്നിരുന്നപ്പോൾ—ഒന്നോ രണ്ടോ മാസമോ, കൊല്ലങ്ങളോ തീരെ സാരമില്ലായിരുന്നു. ഇപ്പോൾ ഓരോ നിമിഷവും വിലയുള്ളതുപോലെ തോന്നുന്നു. ഇതുപോലെ മൂന്നോ നാലോ യാത്രകൾ, അതിവേഗം പായുന്ന ചില വേനൽക്കാലങ്ങൾ—, അപ്പോഴേയ്ക്കും, ഞാൻ വാർദ്ധക്യത്തിൽ പ്രവേശിക്കും, ജീവിതം അവസാനിക്കും. അതുവരെ, ഈ ജീവിതം കഴിയുന്നത്ര നീട്ടി, സുഖവും തൃപ്തിയും ഉപയോഗവും തരത്തക്കവിധം എങ്ങനെയാണ് നയിക്കേണ്ടതു്?

17 ജൂൺ 1949

ഞങ്ങൾ 'ചുവന്ന കടലിൽ'ക്കൂടി പോവുകയാണു്. അസഹനീയമായ ചൂട്ട്. കപ്പലിൽ സാധാരണകാണാറുള്ളത്ര നല്ല വിശ്രമമുറികൾ ഇല്ല. കപ്പൽ ഉദ്യോഗസ്ഥന്മാരും, മററു യാത്രക്കാരും, വലിയ മമതയൊന്നും കാണിക്കുന്നതുമില്ല. എൻെറ മുറിയിലെ കൂട്ടുകാരൻ മൗണ്ട്ബാററൻ പ്രഭുവിൻെറ പ്രൈവററ്സിക്രട്ടറിയായിരുന്ന ഒരാളാണ്. അയാളുടെ അസാമാന്യമായ പൊക്കത്തിന്നനുസരിച്ച് അയാൾ ആളുകളോടു സംസാരിക്കുകയുംകൂടി ചെയ്തിരുന്നെങ്കിൽ! ആകപ്പാടെ ഈ കപ്പലിലെ ജീവിതം പതിവിൽനിന്നു തീരെ മോശംതന്നെ.

ചുവന്ന കടലിലെ ചൂടും സഹിച്ചു ഞാൻ തിരമാലകളില്ലാത്ത കടലിലെ വിശാലതയിലേയ്ക്കു നോക്കിയിരിക്കുകയാണ്. എൻെറ സാഹിത്യശ്രമങ്ങളുടെ കുറവ്, അഥവാ, സാഹിത്യത്തിൽ എനിക്കുള്ള പ്രാപ്തിയുടെ കുറവ്, ഈയിടെ എന്നെ വല്ലാതെ അലട്ടിത്തുടങ്ങിയിരിക്കുന്നു. പത്തു വർഷത്തിനു മുമ്പുവരെ ഞാൻ എന്തൊക്കെയോ എഴുതിക്കൂട്ടിയിരുന്നു. ഇപ്പോൾ പുതിയ എഴുത്തു

കാരുടെ പേരുകൾ കേൾക്കുന്നു; പുതിയ സാഹിത്യപരിഷ്കാരങ്ങൾ ആവിർഭവിച്ചു കഴിഞ്ഞിരിക്കുന്നു. എന്റെ ചുരുങ്ങിയ സാഹിത്യജീവിതം അവസാനിക്കയും ചെയ്തു. ഇതു് എന്തുകൊണ്ടാണു്? ഞാൻ വാർദ്ധക്യത്തിലാണ്ടുപോയിട്ടില്ല. എനിക്കു് അന്നത്തെപ്പോലെ എഴുതാനുള്ള കെല്പും ഉണ്ടു്. ഒരുപക്ഷേ, യുവത്വത്തിൻെറ ധാരാളത ഇന്നു് എനിക്കില്ലായിരിക്കാം; അന്നു് ആ ലഹരി ശ്രമം ഒന്നുംകൂടാതെ സാഹിത്യത്തിലേയ്ക്കു നിർഗ്ഗമിച്ചിരിക്കാം. ഇന്നു മനഃപൂർവ്വമായ ശ്രമവും നിരന്തരമായ അഭ്യാസവുംകൊണ്ടുമാത്രമേ ഒരു സാഹിത്യകാരനെന്ന നില എനിക്കു നിത്താൻ സാധിക്കൂ. സാഹിത്യശ്രമങ്ങൾ ഒന്നും വെളിയിൽ വരാത്തപ്പോൾ ഞാൻ സാഹിത്യത്തെസംബന്ധിച്ചിടത്തോളം മരിച്ചതായി കണക്കാക്കേണ്ടിയിരിക്കുന്നു.

അഥവാ, എനിക്കു് എഴുതണമെന്നു തോന്നുന്നില്ലെങ്കിൽ ഞാൻ എഴുതുന്നതെന്തിനാണു്? എനിക്കു കിട്ടിയെന്നു വിചാരിച്ചിരുന്ന സാഹിത്യപ്രേരണയുടെ ഉറവു് വററിയതോടുകൂടി എൻെറ സാഹിത്യശ്രമങ്ങളും നിന്നു. സാഹിത്യപ്രേരണയില്ലാത്തപ്പോൾ നെററി വിയർപ്പിച്ചു എന്തെങ്കിലും കുത്തിക്കുറിച്ചിട്ടു് എന്തു ഫലം? ഒരുപക്ഷേ, എൻെറ വ്യസനം ഞാൻ എഴുതുന്നില്ല എന്നുള്ളതുകൊണ്ടല്ല, മററുള്ളവർ എഴുതിക്കൂട്ടുന്നതുകൊണ്ടായിരിക്കാം. എൻെറ ജീവിതം അവസാനിച്ചു; മററുള്ളവരുടെ ജീവിതം തുടന്നുകൊണ്ടിരിക്കുന്നു. മരണം, സാഹിത്യലോകത്തിലെ മരണമായാലും, അല്പം വ്യസനം ഉളവാക്കുന്നതു സാധാരണമല്ലേ?

20 ജൂൺ 1949

ശാന്തമായ സൂയസ്സ്തോടു് കടക്കുന്നു. രണ്ടു വശത്തും ഒരു പ്രത്യേക സൗന്ദര്യമുള്ള കാഴ്ചകൾ നീണ്ടുനിവന്നു

കിടക്കുന്നതുപോലെ തോന്നുന്നു. ഞാൻ ഈ മനോമോഹനമായ ഭാഗത്തുകൂടി കടന്നുപോകുന്നതു് ഇപ്പോൾ അഞ്ചാമത്തെ പ്രാവശ്യമാണു്. ആ ഓരോ സമയവും ഞാൻ ഏതുവിധം ആയിരുന്നു? ഒരു വ്യക്തിക്കു് താൻ ജീവിക്കുന്ന ജീവിതം തുടർച്ചയായ ഒരേ ഒരു ജീവിതമാണെന്നു തോന്നുമെങ്കിലും, വാസ്തവത്തിൽ ഒരാളുടെ ഓരോ ജീവിതദശയും എത്ര വ്യത്യസ്തമാണു്! ഒരു ശിശുവും, യുവാവും, മദ്ധ്യവയസ്കനും, വൃദ്ധനും—അവക്കു തമ്മിൽ എത്ര കുറച്ചു സാമ്യമേയുള്ളു! തുടരെത്തുടരെ മാറിക്കൊണ്ടിരിക്കുന്ന ഒരു ശരീരത്തിൽ വളരെ വേറെതരത്തിലുള്ള പല മനസ്സുകൾ കുടികൊണ്ടു് ഒരു ഐക്യത്തിൻെറ ഭാവം കൈക്കൊള്ളുകയാണെന്നു തോന്നിപ്പോകുന്നു. ശൈശവത്തിൽനിന്നു വാർദ്ധക്യംവരെയുള്ള ശരീരത്തിൻെറ മാററം തിരിച്ചറിയാൻ വയ്യാത്തവിധം അത്ര വലുതാണെന്നു് ഏതാണ്ടു് പരക്കെ ബോധ്യമാണു്. പക്ഷേ, അതുപോലെതന്നെ മനസ്സിൻെറ മാററം പ്രത്യക്ഷമായി കാണാൻ സാധിക്കുന്നില്ല. ആദ്യം 'മണ്ണടി'യിൽ കുടിപ്പള്ളിക്കൂടത്തിൽപ്പോയി അക്ഷരങ്ങൾ മണ്ണിൽ എഴുതാൻ തുടങ്ങിയപ്പോഴുള്ള എൻെറ മനസ്സും ഇപ്പോൾ കപ്പലിലേക്കു തുറിച്ചുനോക്കുന്നവരെ കണ്ടുംകൊണ്ടു് ഈ വരികൾ എഴുതുന്ന എൻെറ മനസ്സും തമ്മിൽ എന്തു സാമ്യമാണുണ്ടാകാവുന്നതു്? തുടർച്ചയായ ചില ഓർമ്മകൾ കുടികൊള്ളുന്നു എന്നതിൽ കവിഞ്ഞു് അതിനുതമ്മിൽ വലിയ ബന്ധമൊന്നുമില്ല. അതുപോലെ ഞാനിതു് എഴുതുമ്പോൾ അല്പം അകലെയിരിക്കുന്ന മണി—അവൾ ഇപ്പോൾ വളരെ വിവാഹിതയായി. മുമ്പിലത്തെ വാശിയുള്ള ശിശുവിൽനിന്നു് എത്ര വ്യത്യാസം! അതും ഇതും ഒരേ വ്യക്തിയാണെന്നു് ഞാൻ ഇടയ്ക്കിടയ്ക്കു് കണ്ടുകൊണ്ടിരുന്നില്ലെങ്കിൽ പറഞ്ഞു വിശ്വ

സിപ്പിക്കേണ്ടിവരുമായിരുന്നു. അത്രയ്ക്കു ബുദ്ധിമുട്ടാണു് അവക്കു തമ്മിലുള്ള സാമ്യം കണ്ടുപിടിക്കാൻ.

എൻെറ ഈമാതിരിയുള്ള വിചാരങ്ങൾക്കിടയ്ക്കു് കപ്പൽ മന്ദംമന്ദം വെള്ളത്തിൻെറ മുകൾപ്പരപ്പിൽക്കൂടി വഴതിപ്പോകുന്നു. ചുററുമുള്ളകാഴ്ചകൾ പ്രതിനിമിഷം മുമ്പിൽവന്നു മാറിമറയുന്നു. മനസ്സു് ഇനിയും തിരുവനന്ത പുരത്തേയ്ക്കുതന്നെ പോയ്ക്കൊണ്ടിരിക്കുന്ന കുഞ്ഞനിയൻ ''വാസ്തവത്തിൽ തിരുവനന്തപുരമാണു് ജെനീവാ'' എന്ന അത്ഭുതസന്ദേശം ഞങ്ങളെ ഇടയ്ക്കിടയ്ക്കു് അറിയിച്ചുകൊണ്ടിരിക്കുന്നു. ജെനീവാ കണ്ടിട്ടില്ലാത്ത അവൻ ഏതുവിധമുള്ള ഒരു ചിത്രമാണു് ആ പട്ടണത്തിനെപ്പററി മനസ്സിൽ വരച്ചുകൂട്ടിയിരിക്കുന്നതെന്നു ഞാൻ അത്ഭുതപ്പെട്ടു. ഒരുപക്ഷേ, കപ്പലിലെ ആളുകൾ നിവസിക്കുന്ന തിരുവനന്തപുരം! അതേ...?

25 ജൂൺ 1949

സ്റ്റ്റംബോളി അഗ്നിപർവ്വതം അനന്തമായി പുകവമിക്കുന്നതും കണ്ടുംകൊണ്ടു കപ്പൽ കടന്നുപോയി. ഞങ്ങളെല്ലാവരും ഡെക്കിൽ നില്ക്കുകയായിരുന്നു. എൻെറ മുറിയിലെ നിശ്ശബ്ദസ്നേഹിതൻെറ വായിൽനിന്നു രണ്ടുമൂന്നു വാക്കുകൾ പുറപ്പെടുവിക്കാനുള്ള വ്യർത്ഥമായ ശ്രമങ്ങളിൽ ഞാൻ ഏർപ്പെട്ടിരുന്നു. അതുകഴിഞ്ഞു വീണ്ടും മുറിയിലേയ്ക്കു തിരിച്ചുപോന്നു.

ജീവിതത്തിൽ എനിക്കു സിദ്ധിക്കാൻ കഴിഞ്ഞിട്ടുള്ള മിതമായ നേട്ടങ്ങളെയോർത്തു് അസന്തോഷപ്പെട്ടപ്പോൾ, എൻെറ കുട്ടികൾ എൻെറ ന്യൂനതകളെ പരിഹരിച്ചേയ്ക്കുമെന്നുള്ള വിശ്വാസംകൊണ്ടു് ഞാൻ സമാധാനപ്പെടാൻ നോക്കുന്നു. ഒരാൾ ഒരു കവിയായേയ്ക്കാം; വേറൊ

രാൾ പൊതുജീവിതത്തിൽ പേരെടുത്തേയ്ക്കാം; മറ്റൊരാൾ വിജയകരമായി ജീവിച്ചേയ്ക്കാം. എത്ര വ്യത്ഥമായ സമാധാനങ്ങൾ! അവർ എന്റെ കുട്ടികളായി ഇപ്പോൾ അടുത്തു ചുററും കൂടിയിട്ടുണ്ടെങ്കിലും, താമസിയാതെ അവക്കെല്ലാം വ്യക്തിത്വം കൈവന്നു് പ്രത്യേകം ആളുകളായി ലോകത്തിലേയ്ക്കിറങ്ങും. അവരുടെ നേട്ടങ്ങൾ അവരുടേതായിരിക്കും. അതിൽ പങ്കുകൊള്ളാൻ എനിക്കു് എന്തവകാശം? അവരുടെ വിജയം എന്റെ പരാജയത്തിനെ എങ്ങനെ പരിഹരിക്കും? ഈ ലോകത്തിൽ അവരവരുടെ ശ്രമങ്ങളും, നേട്ടങ്ങളും, പരാജയങ്ങളും അവരവരുടേതായേ കണക്കാക്കാൻ സാധിക്കൂ.

27 ജൂൺ 1949

ഇററാലിയൻതുറമുഖങ്ങളിലെല്ലാം പണിമുടക്കു്. വിസ്തരിച്ചു കെട്ടിപ്പൊക്കിയ ഞങ്ങളുടെ യാത്രാപദ്ധതികളെല്ലാം തട്ടിത്തകക്കാനായിവന്ന സന്ദേശം ആയിരുന്നു ഇതു്. ഇററാലി ഞങ്ങൾ കാണരുതെന്നു് ആക്കോ മനഃപൂവ്വം ഉള്ളതുപോലെ തോന്നുന്നു. കപ്പൽ മാർസൈൽസ് തുറമുഖത്തുവന്നു നങ്കൂരമടിച്ചു കിടക്കുന്നു. ഭാവിപരിപാടിയെപ്പററി കപ്പലധികൃതന്മാർ ഒന്നും പറയുന്നില്ല. ആകപ്പാടെ ഒരു അരാജകത്വം. ചിലർ കപ്പൽവിട്ടു പോയിക്കഴിഞ്ഞു. മററുചിലർ ക്രുദ്ധമായി ഗാഢമായി അനന്തരകാര്യ്യങ്ങളെപ്പററി ആലോചിക്കുന്നു.

ഒടുവിൽ അലസതയിൽനിന്നു ഞാൻ ഉണന്നപ്പോൾ ഞങ്ങളുടെ കപ്പൽയാത്ര മാർസൈൽസിൽ അവസാനിപ്പിക്കാൻ അധികൃതന്മാർ നിശ്ചയിച്ചുകഴിഞ്ഞു. ഇന്നുതന്നെ ജെനീവായ്ക്കു തീവണ്ടി കേറണം. എന്റെകൂടെ യാത്രചെയ്യുന്ന ചെറുതും വലുതുമായ 'നരസിംഹന്മാർ' ഒരുമിച്ചു

ശ്ജ്ജിച്ചുകൊണ്ടു് അതുതന്നെ പറയുന്നു. കപ്പലിൽനിന്നു് ഫ്റഞ്ച് അധികൃതന്മാരുടെ അങ്ങോട്ടോട്ടം, അതുകഴിഞ്ഞു കുക്കിലേയ്ക്കോട്ടം, വീണ്ടും കപ്പലിലേയ്ക്കുവന്നു് എന്റെ ചെറിയ സംഘത്തെ ഒരുക്കി കപ്പലിനോടു യാത്രപറഞ്ഞു തീവണ്ടിയെ ലാക്കാക്കിക്കൊണ്ടുള്ള ഓട്ടം.

ഭാഗ്യവശാൽ, ഞങ്ങൾ ജെനീവായ്ക്കുപോകുന്ന കുറേ യാത്രക്കാരെല്ലാം ഒരുമിച്ചു് ഒരു കൂട്ടമായി കൂടി. അതുകൊണ്ടു് കുക്കു്പ്രതിനിധികൾ ഞങ്ങളെയെല്ലാം വേണ്ടപോലെ നയിച്ചു സ്റ്റേഷൻവരെ സുഖമായി കൊണ്ടുചെന്നാക്കി. കൂടാതെ ടിക്കററിനും മററും പണംകൊടുക്കുന്നതിനുപകരം, ഔദ്യോഗികമായ ഞങ്ങളുടെ യാത്രയുടെ ഭാരം അവർ ഏറെറടുത്തതിനെക്കുറിച്ചുള്ള പ്രമാണങ്ങൾ കാണിച്ചതോടുകൂടി അവരുടെ രസീതിൽ ഒപ്പിട്ടുകൊടുത്താൽ മതിയെന്നായി.

ജെനീവായ്ക്കു പുറപ്പെടാനുള്ള വണ്ടി കൂവിയതോടുകൂടി വലിയ സമാധാനം. ബദ്ധപ്പെട്ടു കഴിച്ച ഒരു ദിവസം ഇപ്രകാരം മംഗളമായി അവസാനിക്കുമെന്നു് അവസാനംവരെ തീരെ നിശ്ചയമില്ലായിരുന്നു. ഇനി ഉറങ്ങാൻ ഒരു സ്ഥലം തേടുകയേ വേണ്ടു. നേരം വെളുക്കുമ്പോൾ ജെനീവായെത്തിയില്ലെങ്കിലും, യാതൊരു സൊല്ലയുമില്ല. വണ്ടി അങ്ങോട്ടുതന്നെ അപ്രതിരോധ്യമായി ഓടിക്കൊണ്ടിരിക്കും. കുറെ കഴിഞ്ഞാൽ അതു് അവിടെ എത്തുകയും ചെയ്യും.

ജെനീവാ
12 ജൂലൈ 1949

ഇവിടെ തിരിയെവന്നിട്ടു കുറെദിവസമായി. ജീവിതം മുമ്പിലത്തേപ്പോലെമുന്നോട്ടുപോകുന്നു. ഇതിൽനിന്നു്

എത്രയോ വ്യത്യസ്തമായ നാട്ടിലെ പല രംഗങ്ങളിൽക്കൂടി കടന്നുപൊയ്ക്കൊണ്ടിരുന്നപ്പോൾ ഇവിടുത്തെ ജീവിതക്രമത്തിൽനിന്നു് എന്നെന്നേയ്ക്കും വേർപെട്ടു മാറിക്കഴിഞ്ഞു എന്നു് അനുഭവപ്പെട്ടതുപോലെ എനിക്കു തോന്നി. വിഭിന്നമായ എൻെറ ഈ രണ്ടു ജീവിതരീതികൾ വിദൂരമായ കടലുകൾകൊണ്ടു വേർപെട്ടപ്പോൾ, ബന്ധമാകെയററതുപോലെ കാണപ്പെട്ടു. തിരികെ ഇവിടെവന്നപ്പോൾ, റയിൽവേസ്റ്റേഷനിലെ പ്രതിമകളും, അവിടെ ചുററും വലയംചെയ്യുന്ന ട്രാമും അതിനടുത്തു് കസേരകളിലിരുന്നു 'ബീയറും' കഴിച്ചു സല്ലപിക്കുന്ന സ്ത്രീപുരുഷന്മാരും എല്ലാം അതേനിലയ്ക്കു തുടൻകൊണ്ടുപോകുന്നു എന്നു് അല്പം അത്ഭുതത്തോടെയാണു് ഞാൻ കണ്ടതു്. ഇപ്പോൾ എന്റെ ജീവിതവും അതിനോടു യോജിച്ചുകഴിഞ്ഞു.

ജീവിതത്തിനെപ്പററി ഇനി അങ്ങോട്ടു ഞാൻ ഉണ്ടാക്കുന്ന എല്ലാ പദ്ധതികളും എൻെറ ആരോഗ്യത്തിനെ ക്രമത്തിലധികം ആശ്രയിച്ചിരിക്കും എന്നു ദിനംപ്രതി അനുഭവപ്പെട്ടുവരുന്നു. കാലിലെ സുഖക്കേടു് കൂടി. ആ വേദന സദാസമയവും എൻെറ ജീവിതത്തിൻെറ ഒരടിവലിവു്, അഥവാ ഒരു അനുപല്ലവി, ആയിത്തീൎന്നിരിക്കുന്നു. കൂടാതെ മററു സുഖക്കേടുകൾ ഒന്നിനുമേലൊന്നായിവരുന്നു. ഈ വിരുന്നുകാരെ സല്ക്കരിച്ചു സന്തോഷിപ്പിക്കുന്നതിനിടയ്ക്കു ഞാൻ എന്തെല്ലാംചെയ്യും? രോഗശയ്യയിൽകിടന്നു സാഹിത്യകാരനാവുക—പലപ്പോഴും സ്വപ്നംകാണുന്ന അതും എന്നെക്കൊണ്ടു സാധിക്കുകയില്ല. സാഹിത്യമില്ലാത്ത രോഗശയ്യ—അതായിരിക്കും എന്നെ കാത്തിരിക്കുന്ന ഭാവി.

2 സെപ്തംബർ 1949

ശരൽക്കാലത്തിൻെറ നിറപ്പകർച്ച കുറേശ്ശ കണ്ടുതുടങ്ങി. ഇന്നു് ആഫീസിലെ കൂട്ടുകാരുമായി ഒരു കെങ്കേമ

മായ ഊണും കഴിഞ്ഞു വെസനാകുന്നിൻെറ ഉന്നതപ്രദേശങ്ങളിൽക്കൂടി കാറിൽ ഓടിച്ചുപോയപ്പോൾ, ചുററുമുള്ള പകപമായ മനോഹരക്കാഴ്ചകൾ കണ്ടു് ആനന്ദിച്ചു. പച്ചപ്പാടങ്ങളുടെയിടയ്ക്കുള്ള മഞ്ഞനിറത്തിൻെറ കലപ്പു്, ഉഷ്ണമായ അന്തരീക്ഷത്തിലെ അല്പം തണുപ്പു്, മണ്ണിൻെറ് പുതുമ, താഴെ മിനുസമായി നീളത്തിൽക്കിടക്കുന്ന ജലാശയം—ഇവയെല്ലാം, രസമായ സ്നേഹിതന്മാരുടെ സംഭാഷണങ്ങളും കേട്ടുകൊണ്ടു് വേഗം കാറിൽപ്പോയപ്പോൾ, സന്തോഷപ്രദങ്ങളായിത്തോന്നി. പ്രകൃതിയുടെ കാഴ്ചകൾക്കു് ഇപ്രകാരം സന്തോഷത്തെ മുന്നോട്ടുകൊണ്ടുവരാനുള്ള കെല്പിനെപ്പററി ഞാനത്ഭുതപ്പെട്ടു. വേദനയും സഹിച്ചു വെളിയിലേയ്ക്കുനോക്കുന്ന ഈ അംഗഭംഗംവന്ന ആൾക്കുപോലും, പ്രകൃതിയുടെ ഈ പുതുമകൾ സങ്കടത്തെയകററി സന്തോഷത്തെ കൊണ്ടുവരുന്നു. പക്ഷേ, ശരത്കാലത്തിൻെറ മഹിമ, പച്ചപ്പുഴത്തിൻെറ ഇടയ്ക്കുള്ള മഞ്ഞനിറങ്ങൾ, കറുത്ത തലമുടിയിൽ ക്രമേണ കണ്ടുവരുന്ന നരച്ച രോമങ്ങളെപ്പോലെ ജീവിതത്തിൻെറ ഉത്തരാദ്ധത്തെ ഓർമ്മിപ്പിക്കുന്നു. എന്തൊക്കെയായാലും അതിലേയ്ക്കു് അല്പം വ്യസനത്തോടുകൂടിയല്ലാതെ പ്രവേശിക്കാൻ സാധിക്കുന്നില്ല.

5 സെപ്തംബർ 1949

വെരീന ഇന്നലെ ഫ്ളോറൻസിലേയ്ക്കുപോയി. ഞങ്ങൾ ഇവിടെ വന്നിട്ടു് അധികംതാമസിയാതെ പരിചയമായ കൂട്ടത്തിലായിരുന്നു വെരീന. രവി ഉണ്ടായപ്പോൾ അവനെ ആശുപത്രിയിൽനിന്നു കൊണ്ടുവരാനും മററും അവൾക്കു വലിയ ഉത്സാഹമായിരുന്നു. ആഴ്ചതോറും ഒഴിയാതെയുള്ള അവളുടെ വിരുന്നുകൾ ഞങ്ങൾ പ്രത്യേകം കൊണ്ടാടിയിരുന്നു. ഇപ്പോൾ ഇതാ, ഏതാണ്ടു് എന്നെ

ന്നേസ്സുമായി അവൾ ഈ സ്ഥലം വിടുകയാണു്. യുവതപവും ആഹ്ലാദവും അവൾ വിതറിക്കൊണ്ടിരുന്നതുപോലെ തോന്നി. അതുകൊണ്ടായിരിക്കാം അവളുടെ വേർപാടു് ഞങ്ങളെ വല്ലാതെ വല്ലായ്മപ്പെടുത്തി.

ആഫീസിൽ കുറേക്കാലത്തെ സുഖക്കേടിനുശേഷം മിസ് ഫിഡ്ലർ ജോലിക്കുവന്നു. നിർഭാഗ്യത്തെ ഇത്ര സമാധാനബുദ്ധിയോടുകൂടി നോക്കുന്ന അധികമാളുകളെ കാണുകയില്ല. ഒന്നുരണ്ടുമാസത്തിനുമുമ്പു് ഒരു ചെറിയ കല്ലിൽത്തട്ടി തെററിവീണതിൻെറ ഫലമായി കാലൊടിഞ്ഞു് ആശുപത്രിയിൽ കഴിക്കേണ്ടിവന്നു. ഇത്ര നിസ്സാരമായ യാദൃച്ഛികസംഭവം എത്ര കഷ്ടപ്പാടുകൾ വരുത്തി! എങ്കിലും അതെല്ലാം അവർ സ്വാഭാവികമായി കരുതുന്നു; ജീവിതമാകുന്ന പുസ്തകത്തിലെ മറിഞ്ഞുപോയ കടലാസിൻെറ ഒരു ഭാഗവും, എത്ര നിസ്സാരമായാലും, മാററാൻ സാധിക്കുകയില്ലെന്നുമാത്രം അവർ ഓർമ്മപ്പെടുത്തുന്നു. എനിക്കും ഇതുപോലെ ഒരു സമാധാനംനേടാൻ കഴിഞ്ഞിരുന്നെങ്കിൽ—ഒരു യാദൃച്ഛികസംഭവംകൊണ്ടു്—ദൂരത്തുകൂടെ പോയ തണുത്ത കാററിൻെറ ചാപല്യംകൊണ്ടോ, ആഹാരത്തിൻെറകൂടെ അകത്തുകടന്ന ഏതോ ഒരു അണുവിൻെറ ചലനംകൊണ്ടോ, എൻെറ കാലിനു് ഏതാണ്ടു് സ്ഥിരമായ ഒരു സുഖക്കേടു കിട്ടി. പക്ഷേ, ആ കഴിഞ്ഞുപോയ ആപത്തുകളെപ്പററി വിചാരിച്ചിട്ടു് എന്തുഫലം? ഇപ്പോൾക്കാണുന്ന ജീവിതത്തെ കഴിയുംവിധം നല്ലവണ്ണം നയിക്കാനുള്ള സമാധാനബുദ്ധിയാണു വേണ്ടതു്.

13 സെപ്റ്റംബർ 1949

ദുർദ്ദിനം. ഒരൊററ സൂര്യരശ്മിപോലും കാറുകൊണ്ടു തിങ്ങിയ ആകാശത്തിൽക്കൂടി ഇങ്ങോട്ടുവരുന്നില്ല. ഞാൻ ക്രമത്തിലധികം കുണ്ഠിതനായിരിക്കുന്നു. ബുദ്ധിയും കല്പനാ

വൈഭവവും കുറേക്കൂടി കിട്ടാൻ ഞാൻ ഇതിനുമുമ്പ് ഇതുപോലെ പ്രാർത്ഥിച്ചിട്ടില്ല. ജീവിതമാകെ അന്യരെ അനുകരിക്കാനും അന്യരുടെ സാമർത്ഥ്യങ്ങളെ എന്റേതായി പ്രയോഗിക്കാനും കഴിച്ചതുപോലെ തോന്നുന്നു. എൻെറ പ്രാർത്ഥന എവിടെയെങ്കിലും കേൾക്കുമെന്നു് ഇപ്പോൾ വിചാരിക്കാൻ കാര്യമെന്താണു്?

ഇടയ്ക്കിടയ്ക്കു ഞാൻ തീരെ അനക്കമില്ലാത്ത കായലിൻെറ മുകൾപ്പരപ്പിലേയ്ക്കു തുറിച്ചുനോക്കിക്കൊണ്ടിരിക്കുന്നു. അവിടെ ഒരൊററ ബോട്ട് തടസ്സംകൂടാതെ ചലിക്കുന്നു. ഒരു പക്ഷിയുടെ കർക്കശമായശബ്ദം, ഏതോ അനന്തമായ സംഗീതത്തിന്റെ അമന്ദ പ്രതിദ്ധ്വനിയിൽക്കൂടി എൻെറ അടുത്തേയ്ക്കുവരുന്നു. ഇതുകേട്ട ഞാൻ വീണ്ടും വിഷാദപാരവശ്യത്തിനു വഴിപ്പെട്ടുന്നു.

15 സെപ്റ്റംബർ 1949

ഇന്നലെ ഞാൻ ഇരുട്ടത്തു് തനിച്ചു കിടക്കയിൽ കിടന്നപ്പോൾ ജീവിതത്തിനെപ്പററി ആകെ വിചാരിക്കുകയായിരുന്നു. ഒരുപക്ഷേ, എല്ലാ ജീവിതത്തിനെയുംപോലെ, എൻെറ ജീവിതവും ആശകളുടേയും നിരാശകളുടേയും അനുക്രമണമായിരിക്കാം. ചെറിയകാര്യങ്ങളിലുള്ള ആശ, വലിയകാര്യങ്ങളിലുള്ള ആശ, വിദൂരമായ ഭാവിയെപ്പററിയുള്ള ആശ, അടുത്ത ഭാവിയെക്കുറിച്ചാശ, അതുപോലെതന്നെ നിരാശകളുടെ പരമ്പരാക്രമവും. ജീവിതത്തിന്റെ ഓരോ നിമിഷവും ഏതെങ്കിലും ആശകൊണ്ടോ നിരാശകൊണ്ടോ നിറഞ്ഞതുപോലെ തോന്നുന്നു. ഏതെങ്കിലും ആശയിലേയ്ക്കു ജീവിതം നീങ്ങുക, ഏതെങ്കിലും ആശാഭംഗംവരുക; വീണ്ടും ആശകൾവന്നു സ്വാസ്ഥ്യംതരുക; അതുകഴിഞ്ഞു പിന്നീട് വീണ്ടും... ഇങ്ങനെ സമയം പോയി; അപ്പോഴത്തേയ്ക്കും ജീവിതം കഴിയുകയും ചെയ്യും....

അദ്ധ്യായം 5

## നിഴലുകഠം

ജെനീവാ

20 സെപ്റ്റംബർ 1949

ശ്രീ. ആർ.—പരലോകപ്രാപ്തനായി. ഇൻഡ്യയിൽ നിന്നുവന്ന ഒരാൾ ഞങ്ങൾക്കുതന്ന വ്യസനകരമായ വ ത്തമാനമായിരുന്നു ഇതു്. ഞാൻ അദ്ദേഹത്തിനെ ഒടുവിൽ കണ്ടതു് മദിരാശിയിൽവെച്ചായിരുന്നു. അവിചാരിതമാ യ ആ സമാഗമവും, അദ്ദേഹത്തിൻെറ ജീവിതമാകെയും ഇന്നു് എന്നിൽ അസാമാന്യമായ സങ്കടത്തെയുണത്തി. പ്രകൃത്യാ ശാന്തനായ അദ്ദേഹം രൂക്ഷമായ രാഷ്ട്രീയാഭി പ്രായങ്ങൾ പൊട്ടിപ്പുറപ്പെട്ടുവിച്ചുകൊണ്ടു് എൻെറ വീ ട്ടിൽ കൂടെക്കൂടെ വിരുന്നുവന്നിരുന്നതു് ഞാൻ ഓമ്മിച്ചു. ചൂഷണംചെയ്യുന്നവരെയൊക്കെ ഞെരിച്ചുകൊല്ലത്തക്ക വണ്ണം കോപം, തത്വത്തിൽ, അദ്ദേഹത്തിനുണ്ടായിരു ന്നു. എങ്കിലും ആ സൗമ്യസ്വഭാവത്തിൽ സ്ഥിരമായ രൗ ദ്രഭാവം നിലനിത്താൻ അദ്ദേഹത്തിന്നു തീരെ കഴിഞ്ഞി രുന്നില്ല. ഞാൻ അറിഞ്ഞിരുന്നകാലത്തൊരിക്കലെങ്കി ലും, ദേഷ്യംകൊണ്ടോ മറേറതെങ്കിലും വികാരംകൊ ണ്ടോ അദ്ദേഹം, ഇളകി വശപ്പെട്ടുന്നതു ഞാൻ കണ്ടിട്ടി ല്ല; എങ്കിലും മനുഷ്യസാധാരണമായ ദേഷ്യവും, മററു വികാരങ്ങളും അദ്ദേഹത്തിനെ പലപ്പോഴും ആക്രമിച്ചിരു ന്നിരിക്കണം.

അന്നു് മദിരാശിയിൽവെച്ചു് അല്പം പരാജയപ്പെ ട്ട തൻെറ ജീവിതത്തിൻെറ ഭാവിയെക്കുറിച്ചുള്ള ആലോ ചനകൾക്കിടയിലൊന്നും—ആ ജീവിതം അവസാനിക്കാ

റായിരുന്നു എന്നു ഞങ്ങൾക്കു തോന്നിയില്ല. എങ്കിലും ഒ രാഴ്ചയ്ക്കകം അദ്ദേഹം ഈ ലോകം വിട്ടുകഴിഞ്ഞു. ഇത്ര ലോലമായ ഒരു ഭിത്തിയാണോ നമ്മെ അന്യലോകത്തിൽ നിന്നും വേർതിരിക്കുന്നത്?

സുഖക്കേടും, കഷ്ടപ്പാടും, അദ്ദേഹത്തിൻെറ ഇവിടു ത്തെ ജീവിതത്തിനെ ക്രമത്തിലേറെ പങ്കിട്ടെടുത്തിരുന്നു. ജീവിതത്തിൽ സാധാരണ ആളുകൾക്കുണ്ടാകാറുള്ള വലി യ ആകാംക്ഷകളൊന്നും അദ്ദേഹത്തിനില്ലായിരുന്നതുപോ ലെ തോന്നി. ഒതുങ്ങിയരീതിയിൽ, തനിക്കു വിധിച്ചിട്ടു ള്ള ജോലിയും നിറവേററി, സുഖകരമായ ഒരു ഗാർഹ സ്ഥ്യജീവിതം നയിച്ച് തൃപ്തിപ്പെട്ടിരുന്ന അദ്ദേഹത്തി നെ മററുള്ളവരേപ്പോലെ ജയവും പരാജയവും ഒന്നും സ്പ ർശിച്ചിരുന്നില്ല. ചതിയും വഞ്ചനയും നിറഞ്ഞ ഈ ലോ കത്തിൽനിന്നും അദ്ദേഹം രക്ഷപ്പെട്ടു; ഒരുപക്ഷേ, അന ന്തമായ സുഖമർഹിക്കുന്ന ശുദ്ധാത്മാക്കൾക്കുള്ള സ്ഥാനം അങ്ങ് മറേറലോകത്തിലായിരിക്കാം. അദ്ദേഹം അവി ടെ നിത്യശാന്തതയിൽ ലയിക്കുമാറാകട്ടെ!

27 സെപ്റ്റംബർ 1949

ഇതുപോലെയുള്ള ശരൽക്കാലദിവസങ്ങളിൽ വേ നൽക്കാലത്തിൻെറ അവസാനചിഹ്നങ്ങൾ കാണാൻക ഴിയും. അസ്തമിക്കാൻപോകുന്ന സൂര്യന്റെ ഇളവെയിലിൽ ഭൂഭാഗമെല്ലാം ഒരു മഞ്ഞനിറത്തിൽ മുക്കിയിരിക്കുന്നതു പോലെ തോന്നുന്നു. പച്ചയിലകളുടെ പുതുമയൊക്കെ പോയി അവയിൽ ഒരു മഞ്ഞൽനിറം പ്രത്യക്ഷപ്പെടുന്നു. അവിടെ, കായലിന്റെ അങ്ങേപ്പുറത്തു്, കുന്നിൻചെരിവു കളിൽ, കൊയ്തെടുത്ത പാടങ്ങൾ പച്ചപ്പുല്ലുകളുടെയിടയ്ക്കു് അല്പം മഞ്ഞനിറത്തിലുള്ള വർണ്ണഭേദം കാണിക്കുന്നു.

ശാന്തമായ കായലിലെ വെള്ളത്തിൽ, ചൂടില്ലാത്ത വെയിൽ തത്തിക്കളിക്കുന്നു. ചുററുമുള്ള ചെറിയതണുപ്പ് ഉന്മേഷപ്രദായകമാണ്; പക്ഷേ, വസന്തത്തിൽവരുന്ന ഇതേമാതിരിയുള്ള തണുപ്പുമായി എന്തു വ്യത്യാസം? അതു്, വരാനിരിക്കുന്ന സന്തോഷകരമായ വേനൽക്കാലത്തെ വിളംബരപ്പെടുത്തുന്നു; ഇതു് അതിൻെറ മരണത്തെയും.

ഈ കാഴ്ചകണ്ടു്, മനുഷ്യഹൃദയം എപ്പോഴും അനന്തതയെ ആഗ്രഹിക്കുന്നതെന്തിനാണെന്നു ഞാൻ അത്ഭുതപ്പെടുന്നു. ഇപ്പോൾ ആളുകളുടെയിടയിൽ അറിയപ്പെടുന്നു എന്നുള്ളതുകൊണ്ടുമാത്രം തൃപ്തിപ്പെടുന്നവരല്ല സാഹിത്യകാരന്മാർ. ഭാവിയിൽ അനശ്വരമായ ഒരു പ്രശസ്തി സമ്പാദിക്കാൻ അവർ വെമ്പുന്നു. ഇപ്പോഴത്തെ തലമുറ അവരുടെ കൃതിയെ പുകഴ്ത്തിയില്ലെങ്കിൽ അവർ എഴുതുന്നതു് അടുത്തതലമുറയ്ക്കാണെന്നു് എപ്പോഴും പറയുവാൻ സാധിക്കും. എങ്കിലും, 'അനശ്വരമായ പ്രശസ്തി' കിട്ടിക്കഴിഞ്ഞു എന്നഭിമാനിക്കുന്ന എത്രപേരാണു് അടുത്ത തലമുറക്കാർക്കുപോലും അപരിചിതരാവുന്നതു്! മാറിമാറിവരുന്ന ഋതുക്കളെപ്പോലെ അതാതു നിമിഷങ്ങളിൽ ചിരിപ്പിക്കുകയും, കരയിക്കുകയും, രസിപ്പിക്കുകയും ചെയ്യുന്നതുകൊണ്ടുമാത്രം തൃപ്തിപ്പെട്ടാൽ പോരേ?

എങ്കിലും;—എങ്കിലും, മററുള്ളവർ ആപ്പുവിളിക്കുവാൻവേണ്ടി മാത്രം, എഴുതുന്നതു് ഞാൻ ഇഷ്ടപ്പെടുന്നില്ല. ഏതെങ്കിലും ഒരു സമയത്തു് പുരോഗമനമാണെന്നു് അവകാശപ്പെടുന്ന ആശകളെ മുറുകെപ്പിടിച്ചു് സാഹിത്യശ്രമം ചെയ്താൽ വിജയം കിട്ടാൻ അതു് എളുപ്പവഴിയാണു്. അതാണു് യഥാർത്ഥമായി പോകേണ്ട വഴിയെന്നു വിശ്വസിക്കാനും, ആളുകൾക്കു സാധിക്കും. പക്ഷേ,

എന്നെസ്സംബന്ധിച്ചിടത്തോളം എന്താക്കെവന്നാലും, ആ എളുപ്പവഴി ഞാൻ ആഗ്രഹിക്കുന്നില്ല.

4 ഒക്ടോബർ 1949

ദീർഘമായ വേനൽക്കാലത്തിനുശേഷം, തണുപ്പു ക്രമേണ ആക്രമിച്ചുതുടങ്ങിയിരിക്കുന്നു. വെളിയിൽ, രാവിലെ, മൂടൽമഞ്ഞു്. പഴുത്തയിലകളെ താഴെ തള്ളിയിടാനെന്നവണ്ണം കാററു് ഊക്കോടെയടിക്കുന്നു; കഷ്ടകാലംവരുമ്പോൾ എല്ലാവരുംകൂടി ഉപദ്രവിക്കാനുള്ള ശ്രമമാണു്. കാറ്റേററു് കായൽ വല്ലാതെ ക്ഷോഭിച്ചു് ഇളകുന്നു. പെട്ടെന്നു ശീതോഷ്ണസ്ഥിതിമാറുമ്പോൾ, ആളുകളുടെ മട്ടും കുറേശ്ശ മാറുന്നു. തണുപ്പുകൂട്ടുമ്പോൾ, ചിലർ ഷൂളംവിളിക്കുകയും പാട്ടുപാടുകയും, മററുചിലർ ദീർഘശ്വാസം ചെയ്യുകയും കൈകൾ തിരുമ്മുകയും ചെയ്യുന്നു. ഞാൻ ഏതോ വിഡ്ഢിത്തമായ ഒരു മൂളിപ്പാട്ടുപാടുകയാണു്. ഇതുകേട്ടു്, പ്രായമായവരും എത്ര തുമ്പില്ലാത്തവരായിത്തീരാം എന്നു് ഞാൻ അത്ഭുതപ്പെട്ടുന്നു. പ്രായമായവരുടെ എല്ലാഭാവങ്ങൾക്കും കുട്ടികളിൽക്കാണുന്ന ചില മൗലികസ്വഭാവങ്ങളുമായി വലിയ വ്യത്യാസമില്ല എന്നു തോന്നുന്നു. ഉണ്ണുന്നതിലും ഉറങ്ങുന്നതിലുമുള്ള സുഖം, ഓടുന്നതിലും ഓടിക്കുന്നതിലുമുള്ള കൗതുകം, ആർപ്പുവിളിക്കുന്നതിലുള്ള ആനന്ദം— ഇതെല്ലാം കുട്ടികളിലും വലിയവരിലും കാണാം. രാഷ്ട്രീയമത്സരങ്ങളിലേർപ്പെടാനുള്ള കൗതുകം, പ്രസംഗങ്ങൾചെയ്യാനുള്ള സന്തോഷം, സൽക്കാരങ്ങളിലുള്ള ഉത്സാഹം, ആഘോഷങ്ങളിലും ഉത്സവങ്ങളിലും പങ്കെടുക്കാനുള്ള ആഗ്രഹം—ഇവയെല്ലാം വലിയആളുകളിൽ കാണുന്നു. എങ്കിലും, കുട്ടിക്കളികളിൽക്കാണുന്ന സ്വഭാവംതന്നെയാണു്, ജീവിതസമരത്തിലെ ഈമാതിരി

യുള്ള വിവിധവശങ്ങളിൽ ഏർപ്പെട്ടപ്പോൾ വലിയവരിലും കാണുന്നതു്. എന്നാൽ കുട്ടികളേക്കാൾ വലിയ ആളുകൾക്കു് എന്താണു് വാസ്തവത്തിൽ വ്യത്യാസമുള്ളതു്? ആലോചനയും, വിമൎശത്തിനുള്ളകെല്പും? ഓരോ കാൎയ്യങ്ങളെ മനസ്സിരുത്തി ആലോചിച്ചു് വിധികല്പിക്കാനുള്ളകെല്പു്, മുതിൎന്നമനുഷ്യനുള്ള ഒരു ഗുണമാണെന്നുള്ളതിനു് സംശയമില്ല. പക്ഷേ, ഈ കണക്കിനു നോക്കിയാൽ എത്രപേരാണു് മുതിൎന്നവർ? എത്രയോവലിയ ആളുകൾപോലും ബാലിശമായ നിലയിൽനിന്നു് ഉയൎന്നിട്ടില്ല എന്നു തോന്നും.

7 ഒക്ടോബർ 1949

മന്ദതനിറഞ്ഞ ദിവസങ്ങൾ! ജോലിക്കും, വെടിപറയാൻപോലും, തീരെ ഉത്സാഹമില്ല. ഇതു ദേഹത്തിൻെറ സുഖക്കുറവുകൊണ്ടുമാത്രമല്ലാ, മനസ്സിൻെറ ക്ഷീണം, അഥവാ ഉന്മേഷക്കുറവുകൊണ്ടു്ആയിരിക്കാം. കാർലൈൽ ഒരിക്കൽ ഇപ്രകാരം എഴുതിയിട്ടുണ്ടു്. “ഞാൻ മന്ദതയെപ്പററി കുറേനാളായിട്ടു് ആലോചിച്ചു. അതിനെപ്പറ്റി കുറെയൊക്കെ അറിയാമെന്നും വിചാരിച്ചു. പക്ഷേ, ഇതാ ഇവിടെ സാക്ഷാൽ മന്ദതതന്നെ. മന്ദതയുടെ കുളങ്ങളും, സമുദ്രങ്ങളും! വിപുലമായ, കളങ്കമില്ലാത്ത മന്ദത... വേറെയെങ്ങുംകിട്ടാത്ത മന്ദത....സങ്കടപ്പെട്ട ഹൃദയത്തോടെ, നിർഭാഗ്യവാനായ അന്വേഷകൻ അവിടെ അങ്ങോട്ടും ഇങ്ങോട്ടും, നിലവിളിച്ചുനീന്തുന്നു. ആ നിശ്ചലമായ വെള്ളത്തിലെവിടെനിന്നെങ്കിലും, ഒരല്പം വല്ലതും എടുക്കാൻ സാധിക്കുമെങ്കിൽ, അയാൾ അയാളുടെ നല്ലകാലമെന്നു് കരുതിക്കൊള്ളട്ടെ—” ഏതാണ്ടിതുപോലെയുള്ള മന്ദതയാണു് എൻെറ ചുററും കാണുന്നതു്.

20 ഒക്ടോബർ 1949

ഈയിടെയായി എൻെറ മനസ്സ് ഒരു ചുഴലിയിൽ പെട്ടതുപോലെ തോന്നുന്നു: കഴിഞ്ഞുപോയ ആ കാലത്തിൽനിന്നു് നിരന്തരമായ വിചാരധാരകൾ എന്നെ വലയം ചെയ്യുന്നു; അതോടുകൂടി ഇപ്പോഴത്തെ ജീവൽപ്രവാഹത്തിൻെറ പല ഒഴുക്കുകളുംവന്നു് എന്നിൽ അലതല്ലുന്നു.

കഴിഞ്ഞകാലത്തെപ്പററി ഞാൻ ഇന്നലെരാത്രിമുഴവൻ ആലോചിക്കുകയായിരുന്നു. എന്തെല്ലാം മാററങ്ങൾ! ജീവിതം, അതിൻെറ ചിലഭാഗങ്ങളെ പ്രത്യേകം നോക്കുകയാണെങ്കിൽ, വലിയവ്യത്യാസങ്ങളൊന്നുമില്ലാത്ത അനവധിദിവസങ്ങളടങ്ങിയ മാതൃകകൾപോലെതോന്നും; ഓരോമാതൃകകളിൽ ഒരേരീതിയിലുള്ള ദിവസങ്ങളോ വഷങ്ങളോ അടങ്ങിയിരിക്കും. ഒരു മാതൃകയിൽനിന്നു് മറെറാരുമാതൃകയിലേയ്ക്കു മാറുമ്പോൾമാത്രം ചലനം ഉണ്ടാകുന്നതുപോലെ അനുഭവപ്പെട്ടും. എൻെറ ജീവിതത്തിലെ വ്യക്തമായ ഈ മാതിരിയുള്ള മാതൃകകൾ എൻെറ മുന്നിൽ അടിക്കടിവന്നുകൊണ്ടിരുന്നു. മണ്ണടിയിലെ ശൈശവകാലം, തിരുവനന്തപുരത്തുകഴിച്ച കുട്ടിക്കാലം, കൊട്ടാരക്കരയും കൊല്ലത്തും ഉള്ള സ്കൂൾജീവിതം, തോട്ടക്കരയിലെ മദ്ധ്യവേനൽക്കാലങ്ങൾ, തിരുവനന്തപുരത്തേ കോളേജ്‌വിദ്യാത്ഥിയായുള്ള ജീവിതം, മദിരാശി ഡെൽഹി ലണ്ടൻ അഹമ്മദബാദ് ബോംബെ ജീവിതങ്ങൾ—ഇങ്ങനെയിങ്ങനെ ഓരോ മാതൃകകൾ. ഈ ഒരൊറ്റമാതൃകപോലും ഇനി ആവത്തിച്ചുവരികയില്ലയെന്നുള്ളതു് മമ്മഭേദകമായ വാസ്തവമായി ചിലപ്പോൾ തോന്നുന്നു. കഴിഞ്ഞകാലത്തിനെപ്പറ്റിയുള്ള ഈ വ്യത്ഥമായസ്നേഹം

എന്നെ ഒരു സുഖക്കേടുപോലെ പിടികൂടിയിരിക്കുന്നു. ഏതെങ്കിലും ഒരു ജീവിതക്രമം കഴിഞ്ഞകാലത്തിൽപ്പെട്ടാൽമാത്രമേ മനോഹരമായിരിക്കൂ എന്നുവരുന്നതു് അതിലുംബുദ്ധിമുട്ട്!

ഈ വിവിധമായ ജീവിതമാതൃകയിലേയ്ക്കു നോക്കുമ്പോൾ അവയോരോന്നും അല്പാല്പം വ്യത്യാസങ്ങളോടുകൂടിയ പല ജീവിതക്രമങ്ങൾകൊണ്ടു നിർമ്മിച്ചതുപോലെ തോന്നുന്നു; എങ്കിലും, ആ വ്യത്യാസങ്ങളെ അതിക്രമിച്ച് അവയ്ക്കു ഓരോന്നും ഓരോ പ്രത്യേകച്ഛായ. രാവിലെ കുടിപ്പള്ളിക്കൂടത്തിൽ ഓലക്കെട്ടുകളും കൊണ്ടുപോയി അവിടെ പലദശയിലുള്ള കുട്ടികൾ പാഠങ്ങൾ ഉറച്ചുചൊല്ലുന്നതുംകേട്ട് അതിൽ പങ്കെടുക്കുക; അവരുടെയെല്ലാം ഭയഭക്തി(ഭക്തിയേക്കാൾ ഭയം!—) ബഹുമാനങ്ങൾക്കുകേന്ദ്രീകരിച്ച ആ ഒരേയൊരദ്ധ്യാപകൻ പൊളിഞ്ഞകസേരയിലിരുന്നു് ഏതോ ഒരു അച്ചടക്കം പരിപാലിക്കുക— ഇതെല്ലാം ഇടവിടാതെ വരുന്നതോടുകൂടി ചിലപ്പോൾ മടിയന്മാൎക്ക് ഉദാഹരണമായി അല്പം പ്രായമേറിയ ഒരു കുട്ടിയെ നാരായത്തിൻെറ മുനയുടെ മുകളിൽ കേററുന്നതും, മുട്ടുകുത്തിനില്ക്കുമ്പോൾ നഗ്നമായ പൃഷ്ഠഭാഗത്തു് ചൂരല്കൊണ്ടടിക്കുന്നതും, മററു ചിലപ്പോൾ മഴപെയ്യുന്നതു നോക്കി അദ്ധ്യാപകന്മാരും അദ്ധ്യേതാക്കളും ഒരുപോലെ അലസരാകുന്നതും—അങ്ങനെ ഒരു ജീവിതക്രമം. കുറേക്കൂടി പരിഷ്കൃതമായ തിരുവനന്തപുരത്തെ പള്ളിക്കൂടം; ബഞ്ചുകളിൽ ഷർട്ടുകളണിഞ്ഞ കുട്ടികൾ; വലിയ വിദ്യാൎത്ഥികളുടെയിടയ്ക്കുള്ള ചെറിയ വിദ്യാൎത്ഥി; വലിയവരെ അനുകരിച്ചുള്ള ഉഗ്രമായ പഠിപ്പ്; ക്രമേണ അവ്യക്തമായി ചെറിയ വിദ്യാൎത്ഥിയിൽനിന്നും വലിയ വിദ്യാൎത്ഥിയാവുക; ഹൈസ്കൂളുകളുടെ പരിമിതികളിൽനിന്നു് സ്വത

ന്ത്രമായ കോളേജിലേയ്ക്കു മോചനം കിട്ടുക—അതിനിടയ്ക്കു് എത്ര മാതൃകകളിൽക്കൂടി ജീവിച്ചുകഴിഞ്ഞു! ഓരോ പള്ളിക്കൂടത്തിനും, ഓരോ സ്ഥലത്തിനും, ഓരോ മാതൃക; ഒഴിവുകാലങ്ങളിൽ അതുകൂടാതെ പ്രത്യേക മാതൃകകൾ. ഇന്നു് ഇതിലേയ്ക്കും അത്ഭുതമായി തോന്നുന്നതു്, ഉത്സവങ്ങളേയും അമ്പലങ്ങളേയും, ആധാരമാക്കിക്കഴിഞ്ഞ ഒഴിവുകാലങ്ങളാണു്. സദ്യകൾ ഉണ്ണാനും ചാക്യാരുകൂത്തു് കേൾക്കാനുമായി ഉച്ചയ്ക്കു് ഒരുനാഴിക നടക്കാനും, ആ നടക്കുന്നതിനിടയ്ക്കു്, അക്ഷരശ്ലോകത്തിനു ശ്ലോകങ്ങൾ ഉരുവിട്ടു പഠിക്കാനും ഉള്ള ശ്രമങ്ങൾ ഇപ്പോൾ വേറെ ഒരു ലോകത്തിലോ യുഗത്തിലോ നടന്നതായിട്ടേ ഓർമ്മിക്കാൻ കഴിയൂ. ഏതാണ്ടു് അതുപോലെ അപ്രാപ്യമായിട്ടു് അവശേഷിച്ചിരിക്കുന്നു, തോട്ടക്കരപ്പാടത്തിന്നഭിമുഖമായി പുറത്തേ മുകളിലിരുന്നു് കഴിച്ച മദ്ധ്യവേനൽദിവസങ്ങൾ. ശാന്തമായ നിശ്ശബ്ദതയോടെ, ആ മദ്ധ്യാഹ്നങ്ങളിൽ, പാടത്തുനിന്നു് അടിക്കുന്ന കാററു്, അടുത്തുള്ള കുളത്തിൻെറ കുളിർമ്മയിൽക്കൂടി അങ്ങോട്ടു് ജന്നലിലെ അഴികളെ അല്പം ഇളക്കിക്കൊണ്ടുവരും. വെളിയിൽ വിശാലമായ പാടവും, അതിലും വിശാലമായി അങ്ങേപ്പുറത്തു് ഉയർന്നുയർന്നുനില്ക്കുന്ന അനങ്ങൻകുന്നുകളും; ചലനാത്മകമായ ഒരു സജീവചൈതന്യം അവിടെയൊക്കെ അടങ്ങിയിരിക്കുന്നതുപോലെത്തോന്നും; വെയിലാറുന്നതോടുകൂടി അതു് നിദ്രയിൽനിന്നുണർന്നു് മെല്ലെമെല്ലെ ചലിച്ചുതുടങ്ങും; അപ്പോൾ അടുത്തു പാതയിൽക്കൂടി തുടരെത്തുടരെ ബസ്സുകൾ ശബ്ദം പുറപ്പെടുവിച്ചുകൊണ്ടു് ഓടിക്കൊണ്ടിരിക്കും. വായനയും, ചായയുംകഴിഞ്ഞു്, അപ്പോഴേയ്ക്കും, എനിക്കു് അവിടെയൊക്കെ പ്രയാണംചെയ്യാൻ പുറപ്പെടാനുള്ള സമയമാവും....

ആ കാലങ്ങളിലേയ്ക്കു തിരിച്ചുപോവാൻ മനസ്സിനു് അരനിമിഷവുംകൂടിവേണ്ട; പക്ഷേ, അങ്ങനെ പോയിട്ടെന്തുഫലം? ആ യാത്രയുടെ അയഥാൎത്ഥത വീണ്ടും മനസ്സുമുട്ടിക്കുമെന്നുമാത്രം.

25 ഒക്റ്റോബർ 1949

ഞാൻ വിദ്യാൎത്ഥിയായിരുന്ന കാലത്തു് എന്റെ തൊഴിൽ എന്തായിരിക്കുമെന്നു പലപ്രാവശ്യം ആലോചിച്ചിരുന്നിട്ടുണ്ടു്. അപ്പൻ പതിവുപോലെ ജ്യോത്സ്യന്മാരോടും ചോദിച്ചു. ഒടുവിൽ എനിക്കുകിട്ടിയ തൊഴിൽ—തുണിവ്യവസായത്തിന്റെ പ്രശ്നങ്ങളെ തേടിപ്പിടിക്കുക—ഞാൻ ഒരിക്കലും വിചാരിക്കാത്ത ഒന്നാണു്. വിധിയുടെ ഒരു നേരമ്പോക്കെന്നല്ലാതെന്തുപറയാനാണു്? തൊഴിലിൽ,ദിവസംതോറും ആവേശജനകമായ സംഭവങ്ങൾ ഉണ്ടാവുമെന്നു ഞാൻ വിചാരിച്ചിരുന്നില്ലെങ്കിലും, എല്ലാ തൊഴിലും ഏറെക്കുറെ അത്ര രസകരമല്ലാത്ത ആവൎത്തനങ്ങൾ കൊണ്ടു നിറഞ്ഞതാണെന്നു കണ്ടുപിടിക്കാൻ എനിക്കു കുറേക്കാലം വേണ്ടിവന്നു.

ഈ ആവൎത്തനങ്ങളും, അവ ഉന്തിത്തള്ളിക്കുന്ന ദിവസങ്ങളും നോക്കിക്കൊണ്ടിരിക്കുമ്പോൾ, ജീവിതത്തിന്റെ ആകെയുള്ള പ്രയാണത്തിൻെറ ഭാവം മറന്നുപോകുന്നു. വളന്നു് കുടുംബവും പുലൎത്തി, ഒടുവിൽ യാത്രപറയുക—എല്ലാ രാഷ്ട്രീയബഹളത്തിൻേറയും, തത്വചിന്തകളുടേയും അടിയിൽ നൈസൎഗ്ഗികമായി ഒഴുകുന്ന ജീവിതപ്രവാഹം ഇതാണെന്നുതോന്നുന്നു. സുഖവും, അസുഖവും, ഒന്നാമതായി കുടുംബജീവിതത്തിനേയും,അതുകഴിഞ്ഞു് സാമുദായിക ജീവിതത്തിനേയും ആശ്രയിച്ചിരിക്കും. അതിൽ രണ്ടിലും ഒരുപോലെ വിജയംകിട്ടാൻ എത്രപേൎക്കു് സാധിക്കും?

28 നവംബർ 1949

സുഖം എന്നാലെന്താണു്? മുകളിൽ എഴുതിയതു് കഴിഞ്ഞിട്ടു് ഏതാണ്ടു് ഒരുമാസത്തിനുശേഷം ഞാൻ തന്നെത്താൻ ചോദിക്കുന്നു. അതു് ഒരു മാനസികസ്ഥിതിയാണെന്നു് ഒരുപക്ഷേ, എല്ലാവരും പറയുമായിരിക്കും. പക്ഷേ, മാനസികസ്ഥിതി വെറും ശൂന്യതയിൽ വർത്തിക്കാൻ സാധിക്കാത്തതുകൊണ്ടു്, ശാരീരികമായും, സാമുദായികമായും ഉള്ള ചില അനുകൂലപരിതഃസ്ഥിതികൾ, സുഖത്തിന്നു് ആവശ്യമാണെന്നു സിദ്ധിക്കുന്നു—ചിലർ ഏറ്റവും നല്ല പരിതഃസ്ഥിതികളിലും അസുഖത്തിൽ കഴിയുകയും, മററു ചിലർ ദാരിദ്ര്യതയിലും രോഗത്തിലും അഴുക്കിലും ഉഴലുമ്പോഴും സുഖം അനുഭവിക്കുന്നുണ്ടെങ്കിലും പൊതുവിൽ ചില വാസ്തവങ്ങൾ എല്ലാവരും സമ്മതിക്കും. ആണ്ടിൽ അയ്യായിരം കിട്ടുമ്പോൾ സത്യവാനും നല്ലവനും ആയിരിക്കാൻ എളുപ്പമാണെന്നു് ആരോ പറഞ്ഞിട്ടുള്ളതുപോലെ, സാമ്പത്തികമായ സുരക്ഷിതത്വം സുഖത്തിനു കാരണമാണെന്നു സംശയമില്ല. ഹിതമായ അനുഭവങ്ങൾ മാത്രമാണു സുഖമെന്നുപറയാൻ സാധിക്കുകയില്ലെങ്കിലും, സന്തോഷകരമായ അനുഭവങ്ങൾ സുഖകരമാണെന്നു നിശ്ചയമായും പറയാം. "ഈ ലോകത്തിൽ സുഖവുമസുഖവും മിശ്രമായിത്തന്നിരിക്കും—" എന്നു വരുമ്പോൾ, സുഖവും അസുഖവും തമ്മിൽ ഒരു പൊരുത്തം വരുത്താൻ യത്നിക്കുകയും, അതിനെ സുഖമായ ജീവിതം എന്നു കരുതാനും മാത്രമേ ഒരുപക്ഷേ സാധിക്കു. എല്ലാത്തരത്തിലും ആരോഗ്യമായ നിലയിൽ ജീവിതം നയിക്കുമ്പോൾ യാദൃച്ഛികമായിവരുന്ന സ്ഥിതിയാണു സുഖമെന്നും, സുഖത്തിനെ മനഃപൂർവ്വം തേടിപ്പിടിക്കാൻ ശ്രമിക്കുമ്പോൾ അതു കിട്ടുകയില്ലെന്നും പറഞ്ഞുകേട്ടിട്ടുണ്ടു്.

മൂടൽമഞ്ഞിൽക്കൂടി മന്ദംമന്ദം കടന്നുവരുന്ന സൂൎയ്യപ്രകാശം നോക്കിയിരിക്കുമ്പോൾ, ഈമാതിരിയുള്ള ചില മൗലികവിചാരങ്ങൾ, ഇന്നുരാവിലെ എന്നിൽക്കൂടി പായുന്നു. ഈയിടെയായി എൻെറ ശ്രമം ഫ്റഞ്ച് ഉച്ചാരണം ശരിയാക്കുക എന്നതാണ്. എന്നാൽ നിൎഭാഗ്യമെന്നു പറയട്ടെ ഞാനതിൽ വിജയിക്കുന്നില്ല. ഏതെങ്കിലും ഒരു വിഷമമുള്ള ജോലി തൃപ്തികരമായവിധം ചെയ്തുതീൎക്കുമ്പോഴുള്ള മനഃസ്ഥിതിയാണോ സുഖം? അങ്ങനെയാണെങ്കിൽ, വിജയകരമായ ജീവിതം സുഖരമായിരിക്കാം; പക്ഷേ, വിജയം എന്നാലെന്താണ്?

12 ജനുവരി 1950

ഇന്നു്, ഹേമന്തം അതിൻെറ മരവിപ്പിക്കുന്ന ചിറകുകൾ ചുററുമുള്ള കുന്നുകളിലും കായലിലും പരത്തിക്കഴിഞ്ഞപ്പോൾ, എന്റെ കുറവുകൾ എന്നെ വീണ്ടും അധൈൎയ്യപ്പെടുത്തി. ഏതെങ്കിലും നല്ല ഉപന്യാസമോ, മററു സാഹിത്യസൃഷ്ടിയോ കാണുന്നസമയം എനിക്കു് അതിൻെറ അടുത്തെങ്ങും എത്താൻ ഭാഗ്യമില്ലല്ലോ എന്നു ഞാൻ വ്യസനിക്കും. അതുകഴിഞ്ഞു് വേദനയുള്ള എൻെറ കാലും വഹിച്ചു മുന്നോട്ടു നടക്കുമ്പോൾ, കല്പനാവൈഭവത്തിന്റെ അഭാവത്തെപ്പററി വീണ്ടും ഓൎമ്മിച്ചു്, എനിക്കു വിഷാദം വൎദ്ധിച്ചുകൊണ്ടിരിക്കും.

ആഫീസിൻെറ മുകളിലത്തേനിലയിൽ ഉച്ചയ്ക്കു് ഊണുകഴിക്കാൻ സൗകൎയ്യമായി ഒരു ഹോട്ടലുണ്ടു്. അവിടെ ചില സ്നേഹിതന്മാരുമായി ഊണുകഴിച്ചുകൊണ്ടിരുന്നപ്പോൾ, ഞാൻ പണ്ടു് ഏൎപ്പെട്ടിട്ടുള്ള അവസാനമില്ലാത്ത ചില വാദപ്രതിവാദങ്ങളെക്കുറിച്ചോൎമ്മിച്ചു. ഞാൻ കുട്ടിയായിരുന്നപ്പോൾ അമ്മാവനുമായി, നെപ്പോളിയനോ

നെൽസനോ വലിയ ആൾ എന്നു പലപ്രാവശ്യം വാദിച്ചിരുന്നു. വിചിത്രമെന്നു പറയട്ടെ, ഞാൻ അന്നു നെൽസൻെറ ഭാഗമായിരുന്നു. പാണ്ഡവന്മാരും എൻെറ കുട്ടിക്കാലത്തേ വീരന്മാരായിരുന്നു; എന്നെ അല്പം ദേഷ്യപ്പെടുത്താനായിരുന്നു എന്നു തോന്നുന്നു, അമ്മാവൻ ദുര്യോധനന്മാരുടെ ഭാഗംപിടിക്കും; സുയോധനനെ ഒരു ആദർശപുരുഷനല്ലെങ്കിൽ, ധർമ്മപുത്രാദികളേക്കാൾ തുലോം നല്ല ഒരാളായി അദ്ദേഹം എൻെറമുമ്പിൽ അവതരിപ്പിക്കും. പിന്നീട്ട് വളരെ ഏറെ വർഷങ്ങൾക്കുശേഷം ഒരുദിവസം രാത്രിയിൽ, ഒരു സ്നേഹിതനുമായി ലണ്ടൻതെരുവുകളിൽ ക്കൂടി, പലകാര്യങ്ങളെക്കുറിച്ചും വാദിച്ചുകൊണ്ട് മണിക്കൂറുകളോളം നടന്ന സംഭവം ഞാനോർക്കുകയാണ്. സ്ത്രീസംബന്ധമായ വികാരങ്ങൾ അറിയുവാനുള്ള കഴിവ് പുരുഷന്മാരായ സാഹിത്യകാരന്മാരെക്കാൾ സ്ത്രീകളായ എഴുത്തുകാർക്കാണെന്നും, ഷേക്സ്പീയർ കാളിദാസൻ തുടങ്ങിയ സാഹിത്യകാരന്മാരേക്കാൾ ഉന്നതന്മാരായ സാഹിത്യകാരന്മാർ ഇനി ഉണ്ടായിക്കൂടാ എന്നില്ലെന്നും മററുമായിരുന്നു ഞങ്ങളുടെ വാദവിഷയങ്ങൾ. ഒടുവിൽ, സ്നേഹിതൻ വാദവിഷയം വിട്ട് എൻെറനേക്കു തിരിഞ്ഞു്, സാഹിത്യത്തെപ്പററി എനിക്ക് എന്തറിയാമെന്നായി. ഇതുപോലെ വ്യക്തിപരമായ ആക്ഷേപങ്ങൾകൊണ്ട്—ഉത്തരംമുട്ടിയാൽ കൊഞ്ഞനംകാട്ടുന്ന സമ്പ്രദായത്തിൻെറ ഒരു വകഭേദംകൊണ്ട്—പിന്നീട്ട് പലരും എന്നെ വാദപ്രതിവാദത്തിൽ തോല്പിച്ചിട്ടുണ്ട്.

തർക്കങ്ങളും, എതിർതർക്കങ്ങളുംനിറഞ്ഞ ആ ദിവസങ്ങളിലേക്കു നോക്കുമ്പോൾ, ഞാൻ ഇപ്പോൾ വളരെ ഇണങ്ങിയ ഒരു ജന്തുവായതുപോലെ തോന്നുന്നു. എൻെറ മേശക്കുചുററുമുള്ളവർ ഏതു വിഡ്ഢിത്തംപറഞ്ഞാലും, ഒരു

ക്ഷരംപോലും മറുപടിപറയാതെ കേട്ടിരിക്കാനുള്ള ക്ഷമ എനിക്ക് എവിടെനിന്നുകിട്ടി? ഒരുപക്ഷേ, എന്തുവന്നാലും സുരക്ഷിതത്വത്തിനും സമാധാനത്തിനുംവേണ്ടി മദ്ധ്യവയസ്കത അടങ്ങിയൊതുങ്ങിയിരിക്കുമായിരിക്കും.

19 ജനുവരി 1950

ഒരു സ്ത്രീയുടെ പുഞ്ചിരിക്ക് എന്തുകൊണ്ടാണ് പല സഹസ്രം കുറ്റങ്ങളെ മറയ്ക്കാൻസാധിക്കുന്നത്? സൗന്ദര്യമുള്ള ദേഹം അതുപോലെ സൗന്ദര്യമുള്ള ആത്മാവിനെ മറയ്ക്കുമെന്നു പുരുഷന്മാർ വിചാരിക്കുന്നതെന്തുകൊണ്ടാണ്? ഞാൻ ഇന്ന് ഈമാതിരി ചോദ്യങ്ങൾ അലസനായി എന്നോടുതന്നെ ചോദിക്കയാണ്. ഏതാണ്ടിതുപോലെയായിരിക്കാം, മധുരമായ വാക്കുകൾ ശൂന്യമായ ആശയങ്ങളെ മറയ്ക്കുന്നതും, വൃത്തഭംഗികൊണ്ടു് രസമില്ലാത്ത വികാരങ്ങളെ കവിതയാക്കി പുറത്തുവരുത്തുന്നതും.

തണുപ്പ് മുൻപിലത്തെപ്പോലെയും, എൻെറ കാലിലെ വേദന കുറെ കൂടിയും കഴിയുന്നു. ഈയിടെ ബേണിലെ ഇൻഡ്യൻ ലെഗേഷനിൽ കൊണ്ടാടാൻപോകുന്ന ആഘോഷങ്ങളെപ്പറ്റി ഓർമ്മിക്കുകയായിരുന്നു. ഞാൻ പല പ്രാവശ്യം നൂറോളം നാഴിക യാത്രചെയ്ത് അതിൽ പങ്കുകൊള്ളാൻ പോയിട്ടുണ്ടു്; എങ്കിലും, ആമാതിരി ചടങ്ങുകളിലും, ക്രിയകളിലും എപ്പോഴും എനിക്ക് ഏതാണ്ടു് ഒരു അവജ്ഞയാണു തോന്നിയിട്ടുള്ളതു്. കൊടികളുയർത്തുന്നതും, കൊട്ടിഘോഷിക്കുന്നതുമെല്ലാം അല്പം ബാലിശമായേ ഞാൻ കരുതിയിട്ടുള്ളു. അതു് എന്തുകൊണ്ടാണ്? സമുദായത്തിൽ പരമ്പരാക്രമമായ സ്ഥാപനങ്ങൾ നിലനിർത്തുന്നതിന്, ക്രിയകളും ആചാരനിഷ്ഠകളും ഉൽപാദിപ്പിക്കുന്ന വികാരങ്ങൾ പലപ്പോഴും സഹായമായിത്തീ

ന്നിട്ടുണ്ട്. ആ വികാരങ്ങൾ ബുദ്ധിയെക്കവിഞ്ഞ ഒരു അവസ്ഥാഭേദം സൃഷ്ടിച്ച് ചിലപ്പോൾ നമ്മെയെ ഉളവാക്കിയെന്നും വരാം. എങ്കിലും, അതെല്ലാം ബുദ്ധിഹീനമായി തള്ളിക്കളഞ്ഞിട്ട്, ഒരു മേന്മയുംനടിച്ചു ഞാൻ അതിൽക്കൂടി നടന്നുപോകും.

1 ഫിബ്രു്വരി 1950

പാവം ഉമർവാഡിയാ മരിച്ചുപോയി. മദ്യപാനം കൊണ്ടു് ലഹരിപിടിച്ച അദ്ദേഹത്തിൻെറ നിമിഷങ്ങളും, അതല്ലാത്തപ്പോഴുള്ള ഭവ്യതയും, മികച്ച സംസ്കാരവും, ബുദ്ധിയുടെ കൂർമ്മതയും, ഹൃദയത്തിന്റെ നിർമ്മലതയും ഞാൻ ഓർമ്മിച്ചു. ഉദ്യോഗജീവിതത്തിൽ എന്റെ ആദ്യത്തെ മേലാവായിരുന്ന അദ്ദേഹവുമായുണ്ടായിരുന്ന സഹവാസത്തെപ്പറ്റി ഞാൻ കുറേയേറെനേരം ആലോചിച്ചിരുന്നു. ഞാൻ അഹമ്മദബാദിൽ ഉദ്യോഗവും അന്വേഷിച്ച് ആദ്യം പോയപ്പോൾ, അദ്ദേഹത്തിനെ കണ്ടതു് ഇന്നലത്തെപ്പോലെ ഞാൻ ഓർമ്മിക്കുന്നു. കട്ടിലിൽ കിടന്നുകൊണ്ടു് അടുത്തു് ഒരുഗ്ലാസ്സു് ബീയറുംവെച്ചു്, തുടരെത്തുടരെ സംസാരിക്കുന്ന അദ്ദേഹത്തിൻെറ ഈ ഒരു ചിത്രമാണു് എൻെറമുമ്പിൽ വീണ്ടുംവീണ്ടും വരുന്നതു്. അന്നൊക്കെ എനിക്കു് അദ്ദേഹത്തിനെപ്പറ്റി അതിയായ ബഹുമാനവും, അഭിപ്രായവും ആയിരുന്നു. പിന്നീടു്, ആ അഭിപ്രായം അല്പം കുറഞ്ഞുവെങ്കിലും, എൻെറ സ്നേഹം വർദ്ധിച്ചുവന്നതേയുള്ളൂ. ഞങ്ങളുടെ 'അമ്പിളിയാസനി' ലേയ്ക്കുള്ള യാത്രകൾ—! ഈ കാലമെല്ലാം കഴിഞ്ഞിട്ടും, അവയുടെ മനോഹാരിത തീരെ മങ്ങിയിട്ടില്ല. വൈകുന്നേരം വെയിലാറുമ്പോൾ, ഞങ്ങൾ അർദ്ധനിമീലിതമായ കണ്ണുകളാൽ ചുററുമുള്ള വയലുകളും നോക്കിക്കൊണ്ടു്

തിരിയെ മടങ്ങും; അസ്തമിക്കുന്ന സൂര്യനെതിരായി ആ വയല്പകളിൽ അവിടവിടെ മയിൽക്കൂട്ടങ്ങൾ നൃത്തംചെയ്തുകൊണ്ടു സഞ്ചരിക്കുമായിരുന്നു. അതിവേഗം പായുന്ന തീവണ്ടിയിലിരുന്നുകൊണ്ടു് ഈ കാഴ്ചകൾ നോക്കാൻ എനിക്കു വലിയ രസമായിരുന്നു. അദ്ദേഹം എന്നെ പഠിപ്പിച്ച പലേ പാഠങ്ങളിൽ ഒന്നു്, അന്യരോടു നയമായും ഭവ്യമായും പെരുമാറുന്ന സമ്പ്രദായമാണു്. എൻെറ ഉദ്യോഗജീവിതത്തിൻെറ ആദ്യം, ഇതുപോലെയുള്ള ഒരാളിൻെറ കീഴിൽ ജോലിചെയ്യാനും, ഏതാണ്ടു് എനിക്കു പിടിച്ച ഒരു സ്നേഹിതനെപ്പോലെ കണക്കാക്കാൻ കഴിഞ്ഞതും ഒരു ഭാഗ്യമായി ഞാൻ കരുതുന്നു. എനിക്കു് സുപരിചിതമായിത്തീന്നിരുന്ന ആ രൂപം ഇനി ഒരിക്കലും കാണാൻ കഴിയുകയില്ലെന്നു വിശ്വസിക്കാൻ പ്രയാസം.

23 മാച്ച് 1950

ഒരാളുടെ പ്രത്യേകമെന്നു കരുതുന്ന സ്വന്തം ജീവിതപന്ഥാവിലേയ്ക്കു മറേറയാളുകളെ എത്രമാത്രം കടത്താം? ആത്മകഥകൾ വായിക്കുമ്പോൾ സാധാരണതോന്നുന്ന ഒരു വിചാരമാണിതു്. ഒരാളുടെ ജീവിതം മുഴുവൻ കഥനം ചെയ്യാൻ സാധിക്കാത്തസ്ഥിതിക്കു്, ചിലചില സംഭവങ്ങളും അനുഭൂതികളും തിരഞ്ഞെടുത്തു്, ആ ആളിൻെറ ജീവിതകഥയുടെ ഒരു സാമാന്യരൂപം പ്രത്യക്ഷപ്പെടുത്താനേ സാധിക്കു. ഇങ്ങനെ തിരഞ്ഞെടുക്കുന്നതിൽ എത്രയെത്ര കാര്യങ്ങളാണു് ഒഴിച്ചുവിടേണ്ടിവരുന്നതു്? ബാഹ്യമായി ചുറ്റിപ്പറ്റി നിൽക്കുന്ന സ്വഭാവവിശേഷങ്ങളും, സംഭവങ്ങളും പ്രത്യക്ഷപ്പെടുത്തുന്നതിൽ വൈമനസ്യമില്ലെന്നു മാത്രമല്ല, നല്ല വേഷം അണിഞ്ഞു് വെളിയിൽ പോവുമ്പോഴുണ്ടാവുന്ന സന്തോഷംപോലെ, ചിലപ്പോൾ രസം

തന്നെയായിരിക്കും. നേരമെറിച്ച്, ഹൃദയത്തിൻെറ ഉള്ളിൽത്തട്ടുന്ന മുറിവുകളെ അന്യരെവിളിച്ചുകാണിക്കാൻ തുനിയുന്ന സന്ദർഭങ്ങൾ ചുരുക്കുന്നതു സ്വാഭാവികമാണു്. എൻെറ ഈ ഏട്ടുകളെട്ടത്തു് ഏട്ടത്തിയുടെ മരണവൃത്താന്തം കുറിക്കാൻതുടങ്ങിയപ്പോൾ, ആമാതിരിയുള്ള ഒരു സന്ദർഭമാണു് എനിക്കനുഭവപ്പെട്ടതു്.

കഴിഞ്ഞ ഒരു കാൽശതാബ്ദത്തിനുമേൽ, ഞാൻ നാട്ടിൽ പോവുമ്പോഴെല്ലാംതന്നെ ഏട്ടത്തിയെ ചെന്നു കാണുന്നതു് ഒരു പതിവായിരുന്നു. ഇനി അവരില്ലാത്ത നാട്ടിലേയ്ക്കായിരിക്കും എനിക്കു പോകേണ്ടതു് എന്നു വിശ്വസിക്കേണ്ടിയിരിക്കുന്നു. ഒരു പോസ്റ്റ്കാർഡിൻെറ ആഗമനം അത്രമാത്രം നാടിൻെറ രൂപത്തെ മാററിയിരിക്കുന്നു. ഞങ്ങൾ ഒടുവിൽക്കണ്ടപ്പോൾ, അന്യരുടെ മരണത്തെപ്പററി പറഞ്ഞുകൊണ്ടിരുന്നു; ഞങ്ങൾക്കു് ഇനിയും അനേകകാലം ഉണ്ടെന്നു് ഉറപ്പായിരുന്നു. എങ്കിലും ഇങ്ങനെ മരണം യാദൃച്ഛികമായി ഞങ്ങളുടെ അടുത്തുകൂടി കടന്നുപോയി. യാത്രപറഞ്ഞപ്പോൾ വീണ്ടും ഒരു മാസത്തിനകം കാണുമെന്നു വിശ്വസിച്ചിരുന്നു; പക്ഷേ, നിർഭാഗ്യവശാൽ, അന്നത്തെ കാഴ്ച ഒടുവിലത്തേതായി ശേഷിച്ചിരിക്കുന്നു. ഞാൻ ഒരു കാളവണ്ടിയിൽ കേറി പതുക്കെപ്പതുക്കെ പാലക്കാട്ടുസ്റ്റേഷനിലേയ്ക്കു പുറപ്പെട്ടപ്പോൾ, മുകളിൽ ജന്നലിന്റെ അഴികളുടെ പുറകിൽനിന്നു് അവർ എന്നെ മൗനമായി യാത്രയയച്ചു. അപ്പോൾ ഞാൻ അങ്ങോട്ടു നോക്കിയതു് വിധി എൻെറ ഒടുക്കത്തെ വിയോഗവന്ദനമാക്കി കല്പിച്ചതുപോലെ തോന്നുന്നു. ഇന്നു വിഹായസ്സിലെവിടെയോ ലയിച്ചുപോയ ആ ആത്മാവിനുവേണ്ടി പ്രാർത്ഥിക്കട്ടെ!

28 മാർച്ച് 1950

ഒരാളുടെ ഉള്ളിൽനടക്കുന്ന വികാരങ്ങൾ മററുള്ളവരെ എത്ര കുറച്ചേ ബാധിക്കുന്നുള്ളു എന്നുള്ളതു് അത്ഭുതാവഹംതന്നെ. കുറേദിവസമായി എൻെറ മനസ്സ് അസ്വസ്ഥമായിരിക്കയാണു്. കൂടാതെ എൻെറ കാലിലെ വേദന എന്നെ ഇടവിടാതെ അസഹ്യപ്പെടുത്തിക്കൊണ്ടിരിക്കുന്നു. എങ്കിലും ബാഹ്യമായി എനിക്കു് യാതൊരു മാററവും ഇല്ല; പതിവുപോലെ ആഫീസിൽ പോകുന്നു; സ്നേഹിതന്മാരുമായി സംസാരിക്കുന്നു; കുട്ടികളുമായി കളിക്കുന്നു. അവരവരുടെ വികാരങ്ങൾ ഒരു കണ്ണാടിക്കൂട്ടിലെന്നപോലെ സകലക്കും കാണാൻകഴിഞ്ഞിരുന്നെങ്കിൽ, ജീവിതം എത്ര വ്യത്യസ്തമായിരിക്കുമായിരുന്നു! ഒരുപക്ഷേ, സംസ്കാരമാകുന്ന നാട്യവും മിനുസവുമായിരിക്കാം സാമുദായികജീവിതത്തെ സരളമായി മുന്നോട്ടു കൊണ്ടുപോകുന്നതു്. കഷ്ടാനുഭവങ്ങൾ കാണുന്നതു് ജീവിതത്തിലെന്നപോലെ സാഹിത്യത്തിലും കുറെക്കഴിയുമ്പോൾ നീരസജനകമായിരിക്കാം.

12 ഏപ്രിൽ 1950

ഇന്നലെ എസ്. കെ. വന്നെത്തി. മുമ്പു് ആലോചിച്ചു നിശ്ചയിക്കുന്നതു് അതുപോലെ വരുമെന്നു സ്ഥിരപ്പെടുത്തുന്നതുപോലെയായിരുന്നു, ഈ ആഗമനം. ഞങ്ങൾ ഏതാണ്ടു് ഒരു കൊല്ലത്തിനുമുമ്പു് ബോംബെയിൽ വെച്ചു കണ്ടുമുട്ടിയപ്പോൾ, പിന്നീടു് ജെനീവായിൽവെച്ചു് കാണാമെന്നു പറഞ്ഞുപിരിഞ്ഞു. ഇതാ ഇന്നലെ വൈകുന്നേരം നാലുമണിക്കു്, ജീവിതത്തിൽ അനിശ്ചിതമായി ഒന്നുമില്ലെന്നും, എല്ലാം മണിക്കണക്കിനു് സംഭവിക്കുമെന്നും കാണിച്ചു് അദ്ദേഹം ക്യാമറായും തോളിൽ

ളുക്കിയിട്ടുകൊണ്ട് എന്റെ ആഫീസിന്റെ വാതിൽ തുറന്ന് അകത്തേയ്ക്കുവന്നു. ഇതുപോലെ ഒരു ആഫീസിലിരിക്കുമ്പോൾ, സുമാർ പന്തീരാണ്ടുകൊല്ലത്തിനുമുമ്പ്, അപ്രതീക്ഷിതമായി കേറിവന്നാണു് എസ്. കെ. എന്നോട്ട് ആദ്യമായി പരിചയമായത്. അദ്ദേഹം അതിനിടയിൽ ഒരു പ്രശസ്തനായ എഴുത്തുകാരനും ആയിത്തീൎന്നു; ഏതാണ്ട് അതുപോലെ പ്രസിദ്ധനായ ഒരു ചങ്ങാതിയും.

എസ്. കെ.—യുമായി നിരന്തരമായ സംഭാഷണത്തിൽ ഏർപ്പെട്ടിരിക്കുകയാണു്. ആഫ്രിക്കൻ അനുഭവങ്ങൾ കഴിഞ്ഞാൽ സാഹിത്യവും, സാഹിത്യകാരന്മാരുമാണു് ഞങ്ങളുടെ പ്രധാനസംസാരം. മിക്കവാറും എല്ലാ സാഹിത്യകാരന്മാരേയും, എസ്. കെ.—ക്കു് നല്ലവണ്ണം നേരിട്ടറിയാം; എനിക്കു് വെറും പേരുകൊണ്ട് അറിയാവുന്നപലരും അദ്ദേഹത്തിനു സുപരിചിതരാണു്. അവരെപ്പററിയെല്ലാം ഉന്മേഷസമന്വിതമായ സാരസ്യത്തോടുകൂടി ചിലകഥകൾ അദ്ദേഹം പറയുന്നു. ഇടയ്ക്കിടയ്ക്കു് ഫലിതം സ്വാഭാവികമായി സംഭാഷണത്തിൽ ഇടകലരുന്നു. മലയാളസാഹിത്യത്തിൽ, ഫലിതം ഒരു പ്രത്യേകവകുപ്പായിവെച്ചു്, എഴുത്തുകാർ സാധാരണ, മററുസാഹിത്യശ്രമങ്ങളിൽ, ഫലിതത്തിന്റെ ലാഞ്ഛനപോലും വരുത്താൻ അനുവദിക്കുകയില്ലെന്നുള്ള എന്റെ ആക്ഷേപം എസ്. കെ.—യുടെ കഥകൾക്കു തീരെ ബാധകമല്ല. പക്ഷേ, അകൃത്രിമമായ അദ്ദേഹത്തിന്റെ നേരമ്പോക്കു് വെറുതെ വെടിപറയുമ്പോഴും പൊട്ടിത്തെറിക്കുമെന്നു് ഞാൻ ഇതുവരെ ഇത്ര ധരിച്ചിരുന്നില്ല.

15 മെയ് 1950

എന്തെങ്കിലും കാൎയ്യങ്ങൾ ചെയ്യുതിലുള്ള ചാരിതാൎത്ഥ്യവും സന്തോഷവും, വലിയകാൎയ്യങ്ങൾ ചെയ്താൽ മാത്ര

മല്ല, ചിലപ്പോൾ താരതമ്യേന നിസ്സാരമായ പെരുമാറ്റത്തിൽനിന്നും ഉണ്ടാവുമെന്നുതോന്നുന്നു. സംഭാഷണത്തിൽ വേറെയൊരാളെ തോൽപ്പിക്കുക, കൂട്ടുകാർക്കു പിടിക്കുന്ന ഫലിതം പുറപ്പെടുവിക്കുക, അടങ്ങിയൊതുങ്ങിയിരിക്കുന്ന ഒരു സ്ത്രീയെ ചിരിപ്പിക്കുക, നല്ലവേഷമിട്ടു് ചമഞ്ഞൊരുങ്ങി നടക്കുമ്പോൾ അന്യരുടെ സ്തുതിവാക്കുകേൾക്കുക— ഇവയിലോരോന്നിലും ചാരിതാർത്ഥ്യത്തിന്റെ ചിഹ്നങ്ങൾ കാണാം. ആ സന്തോഷത്തിന്റെ വലിപ്പം ചെയ്യാൻ സാധിച്ച കാര്യത്തിന്റെ വലിപ്പത്തിനനുസരിച്ചു് ഒരംശം ആണെന്നു വിചാരിച്ചേക്കാം; പക്ഷേ, അത്ഭുതമെന്നുപറയട്ടെ, ചിലപ്പോൾ അതുമായി യാതൊരുബന്ധവും ഇല്ലാതെയാണു കാണുന്നതു്. പ്രണയിനിയിൽ അർപ്പിക്കാൻ സാധിക്കുന്ന ആദ്യത്തെ ചുംബനം, ഒരു കാമുകൻ തന്റെ മനോരാജ്യത്തിൽ അതിനെ എത്ര വലിയ വിജയമായി കണക്കാക്കുന്നു. അതുപോലെ പലതും.

ഇന്നു വസന്തത്തിന്റെ പുതുമ പ്രത്യക്ഷപ്പെട്ടു്, സൂര്യന്റെപ്രഭ കായലിൽ തിളങ്ങിയപ്പോൾ ഈ മാതിരി ചിന്തകൾ എന്നിൽ വന്നുകൊണ്ടിരുന്നു. കാരണം? ആഫീസിലെ ഞങ്ങളുടെ ചെറിയസംഘം വെളിയിൽ ഊണുകഴിക്കാൻപോയ ആ ഉല്ലാസസമയത്തു് ഞാൻ അവരെ ചിരിപ്പിക്കത്തക്കവണ്ണം പലതർക്കുത്തരങ്ങളും പറഞ്ഞതിന്റെഫലം.

6 ജൂൺ 1950

അവനവന്റെ മനോവികാരങ്ങളും ചിന്തകളും മററു് എത്രതന്നെ അടുത്തുള്ളവരുടേതിനേക്കാളും, അവരവർക്കു പ്രാധാന്യമുള്ളതായി തോന്നുന്നു എന്നതു് കുറെ വിചിത്രംതന്നെ. മൗലികമായി ഒരാൾ ജീവിതത്തിൽ

തനിച്ചും, ഒരാളുടെ ജീവിതഗതി അയാൾക്കു പ്രത്യേക മായും അനുഭവപ്പെടുന്നു. ഞാൻ എന്റെ ജീവിതമൊക്കെ, അതിൻെറ കോട്ടങ്ങളും പരാജയങ്ങളും ആന്തരമായ വികാരപടലങ്ങളും പരിശോധിച്ചുനോക്കുമ്പോൾ ഈ ഏകാന്തത എന്നെ അല്പം വല്ലായ്മപ്പെടുത്തുന്നു. ഇതു് എൻെറ സ്വാത്മതകൊണ്ടാണോ, അതോ, വ്യക്തിപര മായേ ജീവിതം സാധിക്കുയെന്നുള്ളതുകൊണ്ടാണോ എന്നു ഞാൻ അത്ഭുതപ്പെടുന്നു.

ജീവിതം കഴിഞ്ഞു, കഴിയുന്നു എന്നു ഞാൻ പല പ്പോഴും ആവലാതിപ്പെടുന്നു. പക്ഷേ, ഏതുസമയമാണു് ഞാൻ അനന്തമായി കിട്ടാൻ ആഗ്രഹിക്കുന്നതെന്നു തന്നെ ത്താൻ ചോദിക്കുമ്പോൾ ഉത്തരംകിട്ടാൻ പ്രയാസമായി രിക്കുന്നു. പ്രകൃതിയുടെഭംഗി, അതു മാറിക്കൊണ്ടിരിക്കുന്ന തിലായിരിക്കുന്നതുപോലെ, ഒരുപക്ഷേ, ജീവിതത്തിന്റെ ആസ്വാദ്യത അതിൻെറ മാററത്തിലായിരിക്കാം. ഏതാ യാലും, ജീവിതം അതുപോലെ നിശ്ചഞ്ചലമായി നില്ക്കു ണമെന്നു ഞാൻ ആഗ്രഹിക്കുന്ന സന്ദർഭങ്ങൾ വിരൽകൊ ണ്ടെണ്ണുത്തക്കവണ്ണം അത്ര ചുരുക്കമാണു്. അല്ലാത്ത പ്പോൾ സമയംപോവാൻ പുതുതായ അനുഭവങ്ങൾക്കുവേ ണ്ടി ഞാൻ വെമ്പൽകൊള്ളുന്നു. അതിനുശേഷം കഴി ഞ്ഞുപോയ സമയത്തേപ്പററി ദുഃഖിക്കുന്നു—; ഏതുദൈ വത്തിനും തൃപ്തിപ്പെടുത്താൻ സാധിക്കാത്ത സ്വഭാവമാ ണിതു്. കാര്യങ്ങൾ എപ്പോഴും വേറൊരുതരത്തിലായിരി ക്കണമെന്നുള്ള ആഗ്രഹത്തിൽ കെട്ടിപ്പൊക്കുന്ന കല്പനാ സുഖം മൃഗതൃഷ്ണപോലെ അയഥാർത്ഥമായേയിരിക്കു; സുഖ മെല്ലാം കല്പനാലോകത്തിലല്ല യാഥാർത്ഥ്യതയിൽ സൃഷ്ടി ക്കണം. മരണംപോലും അനിവാര്യമാണെന്നു മനസ്സിലാ ക്കി, ജീവിതം അതിനെ ലാക്കാക്കിനയിക്കണം. ജീവിത

ത്തിൽ ഏതെങ്കിലും ഒരു കാലഘട്ടത്തിനു മേന്മകൊടുക്കു ന്നതു് അബദ്ധമാണു്. ആരോ ചോദിച്ചതുപോലെ പ്രകൃ തിയിൽ ഏതുകാലത്തിനാണു മേന്മയുള്ളതു്? മൊട്ടിടുന്ന കാലമോ, പൂക്കാലമോ, പഴക്കാലമോ—?

27 ജൂലൈ 1950

വീണ്ടും പാരീസിൽ. ശാരദയുമൊരുമിച്ചു് പാരീ സിൽ വന്നിട്ടു് രണ്ടുമൂന്നു ദിവസമായി. എന്റെ ഈ മൂന്നാ മത്തെ പാരീസ് സന്ദർശനസമയം മുഴുവൻ, ഒരു സമ്മേള നം കൂടുന്ന മെയിസോൺ ഷിമിക്ക് എന്ന കെട്ടിടത്തിനു ചുററും പററിക്കൂടി കഴിയുകയാണു്. പക്ഷേ, ശാരദ പാ രീസു മുഴുവൻ കാണാൻ പുറപ്പെട്ടിരിക്കയാണു്. ഫ്റഞ്ചു് സരളമായി സംസാരിക്കാമെന്നുള്ളതുകൊണ്ടു് അതിനു ബുദ്ധിമുട്ടില്ല. എനിക്കു കാണേണ്ടതൊക്കെ എത്രയോ മു മ്പു കണ്ടുകഴിഞ്ഞുവെന്നുള്ള ഭാവമാണു്; കൂടാതെ മുട്ടിനു സുഖക്കേടു കൂടിവരുന്നതുകൊണ്ടു നടക്കാനും ഞെരുക്കം. എങ്കിലും പാരീസിന്റെ മനോഹാരിത അത്രവേഗം മറന്നു കളയാൻ സാധിക്കുന്നില്ല. ഇന്നലെ പാരീസുസന്ദർശക ന്മാർ സാധാരണപോകാറുള്ള ഫോളിബെർഷേറിലും, ഇന്നു വൈകുന്നേരം കുറെ അധികംനേരം കലാകാരന്മാർ കൂടുന്ന മോപെർനാസ്സിലെ (Montparnasse) ഒരു റെസ്റ്റാറ ന്റിലും കഴിച്ചു. വിളക്കിൻെറനേരെ ശലഭങ്ങളെന്നപോ ലെ, ആളുകളെ പാരീസിലേയ്ക്കു് ആകർഷിക്കുന്നതെന്താ ണു്? സുന്ദരികളുടെ നഗ്നനൃത്തങ്ങളും, നിശാശാലകളും ആണെങ്കിൽ, അതെല്ലാം ഇത്ര നല്ലതരത്തിലല്ലെങ്കിലും, വേറെ പല പട്ടണങ്ങളിലും ഉണ്ടു്. പാരീസിനു് സ്വാഭാ വികമായ ഉല്ലാസവും, ആഹ്ലാദവും, അതിനെ ആശ്രയി ച്ചുള്ള, പ്രത്യുത പാരീസിനു് ജന്മനാ കിട്ടിയിട്ടുള്ള ചില

വിശേഷങ്ങളുടെ ഫലമാണു്. എല്ലാ വലിയ നഗരങ്ങൾക്കും ചില പ്രത്യേകതകൾ പ്രകൃത്യായുള്ളവയാണെന്നു തോന്നുന്നു. പാരീസ്പട്ടണം കെട്ടിപ്പടുത്തിരിക്കുന്നതുതന്നെ മനോഹരമായ ഒരു പദ്ധതിയനുസരിച്ചാണു്; ചരിത്രദൃഷ്ട്യാ അവിടത്തെ ഓരോ തെരുവുകളും പാശ്ചാത്യചരിത്രത്തിൻെറ പ്രശസ്തമായ സംഭവങ്ങളെ വിളംബരപ്പെടുത്തുന്നു; അവിടെയൊക്കെ പാശ്ചാത്യസംസ്കാരത്തിൻെറ പ്രഭ ഏതോ അവ്യക്തമായ വിധത്തിൽ നിലനിൽക്കുന്നതുപോലെ തോന്നും. അതുകൊണ്ടെല്ലാമായിരിക്കാം, എൻെറ പാരീസ്സന്ദർശനങ്ങൾ അപൂർണ്ണങ്ങളാണെന്നുള്ള വ്യസനകരമായ വികാരങ്ങളോടുകൂടി എനിക്കു പാരീസ് വിടേണ്ടിവരുന്നതു്.

10 ഒക്ടോബർ 1950

സ്നേഹിതന്മാരെ സമ്പാദിക്കുന്നതിലുള്ള സന്തോഷമോ, അവർ വേർപെടുന്നതിലുള്ള സന്താപമോ ഏതാണു വലുതു്? ഞങ്ങളോടു് ഒത്തൊരുമിച്ചു് പലദിവസങ്ങൾ കഴിച്ച ഒരു സ്നേഹിതയുടെ വേർപാടു് ഈ ചോദ്യത്തെ എൻെറ മനസ്സിൽ കൊണ്ടുവന്നിരിക്കുന്നു. വേർപാടിലുള്ള വല്ലാവസ്ഥയിൽ, പുതിയ പരിചയക്കാരെ കിട്ടുന്നതുതന്നെ അനത്ഥമാണെന്നു ഞാൻ വിശ്വസിക്കാൻ ഇന്നു തയാറായിരിക്കുന്നു. എല്ലാ വേർപാടിലും, ഒരിക്കലും വീണ്ടും കൂട്ടിമുട്ടാൻവയ്യാത്ത വേർപാടായ മരണത്തിൻ്റെ ഒരു ഛായ കുടികൊള്ളുന്നതുപോലെ തോന്നുന്നു. ഭാവി അനിശ്ചിതവും, ജീവിതം ഹ്രസ്വവുമായിരിക്കെ, താല്ക്കാലികമായ വേർപാടു് സ്ഥിരമായ വേർപാടായി മാറിക്കൂടാ എന്നാരുകണ്ടു? ഇന്നാലെവരെ പഴകിയ ജീവിതരീതി മാറി, സുപരിചിതമായ മുഖം അപ്രത്യക്ഷമായി, പരിമിതമായ

ജീവിതത്തിന്റെ ഒരുദശ മാറി വേറൊന്നു വന്നുകഴിഞ്ഞു, അതോടുകൂടി, അനിവാര്യമായ അവസാനത്തിലേയ്ക്ക് ഒരടയാളവും കടന്നു—ഇപ്രകാരം വിഷാദാത്മകമായ ഒരു വികാരധാരയാണു ചിരപരിചിതരായ ഏതൊരാൾ വേർപെട്ടു പോകുമ്പോഴും ഉണ്ടാവുന്നതു്. എന്നാൽ അതുകൊണ്ടു് പുതിയ സുഹൃൽസംഘത്തെത്തേടാൻ ആരും മടിക്കുന്നില്ല. കണ്ടുമുട്ടലും, വേർപാടും, ജീവിതത്തിൻെറ സുഖാസുഖങ്ങളായ രണ്ടുവശങ്ങളായേ കണക്കാക്കൂ; ഒരിക്കലും സ്നേഹിക്കാത്തതിനേക്കാൾ, സ്നേഹിച്ചു നഷ്ടപ്പെടുന്നതു ഭേദമാണെന്നേ ഒടുവിൽ ആരും വിചാരിക്കൂ.

22 നവംബർ 1950

ഞാൻ അവിചാരിതമായി ആശുപത്രിയിൽ വന്നിട്ടു് ഒന്നുരണ്ടുദിവസമായി. ആപത്തുകൾ വരുമ്പോൾ അവ നേരിടാൻ ദൈവം പ്രത്യേകം ഒരു ശക്തി കൊടുക്കുന്നതുപോലെ തോന്നുന്നു. എനിക്കൊന്നല്ല, രണ്ടു രോഗങ്ങൾ ഉണ്ടെന്നു വൈദ്യന്മാർ വിധികല്പിച്ചിരിക്കുന്നു. വൈദ്യശാസ്ത്രത്തിൽ വിശ്വാസമില്ലാതായിട്ടു് കുറെ കാലങ്ങൾ കഴിഞ്ഞിരിക്കുന്നെങ്കിലും, വൈദ്യന്മാർ പറയുമ്പോൾ അതനുസരിക്കാതിരിക്കാനുള്ള മനസ്സില്ല. എന്തുതന്നെ വന്നാലും, സമയം പോവും, ജീവിതം കഴിയും എന്നുള്ള ഒരു അടക്കം എനിക്കു വന്നിരിക്കുന്നു; അതുകൊണ്ടു് ആശുപത്രിയിലെ രോഗശയ്യയിൽക്കിടന്നു ചിരിക്കാനും, നേരമ്പോക്കു പറയാനും ഒരു ബുദ്ധിമുട്ടും തോന്നുന്നില്ല. പരിപൂർണ്ണമായ കഷ്ടപ്പാടുകൾ വരുമ്പോൾ ഈ സമാധാനം ഉണ്ടാവുമോ എന്നു ഞാൻ സംശയിക്കുന്നു. ഒരുപക്ഷേ, അനിഷ്ടസംഭവങ്ങൾ വരുമെന്നുള്ളഭയം, ആ സംഭവങ്ങളേക്കാൾ ദുഃഖകരമായിരിക്കാം. ഇന്നു് ആശുപത്രിയിലെ വൈദ്യപ്രധാനി

ഒരുസംഘം ശിഷ്യന്മാരോടൊപ്പം എന്നെ പരിശോധിച്ചു. എൻെറ ചുററും വന്നുകൂടി അവർ എൻെറ രോഗത്തെ—അഥവാ രോഗങ്ങളെ—പ്പററി ഓരോ അഭിപ്രായം പുറപ്പെടുവിച്ചു. വൈദ്യന്മാരുടെ അഭിപ്രായങ്ങൾ വിപരീതങ്ങളായി വരുമ്പോൾ, രോഗിയുടെ കാര്യം കഷ്ടത്തിലാവും. പക്ഷേ, അത്ഭുതമെന്നു പറയട്ടെ, എൻെറ ഇപ്പോഴത്തെ വിചാരം രോഗത്തിനെപ്പററിയല്ല, ജോലിയെക്കുറിച്ചാണു്; കട്ടിലിനു വെളിയിൽ പോകാൻപാടില്ലെന്നുള്ള ചെറിയവൈദ്യൻെറ വിധി വലിയവൈദ്യൻ അസ്ഥിരപ്പെടുത്തി, അടുത്തു നടക്കാൻപോവുന്ന സമ്മേളനത്തിനു പോകാമെന്നു കല്പിച്ചപ്പോൾ എനിക്കു് അതിയായ സന്തോഷം തോന്നി.

ലിയോൺസ്
28 നവംബർ 1950

ആശുപത്രിയിൽനിന്നു സ്വതന്ത്രനായി, ഇനി അങ്ങോട്ടുതന്നെ തിരിച്ചുപോകുന്നതിനുമുമ്പു കിട്ടിയ കുറച്ചു ദിവസം, ഇവിടെ ഫ്റാൻസിലെ ഒരു പ്രധാന പട്ടണത്തിൽ, ഞാൻ കൊണ്ടാടുകയാണു്. ഔദ്യോഗികമായ സമ്മേളനത്തിൻെറ അവസാനത്തിൽ മിക്ക ദിവസങ്ങളിലും അനൗദ്യോഗികമായ സമ്മേളനങ്ങൾ, അതായതു് വിരുന്നുസല്ക്കാരങ്ങൾ ഉണ്ടു്. അനിശ്ചിതമായ ഒരു ദീർഘസമയം ആശുപത്രിയിൽ കഴിക്കേണ്ടിവരുമെന്നുള്ള വിശ്വാസം കൊണ്ടു്, ഞാൻ ഈ സല്ക്കാരങ്ങൾ വെറുതെ വിടുന്നില്ല. പക്ഷേ, അവയിൽനിന്നു കിട്ടുന്ന സുഖങ്ങൾ, ക്ഷണഭംഗുരങ്ങളാണു്. എന്നാൽ ആമാതിരിയുള്ള സുഖങ്ങളിൽ മനുഷ്യർ ആയുസ്സിൽ ഏറിയഭാഗവും കഴിക്കുന്നതെന്താണു്? ശാരീരികമായി അത്യാവശ്യമായതിൽ കവിഞ്ഞുള്ള

ആസ്വാദനങ്ങളിലെല്ലാംതന്നെ അപ്പോഴപ്പോഴുള്ള സുഖം കൂടാതെ, ആനന്ദമായിക്കഴിച്ച സമയത്തിനെ വിചാരിച്ച്, അനന്തരമായ വേറൊരു സുഖം കിട്ടുന്നു. ഈ പ്രതിബിംബിച്ചുകിട്ടുന്ന സുഖത്തിൻെറ ഒരു വകഭേദമായിരിക്കാം ശൃംഗാരകാവ്യങ്ങൾ വായിക്കുമ്പോഴും, നാടകങ്ങളിലുംമററും ശൃംഗാരചേഷ്ടകൾകാണുമ്പോഴും ഉണ്ടാവുന്നത്.

14 ഡിസംബർ 1950

തിരിയെ ആശുപത്രിയിൽ. ജീവിതത്തിനെയും സാഹിത്യത്തിനെയുംകുറിച്ച് വിചാരിക്കാൻ എനിക്കു ധാരാളം സമയം ഇപ്പോഴുണ്ട്. തലയണകൾകൊണ്ട് താങ്ങിക്കിടന്നുകൊണ്ട് ഞാൻ വെളിയിലേക്കു നോക്കുകയാണ്. ദൂരെ ആകാശത്തിൻെറ നീലിമയോടുതൊട്ട് ആൽപ്സ് പർവ്വതനിരകളും, അതിനിപ്പുറം ആശുപത്രിവരെ പലതരത്തിലുള്ള കെട്ടിടങ്ങളും വിതറിക്കിടക്കുന്നു; അവയിൽ, ഒരു പള്ളിയുടെ ഗോപുരം, സകലതിലും ഉയർന്നുകാണുന്നു. ചിലപ്പോൾ, അകലെയുള്ള കുന്നിൻചെരിവുകൾ മുഴുവൻ മഞ്ഞുകൊണ്ടു മൂടിയിരിക്കും; മററുചിലപ്പോൾ അവ, ജീവിതംപോലെ കാഠിന്യമുള്ളതും, ദുർഘടവുമായി ത്തോന്നും. ഞാൻ എൻെറ സമയംമുഴുവൻ അങ്ങോട്ടു തുറിച്ചുനോക്കിയോ അല്ലെങ്കിൽ ഏതെങ്കിലും പുസ്തകം വായിച്ചോ കഴിക്കുന്നു. ചില പുസ്തകങ്ങൾ മുമ്പ് വായിച്ചിട്ടുണ്ടോ എന്നുതന്നെ മറന്നിരിക്കുന്നു; സ്വപ്നത്തിൽ കാണുന്ന വേറെ ഒരു സ്വപ്നംപോലെ അത്ര ലഘുവായ അംഗീകരണവും, അറിവും മാത്രമേ അവയെക്കുറിച്ചുള്ളു. നേരേമറിച്ച്, ചിലത് ഇടയ്ക്കിടയ്ക്കു വായിക്കുന്ന പുസ്തകങ്ങളും, മററുചിലത് ഇദംപ്രഥമമായി കണ്ണിൻെറമുമ്പിൽ ആവിർഭവിച്ചിരിക്കുന്നവയുമാണ്. വായിക്കുന്ന ഭാഗങ്ങൾ

എത്രത്തോളം മനസ്സിൽ പതിഞ്ഞിരിക്കും എന്നു് ഇടയ്ക്കിടയ്ക്കു ചോദിക്കുന്ന ഒരു ചോദ്യമാണു്. ചിലതു് ക്ഷണികമായ സ്നേഹംപോലെ പാഞ്ഞുപോകുന്നു; മറ്റതു് ഒരു നിത്യസഖിയെപ്പോലെ ജീവിതത്തിൻെറ ഒരു ഭാഗഭാക്കായി ശാന്തമായ സന്തോഷവും സുഖവും തരുന്നു.

16 ഡിസംബർ 1950

മലയാളസാഹിത്യത്തിൽ, പദ്യം ഗദ്യത്തിനേക്കാൾ മേലേക്കിടയിൽ ആണെന്നു സംശയമില്ല. ഈയിടെയായി ഗദ്യസാഹിത്യം തഴച്ചുവന്നിട്ടുണ്ടെങ്കിലും ഇപ്പോഴും അതിൻെറ നില ശോചനീയംതന്നെ. പ്രത്യേകിച്ചു് നിരൂപണസാഹിത്യം. അന്യസാഹിത്യങ്ങളിൽ എത്രയോമുമ്പു് അവതരിപ്പിച്ചുകഴിഞ്ഞിട്ടുള്ള നിരൂപണനിയമങ്ങൾ ഇപ്പോൾ നമ്മുടെ നിരൂപകന്മാർ ഒരു പുതുമയോടുകൂടി മുമ്പോട്ടുകൊണ്ടുവരുന്നു; അതും പലപ്പോഴും വായിക്കാൻ രസമില്ലാത്ത പരുപരുത്ത ഭാഷയിൽ. നേരെമറിച്ചു് പദ്യങ്ങളുടെ ലാളിത്യം ഒന്നു വേറെതന്നെ. ഇങ്ങനെ പറയുന്നതു് നിരൂപകന്മാരോടു് എനിക്കു പ്രത്യേകവിരോധം ഒന്നും ഉണ്ടായിട്ടല്ല. എൻെറ പുസ്തകങ്ങളെപ്പററി ഞാൻ വിചാരിച്ചിരുന്നതിൽ വളരെക്കൂടുതൽ പ്രശസ്തിയേ കിട്ടിയിട്ടുള്ളു. എൻെറ കഥകൾ സംഭവവിഹീനങ്ങളാണെന്നുള്ളതുകൊണ്ടു് അവയെ കഥകളാണെന്നു ഞാൻ അവകാശപ്പെടുന്നതിനെ ചോദ്യംചെയ്ത നിരൂപകനെപ്പോലും ഞാൻ പഴിക്കുന്നില്ല. പക്ഷേ, അയാൾ പീററർ ഫ്ളെമിംഗിൻെറ ഈ അഭിപ്രായം അറിഞ്ഞിരുന്നുവെങ്കിൽ എന്നു ഞാൻ ആഗ്രഹിക്കുന്നു. “ഇപ്പോഴത്തെ ചെറുകഥ സാധാരണയായി ഒരു സ്വഭാവത്തിൻെറയോ, അന്തരീക്ഷത്തിൻെറയോ, രണ്ടിൻ്റെയുമോ

പഠനമാണു്. ഒരു ആഖ്യായികാകാരൻെറ കലയ്ക്കു് പ്രധാനവും പ്രഥമവുമായി ഗണിച്ചിരുന്ന കഥാഘടന ഇന്നു സമർത്ഥരായ ഡിററക്ടീവ് കഥാകാരന്മാർക്കു വിട്ടുകൊടുത്തിരിക്കുന്നു. ഇതിലേയ്ക്കും വിലപിടിച്ച ഇന്നത്തെ ചില ചെറുകഥകൾ എൻെറ അഭിപ്രായത്തിൽ കഥകളേയല്ല; അവ മുമ്പു് ചിത്രക്കുറിപ്പുകൾ (Sketches) എന്നു പറഞ്ഞുവന്നിരുന്നവയോടാണു് സാദൃശ്യമുള്ളതു്?" ചെറുകഥയുടെ ഭാവത്തിനു വന്നുകൊണ്ടിരിക്കുന്ന ഈ മാററങ്ങൾ നമ്മുടെ നിരൂപകന്മാരുടെ ദൃഷ്ടിയിൽ പെട്ടിട്ടില്ലെന്നു വിചാരിക്കുന്നതു് മൂഢത്വമായിരിക്കും; പക്ഷേ, അതൊന്നും മററുപലതിനെപ്പോലെയും അവരുടെ മനോഭാവത്തെ തീരെ ഭേദപ്പെടുത്തിയിട്ടില്ലെന്നു തോന്നുന്നു.

സാഹിത്യത്തിനെപ്പററി വിചാരിക്കുമ്പോൾ, എല്ലാക്കാലത്തും സാഹിത്യകാരന്മാരും, പ്രസിദ്ധീകരണക്കാരും തമ്മിൽ ശത്രുത, അല്ലെങ്കിൽ സ്വരച്ചേർച്ചയില്ലായ്മ ഉണ്ടായിക്കൊണ്ടിരിക്കാൻ കാരണമെന്താണെന്നു ഞാൻ അത്ഭുതപ്പെടുന്നു. ഇതിൽ എനിക്കു് അല്പം വിഷമമേ ഉണ്ടായിട്ടുള്ളുവെങ്കിൽ അതു് ഞാൻ ഒരു ചെറിയ സാഹിത്യകാരനായതുകൊണ്ടായിരുന്നിരിക്കണം. ശാരീരികമായ സുഖക്കേടുകൾ മനസ്സിനെ അസഹ്യപ്പെടുത്തുന്നതുപോലെ, പ്രസിദ്ധീകരണക്കാരുടെ പെരുമാററങ്ങൾ പലപ്പോഴും സാഹിത്യകാരന്മാരുടെ ശ്രമങ്ങളെ അലങ്കോലപ്പെടുത്തുന്നു. പക്ഷേ, മനസ്സിലിരിക്കുന്നതു് പ്രകാശപ്പെടുത്തുന്നതിനു് ശരീരം ആവശ്യമുള്ളതുപോലെ, സാഹിത്യസൃഷ്ടികൾ പ്രകാശിപ്പിക്കുന്നതിനു് പ്രസിദ്ധീകരണക്കാരുടെ ആവശ്യവും വേണ്ടിയിരിക്കുന്നു.

23 ഡിസംബർ 1950

കഴിഞ്ഞ രണ്ടുമൂന്നുദിവസമായി ഞാൻ മരണത്തിൻെറ അട്ടത്തെത്തിയിരിക്കുന്ന ഒരു കൂട്ടുകാരനായിക്കൂടിയിരിക്കയാണ്. മരണത്തിനെയും പ്രതീക്ഷിച്ചുകൊണ്ട് എൺപതിൽപ്പരം വയസ്സു പ്രായമുള്ള ഒരാൾ അട്ടത്തകട്ടിലിൽ കിടക്കുകയാണ്. മരണം ഒട്ടവിൽ വരുമ്പോൾ ശാന്തമായി ഉറക്കത്തിലേയ്ക്കു് ആനയിക്കുന്നതുപോലെ അത്ര സമാധാനരൂപത്തിലാണെന്നു പല പ്രശസ്ത അനുഭവസ്ഥന്മാരും പറഞ്ഞിട്ടുള്ളതായി കേട്ടിട്ടുണ്ട്. പക്ഷേ, അതിനുമുമ്പുള്ള ഭ്രമങ്ങൾ, വളരെ ഭയങ്കരങ്ങളായിത്തോന്നുന്നു. അസുഖകരങ്ങളായ ഞരക്കങ്ങളും, മൂളലുകളും പുറപ്പെട്ടുവിക്കുന്ന ആ വൃദ്ധൻ മുമ്പ് എത്ര ഉല്ലാസങ്ങളായ നിമിഷങ്ങൾ കഴിച്ചിരുന്നിരിക്കണം; പക്ഷേ, ഇപ്പോൾ, അവയുടെ അടയാളങ്ങൾ ഒന്നുമില്ല. മരണത്തിൻെറ നിഴലിനു് നിർഭാഗ്യവശാൽ തീരെ ഭംഗിയില്ല. പരവശതയും വിരൂപതയും വാദ്ധക്യവും വല്ലായ്മയും എല്ലാംകൂടി അവിടെ സമ്മേളിക്കുന്നു. ജീവിതത്തിനോട്ട് അന്ത്യയാത്രപറയുന്ന കാഴ്ച എപ്പോഴും സഹതാപദ്യോതകമാണെങ്കിലും, മരണത്തിനെ ദൂരെ തട്ടിത്തുന്നിത്തിയിരിക്കുന്ന ഈ അവസരത്തിൽത്തന്നെ ഞാൻ ആശുപത്രിവിടുന്നതു് ആശ്വാസകരമായി കരുതുന്നു. എന്റെ വൈദ്യന്മാർ അപ്രതീക്ഷിതമായി എന്നെ ഉപേക്ഷിച്ചിരിക്കുന്നു; എൻെറ ഒരു സുഖക്കേട്ട് ആശുപത്രിയെപ്പേടിച്ച് ഓടിയതുപോലെയും, മററു ചികിത്സയ്ക്കു 'സമയമായില്ല, സമയമായില്ല' എന്നു വിളിച്ചുപറഞ്ഞുകൊണ്ടിരിക്കുന്നതുപോലെയും തോന്നുന്നു. ഏതായാലും എൻെറ ദീർഘമെന്നു വിചാരിച്ചിരുന്നതും, പരിമിതമായി കലാശിച്ചതുമായ ആശുപത്രിജീവിതം അവസാനിച്ചു. ആശു

പത്രിമുറികൾ മുഴുവൻ ക്രിസ്തുമസ്സിനായി അലങ്കരിച്ചു കൊണ്ടിരിക്കുന്ന ബഹളത്തിനിടയിൽ ഞാൻ വീണ്ടും വീട്ടിലേയ്ക്കുപുറപ്പെട്ടു.

10 ജനുവരി 1951

ഞാൻ കുറേക്കാലങ്ങൾക്കുമുമ്പ് ലണ്ടനിൽ ഒരു വിദ്യാത്ഥിയായിരുന്നപ്പോൾ, വള്ളത്തോൾ അവിടെ വന്നിരുന്നെങ്കിൽ എന്ന് ഒരുദിവസം വെറുതേ വിചാരിച്ചിരുന്നു. അദ്ദേഹത്തിൻെറ നാടൻമട്ടും, ആ നഗരത്തിൻെറ മോടിയുംതമ്മിൽ എത്ര വൈപരീത്യം ഉണ്ടാകുമായിരുന്നു, എന്നു ഞാൻ ആലോചിച്ചു. പക്ഷേ, അതിൽ പിന്നീട് ലണ്ടനും, അതിലും കൂടുതലായി അദ്ദേഹത്തിനും മാറ്റങ്ങൾ വന്നുകൊണ്ടിരുന്നു. ഇപ്പോൾ ഇതാ അദ്ദേഹം ലണ്ടനും സന്ദശിച്ച് ഇങ്ങോട്ടു വരുന്നു—ഈ വിവരം കിട്ടിയിട്ട് കുറെ ദിവസമായി. ഇന്നു വൈകുന്നേരം അദ്ദേഹം ഞങ്ങളുടെ വീട്ടിലേയ്ക്കു കാലെടുത്തുവെച്ച് അനുഗ്രഹിച്ചു.

പക്ഷേ, വള്ളത്തോളിൻെറ ജെനീവാപ്രവേശനം, യാദൃച്ഛികവശാൽ, അല്പം അവതാളത്തിലായിരുന്നു. പാരീസിൽനിന്നു പുറപ്പെട്ട തീവണ്ടിയുടെ ഒരു ഭാഗം വഴിക്കുവെച്ചു വേർപെട്ട് വേറൊരു സ്ഥലത്തേയ്ക്കുപോയി; അതുകൊണ്ട് മഹാകവിയുടെ മകൻ അതിലും, മഹാകവി ജെനീവായ്ക്കുള്ള വണ്ടിയിലും ആയി. അദ്ദേഹത്തിനെ സ്വാഗതംചെയ്യാൻ ശാരദ സ്റ്റേഷനിലേയ്ക്കു പോയപ്പോൾ, അദ്ദേഹം ധ്രുതഗതിയിൽ, പക്ഷേ, മലയാളത്തിൽ, അവിടുത്തെ ഉദ്യോഗസ്ഥന്മാരോട് സംസാരിക്കുകയായിരുന്നു. ആ സ്ഥിതിക്ക് ചോദ്യോത്തരങ്ങൾക്ക് വലിയ ബന്ധമില്ലായിരുന്നു എന്നുള്ളതിൽ അത്ഭുതപ്പെടാനില്ലല്ലൊ.

മഹാകവിയെ ഞാൻ മുമ്പ് ഒന്നുരണ്ടുതവണ കണ്ടിട്ടു

ണ്ടായിരുന്നെങ്കിലും, ഇപ്പോഴത്തെ കാഴ്ച കുറച്ചു പ്രത്യേകമായി തോന്നി. കവികൾ—മഹാകവികൾപോലും—മനുഷ്യരാണെന്നുള്ള ധാരണ അവരെ കവിതയിൽക്കൂടി മാത്രം കാണുന്നവൎക്കു വളരെ സാവധാനത്തിലേ മനസ്സിലാക്കാൻ സാധിക്കു. അവർ സംസാരിക്കുന്നതു് ഭംഗിയായ പദ്യത്തിൽക്കൂടിയല്ല, വെറും ഗദ്യത്തിലാണെന്നു ബോധ്യമാവുമ്പോൾ നിരാശ പതുക്കെ പൊട്ടിപ്പുറപ്പെട്ടും. അവരുടെ മനോഹരകാവ്യങ്ങൾ സൃഷ്ടിച്ച ധവളമായ ഒരു കല്പനാലോകത്തിൽക്കൂടി വിശിഷ്ടമായ ഒരു പ്രഭയും പരത്തി എപ്പോഴും ഏതാണ്ടു് ദേവകന്യകപോലെ നടക്കുന്നതായിട്ടാണു് നാം സാധാരണ കാണുന്നതു്. അപ്പോൾ—

പുകഴമളകനന്ദയിൽക്കുളിച്ചാ,
വികസിതകല്പകപുഷ്പരേണു പൂശി
അകലുഷസരസീജലസ്ഥ സൗഗ—
ന്ധികമണമേന്തിയ ശുദ്ധവായുപോലും,

വളരെ വണക്കത്തോടുകൂടിയേ അവരെ സമീപിക്കു. പക്ഷേ, മഹാകാവ്യങ്ങൾ എഴുതുന്നവരെ മനുഷ്യരെന്ന നിലയ്ക്കു് അടുക്കുമ്പോൾ, അത്ഭുതമെന്നു പറയട്ടെ, അവൎക്കും വിശപ്പുണ്ടു്. അവരുടെ പല്ലുകൾ ചിലപ്പോൾ ഇളകും; കാലുറകൾ താഴോട്ടു് ഊരിവീഴും; ഉറങ്ങുമ്പോൾ കൂൎക്കംവലിക്കും; നമ്മെപ്പോലെ ചിരിക്കയും ചെയ്യും. നമ്മുടെ ഇഷ്ടദേവതകൾ മനുഷ്യരൂപത്തിൽ വരുമ്പോൾ ഈമാതിരിയുള്ള അനുഭവങ്ങൾ ഉണ്ടായേക്കാം.

15 ജനുവരി 1951

മഹാകവിയുമായുള്ള ഉല്ലാസപ്രദമായ ദിവസങ്ങൾ. അദ്ദേഹത്തിനു ലോകകാൎയ്യങ്ങളെപ്പററി അത്ഭുതാവഹമായ അറിവുണ്ടു്. എനിക്കു് കൈയിൽ അക്ഷരങ്ങൾ എഴുതി

അദ്ദേഹവുമായി സല്ലപിക്കാൻ ഒരു ബുദ്ധിമുട്ടും ഇല്ല. വെളിയിൽ വല്ലാത്ത തണുപ്പ്; അതുകൊണ്ട് ദിവസങ്ങൾ മിക്കവാറും അകത്തുതന്നെ കഴിക്കേണ്ടിവന്നു.

ഇന്നു് അദ്ദേഹം ജെനീവാ വിടുകയാണു്. പഴയ വിശ്വാസങ്ങളും, ആചാരങ്ങളും, സമ്പ്രദായങ്ങളും, ഇത്ര വേഗം വിടാൻ ഒരുക്കമുള്ളവരെ കാണാൻ പ്രയാസം. അദ്ദേഹത്തിൻെറ ആദ്യത്തെ കവിതകളും, ഒടുവിലത്തെ കവിതകളും നോക്കിയാൽ, പഴമക്കാരനായ ഒരാൾ എത്രമാത്രം പുതുമക്കാരനായി എന്നറിയാം. രാജഭക്തിയിൽനിന്നു് രാജ്യഭക്തിയിലേയ്ക്കു മാറിയപ്പോൾ അദ്ദേഹത്തിനെ ശ്ലാഘിച്ച നമ്മുടെ ഇടത്തരക്കാർ അതുകഴിഞ്ഞുള്ള പരിവർത്തനത്തിൻെറ യഥാൎത്ഥതയേ ചോദ്യംചെയ്യുന്നു. എന്തിനു്? അവക്കു് രുചിക്കാഞ്ഞിട്ടു്. അവരുടെ രുചിക്കൊത്തു് അദ്ദേഹം തുള്ളിക്കൊള്ളണമെന്നു് ആരുപറഞ്ഞു? പുതിയ വേഷവും, പുതിയ പുറപ്പാടും ആണു് അദ്ദേഹത്തിനു് ഇഷ്ടമെങ്കിൽ, അതിൽ ആക്ഷേപിക്കാൻ ഞാൻ ഒരുക്കമില്ല; നേരെമറിച്ചു് പുതിയ ആശയങ്ങൾ സ്വീകരിക്കാനുള്ള അദ്ദേഹത്തിൻെറ ധൈര്യത്തിനെ ഞാൻ ബഹുമാനിക്കുന്നു. പക്ഷേ, അതിലുമേറെ ബഹുമാനം, അനേക സഹസ്രപദങ്ങളെ ചൊൽപ്പടിക്കു നിൎത്തി മനോഹരങ്ങളായ കവിതകൾ നമുക്കു തന്നതിനു്. വള്ളത്തോൾ കവിതകളെപ്പററി എനിക്കു അതിരററ ബഹുമാനം തോന്നിത്തുടങ്ങിയിട്ടു് ഇപ്പോൾ വർഷങ്ങൾ കുറെ ഏറെയായി; ഓരോതവണ വായിക്കുമ്പോഴും, അതു കൂടുന്നതല്ലാതെ കുറയുന്നില്ല. ആനന്ദകരമായ അനേകം നിമിഷങ്ങൾ അവ എനിക്കു പ്രദാനംചെയ്തിട്ടുണ്ടു്. ഇന്നു് അദ്ദേഹത്തിനെ റോമിലേയ്ക്കുള്ള വണ്ടിയിൽ കേററി യാത്രപറഞ്ഞ

പ്പോൾ, ഞാൻ അതിനെല്ലാം മൗനമായി ഹൃദയംകൊണ്ടു് നന്ദിപറയുകയായിരുന്നു.

1 ഫിബ്രു്വരി 1951

ഒന്നുരണ്ടു ദിവസങ്ങൾക്കുമുമ്പു് ഞാൻ ഇതിൽ എന്തോ കുറിക്കണമെന്നു് വിചാരിച്ചു; പക്ഷേ, സാധിച്ചില്ല. ഇപ്പോൾ അതു് എന്താണെന്നുതന്നെ ഓർമ്മയില്ല. ഓർമ്മകളുടെ പ്രവർത്തനം ഏതുതരത്തിലാണെന്നു് ഞാൻ അത്ഭുതപ്പെടുന്നു. ചിലപ്പോൾ ചിലതിനെപ്പററിയുള്ള ഓർമ്മശകലങ്ങൾ, അനേകവർഷങ്ങൾ കഴിഞ്ഞാലും, അതു നടന്നപ്പോഴത്തെ പുതുമയോടുകൂടി വന്നുകൊണ്ടിരിക്കും. അതു് എപ്പോഴും സന്തോഷപ്രദമായ ഓർമ്മകളായിരിക്കണമെന്നില്ല. എനിക്കു് ഏതാണ്ടു് അഞ്ചുവയസ്സു പ്രായമായിരുന്നപ്പോൾ, എന്നെപ്പററി, അഥവാ, എൻെറ കുടുംബത്തിനെപ്പററി, ഒരാൾ പരിഹാസമായി പറഞ്ഞ വാക്കുകൾ, നിസ്സാരമായ വിവരങ്ങളോടൊപ്പം, എൻെറ ഓർമ്മയിൽ ദൃഢമായി പതിഞ്ഞുകിടപ്പുണ്ടു്. പറഞ്ഞയാളു് അതപ്പോഴേ മറന്നുകാണും; പക്ഷേ, എന്നിൽ അതു് ശക്തിയായി തറച്ചുകേറി ഒരിക്കലും മറക്കാനാവാത്തവിധം ഹൃദയത്തിൽ സ്ഥാനംപിടിച്ചു. വേറെ ചില ഓർമ്മകൾ, ഉണർന്നിരിക്കുന്ന സമയങ്ങളിൽ, കാലക്രമേണ മങ്ങിവരും; പക്ഷേ, സ്വപ്നമാകുന്ന അർദ്ധബോധാവസ്ഥയിൽ അവ പൂർവ്വാധികം ശക്തിയോടെ, വാസ്തവത്തിൻെറ സകലലക്ഷണങ്ങളും വഹിച്ചു്, മനസ്സിൽവന്നു ജീവിതത്തിനെ വല്ലാതെ ഇളക്കും. ഈമാതിരിയുള്ള സ്വപ്നങ്ങൾ എന്നെ ഇടയ്ക്കിടയ്ക്കു് ബാധിക്കാറുണ്ടു്. മനഃശാസ്ത്രജ്ഞന്മാർക്കു് ഇതിനെല്ലാം ഓരോ വ്യത്യാസങ്ങൾ കാണും; പക്ഷേ, അതൊന്നും അറിയാൻവയ്യാത്ത എനിക്കു് എല്ലാം ദുർഗ്രാഹ്യമായി

രിക്കുന്നതേയുള്ളു. വെളിയിൽ, ഇലകളില്ലാത്ത കവരങ്ങളും, അലകളില്ലാത്ത കായലും, ഈ സമയത്തു് ഒരു പ്രത്യേകവശത്തേയ്ക്കു് ഇളകുന്നതെന്താണെന്നു് അറിയാൻ വയ്യാത്തതുപോലെ. ചില പ്രത്യേകശക്തികൾ ഉൽപാദിപ്പിക്കുന്ന കാററുകളുടെ പോക്കാണു് അവയെ ഒരുവഴിക്കു തിരിക്കുന്നതെങ്കിൽ, ആ ശക്തികൾ ആദ്യം അങ്ങനെ പ്രവത്തിക്കാൻതുടങ്ങിയതു് എന്തുകൊണ്ടു്? അണുക്കളും, പരമാണുക്കളും, ഒരു പ്രത്യേകതരത്തിൽ പെരുമാറുന്നതെന്തുകൊണ്ടു്? ഈ മരവിച്ച ഫിബ്രുവരിദിവസത്തിന്റെ അവസാനസമയത്തു് എനിക്കു് ഇതിനൊന്നും മറുപടി കിട്ടുന്നില്ല. ഞാൻ അടുത്തകൊല്ലം മുഴവൻ എന്തു ചെയ്യണമെന്നു് ചില ക്ലിപ്തമായ വിചാരങ്ങളിൽ ഏർപ്പെട്ടിരിക്കുകയാണു്; പക്ഷേ, അവയെല്ലാം പ്രായോഗികമായി വരുന്നതു് എന്റെ ആരോഗ്യത്തെ ആശ്രയിച്ചിരിക്കും.

2 ഫിബ്രുവരി 1951

ഒരുതരത്തിൽ പറഞ്ഞാൽ ഞാൻ ഈ ഏടുകളിൽക്കൂടി തന്നത്താൻ സംസാരിക്കുകയാണു്. യാതൊരു പ്രത്യേകകാരണമൊന്നുമില്ലാതെ എനിക്കു് ഇന്നു സന്തോഷം തോന്നുന്നു; അതിലും അത്ഭുതം, വെളിയിൽ തണുത്ത കാററു് ഭയങ്കരമായി വീശിക്കൊണ്ടിരുന്നിട്ടും, എനിക്കു് നല്ല ആരോഗ്യമുള്ളതായി അനുഭവപ്പെടുന്നു. അതുകൊണ്ടായിരിക്കാം, ഞാൻ ഒററയ്ക്കു് ഈ നിശ്ശബ്ദമായ മുറിയിൽ, അനന്തമായ സമയത്തിന്റെ പോക്കിനെ കുറിച്ചുകൊണ്ടുള്ള കാററിന്റെ പ്രതിധ്വനിയുംകേട്ടു് എഴുതിക്കൊണ്ടിരിക്കുമ്പോൾ, അതിശയമായ ചില അവകാശങ്ങൾ പുറപ്പെടുവിക്കാൻ തുടങ്ങുന്നതു്. ഞാൻ എഴുതിയ ചെറു

കഥകളിൽ ഓരോന്നിലും, ഓരോ വലിയ ആഖ്യായികയുടെ ബീജം ഉണ്ടെന്നും, ഓരോ ചെറിയ കുറിപ്പുകളിലും, ഓരോ വലിയ ഉപന്യാസത്തിനുവേണ്ട ആശയങ്ങൾ അടങ്ങിയിരിക്കുന്നു എന്നുമാണു് ഈ അവകാശങ്ങൾ. എനിക്കു സമയവും, ശക്തിയും (കല്പനാവൈഭവവും) ഉണ്ടായിരുന്നെങ്കിൽ, മുപ്പതിൽപ്പരം ആഖ്യായികകളും, മുന്നൂറിൽപ്പരം ഉപന്യാസങ്ങളും ഞാൻ അതുകൊണ്ടു് എഴുതിവിട്ടുമായിരുന്നു. അതിനുപകരം ഞാൻ തുച്ഛമായ സാഹിത്യശ്രമങ്ങളെ താലോലിച്ചും, ലോകത്തിനോടു് അവ്യക്തമായ ഒരു വൈരാഗ്യം പുലർത്തിക്കൊണ്ടും കഴിയുന്നു.

പക്ഷേ, എൻെറ 'എങ്കിൽ' എത്ര വലുതാണു്! ഞാൻ ആഗ്രഹിക്കുന്നതൊക്കെ, കിട്ടിയിരുന്നെങ്കിൽ, എന്നെപ്പോലെ മററാക്കും ചെയ്യാവുന്ന കാര്യമാണു് ഞാൻ ചെയ്യുമെന്നു പറയുന്നതു്. ചെയ്യാവുന്ന കാര്യങ്ങളെപ്പററി പറഞ്ഞിട്ടെന്തുഫലം? ചെയ്തതിനെപ്പററി വിചാരിക്കുക. പരിമിതമായ ഒരു സാമുദായികജീവിതത്തിൻെറ പശ്ചാത്തലത്തിൽ, ഏതാണ്ടു് ഒരേമട്ടിലുള്ള വികാരസംഘട്ടനങ്ങളെ ചിത്രീകരിക്കുന്ന, ഏതാനും കഥകളാണു് എൻെറ സാഹിത്യശ്രമത്തിന്റെ മുഖ്യഫലം; ലോകം ഉടച്ചുവാക്കാനുള്ള ആഹ്വാനങ്ങൾ അതിൽനിന്നു് ആർക്കും കിട്ടുകയില്ല. ഈ വാസ്തവത്തെ ആസ്പദമാക്കി, എൻെറ സാഹിത്യശ്രമങ്ങളെക്കുറിച്ചു് വളരെ സഹാനുഭാവമുള്ള ഒരു സാഹിത്യകാരൻ 'ഗ്രന്ഥാലോക'ത്തിൽ(1125, ധനു) ഞാൻ എഴുതിയതുപോലേ എനിക്കു് എഴുതാൻ പററൂ എന്നു് ഉൽബോധിക്കുന്നു. മററുതരത്തിൽ എഴുതാനുള്ള ഉപദേശങ്ങളെല്ലാം നിഷ്പ്രയോജനമാണെന്നും അദ്ദേഹം നിശ്ചയിക്കുന്നു. പക്ഷേ, മുമ്പു് എഴുതിയപോലേ ഇനി എഴുതു എന്നു വിധികല്പിക്കുന്നതു് അല്പം സാഹസം!

4 ഫിബ്ര്വരി 1951

ശാരദയും, കുട്ടികളും വെളിയിൽ പോയിരിക്കുന്നു; ഞാൻ അകത്തിരുന്നു് ബെർട്രാൻഡ് റസ്സലിന്റെ 'മനുഷ്യരുടെ അറിവ്—അതിന്റെ വ്യാപ്തിയും, പരിമിതികളും' എന്ന പുസ്തകം വായിച്ചുകൊണ്ടിരിക്കുന്നു. എനിക്കു് അതു വളരെ ആഹ്ലാദപരമായ ഒരു വ്യവസായമായി തോന്നുന്നു. ഒന്നിനെപ്പററി എല്ലാം അറിയുന്നതിനേക്കാൾ, പലതിനേയുംപററി ചിലതു് അറിയുന്നതിൽ എനിക്കു് കൂടുതൽ ഉത്സാഹം ഉണ്ടു്. അതിൻെറ ഫലം എൻെറ ഉദ്യോഗജീവിതത്തിൽ അത്രതന്നെ ശ്ലാഘനീയമായിട്ടല്ല കണ്ടിട്ടുള്ളതെന്നുകൂടി പറഞ്ഞുകൊള്ളട്ടെ. പക്ഷേ, അതു് ഞാൻ ജനിച്ചസമയത്തിൻെറ വിശേഷം—അഥവാ വിശേഷമില്ലായ്മകൊണ്ടായിരിക്കാം.

ജ്യോത്സ്യന്മാരെഴുതിയ എൻെറ ജാതകം അബദ്ധസുബദ്ധസമ്മിശ്രമായിട്ടാണു കണ്ടിട്ടുള്ളതു്. അതുകൊണ്ടു്, എൻെറ ജനനസമയത്തു് വാസ്തവത്തിൽ നടന്നതു് എന്താണെന്നു് ഞാൻതന്നെ ഒന്നെഴുതിയാലോ എന്നാലോചിക്കുകയാണു്. എന്നെ അനുഗ്രഹിക്കാൻവന്ന ദേവതമാർ ഏതാണ്ടിപ്രകാരം പറഞ്ഞിരിക്കണം: "നിനക്കു് ദീർഘായുസ്സു് ഉണ്ടായിരിക്കും, വിദ്യ അഭ്യസിക്കും, പുസ്തകങ്ങൾ എഴുതും, പണം ഉണ്ടാക്കും, കീർത്തി—" അപായംവരുത്തുന്ന ഒരു പിശാചു് അപ്പോൾ ചാടിക്കടന്നു ശപിച്ചിരിക്കണം, "നിന്റെ നീണ്ട ജീവിതം മുഴവൻസുഖക്കേടുകൾകൊണ്ടു് നിറഞ്ഞിരിക്കും, അതിൽ ഏറിയകാലവും നീ നൊണ്ടിനടക്കും, നിന്റെ ജ്ഞാനം അല്പവും, അപകടമുള്ളതുമായിരിക്കും, നിൻെറ പുസ്തകങ്ങൾ ചെറുതും

നിസ്സാരങ്ങളുമായിരിക്കും, നീ എപ്പോഴും കടത്തിൽ ആണ്ടിരിക്കും, നിൻെറ കീർത്തി നിൻെറ കുടുംബത്തിൽ മാത്രം നിലനില്ക്കും, നീ എന്തുചെയ്താലും, ചെയ്തില്ലെങ്കിലും, നിനക്ക് എപ്പോഴും അതൃപ്തിയും, അസുഖവും ഉണ്ടായിരിക്കും; നീ—'' ഇതുകേട്ട് ആ ദേവതമാർ എന്തു ചെയ്തിരിക്കും?

അദ്ധ്യായം 6

## ഇരുട്ടിൽ

8 ഫിബ്രു്വരി 1951

എന്റെ ജീവിതത്തിന്റെ മന്ദമായ ഗതി എന്നെ വീണ്ടും വല്ലാതെ ഖേദിപ്പിക്കുന്നു. ഈ മന്ദത എന്റെ മുട്ടിലെ വേദനകൂടി എന്നെ അല്പം 'സ്ഥാവര'മാക്കിയതു കൊണ്ടായിരിക്കും എന്നു സമാധാനിക്കാമായിരുന്നെങ്കിൽ കുറെ ആശ്വാസകരമായിരിക്കുമായിരുന്നു; പക്ഷേ, വാസ്ത വം നിർഭാഗ്യവശാൽ അങ്ങനെയല്ല. ശരീരത്തിനു സുഖ മില്ലെങ്കിലും, മനസ്സിനു ശുഷ്കാന്തിയോടും, ജാഗ്രതയോടും പ്രവർത്തിക്കാൻ സാധിക്കും. എന്റെ മന്ദത ശരീരത്തിലും മനസ്സിലും ഒരുപോലെ വ്യാപിച്ചിരിക്കുന്നതായി തോന്നു ന്നു. രാവിലെ ഒരു കാറിൽ ആരെങ്കിലും എന്നെ ആഫീ സിൽ കൊണ്ടുപോയി നിക്ഷേപിക്കും; അവിടെ ഒരു ക സേരയിൽ സ്ഥാപിതനായി ചരിഞ്ഞിരുന്നു് ചുററും, പ തുക്കെ പാഞ്ഞുപോകുന്ന ജീവിതത്തിനെ നോക്കും; ഇട യ്ക്കിടയ്ക്കു് ഒഴിച്ചുകൂടാൻവയ്യാത്ത ജോലി ചെയ്തുതീർക്കും—ഇ ങ്ങനെ സാവധാനമായ കുറെ ദിവസങ്ങൾ കഴിയുമ്പോൾ, പെട്ടെന്നു് ഊർജ്ജിതമായി കൂട്ടിയിട്ട ജോലികൾ ആകെ ചെയ്തുതീർക്കും. അങ്ങനെ ഊർജ്ജസ്വലമായ ദിവസങ്ങൾ പോലും, പൊതുവേയുള്ള ഉണർച്ചയില്ലായ്മയെ ഓർമ്മപ്പെ ടുത്തുന്നതേ ഉള്ളു.

ഈ ജീവിതഗതി അല്പമൊന്നു ത്വരിപ്പിക്കുവാൻ ഞാൻ എത്ര ആഗ്രഹിക്കുന്നു! പക്ഷേ, അതു നിറവേററാൻ ഒരു വഴിയും കാണുന്നില്ല. ഞാൻ ഒരു സ്ഥിരമായ രോഗി

യാണെന്നു സ്വയം തീരുമാനിക്കേണ്ടിവന്നിരിക്കുന്നു. ആരോഗ്യവും ശക്തിയും ഉണ്ടായിരുന്നപ്പോൾക്കണ്ട ആകർഷണം ഒന്നും ഞാൻ ഇപ്പോൾ ആ അവസ്ഥയിൽ കാണുന്നില്ല. അതു വെറും ഒരു ഉപദ്രവമായി തോന്നുന്നു; അത്രമാത്രം. പക്ഷേ, ചിരപരിചയംകൊണ്ട്, അതിൽ ശോചനീയമായി ഒന്നും ഇല്ലാതായിരിക്കുന്നു. അതിൻെറ അവസ്ഥാഭേദങ്ങളെപ്പററി പലരോടും പറയാനും പര്യാലോചിക്കാനും എനിക്കു് ഒരു മടിയുമില്ല.

12 മാർച്ച് 1951

ഞാൻ പത്തുപതിനാറു വർഷങ്ങൾക്കുമുമ്പ് എഴുതിയ ഏതാനും ലണ്ടൻകത്തുകൾ ഇപ്പോൾ പുസ്തകരൂപത്തിൽ പ്രത്യക്ഷമായിരിക്കുന്നു. അന്നു്, ഇവയും മററു് എൻെറ സാഹിത്യശ്രമങ്ങളും പുസ്തകങ്ങളായി പ്രസിദ്ധപ്പെടുത്തണമെന്നു് എനിക്കു വിചാരമില്ലായിരുന്നു. പക്ഷേ, ഈ ഉപന്യാസങ്ങൾ പഴയ കുറെ സംഭവങ്ങളുടെ വിവരണങ്ങളാണെന്നു വിചാരിച്ചു്, നമ്മുടെ നിരൂപകന്മാർ അവയെ തള്ളിക്കളയുകയില്ലെന്നു വിശ്വസിക്കുന്നു. ആ സംഭവങ്ങളെ അടിസ്ഥാനമാക്കി, എന്നാൽ, അവയിൽനിന്നു സ്വതന്ത്രമായ, ചില ഉപന്യാസങ്ങളായിട്ടാണു ഞാൻ അവയെ ഉദ്ദേശിച്ചിരുന്നതു്; ആ വ്യാഖ്യാനം സ്വീകാര്യമല്ലെങ്കിൽ, വേറെ ആരുടെ തലയിലും അതു വെച്ചുകെട്ടാൻ ഞാൻ യത്നിക്കുന്നില്ല.

ഈ പുസ്തകം മുഴുവൻ ഞാൻ രണ്ടുമൂന്നു മണിക്കൂറുകൊണ്ടു വായിച്ചുതീർത്തു. ഒരു പുസ്തകം വായിക്കാനും എഴുതാനുംവേണ്ട സമയത്തിനുതമ്മിൽ എത്ര അന്തരം! മൂന്നു മണിക്കൂർ വായിക്കാൻ വേണ്ടിവന്നതിനു്, ഞാൻ കുറഞ്ഞതു മുന്നൂറുമണിക്കൂർ എഴുതാൻ എടുത്തിരുന്നിരി

ക്കണം. ക്ഷണികമായ നേരമ്പോക്കും, സന്തോഷവും, സ ന്താപവും സൃഷ്ടിച്ചുകൊണ്ടു് അരനിമിഷത്തിനുള്ളിൽ മ റിച്ചുപോകുന്ന പുസ്തകത്തിന്റെഭാഗങ്ങൾ എഴുതാൻ എത്ര ശ്രമവും, വിചാരവും, ആശങ്കയും ഗ്രന്ഥകർത്താക്കന്മാർ ചെലവഴിച്ചിരുന്നിരിക്കണം.

എനിക്കു് ഈ പുതിയ പ്രസിദ്ധീകരണംകൊണ്ടു് പ്രകൃത്യാ ഉണ്ടാകേണ്ട സന്തോഷം, ഇന്നു്, അല്പം മങ്ങി യിരിക്കുന്നു. അന്നത്തെ ദിവസങ്ങൾ തികച്ചും സന്തോഷ കരങ്ങളായിരുന്നില്ല; താരതമ്യേന ഇന്നു ഞാൻ പണക്കാ രനായിരിക്കുന്നു, ഗൃഹസ്ഥനായിരിക്കുന്നു, സ്ഥിരതയുള്ള വനായിരിക്കുന്നു. പക്ഷേ, ആ പുസ്തകത്തിന്റെ പുറംഭാഗ ങ്ങളിൽ ചിത്രീകരിച്ചിരിക്കുന്ന ലണ്ടൻനഗരത്തിന്റെ ഛായകൾ കാണുമ്പോൾ, എനിക്കു്, സർവ്വോപരി, അന്ന ത്തെ ആരോഗ്യവും ഉല്ലാസവുംനിറഞ്ഞ ദിവസങ്ങളെയാ ണു് ഓർമ്മവരുന്നതു്. 'ആരോഗ്യം, അതേ, പക്ഷേ, ഉല്ലാ സവും?'—അപ്പോഴത്തെ യുവാവു്, അന്നത്തെ സൌല്ലക ളൊന്നുമില്ലാതെ, ഉദ്യോഗസ്ഥപീഠത്തിലിരുന്നു വിധിക ല്പിക്കുന്ന ഈ മധ്യവയസ്കനോടു്, അല്പം പരുഷമായി ചോദിക്കുന്നതു ഞാൻ കേൾക്കുന്നു. ആ യുവാവും, ആ കാ ലങ്ങളും മാറിമറഞ്ഞുപോയി; ഇപ്പോഴത്തെ കാലം ഈ എഴുതുന്ന ആളിന്റെ കൈയിലും! അതുകൊണ്ടു് ഞാൻ ദൃഢമായി മറുപടിപറയുന്നു ധാരാളമായ ശക്തിയുംവഹി ച്ചു് തെരുവുകളിൽക്കൂടി സ്വമേധയാ നടന്നു് ജീവിതം കാണുന്നതു് ഉല്ലാസമല്ലെങ്കിൽ പിന്നെന്താണു്?

27 മാർച്ച് 1951

പണ്ടു് ലണ്ടനിൽ താമസിച്ചിരുന്നകാലത്തു് പ്രസി ദ്ധപ്പെട്ടയാളുകളെ തേടിപ്പിടിച്ചുകാണുന്നതിൽ എനിക്കു്

അമിതമായ ആസക്തി ഉണ്ടായിരുന്നു. കുറെപ്പേരെ കാണുകയും ചെയ്തു. പക്ഷേ, കാലാന്തരത്തിൽ പ്രസിദ്ധ പുരുഷന്മാരെപ്പററിയുള്ള ആകർഷണീയത എന്നെ വിട്ടു പിരിഞ്ഞു. അവർ മററുള്ളവരെക്കാളും ഏതോതരത്തിൽ വ്യത്യസ്തമുള്ളവരാണെന്നു ഞാൻ വിചാരിച്ചിരുന്നതു പോലെ തോന്നുന്നു. പക്ഷേ, അടുത്തുകണ്ടപ്പോൾ അവർക്കെല്ലാം കണ്ണ് രണ്ടേ രണ്ട്; ചിലർക്ക് സാധാരണക്കാർക്കുള്ള കുററവുകളും കുറെയുണ്ടെന്നു ബോദ്ധ്യമായി. ഇപ്പോൾ ഈശ്വരൻതന്നെ വരുന്നു എന്നു കേട്ടാലും, പോയിക്കാണാൻ മിതമായ ഒരു ആഗ്രഹമേ എനിക്കുണ്ടാകയുള്ളു. മണിക്കൂറുകൾ കാത്തുനിന്ന് ഒരു പ്രസിദ്ധപുരുഷൻെറ തലയുടെ ഒരംശം കാണാൻ ഞാൻ ഇനി തുനിയുമെന്നു തോന്നുന്നില്ല. ഇതു് യുവത്വത്തിൻെറ ധാരാളത നശിച്ചതിൻെറ ലക്ഷണമാണോ, അതോ അനുഭവങ്ങൾ അന്നത്തെ പുതുമയെ കെടുത്തിയതാണോ, അതോ വെറും സുഖക്കേടിൻെറ അടയാളമാണോ എന്നു് എനിക്കു നിശ്ചയമില്ല. ഏതായാലും പ്രസിദ്ധിയുടെ പുറകെ പായാനുള്ള സമയങ്ങൾ, ഇപ്പോൾ, വല്ലതും വായിക്കാനും വിചാരിക്കാനും വിനിയോഗിക്കാൻ ഞാൻ ഇഷ്ടപ്പെടുന്നു. എൻെറ ആദ്യത്തെ 'ഈശ്വരന്മാർ' ഓരോന്നായി നശിച്ചുപോയതിനെപ്പററി ഞാൻ വിചാരിക്കുകയാണ്. എനിക്ക് പതിന്നാലുവയസ്സ് പ്രായമുണ്ടായിരുന്നപ്പോൾ ഞാൻ ശ്രീരാമൻെറ എന്നു പറയപ്പെടുന്ന ഒരു ഭയങ്കരചിത്രം എൻെറമുറിയിലെ ഭിത്തിയിൽ കൊണ്ടുതറച്ചു. ഈ ഒരു കൃത്യംകൊണ്ടു്, ദൈവഭക്തിയുള്ളവനായും നല്ലവനായും ഞാൻ സ്വയം തീരുമാനിച്ചു. ഇപ്പോൾ അതുപോയി. മുമ്പിൽക്കാണുന്ന മനുഷ്യരെപ്പോലും എനിക്കു വിശ്വാസമില്ല. മിന്നിത്തിളങ്ങുന്ന അവരിൽ പലരുടേയും പാദ

ങ്ങൾ മിക്കവാറും ചെളിയിലാണ്ടുനിൽക്കുന്നതായിട്ടാണു് കാണാറുള്ളതു്.

എൻെറ സുഖക്കേട്ടു് കൂട്ടനാതോട്ടകൂടി ഈശ്വരവിശ്വാസവും കൂടേണ്ടതാണു്; പക്ഷേ, പ്രത്യക്ഷത്തിൽ നേരെമറിച്ചാണു കാണുന്നതു്. എൻെറ ഈശ്വരവിശ്വാസം പൂർവ്വാധികം സംശയഗ്രസ്തമായിരിക്കുന്നു. ആപത്തു് ആസന്നമാകുമ്പോൾ, ഈശ്വരനെ വിളിക്കും; അനിശ്ചിതമായുള്ള സംഭവങ്ങളേയും, അജ്ഞാതമായ പ്രകൃതിനിയമങ്ങളേയും ആലോചിക്കുമ്പോൾ അവ്യക്തമായ ഒരു ആത്മീയശക്തിയുടെ ആസ്തിത്വത്തിൽ വിശ്വസിക്കും; പക്ഷേ, അതിൽക്കവിഞ്ഞു് വിശ്വമാകെ ഭരിക്കുന്നതും ഭയപ്പെടേണ്ടതുമായ ദൈവത്തിൽ സ്ഥിരമായ ഒരു വിശ്വാസം എനിക്കില്ലാതായിരിക്കുന്നു. വിശിഷ്യ, അമ്പലങ്ങൾകെട്ടുന്നതിലും, വഴിപാടുകൾ കഴിക്കുന്നതിലും തൃപ്തിപ്പെട്ടു് വരങ്ങൾതരുന്ന ഒരു ഈശ്വരൻ മനുഷ്യസൃഷ്ടമായേ എനിക്കു പ്രത്യക്ഷപ്പെടുന്നുള്ളു. സാക്ഷാൽ ഈശ്വരനു് ആമാതിരി കൃത്യങ്ങൾ ചെയ്യുന്നതിനേക്കാളും ഇഷ്ടം നമ്മൾ നല്ലവഴിയിൽക്കൂടി നടക്കുന്നതായിരിക്കും എന്നു് എനിക്കു വിശ്വസിക്കാതിരിക്കാൻവയ്യാ.

ഈശ്വരനുണ്ടോ എന്ന ചോദ്യം ഞാൻ ചോദിച്ചുതുടങ്ങിയിട്ടു കുറേക്കാലമായി. ഈശ്വരസങ്കല്പത്തിൻെറ സാക്ഷാൽരൂപം അറിയുന്നതു് മനുഷ്യബുദ്ധിക്കു്—ഏതായാലും, എൻെറ ബുദ്ധിക്കു്—അതീതമാണെന്നുള്ള വിചാരത്തിൽ ഞാൻ എത്തിച്ചേർന്നിരിക്കുന്നു. വിശ്വമാകെ നിയന്ത്രിക്കുന്ന ആ തേജസ്സിനു്, ഈ ഒരു നിസ്സാരജീവിക്കു് അതിൽ വിശ്വാസം ഉണ്ടോ ഇല്ലയോ എന്നുള്ളതു് തീരെ ബാധകമായിരിക്കയില്ല; അതുകൊണ്ടു് വിശ്വാസക്കുറവു് ഈശ്വരകോപത്തെ ജനിപ്പിക്കുമെന്നും വിചാരി

ക്കാൻ വഴിയില്ല. പക്ഷേ, തത്വചിന്തയെക്കുറിച്ചുള്ള വിവിധമായ അനുമാനങ്ങൾക്കുപകരം സ്ഥായിയായ ഒരു ആത്മീയവിശ്വാസം എനിക്കു് കിട്ടിയിരുന്നെങ്കിൽ ജീവിതം എനിക്കു് എത്ര സുഗമമായിരിക്കുമായിരുന്നു!

31 മേയ് 1951

എന്റെ കഴിഞ്ഞുപോയ ജീവിതവും, ഇപ്പോഴത്തെ ദിവസങ്ങളും ആയി താരതമ്യപ്പെടുത്തി നോക്കുമ്പോൾ, ചില കാര്യങ്ങൾ ചെയ്യാൻ ഇനി അസാദ്ധ്യമായും, മററു ചിലതു് അസാദ്ധ്യമല്ലെങ്കിലും, ചെയ്യാൻ തീരെ ഇടയില്ലാത്തതായും തോന്നുന്നു. മണ്ണുടിയിൽനിന്നു് തേവലപ്പുറത്തേയ്ക്കും, പവിത്രേശ്വരത്തേയ്ക്കും ആറേഴുനാഴിക നടന്നു പോകുക—ഇരുപതിരുപത്തഞ്ചുകൊല്ലംമുമ്പു് ഇടയ്ക്കിടയ്ക്കു് ഞാൻ ചെയ്തുകൊണ്ടിരുന്ന ഒരു കൃത്യമായിരുന്നു. പാടങ്ങളും, പുഴയുംകടന്നു് പതുക്കെ പോകുന്നതു്, ഇന്നു് ആലോചിക്കുമ്പോൾ, വളരെ ആകർഷണമായിത്തോന്നുന്നു. വർഷകാലങ്ങളിൽ കടത്തുവള്ളത്തിനുവേണ്ടി കൂകാനും, കാത്തുനില്ക്കാനും, അല്ലാത്തസമയങ്ങളിൽ വളഞ്ഞുപുളഞ്ഞു് ഒഴുകുന്ന ഒരേപുഴയെ മൂന്നുഭാഗത്തു കടന്നു് കുറുക്കുവഴികളിൽക്കൂടി പോകാനും, അന്നു സമയം ധാരാളം ഉണ്ടായിരുന്നു. ഇനി സമയം ഉണ്ടായാൽത്തന്നെ, എന്റെ കാലിനു് ശക്തി നശിച്ചുകഴിഞ്ഞിരിക്കുന്നു. ആ വിശാലമായ വയലുകളും, ഇടയ്ക്കു് മുഖ്യപാതപോലെ ഉപയോഗിച്ചിരുന്ന വരമ്പുകളും, ഇന്നു്, അന്നത്തേപ്പോലെ യാത്രക്കാരെ കാണുന്നോ എന്നു ഞാൻ അത്ഭുതപ്പെടുന്നു. അപരിചിതരായ യാത്രക്കാരെ കാണുമ്പോൾ, അവരുടെ സകല വിവരവും ചോദിച്ചറിയുക അവിതർക്കിതമായ അവകാശമായി ആ ദിക്കുകാർ കരുതിയിരുന്നു. ഇന്നു്

അവിടെ ചുററും ഓടിത്തുടങ്ങിയിരിക്കുന്ന 'ബസ്സുകാർ' ഈ അവകാശം എത്രമാത്രം അനുവദിച്ചുകൊടുക്കും?

പരിതഃസ്ഥിതികളും, സാമുദായികസമ്പ്രദായങ്ങളും വ്യത്യാസപ്പെട്ടുവരുമ്പോൾ, മാറുന്ന കാര്യങ്ങളെപ്പറ്റി വ്യസനിക്കുന്നതു വിഡ്ഢിത്തമായിരിക്കാം. പക്ഷേ, സൈക്കിളിൽ ഉല്ലാസമായി ഓടിച്ചുപോവുക, വൈകുന്നേരസമയങ്ങളിൽ വെള്ളത്തിൽ നീന്തിക്കളിച്ച് ആഹ്ലാദിക്കുക, സാവകാശമായി ബന്ധുക്കളുടെ വിരുന്നുസൽക്കാരങ്ങളും ആസ്വദിച്ച്, സല്ലാപങ്ങളിൽ ഏർപ്പെടുക—സാധാരണ സാധിക്കാവുന്ന ഇവയെല്ലാം അസാദ്ധ്യങ്ങളായിവരുമ്പോഴാണ് വ്യസനം വല്ലാതെ കൂടുന്നത്.

12 ജൂൺ 1951

സ്പിന്നററാ പോവുകയാണ്. അദ്ദേഹം ഞങ്ങളുടെ കൂടെ ആഫീസിൽ ജോലിചെയ്തുതുടങ്ങിയിട്ട് കഷ്ടിച്ച് രണ്ടുകൊല്ലമേ ആയുള്ളു. അതിനിടയ്ക്ക് വളരെ മിടുക്കൻ എന്ന പേരും സമ്പാദിച്ചു. എന്തെങ്കിലും സമ്മേളനമോ, സംഭാഷണങ്ങളോ, ഉണ്ടെങ്കിൽ സ്പിന്നററാ മുന്നണിയിലാണ്; അപ്പോഴൊക്കെ, ആദ്യത്തെ ചോദ്യം ചോദിക്കാൻ കൈപൊക്കുന്നത് ആ വീരയോദ്ധാവാണെന്നു ഞാൻ പലപ്രാവശ്യം പന്തയംവെച്ച് ജയിച്ചിട്ടുണ്ട്. എങ്കിലും, അദ്ദേഹം ഇതാ അല്പം പരാജയത്തോടുകൂടി ഇവിടം വിട്ടുപോകുന്നു. വളരെ മിടുക്കന്മാർക്ക് ഇങ്ങനെ അമളിപറ്റുന്നതു ഞാൻ മുമ്പും കണ്ടിട്ടുണ്ട്. പള്ളിക്കൂടത്തിൽ ഒന്നാമൻ, കോളേജിൽ ഒന്നാംക്ലാസ്സ്, സൽസ്വഭാവി—എങ്കിലും പിന്നീട് അടുക്കളയ്ക്കുചുററും ജീവിതം നയിക്കേണ്ടിവന്നിട്ടുള്ളവരുണ്ട്. കാരണം? ഭാഗ്യമില്ല. എന്തുകൊണ്ടു ഭാഗ്യമില്ല? ഭാഗ്യം എങ്ങനെ കിട്ടുന്നു...?

വീണ്ടും ഒരു നിരത്ഥവാദത്തിലേയ്ക്കു ഞാൻ പുറപ്പെട്ടുന്നു. പക്ഷേ, ആ വഴിക്കായിരിക്കാം ഈശ്വരനെ കാണുന്നതു്. ഏതായാലും വലിയ മിട്ടുക്കന്മാരെക്കുറിച്ചു് എനിക്കു് പ്രകൃത്യാ കുറെ അവിശ്വാസമാണു്; പ്രത്യേകിച്ചു്, ആ മിട്ടുക്കു് എപ്പോഴും എല്ലാവരേയും കാണിക്കാൻ ആകാംക്ഷയുള്ളവരെ. മിട്ടുക്കു് മററുള്ളവർ സ്വമേധയാ അറിഞ്ഞുകൊള്ളട്ടെ എന്നു വിചാരിച്ചാലെന്താണു് അബദ്ധം? വിനയം, അഥവാ, താഴ്മ, ഇതിലേയ്ക്കും എളുപ്പവും ലളിതവുമായ ഗുണമാണെന്നും, തന്നത്താൻ മതിപ്പു കുറവാണെന്നു വിശ്വസിച്ചുതുടങ്ങിയാൽ, മററുള്ളവരും അതുപോലെ വിചാരിക്കുമെന്നും ഹാസ്ലററ് എന്ന ആംഗ്ലേയസാഹിത്യകാരനാണു് പറഞ്ഞിട്ടുള്ളതെന്നു തോന്നുന്നു. ആത്മവിശ്വാസം ആവശ്യംതന്നെ; പക്ഷേ, അതുകൊണ്ടു് വിനയം പാടില്ലയെന്നു വരുന്നില്ല. മിതമായ മിട്ടുക്കുനടിക്കുന്നതു് ഉശിരുകാണിക്കുന്നതിനു സഹായമാണെങ്കിൽ, അങ്ങനെയാവട്ടെ.

വേനൽക്കാലത്തിൻെറ പ്രഭാവം വീണ്ടും തുടങ്ങി; കായൽ പ്രസന്നമായി കാണപ്പെട്ടുന്നു; ആകാശം തെളിഞ്ഞിരിക്കുന്നു; ചുററുമുള്ള ഭൂഭാഗം മനോഹരം! ഈ കാഴ്ചയുടെകൂട്ടു് സൗമ്യമായ ഒരു ആത്മവിശ്വാസം എനിക്കു കിട്ടാൻ കഴിഞ്ഞിരുന്നെങ്കിൽ—!

14 സെപ്തംബർ 1951

പഠിച്ചതും, വായിച്ചതും ഒക്കെ ഓർമ്മവെയ്ക്കാൻ സാധിച്ചിരുന്നെങ്കിൽ, അതു് എത്ര രസമായിരിക്കുമായിരുന്നു! ശ്ലോകങ്ങളും, സരസകഥകളും, ഗദ്യവാക്യങ്ങളും ഇടയ്ക്കിടയ്ക്കു് നെട്ടനീളത്തിൽ തട്ടിവിടാമായിരുന്നു. സാധാരണയിൽ കുറവായി ഓർമ്മയുള്ള എനിക്കു്, അതിനുപകരം

പഠിച്ചതൊന്നുംതന്നെ ഓൎമ്മയിൽനിന്നു് ഉദ്ധരിക്കാൻ വയ്യാതെ വന്നിരിക്കുന്നു. ജീവിതം ഇനിയും ആദ്യംമുതൽ കിട്ടുകയാണെങ്കിൽ, ഈ ഒരു കെല്പിനു് ഞാൻ നിശ്ചയമായും പ്രാൎത്ഥിക്കും. വേറെ എന്തിനെല്ലാം പ്രാൎത്ഥിക്കും? പലതിനും, പലതിനും—ഒരു ജീവിതം സുഖഭൂയിഷ്ഠമായി വരണമെങ്കിൽ, സന്തോഷങ്ങളെല്ലാം തരാനും, അസന്തോഷങ്ങളെല്ലാം അകററാനും, ഉള്ള പ്രത്യേക പ്രാൎത്ഥനകൾ അനുവദിച്ചു കിട്ടിയാൽ മാത്രമേ സാധിക്കു. പക്ഷേ, പരിമിതമായ ചില പ്രാൎത്ഥനകളേ അനുവദിച്ചുകിട്ടു എന്നു വന്നാൽ ഒരാൾ ഏതൊക്കെയാണു് തിരഞ്ഞെടുക്കുന്നതു്? പണക്കാരനാവാൻ?—ആദ്യത്തെ പ്രേമം സഫലമാകാൻ?—പ്രതിഭാവിലാസമുള്ള ഒരു സാഹിത്യകാരനാകാൻ?—മായാദാസനെപ്പോലെ തൊടുന്നതെല്ലാം പൊന്നാകാനുള്ള പ്രാൎത്ഥന അനൎത്ഥത്തിലേ അവസാനിക്കുയെങ്കിലും, ജീവിതാവശ്യങ്ങൾക്കുവേണ്ടപണം കിട്ടാനുള്ള പ്രാൎത്ഥന മിക്കവരുടെ തിരഞ്ഞെടുപ്പിലും ആദ്യത്തെ പന്തിയിൽത്തന്നെ വരും. അതുപോലെ, യുവഹൃദയത്തിൽ അങ്കുരിക്കുന്ന ആദ്യത്തെ പ്രേമം സഫലമായി കിട്ടുന്നതിലുള്ള ചാരിതാൎത്ഥ്യം ജീവിതസുഖങ്ങളിൽ ഒരു മുന്തിയ സ്ഥാനം വഹിക്കുന്നു. പ്രേമസാഫല്യത്തിൻെറ രസം ഹ്രസ്വകാലത്തേയ്ക്കുമാത്രമേയുള്ളുവെങ്കിൽ, പ്രേമനൈരാശ്യത്തിൻെറ വ്യഥ ജീവിതകാലംമുഴുവൻ നീണ്ടുനിൽക്കും. അതേതരത്തിലാലോചിക്കുമ്പോൾ, വിജയകരമായ ഒരു സാഹിത്യജീവിതത്തിനേക്കാൾ സന്തോഷപ്രദമായ ഒരു ജീവിതം വേറെ കാണുമോ എന്നു സംശയം. പ്രവൃത്തിയെടുക്കുമ്പോൾ സന്തോഷമുണ്ടാവുകയും, അതിൽപ്പിന്നീടു് അതു് ശാശ്വതവും ആദായകരവും ആയിത്തീരുകയും ചെയ്യുക, അതിൽപ്പരം വേറെ എന്താണു വേണ്ടതു്?

ഇനിയും ഒന്നുകൂടി ജീവിക്കുകയാണെങ്കിൽ, ഞാൻ ഒരുപക്ഷേ, വേറൊരുതരത്തിൽ ജീവിതം നയിക്കാൻനോക്കും. ജീവിതത്തിൽക്കൂടി വെറുതെ പോകുന്നതിനുപകരം, ഓരോ നിമിഷവും ജീവിക്കാൻ യത്നിക്കും; ജോലിയിലും, കളിയിലും, വിനോദത്തിലും—ഒരുപക്ഷേ, കളിക്കും, വിനോദത്തിനും, കൂടുതൽ പ്രാധാന്യം കൊടുത്തിട്ട്— തീക്ഷ്ണമായ ഒരു ജീവൽപ്രവാഹം ഓടിക്കാൻ ശ്രമിക്കും. പക്ഷേ, ഒരു രോഗിക്ക് എത്രമാത്രം തീക്ഷ്ണമായി ജീവിക്കാം; അതുകൊണ്ട് എൻെറ പ്രാത്ഥനകളുടെ കൂട്ടത്തിൽ ആദ്യമായി, ഞാൻ ഒരു ആരോഗ്യവാനായി എൻെറ ജീവിതത്തെ സാധുകരിക്കാനും ധന്യമാക്കാനും ഒരവസരം തരാനായി പ്രാത്ഥിക്കും. എന്നാൽ ആക്കാണ് പ്രാത്ഥനകൾ മുഴുവൻ അനുവദിച്ചുകിട്ടുന്നതു്?

18 ഒക്ടോബർ 1951

വീണ്ടും വ്യസനകരമായ ഒരു മരണവൃത്താന്തം. ചിരപരിചിതരായ ബന്ധുമിത്രാദികൾ മരിച്ചുപോകുമ്പോൾ, അവർ ജീവിതത്തിൽ ചെയ്ത ഓരോ കൃത്യത്തിനും, കാണിച്ച ഓരോ സ്നേഹോപചാരങ്ങൾക്കും ഒരു പാവനച്ഛായ കൈക്കൊള്ളുന്നു. അവ നിറഞ്ഞ നിമിഷങ്ങൾ, നിസ്സാരങ്ങളാണെങ്കിലും, ഇങ്ങിനി ഒരുതരത്തിലും ആവത്തിച്ച്, വരാതെവണ്ണം ആകുമ്പോൾ, വല്ലാതെ പ്രാധാന്യമുള്ളവയായി തോന്നുന്നു. അതുകൊണ്ട്, ഈയിടെ നാഗ്പൂരിൽ വെച്ച് അന്തരിച്ച ശ്രീ. എ. കെ. വി.യെപ്പററി ഞാൻ വിചാരിച്ചുകൊണ്ടിരുന്നു. നാഗ്പൂരിൽ അദ്ദേഹത്തിനെ പോയി കണ്ടതും, അദ്ദേഹത്തിന്റെ താമസസ്ഥലത്തു് ഒരുമിച്ചു് താമസിച്ചതും ഞാൻ ഓമ്മിച്ചു. അദ്ദേഹവുമായി ബന്ധപ്പെട്ടുള്ള എൻെറ ജീവിതത്തിലെ നിമിഷങ്ങളി

ലെല്ലാം ഈ മരണം ഒരു പ്രത്യേക നിർജ്ജീവച്ഛായ പരത്തിയതുപോലെ തോന്നുന്നു. അങ്ങനെ, എല്ലാ മരണങ്ങളും ജീവിച്ചിരിക്കുന്നവരുടെ ജീവിതത്തിലെ ഒരു ഭാഗം ഹനിച്ചുകൊണ്ടു പോകുന്നതുപോലെയും തോന്നുന്നു.

മിത്രമണ്ഡലത്തിൽ അടിക്കടിവന്ന മരണങ്ങൾ, ജീവിതയാത്രയുടെ അനിവാര്യമായ അസ്ഥിരതയെപ്പററിയുള്ള മ്ലാനമായ വിചാരങ്ങൾ എന്നിൽ ഉണർത്തിക്കൊണ്ടിരിക്കുന്നു. ജനനംമുതൽ മരണംവരെയുള്ള ഒരാളുടെ യാത്ര മററുള്ളവരുടെ കൂടെയുള്ള ഒരു ഘോഷയാത്രപോലെ മുന്നോട്ടു നീങ്ങിക്കൊണ്ടിരിക്കുന്നു; ഇടയ്ക്കിടയ്ക്ക് ആളുകൾ വീണ് അപ്രത്യക്ഷരാകുന്നു. ചുററുമുള്ളവർ അതുകണ്ട് ഖേദിക്കുന്നു; പക്ഷേ, അപ്പോഴേയ്ക്കും അപ്രതീക്ഷിതമായി അവർതന്നെ വീഴുന്നു; വീണ്ടും യാത്ര മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നു. ഒരുദിവസം പെട്ടെന്ന് മുഖമുയർത്തി നോക്കുമ്പോൾ, ഞാനും എൻെറ ജീവിതാവസാനത്തിൻെറ മുൻപിൽ നിൽക്കുന്നതു കാണും.

2 ഏപ്രിൽ 1951

കുറെക്കാലമായി കുറിച്ചുവെയ്ക്കണമെന്നു വിചാരിക്കത്തക്കവണ്ണമുള്ള ഒന്നുംതന്നെ ഉണ്ടായിട്ടില്ല. ഒരുപക്ഷേ, മിക്ക മനുഷ്യജീവിതവും ഇപ്രകാരം സംഭവവിഹീനങ്ങളായ മരുഭൂമികൾ അടങ്ങിയ ദീർഘകാലങ്ങൾ നിറഞ്ഞതായിരിക്കാം. സാമുദായികദൃഷ്ട്യാ നോക്കുകയാണെങ്കിൽ, ഓരോ വ്യക്തിജീവിതവും, അനന്തമായി ആവർത്തിച്ചുവരുന്ന പെരുമാററത്തിൻെറ ഒരു ഏകാന്തസ്ഫുരണം മാത്രമായി കണക്കാക്കാം; പുതുതായി ഒരു ആശയം പുറപ്പെടുവിക്കുന്ന ഒരു മഹാബുദ്ധിമാനോ, അല്ലെങ്കിൽ ഇനി ആവിർഭവിക്കാതെയുള്ള ഒരു അവസരത്തിനെ കഴി

യുന്നതും നല്ലപോലെ വിനിയോഗിക്കുന്ന അസാധാരണ പുരുഷനോ—അവർ എത്ര അപൂർവ്വമാണു്! ഒരിക്കൽ, അവരുടെ ജീവിതത്തിൽ, നിർമ്മാണപരമായി ഏതെങ്കിലും ലോകത്തിലേയ്ക്കു കൊണ്ടുവരാനുള്ള ഉപകരണമായി അവരെ പ്രകൃതി ഉപയോഗിച്ചേക്കാം. അല്ലാത്തപ്പോൾ, ജീവിതമാകെ നിസ്സാരമായ പെരുമാററങ്ങളുടേയും, ചലനങ്ങളുടേയും, കാലക്രമേണയുള്ള ശേഖരണങ്ങളായി മാറുന്നു.

ജീവിക്കുകയും, ജീവിക്കുന്നതിനെപ്പററി ഓർമ്മിക്കുകയും, തുടക്കത്തിൽ, ഒരേ ഉത്ഭവസ്ഥാനമാണെങ്കിലും, കാലാന്തരത്തിൽ എത്ര വ്യത്യസ്തപ്പെട്ടു കാണപ്പെടുന്നു! കഴിഞ്ഞ ആറുമാസമായി എന്റെ ജീവിതം, വീട്ടും ആഫീസുമായി മാത്രം കഴിയുന്നു. കാലിൻെറ കൂടിക്കൂടിവരുന്ന സുഖക്കേട്ട് വേറെ ഒരുതരത്തിലുള്ള ചലനത്തിനും എന്നെ അനുവദിക്കുന്നില്ല. പക്ഷേ, ഈ സമയത്തെപ്പററി ഓർമ്മിക്കുമ്പോൾ, ഒരുപോലെ അടിക്കടി വന്നുകൊണ്ടിരിക്കുന്ന ദിനചര്യ അല്ല, അതിൽ ലീനമായിക്കിടക്കുന്ന വിചാരധാരകളാണു് മുമ്പോട്ടു വരുന്നതു്. ഈ ശിഥിലമായ ചിന്തകളെ തേടിപ്പിടിക്കാനുള്ള ശ്രമം വിഫലമായിരിക്കും; പക്ഷേ, അതിൽ ചില ആവർത്തനങ്ങളും കാണും.

തത്വത്തിൽ, എല്ലാ സാധ്യതകളും ഒരാളിന്റെ ശ്രമം കൊണ്ടു കിട്ടേണ്ടതാണു്. എന്നാൽ പ്രായോഗികമായി, അവ കഴിവിനേയും പരിതസ്ഥിതികളേയും ആശ്രയിച്ചിരിക്കുന്നു. ആത്മാവിന്റെ ആകാംക്ഷ അതിരില്ലാതിരിക്കെ, സാധ്യതകളും, ഫലപ്രാപ്തികളും തമ്മിലുള്ള അന്തരം എപ്പോഴും, സന്താപത്തിലേ അവസാനിക്കൂ. ശാരീരികമായി എനിക്കു നേരിട്ട പരിമിതങ്ങൾ, ഈ ഒരു വാസ്തവത്തെ വലയംചെയ്തു തുടങ്ങിയിട്ടു കുറേനാളുകളായി;

അതിൽനിന്നു പുറപ്പെടുന്ന വിചാരങ്ങൾ വ്യർത്ഥങ്ങളെങ്കിലും, ഒഴിച്ചുമാറ്റാൻ ബുദ്ധിമുട്ടാണു്.

പക്ഷേ, മനസ്സിന്റെ യാത്രയ്ക്കു യാതൊരു തടസ്സവും, അതിരുമില്ല. അനായാസേന ആയിരമായിരം നാഴിക ദൂരെപ്പോയി തിരിച്ചുവരും; അപ്പോഴൊക്കെ ഒരു പുതിയ ലോകം, അല്ലെങ്കിൽ, പഴയലോകത്തിൻെറ ഒരു പുതിയ പതിപ്പു് അവശേഷിക്കും. സന്തോഷസന്താപസമ്മിശ്രങ്ങളായ ഈ അവശിഷ്ടങ്ങളെ ഞാൻ ആജ്ജിച്ചാജ്ജിച്ചു കൂട്ടുന്നു. ഞാൻ കഴിഞ്ഞ കുറേ ദിവസങ്ങളിൽ, ഒന്നിലധികംപ്രാവശ്യം നീലഗിരിയിലും, കോലാറിലും പൊയ്ക്കൊണ്ടിരുന്നു. നീലഗിരിയിലേയ്ക്കു വളഞ്ഞുപുളഞ്ഞുപോകുന്ന റയിൽവേ പാതയേയും, മുകളിൽ ത്രികോണാകൃതിയിലുള്ള വൃക്ഷങ്ങളെ ആദ്യം കാണുന്നതിനേയും ഓമ്മിക്കുമ്പോൾ, എൻെറ അവിടുത്തെ ജീവിതമാകെ മനസ്സിൽ വരും. കൂനൂർ തെരുവുകളും, പുഴയും, ചുററുമുള്ള കുന്നിൻപ്രദേശങ്ങളും, ഞങ്ങളുടെ വീടിൻെറ മുൻവശത്തുള്ള സ്റ്റേഷനിൽനിന്നു താഴോട്ടു കൂകിയിറങ്ങുന്ന തീവണ്ടികളും, മററും മററും.... അദൃശ്യമായ കൂനൂർ, തല്ക്കാലം അപ്രത്യക്ഷമായ ഒരു ബന്ധുവിനെപ്പോലെ, അല്പമായ ഒരസ്വാസ്ഥ്യമേ എന്നിൽ ഉളവാക്കുന്നുള്ളുവെങ്കിൽ, കോലാറിലേയ്ക്കു പോവുമ്പോൾ, പ്രഭാതത്തിൽ ആദ്യമായി എതിരേല്ക്കുന്ന വിദ്യുദ്ദീപങ്ങളുടെ ഓമ്മ, ഇന്നു് ദുഃഖത്തിനെ തുടരെത്തുടരെ ഉണത്തിച്ചുകൊണ്ടിരിക്കുന്നു. ആ വിദ്യുദ്ദീപങ്ങൾ ഞാൻ ഇനി കാണുകയില്ലെന്നുള്ളതു് ഏതാണ്ടു നിശ്ചയം തന്നെ; എന്തെന്നാൽ, അതിനങ്ങേപ്പുറത്തു ഞാൻ അവിടെ പോയിരുന്നപ്പോഴൊക്കെ എന്നെ സുസ്മേരവദനനായി സ്വാഗതംചെയ്തിരുന്ന ആ വിളക്കു് ഇപ്പോൾ എന്നെന്നേയ്ക്കുമായി അണഞ്ഞുകഴിഞ്ഞു. അവിടുത്തെ എൻെറ

ആതിഥേയനും, മിത്രവുമായ ദേഹം മറഞ്ഞുപോയിട്ട് കുറേ വർഷങ്ങളായി. അദ്ദേഹത്തിനെ ഞാൻ ആദ്യം കണ്ടതും, ഒടുവിൽ കണ്ടതും, അതിനിടയ്ക്കു ബന്ധപ്പെട്ട നിമിഷങ്ങളും എത്രവേഗം—എത്രപ്രാവശ്യം—എനിക്കു മനസ്സിൽ വരുത്താൻ സാധിക്കും. പക്ഷേ, അദ്ദേഹത്തിനെ ഇനി ഒരുപ്രാവശ്യംപോലും എനിക്കു കാണാൻ കഴിയുകയില്ല.

26 ജൂൺ 1951

സ്വാമിനാഥനും, അന്നഗിരിയും മററുചില സുഹൃത്തുക്കളുമൊരുമിച്ച് രാത്രിയിൽ കായലിൻെറ തീരത്തുകൂടി കാറോടിച്ചുപോയി. കായലിനു ചുററുമുള്ള വിളക്കുകൾ, എവിടെയും മൂടിയിരുന്ന ദിഗംബരത്തിനു വെള്ളിക്കസവിട്ടിരുന്നു. ഞങ്ങൾ മുകളിലുള്ള ഒരു കുന്നിൻെറ വക്കിലെ 'റെസ്റ്റോറാൻ്റി'ൽ ചെന്നിരുന്ന് താഴോട്ടു നോക്കിയപ്പോൾ, ഈ വിളക്കുകളും, ദൂരെ ഉയർന്ന് ആകാശത്തിലേയ്ക്കു വെള്ളം വിതറിക്കൊണ്ടിരുന്ന കുഴലും (ഫൗണ്ടൻ) അസ്പഷ്ടമായി ഇളകിക്കൊണ്ടിരുന്ന കായലിലെ വെള്ളവും, അല്പം ദൂരെ കാണാമായിരുന്നു. വൈകുന്നേരം കായലിൽത്തട്ടി മേലോട്ടുവരുന്ന ആസ്വാദ്യകരമായ കാറ്റേററു് സംസാരിച്ചുകൊണ്ടിരുന്നപ്പോൾ, ഞങ്ങൾ ജീവിതം എത്ര അപ്രതീക്ഷിതമായി മുന്നോട്ടുപോകുന്നു എന്നാലോചിക്കുകയായിരുന്നു. അന്നഗിരിയും, സ്വാമിനാഥനും, ഞാനും ബോംബെയിൽ ചുട്ടുപഴുത്ത മുറികളിൽ പങ്കയുടെ ഹുങ്കാരവുംകേട്ടു ജോലിചെയ്ത ആ സമയം എവിടെ? ഇപ്പോൾ ഈ കായലിനഭിമുഖമായി സൈ്വരമായി സമ്മേളിക്കുന്ന സമയമെവിടെ? ശരീരം, മനസ്സിനെ ചിലപ്പോൾ അടിമപ്പെടുത്തുന്നുവെങ്കിൽ, മനസ്സിൻ്റെ നിശ്ചയ

ങ്ങൾ ശരീരത്തിനെ ഏതെല്ലാംവഴിക്കു് ഓടിക്കുന്നു. മനസ്സിൻെറ പ്രാഭവംതരുന്ന ഏതാണ്ടു് ഒരു ധിക്കാരതയോടെയാണു്, ഞാൻ ഇന്നു് കാലുകൾ ഊന്നിയും കാറു് അതിവേഗം, അങ്ങോട്ടും ഇങ്ങോട്ടും ഓടിച്ചും—ഒട്ടവിലത്തേതായിട്ടെങ്കിൽ അങ്ങനെ—എൻെറ ശക്തി കാണിച്ചതു്.

30 ജൂൺ 1951

എൻെറ മാന്യമിത്രം മി. മാത്യു മരിച്ചിട്ടു് ഇന്നു് ഒരു മാസമായി. പെട്ടെന്നു് പരലോകപ്രാപ്തനായ അദ്ദേഹത്തിനെപ്പററിയുള്ള വിചാരങ്ങൾ വീണ്ടും വീണ്ടും എന്നെ വല്ലാസ്ഥപ്പെടുത്തുന്നു. അദ്ദേഹത്തിൻെറ മിത്രമണ്ഡലം വളരെ വലുതായിരുന്നെങ്കിലും ഞാൻ നേരിട്ടു് പരിചയമായതു്, ആ ജീവിതത്തിൻെറ അവസാനകാലത്തായിരുന്നു. ഇവിടെ വന്നതിനുശേഷം ഞാൻ അദ്ദേഹത്തിൻെറ സുഹൃൽസംഘത്തിൽ ഒരാളായിച്ചേൎന്നു് ഇടക്കിടക്കു് സൽക്കാരങ്ങൾ സ്വീകരിച്ചുകൊണ്ടിരുന്നു. അതോടുകൂടി ഞങ്ങളുടെ മൈത്രിയും പെട്ടെന്നു് വലുതായിവന്നു; ഇപ്പോൾ ഇതാ ആകസ്മികമായി അതെല്ലാം അവസാനിച്ചു. ഒരു ടെലിഫോൺസന്ദേശം കിട്ടിക്കഴിഞ്ഞു് അദ്ദേഹത്തിൻെറ വീട്ടിൽപ്പോയപ്പോൾ ചിരിച്ചു് ഉല്ലാസവദനനായി എന്നെ സ്വാഗതംചെയ്യുന്ന അദ്ദേഹത്തിനുപകരം, ജീവൻ ഓടിപ്പോയിക്കഴിഞ്ഞ ആ ശരീരം മാത്രമാണു ഞാൻ കണ്ടതു്. അതിനു് ഒരു മണിക്കൂർമുമ്പു് അതേശരീരം ടെന്നീസ്സുപന്തുകൾ ഊക്കോടെ അടിക്കുകയും,ആളുകളോടു നേരമ്പോക്കുകൾ പറയുകയും ചെയ്തിരുന്നു. പന്തുകളിക്കുന്ന സ്ഥലത്തുനിന്നും വീട്ടിലേയ്ക്കുവരുന്നതിൽ എളുപ്പമാണെന്നുതോന്നുന്നു, അദ്ദേഹത്തിനു് വീട്ടിൽനിന്നു സ്വൎഗ്ഗത്തിലേയ്ക്കുപോകാൻ. അത്രവേഗം വീണ്ടും

ഇങ്ങോട്ടും തിരിച്ചുവരാൻ സാധിച്ചിരുന്നെങ്കിൽ—! ഈ ഒരു വിചാരം അടക്കാൻവയ്യാത്ത വ്യസനത്തോടുകൂടി മാത്രമേ ഓർമ്മിക്കാൻ സാധിക്കൂ.

20 ആഗസ്റ്റ് 1951

ജോലി വല്ലാത്തധൃതഗതിയിൽ പൊയ്ക്കൊണ്ടിരിക്കുന്നു; പക്ഷേ, നടക്കാനുള്ളകെല്പ് അതിലുംവേഗം ഇല്ലാതാകുന്നതുപോലെയും തോന്നുന്നു. മുൻപോട്ടുള്ള എൻെറ ഓരോപടിയും വടിയുടെ സഹായംകൊണ്ടാണെങ്കിലും, അതു വേദനയിൽ തുടങ്ങുകയും കലാശിക്കുകയും ചെയ്യുന്നു; അതുകൊണ്ട് ഞാൻ മുറിക്കകത്തുമാത്രം കഴിയുന്നതുംകഴിക്കാൻ നോക്കുന്നു. എൻെറ പുതിയ മുറിയിലിരുന്നാൽ കായൽ കാണാൻ സാധിക്കുകയില്ല; ആ മനോഹരമായകാഴ്ച ഒരു ദുർബ്ബലമായ നിമിഷത്തിൻെറ പ്രേരണയ്ക്കിടയിൽ ഞാൻ വേറൊരാൾക്കു് കൊടുത്തു. വെളിയിൽനിന്നു് വരുന്ന വെയിലേററു് മനഃശാന്തിനേടിക്കൊണ്ടു് ദൈനംദിനം ചെയ്തുതീക്കാനുള്ളജോലി ഞാൻ ശരിയായി നിർവ്വഹിക്കുന്നു....

ഈ ജോലിത്തിരക്കിനിടയ്ക്കു് വേറൊരുജോലിയും കൂടി വന്നുചേന്നതു് ഒന്നുരണ്ടു ദിവസമായി എന്നെ കുറെയധികം അലട്ടുന്നു. വെനീസിൽ ഒരു സമ്മേളനത്തിൽ പങ്കുകൊള്ളാനാണു് ഈ ജോലി. ഇപ്പോഴത്തെ സ്ഥിതിക്കു വേറെ ഒരു സമ്മേളനത്തിൽ വായിക്കാൻ ഒരു പ്രബന്ധം എഴുതിഉണ്ടാക്കുന്നതും അന്യസ്ഥലത്തേയ്ക്കു യാത്രചെയ്യുന്നതും വളരെ ദുഷ്കരമായി തോന്നുന്നു. പ്രത്യേകിച്ചു് വെനീസിലെ ഗതാഗതമാർഗ്ഗങ്ങളെപ്പററി ഭയങ്കരമായ കഥകളാണു് ഞാൻ കേൾക്കുന്നതു്. പക്ഷേ, ഞാൻ എന്താണു ചെയ്യേണ്ടതു്?

വൈകുന്നേരം ഡോക്ടരെ അന്വേഷിച്ചു പോയി. അദ്ദേഹത്തിൻെറ ഉപദേശം ആശ്വാസകരമായിത്തോന്നി; വൈദ്യശാസ്ത്രപ്രകാരം, എൻെറ സുഖക്കേട്ട് രണ്ടുമൂന്നു കൊല്ലമായി ഒരേനിലയിലാണത്രേ. എനിക്കു തോന്നിയിട്ടുള്ള കുട്ടതല്യകളൊക്കെ അപ്പോൾ മിഥ്യയായിരുന്നിരിക്കണം; വെനീസിലേയ്ക്കു യാതൊരു വ്യാകുലതകളും കൂടാതെ, അതുകൊണ്ടു്, പുറപ്പെടാം.

വെനീസ്
16 സെപ്ററംബർ 1951

വെനീസ് സാധാരണ നാം വിചാരിക്കുന്ന പട്ടണത്തിനേപ്പോലെയൊന്നുമല്ല. കഴിഞ്ഞ കുറെദിവസത്തെ താമസംകൊണ്ടു് അതെനിക്കു നല്ലവണ്ണം ബോദ്ധ്യപ്പെട്ടു. ഇവിടുത്തെ ഗതാഗതമാർഗ്ഗങ്ങൾ വെള്ളത്തിൽക്കൂടിയാണെന്നു ഞാൻ ഇങ്ങോട്ടുവരുന്നതിനു മുമ്പുതന്നെ ധരിച്ചിരുന്നു; പക്ഷേ, പ്രത്യക്ഷത്തിൽക്കണ്ടകാഴ്ച ഒരുതരത്തിലും സങ്കല്പിക്കാൻ കഴിയുകയില്ലായിരുന്നു. വലിയതോടുകളും, ചെറിയതോടുകളും, ഇടത്തരം തോടുകളും, അതിലൊക്കെ വിവിധങ്ങളായ വാഹനങ്ങളും, വെനീസ്ജീവിതത്തിനെ നിയന്ത്രിക്കുന്നു. ഈ തോടുകളെ ബന്ധിപ്പിക്കുന്ന പാലങ്ങൾ പടികളുള്ളവയായതുകൊണ്ടു് കരയ്ക്കു് യാതൊരു തരത്തിലുള്ള വാഹനങ്ങളും—സൈക്കിളുകൾപോലും—ഈ സ്ഥലത്തില്ല. സുഖക്കേടുള്ള ആളുകൾ ഈ കരയ്ക്കു് എങ്ങനെ, അങ്ങോട്ടും ഇങ്ങോട്ടും പോകുമെന്നു് ഞാൻ അത്ഭുതപ്പെട്ടു. പഴേകാലത്തു് പല്ലക്കുകളുണ്ടായിരുന്നത്രേ; പക്ഷേ, ഇപ്പോൾ അതിൻെറ ലക്ഷണമൊന്നുമില്ല. ഞാൻ പണിപ്പെട്ടു കുറേ നടക്കാൻശ്രമിച്ചിട്ടു് ആ പ്രയത്നം ഉപേക്ഷിച്ചു. ചെറിയവള്ളങ്ങൾ വണ്ടികൾക്കുപകരം

ഞാൻ താമസിക്കുന്ന ഹോട്ടലിൻെറ ഉമ്മറത്തുള്ള തോട്ടിൽ കൂട്ടിയിട്ടുണ്ട്. എവിടെപ്പോകാനും പ്രത്യേകവേഷവുംകെട്ടിയ ആ വള്ളക്കാർ തയ്യാറാണ്. ഇവിടെ പണക്കാരുടെ ടാക്സിയായിസ്ഥാനമെടുക്കുന്നതു് കുറേക്കൂടി ഉയന്നതരം മോട്ടോർബോട്ടുകളാണു്. അല്പം അകലെ ബസ്സുപോലെ വലിയ ബോട്ടുകളും, യാത്രക്കാരെ അങ്ങോട്ടും ഇങ്ങോട്ടും കൊണ്ടുപോകുന്നതുകാണാം.

രണ്ടുമൂന്നുകളും കുത്തിനിൽക്കുന്ന ഈ കേവുവള്ളങ്ങളിൽ തോടിൻെറ കളകളശബ്ദവും ശ്രവിച്ചുകൊണ്ടു് യാത്രചെയ്യുന്നതു് ബഹുരസംതന്നെ. ഇരുഭാഗങ്ങളിലും പലതരത്തിലുള്ള വീടുകളും, വെനീസിലെ വ്യാപാരകേന്ദ്രങ്ങളും, കൊട്ടാരങ്ങളും മററുവിധ ജീവിതചൈതന്യങ്ങളും പ്രത്യക്ഷപ്പെടുന്നു; പക്ഷേ, അങ്ങോട്ടും ഇങ്ങോട്ടും പോകുന്ന ആളുകളുടെ ചലനം മററുസ്ഥലങ്ങളിൽ പൊതുപാതകളിൽ കാണുന്നതുപോലെ ഇവിടെ തോടുകളിലാണു കാണുന്നതു്. അതുകൊണ്ടു് ഒരുതരത്തിൽ, തോടുകളാണ് ഇവിടുത്തെ ജീവിതകേന്ദ്രമെന്നു പറയാം. ഞാൻ നിത്യവും, കൃത്യനിഷ്ഠയോടെ, ഈ ജീവിതകേന്ദ്രവും കടന്നു് ഒരു വിശാലമായ കൊട്ടാരത്തിൻെറ മുകളിലത്തെ നിലയിലേയ്ക്കു കരിങ്കല്ലുപടികൾ നടന്നു് കേറി (ലിഫ്ടില്ലേയില്ല!)പ്പോകും. അവിടെയാണ് ഞാൻ പങ്കുകൊള്ളാൻവന്ന സമ്മേളനം കൂടുന്നതു്. ഏതാണ്ടു് നിത്യവും, അവിടെ, നിവ്വികാരതയോടെ ആണികൾ നെററിത്തടത്തിൽ ചുററികകൊണ്ടു് അടിച്ചു് കാമുകരെക്കൊല്ലുന്ന ഒരു കാമുകിയുടെ ചിത്രവുംനോക്കി ഞാൻ സമ്മേളനത്തിൽ പങ്കെടുക്കും; പ്രസംഗിക്കാനും അദ്ധ്യക്ഷപീഠത്തിലിരിക്കാനും, സ്വയം ശങ്കിക്കാത്ത ഏതോ ഒരു കെല്പു് ഞാൻ ഈ പഴയ കരിങ്കൽഭിത്തികൾക്കുള്ളിൽ കണ്ടു

പിടിച്ചുകഴിഞ്ഞു. വൈകുന്നേരം കേവുവള്ളത്തിൽ വീണ്ടും, നേരെ ഹോട്ടലിലേയ്ക്കു്; ഇവിടെ വെൺമാടത്തിലിരുന്നു്, വലിയ തോട്ടിനഭിമുഖമായിരുന്നു് തീന്നു്; അതുകഴിഞ്ഞു വിസമ്മതത്തോടെയെങ്കിലും നിവൃത്തിയില്ലാതെ കിടക്കയെ ശരണംപ്രാപിക്കുക—ആകപ്പാടെ പരാതിക്കു വലിയ വകയൊന്നുമില്ലാത്ത ജീവിതം!

പക്ഷേ, അതെല്ലാംകഴിഞ്ഞു. ഞാൻ ഇന്നുരാത്രി ഇവിടം വിട്ടുകയാണു്. മാനസികമായ ജയവും, ശാരീരികമായ പരാജയവുംകൊണ്ടാണു് ഞാൻ ഈ സ്ഥലം വിട്ടു പോകുന്നതു്.

ജെനീവാ<br>28 ഒക്ടോബർ 1951

എന്നോടു മനഃപൂർവ്വമായ ഏതോ വിരോധമുണ്ടെന്നു തോന്നുന്ന ഒരു ഡോക്ടർ, എൻെറ കാലിൽ ശസ്ത്രക്രിയ നടത്താൻ താമസിച്ചാൽ ഫലം പരിതാപകരമായിരിക്കുമെന്നു് അവസാനമായി പറഞ്ഞൊഴിഞ്ഞിട്ടു കുറച്ചുദിവസമായി. എങ്കിലും അപരിഹാര്യമായ ആ പടികടക്കാൻ എനിക്കു് വല്ലാത്ത ഭയംതോന്നി. അതുകൊണ്ടു് എനിക്കു് ഇഷ്ടമുള്ള ചികിത്സവിധിക്കുന്ന വൈദ്യനെ തേടിപ്പിടിക്കാനുള്ള വ്യർത്ഥമായ ശ്രമത്തിൽ ഏർപ്പെട്ടു. പിന്നീടു് അപ്രതീക്ഷിതമായിക്കണ്ട ഒരു അമേരിക്കൻ ഡോക്ടർ, എൻെറ സുഖക്കേടിനു് ശസ്ത്രക്രിയകൂടാതെ ഒരു ചികിത്സ, വൈദ്യശാസ്ത്രം കണ്ടുപിടിക്കാൻപോകുന്നു എന്നു് എന്നെ അറിയിച്ചപ്പോൾ, ആ കണ്ടുപിടിത്തം എനിക്കു് അല്പം താമസമായി വരുമോ ഇല്ലയോ എന്നു് അഹോരാത്രം ആലോചനയിൽ മുഴുകിയിരുന്നു് ദിവസങ്ങൾ കുറെ കഴിച്ചു.

ജനിക്കുമ്പോഴുള്ളതുപോലെ, അവയവങ്ങൾ നില നിന്നുകൊള്ളണമെന്നില്ലെങ്കിലും, സ്ഥിരമായ വൈക ല്യം മനഃപൂർവ്വം വരുത്തണമെന്നുള്ളതു് അസഹ്യമായ സ ങ്കടമായിത്തോന്നുന്നു. പക്ഷേ, ഡോക്ടറന്മാർ ഒടുവിൽ എൻെറ ആരോഗ്യത്തിനുള്ള മററു എല്ലാ വാതിലുകളും പതുക്കെപ്പതുക്കെ അടച്ചു്, ഈ ഒരു വഴിയിലേയ്ക്കു് എന്നെ ഉന്തിത്തള്ളിക്കഴിഞ്ഞു. എല്ലാ ചികിത്സകളും ഉപയോഗ ശൂന്യമെന്നു പറയുന്ന ഡോക്ടറെ കാണുമ്പോൾ, ഏതെ ങ്കിലും ഒരു ചികിത്സ—അതു് എത്രതന്നെ അസുഖകരമാ യാലും—ഉപദേശിക്കുന്ന ഡോക്ടറെ അഭയംപ്രാപിക്കും; ഒഴിക്കാൻവയ്യാത്ത ശസ്ത്രക്രിയയ്ക്കു് ഞാൻ അതുകൊണ്ടു വഴങ്ങാൻ നിശ്ചയിച്ചു.

ആശുപത്രിയിൽ
30 നവംബർ 1951

ഞാൻ ആശുപത്രിയിൽ വന്നിട്ടു മൂന്നുനാലുദിവസ മായി. നാളെയാണു് ശസ്ത്രക്രിയ. ആപൽസന്ധി വന്ന പ്പോൾ, ഭയം വിചാരിച്ചിരുന്നത്ര തോന്നിയില്ലെങ്കിലും, ഞാൻ ഈ കഴിഞ്ഞ ദിവസങ്ങളിൽ സമാധാനത്തിന്റെ മൂർത്തിരൂപമായിരുന്നു എന്നു തീരെ പറഞ്ഞുകൂടാ. എന്തു കൊണ്ടാണെന്നു നിശ്ചയമില്ല, എൻെറ ജീവിതം പെ ട്ടെന്നു് അവസാനിക്കാൻപോകുന്നു എന്നുള്ള അകാരണ മായ ഒരു ഭീതി എന്നെ വല്ലാതെ അടക്കിപ്പിടിച്ചിരി ക്കുന്നു. ഞാൻ ഇവിടം വിട്ടാൽ എൻെറ മററു അടുത്ത ബന്ധുക്കളുടെ ജീവിതം, മരണംകഴിഞ്ഞാൽ എനിക്കു ണ്ടാകാവുന്ന ഭാവി—ഈ രണ്ടു ഭവിഷ്യത്തുക്കളെപ്പററി യുള്ള വിഷാദാത്മകമായ ചിന്തകൾ അടിക്കടി വന്നു കൊണ്ടിരിക്കുന്നു. മരണം ആസന്നമാണെന്നു തോന്നു

മ്പോൾ, മററെല്ലാ സംഭവങ്ങളും അതിനോട്ട സ്വാഭാവികമായി ബന്ധപ്പെട്ട മനസ്സിൽ വന്നുകൊണ്ടിരിക്കുന്നു. കുഞ്ഞുങ്ങൾ കാണാൻ വന്നിട്ടുപോയ സമയം ഞാൻ മനസ്സുകൊണ്ടു് അവരോട്ടു് അവസാനമായി യാത്രപറഞ്ഞു; അവരുടെ ഭാവി ശോഭനമായിരിക്കട്ടെ എന്നു് നിശ്ശബ്ദമായി ആശംസിച്ചു; അങ്ങനെ ഞാൻ മരണത്തിനെ അനൗപചാരികമായി സ്വീകരിക്കാൻ ഒരുങ്ങി കട്ടിലിൽ കിടക്കുകയാണു്.

നാളെ ഈ സമയത്തേയ്ക്കു് ഞാൻ അങ്ങവിടെ കാണുന്ന വെള്ളിമേഘലത്തിൻെറ ഒരു ഭാഗമായിത്തീൎന്നേക്കും; ശസ്ത്രക്രിയയ്ക്കു ബോധം കെട്ടത്തിക്കഴിഞ്ഞാൽ പിന്നെ ഞാൻ ഉണരുകയില്ല; അങ്ങനെ നിദ്രയിൽനിന്നു് നിശ്ശബ്ദമായി അനന്തമായ നിൎവ്വാണത്തിലേയ്ക്കു്! ആ മാററം എപ്രകാരമായിരിക്കും? അതുകഴിഞ്ഞു്, എൻെറ ഈ ലോകത്തിലെ ബന്ധുക്കളെപ്പററി ഞാൻ ഓക്കുമോ...? എന്നെ കൂട്ടിക്കൊണ്ടുപോവാൻ മുമ്പു് പരലോകത്തിൽ പോയിക്കഴിഞ്ഞ എന്റെ ബന്ധുക്കൾ ശസ്ത്രക്രിയ നടത്തുന്ന മേശയുടെചുററും വരുമോ? അനവധി വിചാരങ്ങൾ ഈ വിധം മനസ്സിൽ തിങ്ങിക്കൂട്ടുന്നു. ഒരുപക്ഷേ, ഇതിനെല്ലാമടിയിൽ കുറേക്കൂടി ബലമായി, എല്ലാം ശരിയായി നാളെ വൈകുന്നേരവും ഈ കട്ടിലിൽ ജീവനോടെ കിടക്കുമെന്നുള്ള ഒരു ഉറപ്പായിരിക്കാം ഈമാതിരിയുള്ള ആലോചനകൾ പുറപ്പെടാൻ അനുവദിക്കുന്നതു്. ഏതായാലും, ഉറങ്ങാനുള്ള മരുന്നുംകൊണ്ടു് രാത്രിയിലെ ധാത്രി വന്നുകഴിഞ്ഞു; അതുകഴിച്ചു് വിളക്കുംകെട്ടത്തി, ഇന്നുംകൂടി എന്നത്തെപ്പോലെ ഉറങ്ങാൻ ശ്രമിക്കട്ടെ.

•

16 ഡിസംബർ 1952

ഞാൻ കഴിഞ്ഞ ഒരാഴ്ചത്തെ സംഭവങ്ങൾ വീണ്ടും ഓർമ്മിക്കാൻ ശ്രമിക്കുകയാണു്. നിശ്ചേഷ്ടമായ ഒരു കാലു്, തലയണകൾകൊണ്ടു താങ്ങി, വേദനകൾ അമർത്താൻ ഗുളികകൾ കഴിച്ചു് അർദ്ധസുഷുപ്തിയിൽ കിടക്കുമ്പോഴും, ഇതിനു ബുദ്ധിമുട്ടൊന്നും തോന്നുന്നില്ല. അസാമാന്യമായ ക്ഷീണമുള്ളതുകൊണ്ടു്, ശുശ്രൂഷിക്കാനുള്ള ധാത്രിമാരൊഴിച്ചു് അധികമാക്കും എന്നെ കാണാൻ അനുവാദമില്ല; അതുകൊണ്ടു്, നിശ്ശബ്ദമായ ഈ മുറിയിൽ ചുററുമുള്ള സാധനങ്ങളും, അങ്ങകലെയുള്ള കുന്നിൻനിരകളും നോക്കിക്കിടന്നു് ഇടവിടാതെ ആലോചിക്കാം....

❁ ❁ ❁

അന്നു് ശസ്ത്രക്രിയയ്ക്കുള്ള ദിവസവും പതിവുപോലെ വന്നുചേർന്നു; അധികം താമസിയാതെ എന്നെ അല്പം മയക്കാനുള്ള മരുന്നും കുത്തിവെച്ചു. കണ്ണുകൾ, ഇടയ്ക്കിടയ്ക്കു് അടയ്ക്കാൻ തുടങ്ങുന്നതിനിടയ്ക്കു്, എന്നെ കാണാൻവന്ന മിത്രങ്ങൾ ചുററുംവന്നു നിരന്നുനിൽക്കുന്നതു ഞാൻ നോക്കി. എൻെറ ഉറക്കം സ്ഥിരമായാൽ, 'കറുത്തപെട്ടി'യുടെ പുറകേ പോകാനുള്ളവരെല്ലാം അപ്പോൾ ഇവിടെ കൂടിയിരുന്നു; അവരോടു ചിലതെല്ലാം പറഞ്ഞുതുടങ്ങുന്നതിനുമുമ്പു്, ശസ്ത്രക്രിയാമുറിയിലേയ്ക്കു് എന്നെ ഉന്തിത്തള്ളിക്കൊണ്ടുപോകേണ്ട 'രഥം' വന്നുചേർന്നു. അതിൽക്കിടന്നു് അങ്ങോട്ടു പോയപ്പോൾ, യാതൊരു പ്രത്യേകവിചാരവും എനിക്കു് ഇല്ലായിരുന്നു. അതിനുമുമ്പുണ്ടായിരുന്ന ആശങ്കകളും, ഭീതിയുമെല്ലാം അസ്തമിച്ചിരുന്നു. അർദ്ധസുഷുപ്തികൊണ്ടടയുവാൻ ഭാവിക്കുന്ന കണ്ണുകൾ മുമ്പോട്ടു നോക്കി രഥത്തിൻെറ അല്പം ഇളകിയ പ്രയാണത്തിൽ മാത്രമേ

ഞാൻ ശ്രദ്ധാലുവായിരുന്നുള്ളു. സ്നേഹിതന്മാർ ധൈര്യ്യമവലംബിക്കാൻ ദൂരെനിന്നു വിളിച്ചുപറഞ്ഞ വാക്കുകൾ പോലും അനാവശ്യമായിത്തോന്നി; പേടിയും ധൈര്യ്യവുമൊക്കെ ഒഴിഞ്ഞ എൻെറ മനസ്സിൽ അതൊന്നും തട്ടിയതേയില്ല. അപ്പോഴേയ്ക്കും, ആ മുറിയിൽ ശസ്ത്രക്രിയയ്ക്കുള്ള മേശയിൽ കിടത്തിക്കഴിഞ്ഞു. ബോധം പരിപൂൎണ്ണമായി പോയിക്കഴിയാൻ എത്ര സമയം വേണമെന്ന് അറിയാനുള്ള ജിജ്ഞാസമാത്രമേ അപ്പോൾ എനിക്ക് ശേഷിച്ചിരുന്നുള്ളു. ഡോക്ടറന്മാരിൽ ഒരാൾവന്ന് വീണ്ടും മരുന്നു കുത്തിവെച്ചു സൂചിയെടുക്കാൻ ഭാവിച്ചതു ഞാൻ സൂക്ഷിച്ചുനോക്കിക്കൊണ്ടു കിടന്നു; അപ്പോഴേയ്ക്കും ഞാൻ ഒന്നുമറിയാൻ വയ്യാത്ത അന്ധകാരത്തിലേയ്ക്കു ലയിച്ചു.

❁ ❁ ❁

കുറേ മണിക്കൂറുകൾ കഴിഞ്ഞപ്പോൾ, ധാത്രിയുടെ "ഇപ്പോൾ നിങ്ങൾ വീണ്ടും നിങ്ങളുടെ മുറിയിലാണ്," എന്ന് ആവൎത്തിച്ചുകൊണ്ടിരുന്ന വാക്കുകൾ, എന്നെ ഞാൻ വിചാരിച്ചിരുന്നപോലെ, പരലോകത്തിലേയ്ക്കല്ല, ഈ ലോകത്തിലേയ്ക്കു വിളിച്ചുണൎത്തുകയായിരുന്നു. അടുത്ത്, അതേ വാസ്തവംതന്നെ ശാരദ മലയാളത്തിൽ, പക്ഷേ, കുറേക്കൂടി വ്യക്തമായി, എന്നെ അറിയിച്ചു; അല്പം അകലെ, ചില പരിചിതമുഖങ്ങൾ, കറങ്ങുന്ന കണ്ണുകളിൽക്കൂടി പ്രത്യക്ഷമായി. വീണ്ടും മയങ്ങുന്നതിന്നുമുമ്പ്, ഒരു മാന്യസ്നേഹിതൻ മന്ദമായ ചിരിയോടുകൂടി എന്നെ സമാധാനിപ്പിച്ചു; ആ ഇരുട്ടിൽ നടന്ന സംഭവങ്ങൾ എങ്ങനെ എപ്പോൾ അവസാനിച്ചു എന്നറിയുവാൻ ഞാൻ അസ്പഷ്ടമായി, പക്ഷേ, ക്ഷീണംകൊണ്ടു നിഷ്ഫലമായി ആഗ്രഹിച്ചു.

❁ ❁ ❁

ദാഹം, അസഹ്യമായ ദാഹം, വിശപ്പും ക്ഷീണവും കൂടി ഒത്തുചേർന്ന് എന്നെ, രാത്രിയിൽ ഉറക്കത്തിനെയും അകററി ആക്രമിച്ചു. രണ്ടുമണിക്കൂറിൽ ഒരു സ്പൂൺ വെള്ളമെന്ന ക്ലിപ്തമായ ആഹാരം മാത്രമേ ഇതിനെയെല്ലാം നേരിടാൻ എനിക്കനുവദിച്ചിരുന്നുള്ളു. ശസ്ത്രക്രിയയ്ക്കുമുമ്പു ഭയങ്കരമായ വേദനയാണ് അതിൻെറ മുഖ്യഫലമെന്ന് വിചാരിച്ച്, ഞാൻ അതു സഹിക്കാൻ ധൈര്യം തേടിക്കൊണ്ടിരുന്നു. പക്ഷേ, ഇപ്പോൾ, ഇതാ അതിനുപകരം, ജീവിതത്തിലെ മൗലികാനുഭവങ്ങളായ വിശപ്പ്, ദാഹം, ക്ഷീണം ഇവയുടെ ഉച്ചസ്ഥിതി ഏതാണ്ടാദ്യമായി എന്നെ കാട്ടി, അതിനുമുമ്പിൽ അവ എന്നെ നമസ്കരിപ്പിച്ചുകൊണ്ടിരുന്നു! രാത്രി, അനന്തമായ രാത്രി, യാതൊരു ബദ്ധപ്പാടുമില്ലാതെ കൂടി; അതിന്റെ നിമിഷങ്ങൾ ഞാൻ ഓരോന്നു് എണ്ണിക്കൊണ്ടിരുന്നു.

18 ഡിസംബർ 1952

ഈ ആശുപത്രിയിലെ അനിവാര്യമായ ദിനസരിയെല്ലാം ഇപ്പോൾ എനിക്കു നല്ലവണ്ണം മനസ്സിലായിക്കഴിഞ്ഞു. രാവിലെ ഒന്നുരണ്ടാൻ ഭാവിക്കുമ്പോൾ, രാത്രിയിലത്തെ ധാത്രി വാതിൽതുറന്ന് അകത്തേയ്ക്കുവന്നു വിളിച്ചുണർത്തും; അമാനുഷികമായ ഈ വെളിച്ചപ്പാടിൻെറ നേതൃത്വത്തിൽ മുഖവുംകഴുകി പല്ലുതേച്ച് പിന്നീട് ദേഹത്തിലെ ചൂട് എത്രയെന്നു പരിശോധിക്കും; അതുകഴിഞ്ഞു് ഒരു ധാത്രി മറെറാന്നിനു് അകമ്പടിയായി വന്ന് കിടക്ക വിരിക്കും; ആ സമയത്തു് ഒരേയൊരു കുശലപ്രശ്നം—സുഖമായി ഉറങ്ങിയോ എന്ന്—മുടക്കംകൂടാതെ ചോദിക്കും; എല്ലാദിവസവും അതിനു ഒരേമറുപടി; അപ്പോഴേയ്ക്കും ഏഴുമണിക്കു് ആദ്യത്തെ ഭക്ഷണം; ഡോക്ടറുടെ വരവ്;

മുറിവൃത്തിയാക്കുന്ന ഭൃത്യന്മാരുടെ വരവ്; ഉച്ചയ്ക്കലത്തെ ഭക്ഷണം; വീണ്ടും കിടക്ക നേരെയാക്കുക; വിശ്രമം; മൂന്നു മണിക്കു ചായ; സന്ദർശകന്മാരുടെ വരവ്; ആറരമണിക്ക് അത്താഴം; എട്ടരമണിക്ക് ഉറങ്ങാനുള്ള മരുന്നുംകൊണ്ടു രാത്രിയിലത്തെ ധാത്രിയുടെ വരവ്; ഉറങ്ങാനുള്ള വ്യർത്ഥമായ ശ്രമങ്ങൾ; സ്വപ്നങ്ങളും, ഉറക്കവും; അടുത്ത ദിവസത്തെ ധാത്രി വാതിൽതുറന്നകത്തേയ്ക്കുള്ള വരവ്—അപ്പോഴേയ്ക്കും വീണ്ടും വേറൊരു ദിവസത്തിന്റെ നാന്ദി!

കിടക്കയിൽ കിടന്ന്, ഈ ഒരേതരത്തിൽ ആവിർഭവിക്കുന്ന ഘോഷയാത്രയുടെ കേന്ദ്രമായി, ഞാൻ ജീവിതം നയിക്കുകയാണ്. എൻെറ മുറിയിലേയ്ക്കു നിയമിച്ചിട്ടുള്ള ധാത്രി, ലിലിയനേയും, ഭൃത്യ ടെറേസ്സായേയും, എനിക്ക് നല്ലപോലെ പരിചയമായി. ഇടയ്ക്കിടയ്ക്ക് അവരുമായി സംസാരത്തിൽ ഏർപ്പെടും. ലിലിയൻ സാധാരണ പ്രസന്നമുഖത്തോടെ ചിരിച്ചുകൊണ്ടാണു കാണപ്പെടുന്നതെങ്കിലും, ചിലപ്പോൾ കാരണമൊന്നുമില്ലാതെ നിശ്ശബ്ദതയേ അവലംബിക്കും. അവൾക്ക് ഒരു കാമുകനുണ്ട്; ആ അജ്ഞാതവ്യക്തിയുടെ മനഃപ്രസാദത്തിൻെറ മാററങ്ങളാണോ ഈ നിശ്ശബ്ദതയിൽ പ്രതിബിംബിച്ചുകാണുന്നതെന്നു ഞാൻ അത്ഭുതപ്പെടുന്നു. ഒരിക്കൽ അവളുടെ മ്ലാനതയേപ്പററി ചോദിച്ചപ്പോൾ, ആർക്കും എപ്പോഴും ചിരിച്ചുകൊണ്ടിരിക്കാൻ സാധിക്കുകയില്ലെന്നു മറുപടിപറഞ്ഞു. അതു വളരെ വാസ്തവംതന്നെ; ഞാൻ അവളുടെ പുഞ്ചിരിക്കുവേണ്ടി പ്രയത്നിക്കുന്നതെന്തിനു്?

ടെറേസ്സാ ഏതാണ്ട് ഒരേനിലതന്നെ പരിപാലിച്ചുപോരുന്നു; അധികം ചിരിയും ഇല്ല, അധികം വാചാലതയുമില്ല, പക്ഷേ, വേണ്ടത്ര രണ്ടും ഉണ്ടുതാനും. ഒരിക്കലും അവളെ കുററംപറയുവാൻ സാധിക്കുകയില്ല; മിനിട്ടു

പോലും തെററാതെ ജോലികൾ ചെയ്തുതീക്കുന്നു. അവൾക്കിതുവരെ, കാമുകന്മാരൊന്നും എത്തിച്ചേർന്നിട്ടില്ല; അതിൻെറ ഫലമായിരിക്കുമോ ഈ ഭയങ്കരകൃത്യനിഷ്ഠ. എന്നാൽ, അതു് അധികം കാലത്തേയ്ക്കു നീണ്ടുനില്ക്കുകയില്ല. യൗവനം പ്രസരിപ്പിച്ചുകൊണ്ടുപോകുന്ന അവളുടെ പോക്കു് യുവാക്കന്മാരെ ഇതുവരെ ആകർഷിക്കാത്തതിലാണു് അത്ഭുതം.

20 ഡിസംബർ 1952

എൻെറ കിടക്കയിൽക്കിടന്നു് വെളിയിലേയ്ക്കു നോക്കുമ്പോൾ ജെനീവായുടെ ഒരു ഭാഗം മുമ്പിൽ കാണാം. അങ്ങേയററത്തു് കുന്നിൻനിരകൾ, അതുകഴിഞ്ഞു താഴ്വരയിലേയ്ക്കിറങ്ങുന്നതുവരെ ക്രമേണ താണുതാണു വരുന്ന കെട്ടിടങ്ങളുടെ മുകൾഭാഗങ്ങൾ, പിന്നീടു് പതുക്കെ ഉയന്നു് ഈ കുന്നിലെ ആശുപത്രിയിലെത്തുന്നതുവരെ കുറേക്കൂടെ അടുത്തുകാണാവുന്ന പാതകളും, മററു ചില കെട്ടിടങ്ങളും—സ്വിസ്സ്പട്ടണങ്ങളുടെ ചിരപരിചിതമായ ചിത്രങ്ങളിൽ പലതും അനുസ്മരിപ്പിക്കുന്ന ഒരു രംഗമാണു് ഞാൻ എപ്പോഴും കണ്ടുംകൊണ്ടുകിടക്കുന്നതു്. വീടുകളിലെ വെളിയിലത്തെ വരാന്തകളിലുംമററും തൂക്കിയിട്ടുള്ള തുണിക്കഷണങ്ങൾ കാററിൽ പാറിക്കളിക്കുന്നതും ചിലപ്പോൾ എനിക്കു കാണാം. അതിന്റെ പിൻഭാഗത്തു പലതരത്തിലുള്ള കുടുംബജീവിതത്തിൻെറ സംഗീതങ്ങൾ മുഴങ്ങുന്നുണ്ടായിരിക്കണം. പക്ഷേ, ഇവിടെക്കിടന്നു നോക്കുമ്പോൾ, അതൊന്നും കേൾക്കാതെ നിശ്ശബ്ദമായ, ഒരു ചിത്രത്തിലെപ്പോലെയുള്ള, കാഴ്ചയേ കാണാവൂ. വെളിയിൽനിന്നു തണുപ്പുവരാതെ കണ്ണാടിജനാലകളടച്ചുവെച്ചിരിക്കുമ്പോൾ, ഊക്കോടെയടിക്കുന്ന കാറ്റിന്റെ

ആരവംപോലും കേൾക്കുകയില്ല. ഇന്നു് അതുപോലെയുള്ള ഒരു കാററാണെന്നു കവരങ്ങൾ അങ്ങോട്ടും ഇങ്ങോട്ടും ആട്ടുന്നതുകണ്ടാൽ അറിയാം. ഞാൻ പുതപ്പുകൾകൊണ്ടു മൂടി, തലയണകൾകൊണ്ടു താങ്ങി, ചൂടുവെള്ളം നിറഞ്ഞ കുപ്പിയുടെമേൽ കാലുംവെച്ചു് വെളിയിലേയ്ക്കുനോക്കിക്കിടക്കുന്നു. ഭാവി വീണ്ടും അനിശ്ചിതം. നാളെ ബോധംകെടുത്തി, ഡോക്ടറന്മാർ എൻെറ കാലിന്റെ അകവശം ഒന്നുകൂടി കാണാൻപോവുകയാണു്.

25 ഡിസംബർ 1952

തണുപ്പുകാലമാണെങ്കിലും, വസന്തത്തെ ഓർമ്മിപ്പിക്കുന്നവിധം സൂര്യപ്രകാശം. ദൂരെയുള്ള കുന്നുകൾക്കു് ഒരു നീലച്ഛായ. അവയുടെ അഗ്രഭാഗം ആകാശത്തിനെതിരായി നിമ്നോന്നതമായിപ്പോകുന്ന ഒരു വളഞ്ഞ രേഖയെ കുറിക്കുന്നു; അങ്ങോട്ടു നോക്കുമ്പോൾ, ഒരു നെടുവീർപ്പിൻെറ ആകൃതിപോലെ, അതു് എപ്പോഴും കാണാം. ഈ കാലത്തു് ഈമാതിരിയുള്ള പ്രസന്നമായ ദിവസങ്ങൾ കാണാൻ വളരെപ്രയാസം; അതുകൊണ്ടു് അതിൻെറ മഹിമയുടെ മാററു് ഒന്നുവേറെതന്നെ.

പക്ഷേ, ഈ സുദിനത്തിലും എനിക്കു് യാതൊരു സന്തോഷവുമില്ല. ഞാൻ ഇവിടെ സുഖക്കേടിൽ; ബാക്കിയുള്ളവരെല്ലാം വേറൊരു സുഖക്കേടിൽ വീട്ടിലും. ഇടയ്ക്കിടയ്ക്കു് ഞാൻ അവരുടെ സുഖക്കേടിൻെറ പുരോഗമനം, അടുത്തുള്ള ടെലിഫോൺവഴി വിളിച്ചുചോദിക്കും. അങ്ങനെ സുഖക്കേടുകൊണ്ടു മ്ലാനമായ ദിവസങ്ങളിലൊന്നായേ ഈ നല്ല ദിവസവും എനിക്കു തോന്നുന്നുള്ളു.

ഇതൊക്കെയായാലും, നിസ്സാരമായ ദിനസരി നിറവേററി ദിവസങ്ങൾ മുന്നോട്ടുതന്നെ പൊയ്ക്കൊണ്ടിരി

ക്കുന്നു. ഞാൻ കുറേശ്ശെ വായിക്കാൻതുടങ്ങി. എന്റെ മോഹം, ഈ നിർബ്ബന്ധിതമായ വിശ്രമദിവസങ്ങൾ ഏതെങ്കിലും സ്ഥായിയായ സാഹിത്യശ്രമങ്ങൾക്കുവേണ്ടി വിനിയോഗിക്കണമെന്നാണ്. എനിക്ക് എഴുതാനാണെങ്കിൽ പല വിഷയങ്ങളുണ്ട്; എല്ലാററിനുമുപരിയായി, ഒരു ദീർഘമായ ആഖ്യായികനിർമ്മിക്കാൻ എനിക്ക് ഉത്സാഹംതോന്നുന്നു. കഴിഞ്ഞ ഇരുപത്തഞ്ചുകൊല്ലമായി സാമുദായികജീവിതത്തിൽ വന്നിട്ടുള്ള മാററങ്ങൾ ഒന്നുരണ്ടു കുടുംബങ്ങളുടെ ജീവിതത്തിൽ പ്രതിഫലിച്ച് കാണിക്കാനാണ് എന്റെ ശ്രമം. ഒരു ഗ്രാമത്തിലെ ക്ഷേത്രത്തിനെ കേന്ദ്രമാക്കി ഈ ജീവൽപ്രവാഹം വരയ്ക്കാൻ ഇപ്പോൾ എനിക്കു സമയം ധാരാളമുണ്ട്. ഒരു ഉത്സവത്തിൽ തുടങ്ങിയിട്ട് അനേകകാലം കഴിഞ്ഞു് വേറൊരു ഉത്സവത്തിൽ അവസാനിക്കുന്നു; മററു പല വിവരങ്ങളും രംഗങ്ങളും ഞാൻ മനസ്സിൽക്കണ്ടു. പക്ഷേ, മനസ്സിൽ കാണുന്നതുപോലെ അത്ര എളുപ്പമല്ല കടലാസ്സിൽപകത്തി അന്യരെ മനസ്സിലാക്കുന്നതു്. എന്റെ അവ്യക്തമായ ആഖ്യായിക, പാത്രങ്ങളും അവരുടെ കഥകളും, അതുകൊണ്ട് മനസ്സിൽത്തന്നെ ഇരിക്കുന്നതേയുള്ളു. ആ മനസ്സോ ഇപ്പോഴൊക്കെ സ്വന്തം വെറും ഗാർഹസ്ഥ്യകാര്യ്യങ്ങളെമാത്രം വലയംചെയ്തു കറങ്ങിക്കൊണ്ടിരിക്കുന്നു.

31 ഡിസംബർ 1952

വെളിയിൽ ബാന്റിന്റെ സംഗീതധ്വനി മുഴങ്ങുന്നു. ഈ നൂററാണ്ടിൽ ഉയർന്നുവന്ന സർവ്വാധിപതിമാരുടെയെല്ലാം മുൻഗാമിയും മാതൃകയും ആയ നെപ്പോളിയന്റെ ആക്രമണത്തിൽനിന്നും ഒഴിവായകാലം, സ്വിസ്സ്ജനങ്ങൾ ആഘോഷിക്കുകയാണ്. ആഘോഷങ്ങളിലും

കൊടിപറപ്പിക്കുന്നതിനും ഉള്ള ഇവരുടെ ആഗ്രഹം അസാമാന്യംതന്നെ. മോബ്ളാംപാലത്തിന്റെരണ്ടുവശത്തും, അവിടെ അടുത്ത പ്രധാന തെരുവുകളിലെല്ലാം, ഏതെങ്കിലും, നിസ്സാരമായ പ്രോത്സാഹനത്തിൻെറ ഫലമായി കൊടികൾ ഉയൻുവരുന്നതു ഞാൻ പലപ്പോഴും കണ്ടിട്ടുണ്ട്. മോബ്ളാംപാലംപോലും ഇന്നെനിക്കു വിദൂരമായിരിക്കുന്നു. ആശുപത്രിയിലെ ജീവിതം എനിക്ക് പരിചയമായി കഴിഞ്ഞിരിക്കുന്നുവെങ്കിലും, കിടക്കയിൽനിന്ന് എഴുനേല്ക്കാൻവയ്യാത്ത ദിവസങ്ങൾ ഇങ്ങനെ മുമ്പിൽ നീണ്ടുനീണ്ടു കിടക്കുന്നതു് വലിയ സന്തോഷപ്രദമൊന്നുമല്ല. വത്തമാനകാലം വെറും ശൂന്യമായി കാണുമ്പോൾ, ഞാൻ ഭൂതകാലത്തിൽ ജീവിക്കാൻ ശ്രമിക്കുന്നു. എൻെറ കഴിഞ്ഞുപോയ കാലത്തിലെ സ്നേഹിതന്മാരെയും, സ്നേഹിതമാരെയും, തേടിപ്പിടിക്കാനുള്ള ശ്രമം വളരെ രസമായിത്തോന്നുന്നു. ഇരുപതും ഇരുപത്തഞ്ചും വർഷങ്ങളായി വേർപെട്ട അവരുടെ ജീവിതം ഏതുവിധമായിരിക്കും? യുവാക്കന്മാർ മദ്ധ്യവയസ്കരും, കന്യകമാർ അമ്മമാരും ആയി മാറിയിരിക്കുന്നു. ചിലരുടെ എഴുത്തുകൾ എനിക്കു കിട്ടിക്കഴിഞ്ഞു; മററുചിലർ ഇത്ര ദൂരത്തായാലും, ഞാൻ ഒരു അപകടക്കാരനാണെന്നു നിശ്ചയിച്ച് മൗനമവലംബിക്കുന്നു. അവരെ ഇളക്കാൻ ഇന്ന് എനിക്ക് എൻെറ ദുർബ്ബലമായ മനഃശക്തിമൂലമുള്ള ടെലിപതി മാത്രമേയുള്ളൂ മാർഗ്ഗം.

20 ജനുവരി 1953

ഞാൻ കഴിഞ്ഞ കുറേദിവസങ്ങളായി ഒട്ടേറെ പുസ്തകങ്ങൾ വായിച്ചു. പ്രത്യേകിച്ച് ഫ്റഞ്ചുപുസ്തകങ്ങൾ. പകൽസമയം മുഴുവൻ ഫ്റഞ്ചും, രാത്രി ഉറങ്ങാറാവു

മ്പോൾ ഇംഗ്ലീഷും. ഇങ്ങനെ എൻെറ അഹോരാത്രികൾ ഞാൻ ഭാഗിച്ചുവെച്ചിരിക്കുകയാണ്. കിട്ടുന്ന പുസ്തകങ്ങൾ വായിക്കുകയെന്നല്ലാതെ വേണ്ടുന്ന പുസ്തകങ്ങൾ കിട്ടാൻ ഇവിടെ വഴിയില്ല. പക്ഷേ, ഞാൻ വായിക്കാത്തതും, വായിക്കേണമെന്നു വിചാരമുള്ളതുമായ പുസ്തകങ്ങൾ അനവധിയുള്ളതുകൊണ്ട്, ഇവിടെ എത്രകാലം കിടന്നാലും, വായിക്കാൻ ബാക്കിയില്ല എന്ന അവസ്ഥ വരികയില്ല. അതല്പം ആശ്വാസകരം.

ഇംഗ്ലീഷ്സാഹിത്യത്തെക്കുറിച്ച് ഇൻഡ്യക്കാൎക്കു പൊതുവേയുള്ള ബഹുമാനം, രാഷ്ട്രീയമായ ഇംഗ്ലീഷ് മേൽക്കോയ്മയുടെ ഒരു പ്രതിബിംബമാണെന്നാണു ചിലരുടെ അഭിപ്രായം. അതുകൊണ്ട് ഒരു വലിയ ഫ്റഞ്ച് സാഹിത്യകാരനായ ആങ്ദ്രേ ഷീഡിൻെറ അഭിപ്രായം ശ്രദ്ധേയം: "ഞാൻ ഓരോപ്രാവശ്യവും ഇംഗ്ലീഷ്സാഹിത്യത്തിൽ നിമഗ്നനാകുന്നതു് എത്ര ആനന്ദത്തോടുകൂടിയാണ്! എത്ര വിവിധത്വം! എന്തൊരു ധാരാളത്വം! അതിൻെറ അഭാവമായിരിക്കും മനുഷ്യസമുദായത്തിനെ ദാരിദ്ര്യത്തിലാക്കുന്നതു്." നമ്മുടെ ഇംഗ്ലീഷ് വിദ്വേഷികളായ ദേശഭക്തന്മാർ ഇതിനെന്തുസമാധാനമാണു പറയുവാൻ പോകുന്നതു്?

ഞാൻ മോപ്പസാങ്ഗിൻെറ പുസ്തകങ്ങൾ ഫ്റഞ്ചിൽ വായിച്ചതു് ഈയിടെയാണ്. വായിക്കാൻ സുഖമുണ്ടെങ്കിലും, അവയിൽ ചിത്രീകരിച്ചിരിക്കുന്ന ജീവിതം എത്രകണ്ടു സുഖകരമായിരിക്കുമെന്നു ഞാൻ അത്ഭുതപ്പെട്ടു. അനേകം പ്രണയിനികളെ വ്യാമോഹിപ്പിച്ചുകൊണ്ടു മുന്നോട്ടുപോകുന്ന സുന്ദരസ്നേഹിതൻ്റെ (Bel-Ami) ജീവിതരംഗങ്ങൾ വായിക്കുന്നതിനു വലിയ രസം; പക്ഷേ, യഥാൎത്ഥത്തിൽ ആ ജീവിതം തീരെ കാമ്യമല്ലാത്ത

ഒന്നാണെന്നുള്ളതിനു സംശയമില്ല. സാഹിത്യത്തിൽ പ്രതിഫലിച്ചുകാണുന്ന ജീവിതവും, അതിന്റെ പിന്നിലുള്ള യഥാൎത്ഥജീവിതവും തമ്മിലുള്ള ഭേദമായിരിക്കാം ഇതിനു കാരണം. ചിലചില സംഭവങ്ങൾ തിരഞ്ഞെടുത്തു് വാഗ്വിലാസത്തോടെ മുമ്പിൽ പ്രത്യക്ഷപ്പെടുത്തുമ്പോൾ കാണുന്ന ജീവിതം ഒന്നു്; അതേസംഭവങ്ങളടങ്ങിയ ജീവിതം, അതിൻെറ വിവിധങ്ങളായ അനുഭൂതികളും ഉപകരണങ്ങളും സംഭവങ്ങളോട്ടംകൂടി, അനുദിനം ജീവിക്കുന്ന അനുഭവം തികച്ചും വേറെ ഒന്നു് എന്നുള്ളതു സുവിദിതമാണെങ്കിലും, എപ്പോഴും മനസ്സിൽ തട്ടുന്നില്ല.

25 ഫിബ്രു്വരി 1953

ഞാൻ ടെറേസ്സായുമായി സംഭാഷണം ചെയ്യുന്നതു് എന്നും ഒരു പ്രത്യേകസമയത്താണു്. അവൾ മുറി വൃത്തിയാക്കാൻ വരുമ്പോൾ, തുറക്കുന്ന ജനാലകൾക്കിടയിൽക്കൂടി കാറ്റേററു് തണുപ്പു ബാധിക്കാതിരിക്കാൻ, ഞാൻ പുതപ്പുകളുടെ അടിയിൽപ്പോകാൻ നിർബ്ബന്ധിതനാവും; മുഖം മാത്രം വെളിയിലേയ്ക്കുവരുത്തി, അവളുടെ ജോലിയെ തടസ്സപ്പെടുത്താതെയാണു് എൻെറ സല്ലാപങ്ങൾ. ശരീരം അസൗകൎയ്യമായ സ്ഥിതിയിലാണെങ്കിലും, സല്ലാപങ്ങൾ സരളമായിത്തന്നെ പോകും. ദിവസംപ്രതി പതിനഞ്ചു മിനിട്ടോളം ഉള്ള ഈ സംഭാഷണങ്ങളിൽനിന്നു് അവളുടെ കുടുംബം, ജീവിതരീതി, ജീവിതപ്രശ്നങ്ങളേക്കുറിച്ചുള്ള മനോഭാവം ഇതെല്ലാം ഞാൻ മനസ്സിലാക്കിക്കഴിഞ്ഞു. ഇൻഡ്യയിലെ ചില ആചാരങ്ങളും, വിശ്വാസങ്ങളും എൻെറ പക്കൽനിന്നു് അവളും ഗ്രഹിച്ചിരിക്കും. ആകപ്പാടെ, നമ്മുടെ പുരോഗമനക്കാൎക്കു് ഇഷ്ടമുള്ളവിധമല്ലെങ്കിലും, അവളുടെ അഭിപ്രായങ്ങൾ നവീനങ്ങളും, മനോഗതി

മുന്നോട്ടം ആണെന്നു സംശയമില്ല. എനിക്കു് ഇവിടെയു ള്ളവരിൽ അവളെ ഇതിലേയ്ക്കു കൂട്ടതൽ പിടിച്ചിരിക്കുന്നു. വേറെ സംഭാഷണവിഷയമൊന്നും കിട്ടാത്തപ്പോൾ, ഞ ങ്ങൾതമ്മിൽ ആക്കാണു പൊക്കംകൂട്ടതൽ എന്നുള്ള വാ ഗ്വാദത്തിൽ ഞാൻ ഏർപ്പെട്ടം. ഞാൻ കിടക്കയിൽ കിടക്കുന്നസമയം ഇതു പരീക്ഷിച്ചുനോക്കാൻ വയ്യാ ത്തതുകൊണ്ടു്, കുറേക്കാലത്തേയ്ക്കു് ഒരിക്കല്ലും തീരാത്ത ഒരു തക്മൊയിട്ടിതു ശേഷിക്കും. ഇന്നു തക്കംമൂത്തു ഞാൻ കിടക്കയിൽ എഴുന്നേററിരുന്നപ്പോൾ, എൻെറ ഡോക്ടർ പ്രഫസർ പത്രി, അപ്രതീക്ഷിതമായി മുറിയിലേയ്ക്കുവന്നു. എൻെറ ദേഹത്തു തണുപ്പുതട്ടാൻ അനുവദിച്ചതിനു് അ ദ്ദേഹം രൂക്ഷമായി ടെറേസ്സായെ നോക്കിയപ്പോൾ, അ വൾ പെട്ടെന്നു മുറിവിട്ടോടിക്കളഞ്ഞു.

പ്രഫസർ പത്രിയോടുള്ള പരിചയം കൂടിക്കൂടിവ ന്നതോട്ടുകൂടി അദ്ദേഹത്തിനെപ്പററിയുള്ള അറിവും വ ദ്ധിച്ചുവന്നു. എങ്കിലും, ഇപ്പോഴും അദ്ദേഹം ഏതാണ്ടു ദുർഗ്രാഹ്യമായ ഒരു രഹസ്യമായി ഇരിക്കുന്നതേയുള്ളു. ആ പരുപരുത്ത പെരുമാററത്തിൻെറ പുറകിൽ മൃദുല മായ ഒരു ഹൃദയം തുടിക്കുന്നുണ്ടെന്നു ഞാൻ വിശ്വസിച്ചു തുടങ്ങിയിരിക്കുന്നു. അദ്ദേഹം ചിരിക്കുന്നതു അപൂർവ്വമാ ണെങ്കിലും ഇടയ്ക്കിടയ്ക്കു് ശുഷ്കമായ ഫലിതങ്ങൾ തട്ടി വിട്ടം. ഈ ആശുപത്രി അദ്ദേഹത്തിൻെറ ഭാര്യയുടെ ആ യത്തുകൊണ്ടു് അദ്ദേഹം ഇവിടെ ഏതാണ്ടു് ഒരു സർവ്വാധി പതിയാണു്. പക്ഷേ, ദയയുള്ള സർവ്വാധിപതി. പുതുവ ഷാഘോഷങ്ങളിൽ അദ്ദേഹം ഇവിടെ പാതിരാത്രിവ രെ ധാത്രികളും രോഗികളുമായി കഴിച്ചു. ശസ്ത്രക്രിയചെ യ്യുന്നതിലും, ചികിത്സാവിധി നിശ്ചയിക്കുന്നതിലും അ ദ്ദേഹത്തിനു വല്ലാത്ത ചിട്ടയും, ക്രമവും, മുറകളുമൊക്കെ

യാണ്. പക്ഷേ, അതിൻെറയെല്ലാംഫലം രോഗികളെ അറിയിപ്പിക്കുന്നകാര്യത്തിൽ അതില്ലും വല്ലാത്ത നിശ്ശബ്ദത; ഞാൻ പല അടവുകളുംനോക്കി; ഫലം നാസ്തി.

18 മാച്ച് 1953

അപ്പന്ന് സുഖക്കേട്ടകൂടിയിട്ട് ആശുപത്രിയിലേയ്ക്കു കൊണ്ടുപോയി. വ്യസനകരമായ ഈ വത്തമാനവും വഹിച്ചുകൊണ്ട്നാട്ടിൽനിന്ന് ഒരു കത്ത് ഇന്നിവിടെക്കിട്ടി. സാധാരണവരാറുള്ള ഒരു സുഖക്കേട്ട് കുറച്ചുമുമ്പു വന്നതായി എഴുതിയിരുന്നെങ്കിലും, സംഭവങ്ങൾ ഈ മാതിരിവരുമെന്ന് വിചാരിച്ചിരുന്നില്ല. പ്രായാധിക്യംകൊണ്ട് ഇനി അധികം ജീവിച്ചിരിക്കുകയില്ലെന്ന് അദ്ദേഹത്തിൻെറ ഒട്ടവിലത്തെക്കത്ത്; അതുനോക്കി, കഴിഞ്ഞകാലത്തെ ഓമ്മിക്കുമ്പോൾ, ആകപ്പാടെ സങ്കടം. കൂട്ടതൽവിവരത്തിന് കമ്പിയുമടിച്ച് മറുപടിക്കു കാത്തിരിക്കുന്നു.

വെളിയിൽ തണുപ്പും, മൂടൽമഞ്ഞും; ഇന്നുരാവിലെ മുതൽ സൂയ്യപ്രകാശം തീരെ കാണാനില്ല. വെളിയിലേയ്ക്കു നോക്കിയപ്പോൾ, അവിടെ ഒരൊഴിഞ്ഞസ്ഥലത്ത് എന്തോ കത്തിക്കുന്നു; അതിൽനിന്ന് കൂട്ടംകൂട്ടമായി പുക പൊങ്ങി അങ്ങോട്ടും ഇങ്ങോട്ടും പായുന്നു. ചുററുമുള്ള മൂടലിൽവ്യാപിച്ച് ആ പുക ഇരുളിനെ വദ്ധിപ്പിക്കുന്നു. ഞാൻ കഴിയുന്നതും അങ്ങോട്ടുനോക്കാതെ കണ്ണുമടച്ച് കിടക്കാൻ ശ്രമിക്കുന്നു; പക്ഷേ, ഇടയ്ക്കിടെവന്ന വിപത്തുകളെയെല്ലാം ഓത്തുള്ള വ്യസനവിചാരങ്ങൾ ഒഴിക്കാൻ പ്രയാസം. എനിക്കിപ്പോൾ നാട്ടിൽപ്പോകാൻ കഴിഞ്ഞിരുന്നെങ്കിൽ, എന്നുള്ള വ്യത്ഥമായ ആഗ്രഹം. വിദൂരമായ ഈ സ്ഥലത്തുകിടന്ന് എനിക്കു പ്രാത്ഥിക്കാനേ സാധിക്കൂ; പക്ഷേ, പ്രാത്ഥിക്കാൻപോലും എനിക്കു സമാധാനമോ ശക്തിയോ ഇല്ല.

അദ്ധ്യായം 7

## വെളിച്ചത്തിലേയ്ക്ക്

ആശുപത്രിയിൽ
22 മാർച്ച് 1953

എൻെറ ചങ്ങാതിയും പ്രിയസ്നേഹിതനുമായ റെബ്ബേറോ വീട്ടിൽനിന്ന് ഒരു കമ്പിയുംകൊണ്ടു വന്നു. അപ്പൻെറ സുഖക്കേടു ഭേദമാണെന്നുള്ള ആശ്വാസകരമായ വത്തമാനം അറിഞ്ഞതിൽ വളരെ സന്തോഷംതോന്നി. റെബ്ബേറോ എൻെറ വ്യസനത്തിൽ സഹതപിക്കുന്നു; പക്ഷേ, അപ്പനെ കണ്ടിട്ടുപോലുമില്ലാത്ത അദ്ദേഹത്തിനു് എൻെറ ഈ മാനസികസംഭ്രമങ്ങളെല്ലാം അല്പം അയഥാത്ഥമായേ തോന്നൂ. ഏതാണ്ട്, ആഖ്യായികകളിൽ വിവരിക്കുന്ന വ്യസനഘട്ടങ്ങൾ വായിക്കുമ്പോൾ ഉണ്ടാവുന്ന വികാരങ്ങൾപോലെ ആയിരിക്കണം അദ്ദേഹത്തിനുള്ളതു്. എല്ലാ വികാരങ്ങളും ചിരപരിചിതമായി പരിമിതമായ ചില അവസ്ഥകളെ വലയംചെയ്തു് കേന്ദ്രീഭവിക്കുമ്പോൾ അവയുടെ 'തീക്ഷ്ണത'യ്ക്കു എത്ര വ്യത്യാസം! അവ്യക്തമായ ഈശ്വരസങ്കല്പത്തേക്കാൾ, അമ്പലങ്ങളിലെ ഈശ്വരന്മാർ ഭക്തന്മാരെ വികാരപരവശരാക്കുന്നതും ഇതുകൊണ്ടായിരിക്കാം.

കുറേനാളായി വെളിയിലെ ലോകവുമായുള്ള എൻ്റെ ബന്ധം റെബ്ബേറോവഴിക്കാണ്. എൻ്റെ സഹപ്രവത്തക മിസ് എലോയിസ്സാ പരേരൻെറ ആഫീസ്സുവിട്ടതുമുതൽ, അഥവാ, അതിനു കുറച്ചുമുമ്പുതൊട്ടു്, ഈ ജോലി അദ്ദേഹം സ്വമേധയാ, ഏറ്റെടുത്തതാണ്. എലോയിസ്സായോടു് യാത്രപറയാനുള്ള അവസാനസമയം വന്നപ്പോൾ,

ഞാൻ വിചാരിച്ചിരുന്നതുപോലെ, എനിക്ക് ആശുപത്രി വിടാൻ കഴിഞ്ഞില്ല. അതുകൊണ്ട് ഞാൻ കട്ടിലിൽ കിടന്നുകൊണ്ടുതന്നെ, അവരുമായുള്ള ആ ഒടുവിലത്തെ രംഗവും അഭിനയിച്ചു. എലോയിസ്സായുടെ അലസതയിൽ ഞാൻ ഇടയ്ക്കിടയ്ക്ക് പിറുപിറുത്തിരുന്നെങ്കിലും, ഈയിടെയായി ഞങ്ങൾതമ്മിലുള്ള സ്നേഹവും, ജോലിചെയ്യാനുള്ള അവളുടെ സന്മനസ്സും ഒരുപോലെ വർദ്ധിച്ചുവന്നതേയുള്ളു. ഇപ്പോൾ അവൾ അജ്ഞാതനാമാവായ ഒരു കാമുകനെ കണ്ടുപിടിച്ചിരിക്കുന്നു. അതുകൊണ്ട്, അയാളുമായി അമേരിക്കയിലെവിടെയോ താമസിക്കാൻ പോവുകയാണ്. ആ ജീവിതത്തിൽ, ഞാൻ ഇപ്പോൾ കൊടുത്ത ടാഗോർ ഗീതങ്ങൾ അവൾ എപ്പോഴെങ്കിലും വായിക്കുമോ എന്ന് ഞാൻ അത്ഭുതപ്പെടുന്നു. ഏതായാലും, പരസ്പരം ഭാവുകങ്ങൾ ആശംസിച്ചുകൊണ്ട് ഞങ്ങൾ വേർപെട്ടു.

ഇപ്പോൾ റെബ്ബേറോയും താമസിയാതെ പോവുകയാണ്. ഈവിവരം ഞാൻ അല്പം നിരാശയോടെയാണ് അറിഞ്ഞത്. ഇവിടെ വരുമ്പോഴൊക്കെ റെബ്ബേറോയുടെ ഫലിതസമ്മിശ്രമായ സംഭാഷണങ്ങൾ എൻെറ ഏതു മ്ലാനമായ വികാരങ്ങളേയും ആട്ടിയോടിക്കും. ചിലപ്പോൾ അദ്ദേഹത്തിൻെറ ഫലിതങ്ങൾ വാസ്തവവുമായി യാതൊരു ബന്ധവുമില്ലാത്തവയായിരിക്കും; പക്ഷേ, അതു വെറും നിസ്സാരമായ കാര്യം മാത്രമാണ്. ഇന്നു രാത്രിയിൽ, അദ്ദേഹം കേറിവന്നപ്പോൾ, ഞാൻ മുറിക്കകത്ത് നടന്നിട്ട് കട്ടിലിലേയ്ക്കു കേറുകയായിരുന്നു; ലിലിയൻ എന്തോ നേരമ്പോക്കു പറഞ്ഞുകൊണ്ട് എൻെറ കാലുകളിൽനിന്നു ചെറിയ കാലുറകൾ ഊരുകയായിരുന്നു. ഈ രംഗത്തിൽനിന്ന്, അദ്ദേഹം, അവ്യക്തവും എന്നാൽ വിലാസമയവുമായ, ഒരു കഥ ഊഹിച്ചുകഴിഞ്ഞു. ഞാൻ നിഷേധിച്ചതു

കൊണ്ടു് ഒരു ഫലവുമില്ല; ഒടുവിൽ, വാസ്തവത്തിലുള്ള തല്ലെങ്കിൽത്തന്നെ സാങ്കല്പികമായ ഒരു കഥ അതിൽനിന്നു നിർമ്മിക്കാനുള്ള അദ്ദേഹത്തിൻെറ സൂചന കേൾക്കേണ്ടിവന്നു. പക്ഷേ, അതിനുമുമ്പുതന്നെ, ഈ ആശുപത്രിയിലെ ധാത്രികളെ പാത്രങ്ങളാക്കി ഒരു കഥയെഴുതാൻ ഞാൻ നിശ്ചയിച്ചുകഴിഞ്ഞിരുന്നു.

28 മാർച്ച് 1953

എൻെറ ജീവിതത്തിനെപ്പററി ഞാനെന്തിനാണു് നിരന്തരം വിചാരിച്ചുകൊണ്ടിരിക്കുന്നതു്? എന്നേക്കാളും സാമർത്ഥ്യമുള്ളവർ തിന്നും, കുടിച്ചും, ഉറങ്ങിയും, കുടുംബത്തെ പുലർത്തിയും, മണിക്കൂറുകൾ പോകുന്നതു കണ്ടുംകൊണ്ടു് തൃപ്തിപ്പെടുന്നു. എൻെറ ദിവസങ്ങളുടെ ഫലമായി സ്ഥിരമായെന്തെങ്കിലും അവശേഷിക്കുന്നില്ലെങ്കിൽ, ഞാൻ അതിനെന്തിനാണു് ആഗ്രഹിക്കുന്നതു്? സ്നേഹിതന്മാരുമായി സംസാരിക്കുക, പുസ്തകങ്ങൾ വായിക്കുക, വിചാരങ്ങളിലേർപ്പെടുക, ജോലി വേണ്ടുംവണ്ണം നിർവ്വഹിക്കുക—ഇതുകൊണ്ടെല്ലാം ഏറെക്കുറെ ഒരു മൃഗമായ ഈ മനുഷ്യൻെറ ജീവിതം പൂർത്തിയായിത്തീർന്നു എന്നു തോന്നേണ്ടതാണു്.

പക്ഷേ, എൻെറ മുമ്പിലുള്ള സരളവും മനോഹരവുമായ കാഴ്ചയെ ധാരാളം ആസ്വദിക്കുന്നതിനുപകരം, ഈ സംശയാസ്പദമായ കാര്യങ്ങളെഴുതുന്നതുകൊണ്ടു് എന്തുപയോഗം? അങ്ങകലെ കുന്നിൻശിഖരങ്ങളുടെ അപ്പുറത്തു് മറയാൻപോകുന്ന സൂര്യൻെറ അല്പംചൂടുള്ള അവസാന കിരണങ്ങൾ, എൻെറ പാദങ്ങളുടെമുമ്പിൽ നീണ്ടുകിടക്കുന്ന താഴ്‌വരയിലൊക്കെ പ്രകാശം നിറയ്ക്കുന്നു. എൻ്റെ ഇടതുഭാഗത്തുള്ള വീടുകൾക്കു സൂര്യൻ ഒടുക്കത്തെ വന്ദന

മായി ഒരു ചുംബനം സമർപ്പിക്കുന്നു. ഞാൻ എഴുതാൻ ഇരിക്കുന്നിടത്ത് ആ കിരണങ്ങൾ സ്വപ്നവർണ്ണമായ ഒരു ശാന്തത പ്രദാനംചെയ്യുന്നു. ഓരോ താഴ്വരയിൽനിന്നും, നീലനിറത്തിലുള്ള പുകപൊങ്ങി, ഉറങ്ങാൻപോകുന്ന ലോകത്തിനാകെ ഒരാവരണംപോലെ, മുകളിലൊക്കെ വ്യാപിച്ചുവരുന്നു.... കുന്നിൻനിരകളുടെ അങ്ങേപ്പുറത്തുള്ള അസ്തമനം കാണാൻ എന്നെ ഒരു കസേരയിൽ ഇരുത്താൻ തുടങ്ങിയിട്ട് കുറേദിവസമായി. വെയിലുകൊള്ളുന്നതിനിടയ്ക്ക് വെളിയിലേയ്ക്കു നോക്കാനും, അതുകഴിഞ്ഞ് മന്ദംമന്ദം മറയുന്ന സൂര്യബിംബം കാണാനും എനിക്ക് എന്നും വലിയ കൗതുകം തോന്നുന്നു. പക്ഷേ, ഇതുവരെ ഇത്ര ശോഭനിറഞ്ഞ ഒരു സായാഹ്നം കണ്ടിട്ടില്ല.

30 മാർച്ച് 1953

ഞാൻ ഇന്ന് ആശുപത്രി വിടുകയാണ്. അതിനുവേണ്ടി പ്രഫസർ പത്രി ആജ്ഞകൊടുത്തിട്ട് ഒന്നുരണ്ടു ദിവസമായെങ്കിലും, ഇന്ന് ആംബുലൻസ് വിളിച്ചപ്പോഴേ എനിക്കു പോകുന്നകാര്യത്തെപ്പററിയുള്ള സംശയങ്ങളെല്ലാം തീർന്നുള്ളു. ലിലിയൻ, ടെറേസ്സാ മുതലായ സുഹൃൽസംഘത്തിനോടു യാത്രയുംപറഞ്ഞ് ഞാൻ വീട്ടിലേയ്ക്കുള്ള 'തിരിച്ചെഴുന്നെള്ള'ത്തിനുള്ള വട്ടംകൂട്ടി. അപ്പോഴേയ്ക്കും എന്നെ ആംബുലൻസിലെ കട്ടിലിൽ കെട്ടിക്കൊണ്ടു പോകാനൊരുക്കാൻ ഏതാണ്ട് യമകിങ്കരസദൃശന്മാരായ ചിലർ വന്നെത്തി. അതിൽപ്പിന്നീട് അവരുടെ പരിപൂർണ്ണനിയന്ത്രണത്തിൽ രോഗമഞ്ചത്തിൽ കിടന്നുകൊണ്ടു തന്നെ ഞാൻ ആശുപത്രി വിട്ടു. അങ്ങനെ ഞാൻ വീണ്ടും വെളിയിൽ വെളിച്ചത്തിലേയ്ക്കെത്തി.

❁ ❁ ❁

25 ഡിസംബർ 1953

ഞാൻ ദീർഘകാലത്തിനുശേഷം സ്വദേശത്തേയ്ക്കു മടങ്ങുകയാണു്. പ്രഫസർ പത്രിയുടെ ചിട്ടനിറഞ്ഞ ചികിത്സാസമ്പ്രദായം നിർഭാഗ്യവശാൽ പരിപൂർണ്ണവിജയത്തിൽ കലാശിച്ചില്ല. സുഖക്കേടു മാറിയെങ്കിലും, എനിക്കു ശാശ്വതമായ ഒരു അംഗവൈകല്യം വരിക്കേണ്ടിവന്നിരിക്കുന്നു. ഈ ഒരു വിചാരം എന്നെ ആദ്യമൊക്കെ വല്ലാതെ അസഹ്യപ്പെടുത്തിക്കൊണ്ടിരുന്നു. വിശിഷ്യാ, ഈയിടെ കണ്ടുപിടിച്ച ഒരു ചികിത്സാസമ്പ്രദായപ്രകാരമായിരുന്നെങ്കിൽ, എനിക്കു കുറേക്കൂടി സുഖം കിട്ടുമായിരുന്നു എന്ന വിദഗ്ദ്ധാഭിപ്രായം ഈ അസഹ്യതയെ കണക്കില്ലാതെ വർദ്ധിപ്പിച്ചിരുന്നു. പക്ഷേ, ഏതു ദുഃഖവും കാലക്രമേണ ഏറെക്കുറെ ശമിക്കുന്നതുകൊണ്ടു്, രണ്ടു വടിയുടെ സഹായത്തോടെ ഞാൻ വിമാനത്തിൽ പ്രവേശിച്ചപ്പോൾ സ്വന്തം നാടും വീടും കാണുന്നതിലുള്ള സന്തോഷം എന്നിൽ സർവ്വോപരി പൊന്തിനിന്നിരുന്നു.

ബോംബെയിലും, മദ്രാസിലും സുപരിചിതമായ കാഴ്ചകൾ!...എന്നെ കാണാൻവന്ന ബന്ധുമിത്രാദികൾ എനിക്കുള്ളതിൽക്കൂടുതൽ അവശത എന്നിൽ ആരോപിക്കുന്നതുപോലെ തോന്നുന്നു. യഥാർത്ഥത്തിൽ, എൻെറ ചലനങ്ങൾ അല്പം ദുർഘടങ്ങളാണെങ്കിലും, എനിക്കു ജീവിതത്തിലാവശ്യമുള്ള കാര്യങ്ങൾ നിറവേറ്റാൻ അവ പര്യാപ്തങ്ങളാണു്. അതിൽക്കൂടുതലുള്ള അവകാശങ്ങൾ പുറപ്പെടുവിക്കാനുള്ള ആഗ്രഹവും എനിക്കില്ല.

28 ഡിസംബർ 1953

തിരുവനന്തപുരം—സുപരിചിതമായ തിരുവനന്തപുരം—ഞാൻ വീണ്ടും, ആർത്തിയോടെ, എങ്കിലും പതുക്കെ

പ്പതുക്കെ ആസ്വാദിക്കുകയാണു്. എന്റെ ജീവിതത്തിലെ പ്രധാനപ്പെട്ട ഒരുഭാഗം തിരുവനന്തപുരത്തിനെ കേന്ദ്രമാക്കിയാണു കറങ്ങിയിട്ടുള്ളതു്. ശൈശവകാലം കഴിഞ്ഞു് ആദ്യം ഉൾനാടുവിട്ടപ്പോൾ ഇവിടെ ഒരു സ്കൂളിലാണു വിദ്യാഭ്യാസമാരംഭിച്ചതു്. അതിൽപ്പിന്നീടു് കുറേ വർഷങ്ങൾക്കുശേഷം ഒരു കോളേജ്‌വിദ്യാർത്ഥിയായി അഞ്ചില്പരം കൊല്ലങ്ങൾ ഇവിടുത്തെ രണ്ടു കലാലയങ്ങളിൽ ചെലവാക്കി. ഉദ്യോഗജീവിതത്തിൽ പ്രവേശിച്ചിട്ടും ഇടയ്ക്കിടയ്ക്കു് ഒഴിവുകാലങ്ങളിൽ സ്വന്തം നാടുമായി സമ്പർക്കംപുലർത്തുന്നതും ഇവിടെവെച്ചായിരുന്നു. പഴയ കാലങ്ങളിലെ ചങ്ങാതിമാർ ഒട്ടുമുക്കാലും ഉദ്യോഗങ്ങളും, പ്രാരബ്ധങ്ങളും സമ്പാദിച്ചു കൂടിയിരിക്കുന്നതും തിരുവനന്തപുരത്തുതന്നെ. അതുകൊണ്ടു് അങ്ങുമിങ്ങും ഓടിക്കൊണ്ടിരുന്ന ഞാൻ അല്പം 'സ്ഥാവരമായി' തിരുവനന്തപുരത്തുള്ള ഈ കോണിൽ പഴയ കാലങ്ങളെ വിളിച്ചുവരുത്തി പതിഞ്ഞമട്ടിൽ സൈ്വരസല്ലാപങ്ങളിൽ ഏർപ്പെട്ടു കിടക്കുകയാണു്.

പക്ഷേ, നാളെ ഞാൻ ഞങ്ങളുടെ ഗ്രാമത്തിലേയ്ക്കു പോവുകയാണു്. ആ ഒരു വിചാരം എന്നെ വല്ലാതെ ഇളക്കിവിട്ടിരിക്കുന്നു. എൻെറ ജന്മസ്ഥലമായ ആ ഗ്രാമം ഞാൻ കണ്ടിട്ടു് ഇപ്പോൾ മുപ്പതില്പരം വർഷങ്ങളായിരിക്കുന്നു; നാടും വീടും വിട്ടു് പട്ടണത്തിലേയ്ക്കു പാഞ്ഞിട്ടു് കാലം അത്രമേലായിരിക്കുന്നു. അന്നു ഞാൻ അറിഞ്ഞിരുന്ന ആളുകളും, സ്ഥലങ്ങളും ഏതുവിധം മാറിയിരിക്കുമെന്നു് അറിയാനുള്ള ജിജ്ഞാസ എന്നെ പിടികൂടിയിരിക്കുന്നു.

പവിത്രേശപരം
29 ഡിസംബർ 1953

ഇന്നു വൈകുന്നേരം ഞങ്ങൾ ഇവിടെ എത്തിച്ചേ ന്നു. തിരുവനന്തപുരത്തുനിന്നുള്ള യാത്രയ്ക്കിടയിൽ വഴി യുടെ ഇരുവശത്തും അപ്പോഴപ്പോൾ കാണുന്ന പച്ചനെൽ പ്പാടങ്ങൾ, തെങ്ങിൻതോപ്പുകൾ, കുന്നിൻകൂട്ടങ്ങൾ— ഇവ ഇന്നും, അന്നത്തെപ്പോലെ മനോഹരമായിരിക്കുന്നു. പ്രകൃതിയുടെ രമണീയത, പലതരത്തിൽ; കായലുകളും, കുന്നുകളും ഇടകലർന്നുള്ള സ്വച്ഛമായ സ്വിസ്സ് പ്രകൃതിവി ലാസം ഒരുതരത്തിൽ; ചെറിയ അരുവികളും, തോട്ടക ളും ഇടകലർന്നുള്ള പച്ചപ്പാടങ്ങളും, തെങ്ങുകളും, കമുകുക ളും, വാഴകളുംകൂടി നില്ക്കുന്ന ഭൂവിഭാഗങ്ങളും, നിറഞ്ഞ നമ്മുടെ നാടിന്റെ ഭംഗി വേറെ ഒരുതരത്തിൽ; രണ്ടിന്റെ ഭംഗിയും രണ്ടുവിധത്തിൽ ഹൃദയാവർജ്ജകമാണു്.

ഈ ചെറിയ ഗ്രാമത്തിനു് ഒരു തനിഉൾനാടിൻെറ മുഴുവൻ ലക്ഷണങ്ങളുമുണ്ടു്. ദുർഘടമായ വഴി, കടകൾ മുതലായ നവീനസൗകര്യങ്ങളുടെ ദൗർലഭ്യം; പാവപ്പെട്ട ആളുകൾ; പൊളിഞ്ഞുകിടക്കുന്ന കുടിലുകൾ—അങ്ങനെ പലതും. പരസ്പരം അറിയാവുന്നവർ മാത്രമുള്ളതുകൊണ്ടും, അന്യരുടെ ആഗമനം വളരെ അപൂർവ്വമായതുകൊണ്ടും, ഞങ്ങളുടെ വരവു് ഗ്രാമവാസികളെ മുഴുവൻ ആകർഷി ച്ചിരിക്കുന്നു.

അതിൽ ചിലർ, ഞാൻ കുട്ടിയായിരുന്നപ്പോൾ, കണ്ടു പരിചയമുള്ളവരാണു്. അന്നു് ഞങ്ങളുടെ വീടു് ഇവിടത്തെ ശിവക്ഷേത്രത്തിൻെറ ഒരു ഭാഗത്തു്, ക്ഷേത്ര ക്കുളത്തിനെ അഭിമുഖീകരിച്ചായിരുന്നു. അന്നു ഞാൻ ഇവിടെക്കഴിച്ചദിവസങ്ങൾ കാലത്തിന്റെ അന്തരമെല്ലാം

ചാടിക്കടന്ന് അടുത്തുവന്നു നില്ക്കുന്നതുപോലെ എനിക്കു തോന്നുന്നു. അവിടെ ഞങ്ങളുടെ വീടിൻെറ പടിഞ്ഞാറേ വരാന്തയിൽനിന്നു നോക്കിയാൽ, അല്പം അകലെ താമരകൾ നിറഞ്ഞ ക്ഷേത്രക്കുളം കാണാം. കുളത്തിൽനിന്ന് തണുത്ത കാററ് അങ്ങോട്ട് എപ്പോഴും അടിച്ചുകൊണ്ടിരിക്കും. അകത്തു പടിഞ്ഞാറേ മുറിയിൽ തൂക്കമഞ്ചത്തിലോ, കിഴക്കേ വരാന്തയിൽ ചാരുകസേരയിലോ അപ്പൂപ്പൻ കിടക്കുന്നുണ്ടായിരിക്കും. മധുരയിൽനിന്ന് അച്ഛനും, അപ്പനും, എന്നത്തേയ്ക്കു തിരിയെ വരുമെന്ന് അദ്ദേഹം ആലോചിക്കുന്നുണ്ടായിരിക്കും. അമ്മ അകത്ത് അടുക്കളയിലെവിടെയോ ജോലിചെയ്തുകൊണ്ടിരിക്കും—അനുജത്തി സരോജിനി അമ്പലത്തിൽപ്പോകാൻ വഴക്കുകൂടിക്കൊണ്ടിരിക്കും....

അന്നത്തെ വീട്ടിൽനിന്ന് അല്പം ദൂരെ പാതവക്കത്ത്, ഞങ്ങൾ ഇപ്പോൾ ഒരു പുതിയ വീട് പണിതീർത്തിരിക്കുന്നു; ഞാൻ അങ്ങോട്ട് ആദ്യമായി പ്രവേശിച്ചു. പണ്ട് ഞാൻ ഇവിടെ താമസിച്ചിരുന്ന കാലത്തുണ്ടായിരുന്നവരിൽ അമ്മയും, അച്ഛനും, അപ്പൂപ്പനും, ഞങ്ങളുടെപഴയ വീടിനോടൊപ്പം ശൂന്യതയിലെവിടെയോ അപ്രത്യക്ഷമായിരിക്കുന്നു. എങ്കിലും അവരും എൻെറകൂടെ ഉണ്ടെന്നുള്ള പ്രതീതി അനുഭവപ്പെട്ടു. ആ കാലമൊന്നും അറിഞ്ഞിട്ടില്ലാത്ത ഒരു പുതിയ തലമുറ—എൻ്റെ കുട്ടികൾ—ഈ നാട്ടുംപുറത്തിൻ്റെ പുതുമകണ്ട് എന്തൊക്കെയോ ആർത്തുവിളിച്ച് ലഹളകൂട്ടുന്നു. ജെനീവായിലെ കായലും, കാറുകളുടെ ബഹളവും, നഗരസാധാരണമായ കാഴ്ചകളും കണ്ടു പരിചയിച്ച അവർക്ക് ഇതെല്ലാം വേറെ ഒരു ലോകത്തിലെന്നപോലെ പ്രത്യക്ഷപ്പെടുന്നു. ഈ പുതിയ രംഗം കണ്ടുംകൊണ്ട് എൻ്റെ പ്രിയപ്പെട്ട അപ്പൂപ്പനും, അച്ഛ

നമ്മമാരും അകത്തു് മുറിയിലെവിടെയോ കാത്തുനില്ക്കുന്നു എന്നു തോന്നി. എത്ര വ്യത്ഥമായ വിചാരം....

ഞങ്ങളുടെ പുതിയ വീട്ടു് ഒരു കുന്നിൻെറ അഗ്രഭാഗത്താണു്. ഇവിടെനിന്നു നോക്കിയാൽ, മുൻപിൽ അങ്ങിങ്ങായി ചില തെങ്ങുകൾ ചക്രവാളത്തിനു് ഒരു അതിരിട്ടിരിക്കുന്നതുപോലെ കാണാം; പിൻഭാഗത്തു്, കുന്നിൻ ചെരിവു് പാടങ്ങളിലേയ്ക്കും, ക്ഷേത്രക്കുളത്തിലേയ്ക്കും ലയിച്ചു് മാഞ്ഞുപോകുന്നു; അവിടെ താണസ്ഥലങ്ങളെ ആവരണംചെയ്യുന്ന തെങ്ങിൻസമൂഹങ്ങളുടെ അഗ്രഭാഗങ്ങൾ കാററിലാടിക്കളിക്കുന്നതു് മനോമോഹനമായ ഒരു കാഴ്ചയാണു്. ആകപ്പാടെ "പൊടിപ്പും തൊങ്ങല്യ"മില്ലാത്ത ഈ പ്രകൃതിയുടെ ലഘ്വവിലാസം എനിക്കു വളരെ മനോഹരമായിത്തോന്നുന്നു. ഇവിടെ, തെങ്ങിൻതലപ്പുകളും നോക്കി ധ്യാനനിരതനായി ദിവസങ്ങൾ കഴിച്ചുകൂട്ടാമായിരുന്നെങ്കിൽ—? പക്ഷേ, എൻെറ ദിവസങ്ങൾ, അന്യനാട്ടുകളിൽ കഴിക്കുവാനാണു് വിധി! ഈ നാട്ടും വീട്ടും വീണ്ടും ഉപേക്ഷിച്ചു് ഞാൻ താമസിയാതെ ജെനീവായിലെത്തിച്ചേരും.

31 ഡിസംബർ 1953

അപ്പനുമൊന്നിച്ചുള്ള ആഹ്ലാദകരമായ ദിവസങ്ങൾ. ജെനീവായിലെ ആശുപത്രിയിൽ ഇരുളടഞ്ഞ മുറിക്കകത്തുകിടന്നുഴലുമ്പോൾ, ഈമാതിരി ഒരു സമാഗമം ഉണ്ടാകുമെന്നു പ്രതീക്ഷിക്കാൻതന്നെ പ്രയാസമായിരുന്നു. ഇവിടെ തറവാട്ടിൽവന്നു പഴയകാലങ്ങളെ പുനജ്ജീവിപ്പിക്കണമെന്നുള്ള ചിരപ്രാത്ഥിതമായ ആഗ്രഹം അവിചാരിതമായി സഫലമായതിൽ, അതിയായ ചാരിതാത്ഥ്യം തോന്നുന്നു.

ഞാൻ ഇവിടംവിട്ടുപോയ കാലത്തിനുശേഷം, പലപല പരിഷ്കാരങ്ങളുടെ ലാഞ്ഛനകൾ ഇന്നാട്ടിൽ പ്രത്യക്ഷപ്പെട്ടിട്ടുണ്ടെങ്കിലും, ആചാരങ്ങൾക്കും വിശ്വാസങ്ങൾക്കും പറയത്തക്ക മാററങ്ങൾ ഒന്നും വന്നിട്ടില്ല. പ്രത്യേകിച്ചു് വിശ്വാസങ്ങൾക്കു്; അമ്പലങ്ങളിൽ വഴിപാടുകൾ കഴിക്കുന്നതാണു് ഈശ്വരപ്രീതിക്കു സുഗമമായ വഴിയെന്നും, ഭൂതപ്രേതപിശാചുക്കളുടെ ഉപദ്രവങ്ങളെ ഉന്മൂലനംചെയ്യാനുള്ള മാർഗ്ഗംഉപദേശിക്കാൻ ജ്യോത്സ്യൻെറ പ്രശ്നംമൂലമേ സാധിക്കു എന്നും, മനുഷ്യരാശിയെ സംബന്ധിച്ചിടത്തോളം സർപ്പങ്ങൾക്കു് ഏതോ അദൃശ്യമായ ഒരു പ്രത്യേകബന്ധം ഉണ്ടെന്നും ഉള്ള വിശ്വാസങ്ങൾക്കു് ഒരിളക്കവും വന്നിട്ടില്ല. മനുഷ്യബുദ്ധിക്കു് സാധാരണവഴിക്കു് അറിയാൻ വയ്യാത്ത ആദ്ധ്യാത്മികശക്തികളുടെ രഹസ്യം മുഴുവൻ, കണിയാൻെറ കവിടിയുടെ യാദൃച്ഛികവിതരണത്തിൽ ഒളിഞ്ഞുകിടക്കുന്നതായി ആളുകൾ പരിപൂർണ്ണമായി വിശ്വസിക്കുന്നു. ഏതോ അദൃശ്യശക്തിയുടെ പ്രവർത്തനത്തിൻെറ ഫലമായി പ്രശ്നംവെയ്ക്കുന്ന സമയത്തു് കവിടികളുടെ എണ്ണം ഒരു പ്രത്യേകതരത്തിലാവുകയും, അതിൽനിന്നു് വിശദമാകെ വ്യാപിച്ചുകിടക്കുന്ന ഗ്രഹങ്ങളുടെ വിലയും നിലയും ഭാവവും അവയെ ആധാരമാക്കി, മനുഷ്യരാശിയുടെ എന്നല്ല സകല ചരാചരങ്ങളുടേയും സ്ഥിതിഗതികളേയും ജ്യോത്സ്യന്മാർ കണക്കാക്കി എടുക്കുന്നതുപോലെയും തോന്നുന്നു. യുക്തിവാദങ്ങൾകൊണ്ടു് ഈശ്വരനെത്തന്നെ പ്രത്യക്ഷമാക്കാൻ ശ്രമിക്കുന്ന ഈ ഇരുപതാംനൂററാണ്ടിൽ ഈവക വിശ്വാസങ്ങൾക്കു് ഇത്ര പ്രാബല്യം കിട്ടിയിട്ടുള്ളതു് ഒരു വിധത്തിൽ അത്ഭുതംതന്നെ. വേറൊരുവിധത്തിൽ നോക്കുമ്പോൾ, പ്രശ്നഫലവും, ജാതകഫലവും ചിലപ്പോ

ഴെല്ലാം ശരിയായി വരുന്നുണ്ടെന്നുള്ള അവിതക്കിതമായ വാസ്തവമാണത്യത്ഭുതം. അതിൻെറ കാരണം മനുഷ്യബു ദ്ധിക്കു് അജ്ഞാതമായിരിക്കുന്നതേയുള്ളു. ഏതായാലും ഇവിടെ ആദ്ധ്യാത്മികശക്തികളുടെ ദൈനംദിനമായ പ്ര തിഫലനം ജ്യോത്സ്യൻെറ പ്രവചനത്തെ ആധാരമാക്കി ഇന്നും നിലനില്ക്കുന്നു എന്നുള്ളതിൽ പക്ഷഭേദമില്ല.

ഇവിട്ടത്തെ പരിഷ്കാരചിഹ്നങ്ങളിൽ പ്രധാന മായി നില്ക്കുന്നതു് ഒരു വായനശാലയാണു്. അവിടെ, ഇന്നു് എനിക്കൊരു സ്വീകരണം ഉണ്ടായിരുന്നു. അവി ചാരിതവും തീരെ അർഹിക്കാത്തതുമായ ഒരു പ്രാധാന്യം ഈ മൊട്ടക്കുന്നിൻപുറത്തുവെച്ചു എനിക്കു കിട്ടിയിരിക്കു ന്നതുപോലെ തോന്നുന്നു. വേനലിൻെറ അസഹ്യമായ ചൂടു്; അതിൽ പരവശനായി മരച്ചീനിത്തോട്ടങ്ങളുടെയി ടയ്ക്കുകൂടി വായനശാലയിലേയ്ക്കു്; അവിടെ പ്രശംസകളും പ്രസംഗങ്ങളും; ഇതെല്ലാം ഏതാണ്ടു് നിവ്വികാരനായി കേട്ടു് ഞാൻ കണ്ണുകൾ അല്പംഅടച്ചു് ഇരിപ്പായി. ഞാൻ വെളിയിലെ ലോകത്തിൽ ചെയ്യുന്നതും ചെയ്യാൻ കഴി യാത്തതുമായ കാൎയ്യങ്ങളെക്കുറിച്ചു് ഈ കോണിലുള്ളവ ൎക്കു എത്രയ്ക്കു് ജിജ്ഞാസയുണ്ടായിരിക്കാം? ഈ ചോദ്യ ത്തിനുള്ള മറുപടി ഞാൻ വൃഥാതേടി. ഈ കാലമെല്ലാം കഴിഞ്ഞു തിരിയെവരുന്ന ഒരാൾക്കു് ഇവിട്ടത്തെ ആളു കളും, പരിതഃസ്ഥിതികളുമായുള്ള ബന്ധം പുനഃസ്ഥാപി ക്കാൻ അത്ര എളുപ്പമല്ല. അതുകൊണ്ടു് എൻെറ മറുപടി പ്രസംഗം പരിതാപകരമായിരുന്നു എന്നു പറയാതെ തരമില്ല.

വീണ്ടും വീട്ടിലേയ്ക്കു്; വായനശാലയെക്കുറിച്ചു് ഒരു അവജ്ഞ അല്ലെങ്കിൽ അനാസ്ഥയുള്ള പല പഴമക്കാ രും അന്യനാട്ടിൽനിന്നു് തിരിച്ചെത്തിയിരിക്കുന്ന ഈ

വിചിത്രജന്തുവിനെ കാണാൻവന്നിരിക്കുന്നു. അവരിൽ പലരേയും ഞാൻ അസ്പഷ്ടമായേ അറിയുകയുള്ളു. ചിലർ ഉററബന്ധുക്കളാണെങ്കിൽ മററു ചിലർ ഇന്നലെവരെ ശത്രുക്കളായിരുന്നു. അവർ ഓരോരുത്തരോടും ഏതുവിധം പെരുമാറും? സ്ഥിതിഗതികളെപ്പററി അപ്പൻ ചെവിയിൽ മന്ദമായി മന്ത്രിക്കും. അപ്പോൾ എൻെറ ചിരിവികസിക്കും, അല്ലെങ്കിൽ അമന്നടയും. അങ്ങനെ ഒരുതരം ഘോഷയാത്ര. എങ്ങനെനോക്കിയാലും ജീവിതം വിചിത്രംതന്നെ.

അദ്ധ്യായം 8


## ബഹളത്തിന്നിടയ്ക്കു്

ജെനീവാ, 1954

ഒരാളുടെ സാമുദായികവും, വ്യക്തിപരവുമായ ജീവിതങ്ങൾ പലപ്പോഴും വിഭിന്നമായ ചക്രവാളങ്ങളെ ലാക്കാക്കി പ്രയാണം ചെയ്യുന്നതുപോലെ തോന്നുന്നു; മററു ചിലപ്പോൾ, അവ ഏതോഅദൃശ്യമായ ശക്തിയുടെ ആകർഷണംകൊണ്ടു് അടുത്തടുത്തു വന്നു് യോജിക്കുന്നതുപോലെയും അനുഭവപ്പെടുന്നു. ഈ യോജിക്കുന്ന അവസരങ്ങളിലാണു് സുഖത്തിൻെറ ഇരിപ്പിടമെന്നു വിശ്വസിക്കുന്നതു് താക്കികദൃഷ്ട്യാ ആശ്വാസമായിരിക്കാം; പക്ഷേ, ഒരു വ്യക്തിയുടെ അനുഭവത്തിൽ, വെളിയിലുള്ള ജീവിതവുമായി തൻെറ ജീവിതത്തിന്നു് പൊരുത്തമില്ലയെന്നുള്ള വിചാരം എല്ലായ്പ്പോഴും സന്തോഷത്തിനു ഹാനികരമായിക്കൊള്ളണമെന്നില്ല.

താത്വികമായ ഈ വിചാരശകലങ്ങൾ, ജെനീവാ കായലിൻെറ കരയ്ക്കുകൂടി കാറോടിച്ചു കൊണ്ടുപോകുമ്പോൾ, എന്നെ ഇടയ്ക്കിടയ്ക്കു് ബാധിക്കാറുണ്ടു്. ബഹളം—പ്രത്യേകിച്ചു്, രാഷ്ട്രീയമായ ബഹളം—ചുററും ആപ്പുവിളിക്കുന്നതുപോലെ ചിലപ്പോൾ തോന്നും. ഹോട്ടൽ മെട്രോപോളിൻെറ മുമ്പിൽ റഷ്യൻപ്രതിനിധികളുടെ മുഖംകാണാൻ ആളുകൾ ഉത്സുകരായി കാത്തിരിക്കും; അവിടവിടെ പട്ടാളക്കാർ കാവൽനില്ക്കുകയും. പ്രതിനിധികളുടെ കാറുകൾമാത്രം 'പാക്കു്' ചെയ്യുന്നതിന്നു് ഒട്ടധികം സ്ഥലം ഒഴിച്ചുവെയ്ക്കുകയും ചെയ്തിരിക്കുന്നതു കാണുമ്പോൾ, 'വലിയ രാഷ്ട്രീയശക്തി'കളുടെ സമ്മേളനപരമ്പരകളെ


അവഗണിക്കാൻ ആക്കും സാധിക്കുകയില്ല. ലോകത്തിലെ പത്രപ്രതിനിധികളെല്ലാം ജെനീവായെ ആക്രമിച്ചിരിക്കുന്നതുപോലെ തോന്നുന്നു; അവരുടെ കല്പനാശക്തിക്കനുസരിച്ച്, ഈഡനും, മൊളൊട്ടോവും, ബീഡോയും, ചൗ എൻ ലായും ഒരു സംഭാഷണത്തിൽനിന്ന് മറെറാരു സംഭാഷണത്തിലേയ്ക്ക് അതിവേഗം പായുന്നതുപോലെ പ്രത്യക്ഷപ്പെടുന്നു. കൊറിയയും, ഇൻഡൊചൈനയും, പത്രങ്ങളിലും, പൊതുജീവിതത്തിലും മറെറല്ലാററിന്റെയും സ്ഥാനം പിടിച്ചിരിക്കുന്നതുപോലെ തോന്നുന്നു. എങ്കിലും അവരുടെ പ്രയാണങ്ങൾ ജെനീവാ തടാകത്തിലെ തിരമാലകളുടെ ഇളക്കത്തിനെ അല്പംപോലും ബാധിച്ചിട്ടില്ല; അതിനു നടുക്കുള്ള 'ഫൗണ്ടൻ' പഴേ ഊർജ്ജിതത്തോടുകൂടി ജലകണങ്ങളെ ചുററും വിതറിക്കൊണ്ടിരിക്കുന്നു. അകലെ, ചുററും, നിശ്ചഞ്ചലമായ കുന്നിൻനിരകൾ എന്നും ജെനീവാനഗരത്തെ നിഷ്പക്ഷദൃഷ്ട്യാ നോക്കിക്കൊണ്ടു നില്ക്കുന്നു. ഇതിനെല്ലാമിടയ്ക്ക് ബാലന്മാർ അലസരായി ചൂടുകാലത്ത് ആവിർഭവിച്ച 'ഐസ്ക്രീം' കടകളുടെചുറ്റും വലയം ചെയ്തുകൊണ്ടിരിക്കുന്നു. വെളിയിലുള്ള ഈ ബഹളങ്ങൾക്കിടയ്ക്ക് സാധാരണ മനുഷ്യരുടെ ജീവിതം എങ്ങനെ? അവരവരുടെ നിത്യവൃത്തിയിൽ വ്യാപൃതരായി കുടുംബങ്ങളേയും മററു് അടുത്ത സ്നേഹിതന്മാരേയും കേന്ദ്രമാക്കി അതു മന്ദമെങ്കിലും അനിവാര്യമായി മുന്നോട്ടുപോകുന്നു. എമ്പാടും ജോലി, അതിലുള്ള സംതൃപ്തിയും, വിജയവികാരവും, അടങ്ങിയ നിഷ്പ്രയാസമായ ജീവിതം ചിലക്ക്; മററുചിലക്ക് അസ്ഥിരവും ചിലപ്പോൾ തീരെ അപ്രത്യക്ഷമാവുന്നതുമായ, ജോലി അതിൽനിന്നു് ഉത്ഭവിക്കുന്ന ക്ലേശവും ആശാഭംഗവും നിറഞ്ഞ ജീവിതം. ഇതിന്റെയെല്ലാം പശ്ചാത്തലമായി ക്രമാനുസൃതം ഉദിച്ചസ്ത




ജനീവാകായലും ഫൗണ്ടനും




രാജ്യങ്ങളുടെ കൊട്ടാരം



ജനീവാകായലിൻെറ ഒരുഭാഗം

നടുക്കു് റൂസ്സോദ്വീപും മോംബ്ളാപാലവും

മിക്കുന്ന സൂര്യൻ; കാലഭേദത്തിനനുസരിച്ചു് മാറുന്ന പ്രകൃതി; ആശകളെ ഉല്ലാദിപ്പിക്കുന്ന വെയിൽ; അവയെ മങ്ങിപ്പിക്കുന്ന മഴയും, ഇരുൾച്ചയും, ഓജസ്സും, ചൊടിചൊടിപ്പുമുള്ള വസന്തം; ചൂടുള്ള ദീർഘകാലമായ ഗ്രീഷ്മം; ക്ഷയിച്ചു് ഇലപൊഴിഞ്ഞു വരുന്ന ശരൽക്കാലം; ഒരു കാലചക്രം അവസാനിക്കാറായി തണുത്തുമരവിച്ച ഹേമന്തം—ഇങ്ങനെ വിവിധമായ വിശ്വത്തിൻെറ വശങ്ങൾ. വിശാലമായ വിശ്വത്തിനേയും, അതിൻെറ ഒരററത്തു ജനിച്ചുവളൎന്നു് അസ്തമിക്കുന്ന വ്യക്തിയേയും താരതമ്യപ്പെടുത്തി നോക്കുമ്പോൾ, രണ്ടു വിഭിന്നവിചാരങ്ങൾ ഉത്ഭവിക്കുന്നു; ജീവിതം ശാശ്വതമോ, ക്ഷണഭംഗുരമോ? ഈ നിമിഷം,—ഇതുപോലെയുള്ള നിമിഷം—എന്നും ഉണ്ടായിരുന്നു, ഉണ്ടായിരിക്കും; നിമിഷം വിശ്വത്തിൻെറ അടിസ്ഥാനങ്ങളിൽ ഒന്നാണു്, വേറൊരുവിധം നോക്കുകയാണെങ്കിൽ, അതു ക്ഷണഭംഗുരം, പാറിപ്പറന്നുപോകുന്നു, തിരമാലകളിൽ പ്രതിബിംബിച്ചുകാണുന്ന മേഘശകലങ്ങളെപ്പോലെ അത്ര വേഗം മാറിമറഞ്ഞുകളയുന്നു. ഒരു പക്ഷേ, ഇങ്ങനെ അതിവേഗം പായുന്ന ഒന്നിനുപുറകെ ഒന്നായി മാറുന്ന വ്യക്തിസമൂഹത്തിൽക്കൂടി ഒരു തുടർച്ചയും, ശാശ്വതവുമായ വെളിച്ചവും, മനുഷ്യർ കാണിക്കുന്നുണ്ടായിരിക്കാം.

ഏതായാലും വീണ്ടും വ്യക്തിയിലേയ്ക്കു വരിക; ഏതു ബഹളത്തിനിടയ്ക്കും, സംഭവങ്ങളും, അനുഭവങ്ങളും, ആർക്കും ആത്മപരമായ പരിചയമായേ പ്രത്യക്ഷപ്പെട്ടുവല്ലോ. അതുകൊണ്ടു് ജെനീവായിലെ ഒരു സാധാരണ വ്യക്തിയുടെ ഒരാഴ്ചത്തെ ജീവിതത്തിലേയ്ക്കു കടക്കുക:

ശനിയാഴ്ച: വൈകുന്നേരം ജെനീവാ എയറോഡ്രോമിൽ പോയി, ലണ്ടനിൽ നിന്നു വരുന്ന ശ്രീ. വി. കെ.

നാരായണമേനോനേയും, പാരീസിൽനിന്നും വരുന്ന ശ്രീ. വി. കെ. കൃഷ്ണമേനോനേയും കാത്തു കുറേനേരം ഇരുന്നു. വിഭിന്നന്മാരായ ഈ രണ്ടു 'വി. കെ. മേനോന്മാർ' പ്രത്യേക രണ്ടു കാലഘട്ടങ്ങളിലാണു് എൻെറ ജീവിതവുമായി കൂട്ടിമുട്ടിയതു്. നാരായണമേനോനെ ഞാൻ ആദ്യം പരിചയപ്പെട്ടതു് തിരുവനന്തപുരം കോളേജിൽ വെച്ചായിരുന്നു; വടക്കൻഭാഷയും, കൃശമായ ശരീരവുംകൊണ്ടു് ഓണേഴ്സ് ക്ലാസ്സിൽ കേറിവന്നപ്പോൾ, അദ്ദേഹം സ്വാഭാവികമായിട്ടായിരിക്കാം, ഏതാണ്ടു് അതേ ആകൃതിയിലുള്ള എൻെറ അടുത്തുവന്നിരുന്നു. അപ്പോൾമുതൽ ഞങ്ങൾ തമ്മിൽ ഉണ്ടായിരുന്ന ഭൗതികമായ അടുത്തബന്ധം അചിരേണ സൗഹാർദ്ദമായ സ്നേഹബന്ധമായിത്തീൎന്നു. പിന്നീടു് അദ്ദേഹം ഉപരിവിദ്യാഭ്യാസത്തിനായി ലണ്ടനിൽ വന്നപ്പോൾ, ഞാൻ എതിരേൽക്കാൻ അവിടെ കപ്പലും കാത്തു തുറമുഖത്തു് തയ്യാറായിരുന്നു. അദ്ദേഹം എഡിൻബറോയിലേക്കു മാറിയപ്പോൾ, സന്തോഷസാമ്പന്നിതമായ ഒരു മദ്ധ്യവേനൽക്കാലം ഞങ്ങൾ ഒരുമിച്ചു് അവിടെ കഴിച്ചു. എൻെറ മാററംമറിച്ചിലുകളെല്ലാം കഴിഞ്ഞു് വീണ്ടും ഏതാണ്ടു് പത്തുവർഷത്തിനുശേഷം, ഞാൻ ലണ്ടനിൽ ചെന്നുകൂടിയപ്പോൾ ആ പഴയ സ്നേഹിതന്മാരിൽ നാരായണമേനോൻ മാത്രമേ, എന്നെ എതിരേല്ക്കാൻ അവിടെ ഉണ്ടായിരുന്നുള്ളു. ആ കാലങ്ങളും മാററങ്ങളുമെല്ലാം, ഞാൻ അദ്ദേഹത്തിനോടു കുശലപ്രശ്നം ചെയ്തുകൊണ്ടു് എയറോഡ്രോമിലെ മേശയ്ക്കുചുററുമിരുന്നപ്പോൾ ആലോചിക്കുകയായിരുന്നു. അന്നു് ഇരുപത്തിയാറു വർഷങ്ങൾക്കുമുമ്പു് ആദ്യം ഞങ്ങളുടെ ജീവിതപാതകൾ ഒത്തുകൂടിയപ്പോൾ, ജെനീവായിൽ ഈ സമയത്തു വീണ്ടും വന്നുചേരുമെന്നു് ആരു വിചാരിച്ചിരുന്നു! നാരായണ

മേനോൻ ഇന്നു് ഇന്ത്യയിലെവിടെയോ ഒരു വലിയ ഉദ്യോഗസ്ഥനാണു്; പക്ഷേ, അഥവാ, അതുകൊണ്ടായിരിക്കാം, കഷണ്ടി അദ്ദേഹത്തിനെ സാവധാനത്തിലെങ്കിലും ദൃഢമായി മേലോട്ടു ബാധിച്ചുകഴിഞ്ഞിരിക്കുന്നതു്. അദ്ദേഹം വീണ്ടും അപ്പോൾത്തന്നെ ഇന്ത്യയിലേയ്ക്കു പോവുകയായിരുന്നു; മററു സ്നേഹിതന്മാരുടെയിടയ്ക്കു് ഞാനും, ഞങ്ങളുടെ പൊതുവേയുള്ളകാര്യങ്ങളേയും, ആളുകളേയുംപററി പതുക്കെപ്പതുക്കെ പറയുവാൻ ഭാവിച്ചപ്പോഴേയ്ക്കും പുതിയതായി വന്നിറങ്ങിയ ഒരു വിമാനത്തിൻെറ സ്ഥലത്തുനിന്നും ഒരു ആരവം കേൾക്കാറായി.

അതു് ശ്രീ. വി. കെ. കൃഷ്ണമേനോൻെറ പുറപ്പാടായിരുന്നു. രണ്ടു വടിയുടെ സഹായത്തോടുകൂടി, അമ്പാസിഡർസംഘത്താൽ അനുഗതനായി പത്രപ്രതിനിധികൾ വലയംചെയ്തു്, കൃഷ്ണമേനോൻ കാണപ്പെട്ടു. ഇന്നു കൃഷ്ണമേനോൻ ലോകപ്രസിദ്ധനാണു്; ലോകത്തിലെ വെളിച്ചമെല്ലാം എയറോഡ്രോമിൽ വന്ന ഫോട്ടോഗ്രാഫേഴ്സിന്റെ വിദ്യുച്ഛക്തിവെളിച്ചംപോലെ, അദ്ദേഹത്തെ ഉജ്ജ്വലനാക്കുന്നു. പക്ഷേ, ഞാൻ ആദ്യം ഇരുപതുവർഷത്തിനു മുമ്പു് അദ്ദേഹത്തിനെ ലണ്ടനിൽ കണ്ടപ്പോൾ ഉണ്ടായിരുന്ന രൂപത്തിനും പ്രകൃതത്തിനും യാതൊരു വ്യത്യാസവുമില്ല; കാലം അദ്ദേഹത്തിൻെറ അസാമാന്യമായ ബുദ്ധിവൈഭവത്തേയും സ്വാത്മത്യാഗത്തേയും ലോകത്തിനു കാണിച്ചുകൊടുത്തു എന്നുമാത്രം. ചുററുംകൂടിയ പത്രപ്രതിനിധികളോടു്, "എനിക്കു് അറിഞ്ഞുകൂടാ," എന്ന വിലയേറിയ വാർത്താശകലം പ്രദാനംചെയ്തിട്ടു് അടുത്തുള്ള ഇന്ത്യൻസുഹൃൽസംഘത്തെ അല്പാല്പം അഭിവാദ്യം ചെയ്തുകൊണ്ടു് കൃഷ്ണമേനോനും അതോടുകൂടി തുടരെയുള്ള ആ

ഘോഷയാത്രയും അപ്രത്യക്ഷമായി; ഞാൻ താമസിയാതെ വീട്ടിലേയ്ക്കും.

ഞായറാഴ്ച: ജോലിചെയ്യുന്നതിന്ന മിതമായ ഒരു രസം എനിക്കു ദൈവം അനുഗ്രഹിച്ചുതന്നിട്ടുണ്ടെങ്കിലും, പ്രത്യേകിച്ചുള്ള ജോലിയൊന്നും അഭിമുഖീകരിക്കേണ്ടാത്ത ഞായറാഴ്ചദിവസത്തിൻെറ മഹിമയുടെ മാററു് ഒന്നു വേറെതന്നെ. അലസനായി കിടക്കയിൽ കിടന്നുകൊണ്ടു് എന്തുചെയ്യണമെന്നു് ആലോചിക്കാൻതന്നെ കുറേസമയമെടുത്തു. ജെനീവാ ഇന്ത്യൻസമാജത്തിൻെറ അദ്ധ്യക്ഷനെന്നനിലയ്ക്കു് ശ്രീ. കൃഷ്ണമേനോനു് ഒരു സ്വീകരണം കൊടുക്കേണ്ടതായിട്ടുണ്ടു്; പക്ഷേ, അദ്ദേഹം മൊളൊട്ടോവ് പ്രഭൃതികളോടുള്ള പ്രഭാഷണത്തിൽ ഏർപ്പെട്ടിരുന്നതുപോലെ തോന്നി; അതുകൊണ്ടു് എൻെറ സന്ദേശം കൊടുത്തു് ഞാൻ തൃപ്തിയടഞ്ഞു.

ജെനീവാതടാകത്തിൽനിന്നുയന്നു മേലോട്ടു രണ്ടുവശത്തേയ്ക്കും പോകുന്ന കുന്നിൻചെരുവുകളിൽ ഒന്നിലാണു് ഞങ്ങളുടെ 'ഫ്ളാററു'പോലെ അൻപത്താറു ഫ്ളാററുള്ള ഈ കെട്ടിടം സ്ഥിതിചെയ്യുന്നതു്. ആറാമത്തെ നിലയിലുള്ള ഈ ഫ്ളാറ്റിലെ അടുക്കളയിലിരുന്നു നോക്കിയാൽ അങ്ങേയറ്റത്തു് കുന്നിൻനിരകളും അതിനിടയ്ക്കു് സുപ്രസിദ്ധമായ ജെനീവാസമ്മേളനംകൂടുന്ന രാഷ്ട്രങ്ങളുടെ കൊട്ടാരവും (Palais Des Nations) കുറേക്കൂടി അടുത്തു് അച്ഛിന്നമായി പൊഴിഞ്ഞുകൊണ്ടിരിക്കുന്ന ഫൗണ്ടനും കാണാം. ഞാൻ രാവിലത്തെ ആഹാരം കഴിച്ചുംകൊണ്ടു് ആ വെളിയിലത്തെ കാഴ്ചയിലേയ്ക്കു നോക്കി. താഴെ അടുത്ത കെട്ടിടത്തിൻെറ മുമ്പിലുള്ള മുററത്തും, അടുത്തു് ഒരു പാർക്കായി മാറ്റിയിരുന്ന അങ്കണത്തിലും കുട്ടികൾ പലവിധത്തിലുള്ള കളിയിൽ ഏർപ്പെട്ടിരുന്നു. അകലെയുള്ള

ആ രാഷ്ട്രങ്ങളുടെ കൊട്ടാരത്തിൽ നടക്കുന്ന ആ വമ്പിച്ച സമ്മേളനത്തെപ്പററി അവക്കെന്തറിയാം? എങ്കിലും ആ സമ്മേളനത്തിൻെറ ഭവിഷ്യത്തുകൾ അവരുടെ ജീവിതത്തെ ഒരുതരത്തിലല്ലെങ്കിൽ, വേറൊരുതരത്തിൽ സാരമായി ബാധിക്കും.

തിങ്കളാഴ്ച: വീണ്ടും അനിവാര്യമായ തിങ്കളാഴ്ചയും അതോടുകൂടിവരുന്ന ആഫീസ്ജോലിയും. എൻെറ ആഫീസ്, രാഷ്ട്രീയസമ്മേളനം കൂടുന്ന കൊട്ടാരത്തിനു് അടുത്തായതുകൊണ്ടു് അങ്ങോട്ടു പോകുമ്പോൾ, എനിക്കു സമ്മേളനത്തിൻെറ സാമീപ്യം സിദ്ധിക്കുന്നു എന്ന മിഥ്യമായ വിചാരം. വാസ്തവത്തിൽ എൻെറ ആഫീസുജോലി ഏകസ്വരത്തിലുള്ള ഒരു സംഗീതംപോലെയാണു്. ഈ ജോലിക്കിടയ്ക്കുള്ള ആഫീസിലെ സുഹൃൽസംഘങ്ങളുമായുള്ള സമാഗമങ്ങളും, സംഭാഷണങ്ങളും അതിനു ചില ചില്ലറ നിറപ്പകിട്ടുകൾ കൊടുക്കുന്നു എന്നുമാത്രം. എന്റെ ആഫീസിൽനിന്നു നോക്കിയാൽ, കായലും അതിന്റെ അങ്ങേക്കരയ്ക്കു് എൻെറ വീടു സ്ഥിതിചെയ്യുന്ന ഭാഗത്തുള്ള പാതയും മേല്പോട്ടുള്ള കുന്നിൻചെരുവുകളും കാണാം. ആ പാതയിൽക്കൂടി കാറു് ഓടിപ്പോകുന്നതു ദൂരെനിന്നു നോക്കുമ്പോൾ ഒരുതരം ജീവികൾ ഇഴയുന്നതുപോലെ തോന്നും. അതും, ഇളകുന്ന കായലിൽത്തട്ടി മിന്നുന്ന തിളക്കവും നോക്കിനില്ക്കാൻ ബഹുരസം. ഉച്ചയ്ക്കുള്ള വിശ്രമവേളയിൽ ആഫീസിൽ സ്നേഹിതന്മാരൊന്നിച്ചുള്ള ഭക്ഷണവും, സൈ്വരസല്ലാപവും; വൈകുന്നേരം ജോലിചെയ്യുന്ന മുറിയിൽ ചായയും—ശാരീരികമായി ഈ സുഖങ്ങൾ നേടുന്നതോടുകൂടി, അവയ്ക്കു് അടിസ്ഥാനാവശ്യമായ പ്രവൃത്തി ചെയ്തുതീക്കുക. ഇന്നു് ആറുമണിക്കു വീട്ടിലേയ്ക്കു പോകാൻ ആഫീസിനു വെളിയിൽവന്നപ്പോൾ അവിടെ

അകലെ കാവൽനില്ക്കുന്ന പട്ടാളക്കാരുടെയിടയിൽ ഒരു ബഹളം; കൊട്ടാരത്തിൽനിന്നു സമ്മേളനവുംകഴിഞ്ഞു് ഈഡൻ തിരിയെ പോവുകയാണു്. ആ യാത്രയ്ക്കു മുന്നറിവു കൊടുക്കാൻ വരിവരിയായി അവിടവിടെ നില്ക്കുന്ന പട്ടാളക്കാർ 'വിസ്സിൽ' വിളിക്കുന്നു; അപ്പോഴേയ്ക്കും മററു ഗതാഗതങ്ങൾ അവർ തടയും; ഈഡനു് വാഹനങ്ങളുടെ ബാധയില്ലാതെ സ്വൈരമായി അദ്ദേഹത്തിൻെറ വസതിയിൽ എത്തിച്ചേരുകയും ചെയ്യാം. അതിനിടയ്ക്കു കാറിൽ ചിരിച്ചുകൊണ്ടു് അടുത്തിരുന്ന മാന്യനോടു് എന്തോ സംസാരിച്ചുകൊണ്ടിരിക്കുന്ന ആ രംഗം എന്നെപ്പോലെ തടഞ്ഞുനിർത്തിയ കാണികൾക്കു് അദ്ദേഹം സംഭാവന ചെയ്യുകയും ചെയ്തു.

ചൊവ്വാഴ്ച: ഇവിടെ ആണ്ടുതോറും നടക്കാറുള്ള സർവ്വരാജ്യതൊഴിലാളിസമ്മേളനത്തിൽ പങ്കുകൊള്ളാൻ പലരും വരാറുണ്ടു്. ഈ കൊല്ലം അവരുടെ കൂട്ടത്തിൽ എൻെറ പഴയ സ്നേഹിതൻ സ്വാമിനാഥനും വന്നുചേർന്നു. അദ്ദേഹത്തിനെ ഞാൻ സാധാരണ സ്വീകരിക്കാറു് ടെലിഫോൺവഴിയാണു്. ഈ സ്ഥലം സുപരിചിതമായിത്തീർന്നിരിക്കുന്ന അദ്ദേഹത്തിനു് എൻെറ പക്കൽനിന്നും യാതൊരു സഹായങ്ങളും ആവശ്യമില്ല. എങ്കിലും അദ്ദേഹം എൻെറ ബോംബെ സുഹൃത്തുക്കളെപ്പററി ഒരുപടി വാർത്തകൾ വരുന്ന വർഷങ്ങളിലെല്ലാം കൊണ്ടുവരും. ഞങ്ങൾ അവരെപ്പററി സംസാരിക്കുന്നതു്, അത്താഴത്തിനൊന്നിച്ചു കഴിച്ചു. പിന്നീടു് എൻെറ ഒരു സഹ ഉദ്യോഗസ്ഥൻ ശ്രീ. ജൈൻെറയവിടെ അത്താഴംകഴിഞ്ഞുള്ള 'കാപ്പി'ക്കുകൂടി. അവിടെ, ഒരു അപരിചിത, ശ്രീമതികമലാചൗധരി; അഹമ്മദബാദിൽ, ടെക്സ്റ്റയിൽ ഗവേഷണ സ്ഥാപനത്തിലെ ഒരു വകുപ്പിൻെറ മേലാവു്. പറഞ്ഞു

വന്നപ്പോൾ എൻെറ അഞ്ചുകൊല്ലത്തെ അഹമ്മദബാദ് ജീവിതത്തിൽ പരിചിതരായ എല്ലാ മില്ലുടമസ്ഥന്മാരേയും, ആ മഹിളയ്ക്ക് അസ്സലായറിയാം. പിന്നെ ഞങ്ങളുടെ സംഭാഷണം അവരുടെ ഓരോരുത്തരുടേയും കുററങ്ങളേയും കുറവുകളേയും അഥവാ മേന്മയേയും മഹിമയേയുംപററി ആയിരുന്നു എന്നു പറയണമെന്നില്ലല്ലോ. ജൈൻെറ പാനീയങ്ങൾ അല്പാല്പം അകത്തേയ്ക്കു ചെന്നപ്പോൾ അതിൻെറ ലഹരിയും എൻെറ അഞ്ചുവർഷത്തെ ഗുജറാത്തുസ്മരണകളുംകൂടി ഇടകലന്ന് ഞാൻ അങ്ങ് ഉയന്ന വിഹായസ്സിലെവിടെയോ, ചരിക്കുന്നതുപോലെ തോന്നി. വീണ്ടും ഞാൻ വീട്ടിലേയ്ക്കു പുറപ്പെട്ടപ്പോൾ ഇൻഡ്യയിലെ എന്റെ ഔദ്യോഗികജീവിതത്തിലെ രണ്ടു പ്രധാന അദ്ധ്യായങ്ങളായ അഹമ്മദബാദിനേയും ബോംബെയേയും പററി ആലോചിക്കുകയായിരുന്നു. ആ സ്ഥലങ്ങളിൽ രണ്ടിൽനിന്നും വാത്താശകലങ്ങൾകൊണ്ടുനിറഞ്ഞ ഈ ചൊവ്വാഴ്ച വേറെ എല്ലാചൊവ്വാഴ്ചകളേക്കാൾ മേലെയാണെന്നെനിക്കനുഭവപ്പെട്ടു.

ബുധനാഴ്ച: ശ്രീ. വി. കെ. കൃഷ്ണമേനോനുവേണ്ടിയുള്ള സ്വീകരണം. ഇന്നു വൈകുന്നേരം ലാബെർഷറിയിൽ ഒരു ചായസല്ക്കാരമായിട്ടാണ്. അതിനു ക്ഷണം സകല ഇൻഡ്യാക്കാർക്കും കിട്ടിയോ എന്നുള്ളതിനെപ്പററിയുള്ള ഉൽക്കണ്ഠ. വന്നില്ലെങ്കിലും ക്ഷണം കിട്ടണമെന്നാണ് ആളുകളുടെ നിർബ്ബന്ധം. ഒടുവിൽ സ്വീകരണം വലിയ ആർഭാടമൊന്നുമില്ലാതെ കഴിഞ്ഞു. കൃഷ്ണമേനോൻ പ്രസംഗം ഒന്നും ചെയ്യുകയില്ലെന്നു ശപഥംചെയ്തുകൊണ്ടാണു വന്നതെങ്കിലും ഒടുവിൽ പ്രസംഗിക്കുകതന്നെ ചെയ്തു. പണ്ട് ഞാൻ ലണ്ടനിൽ വിദ്യാത്ഥിയായി താമസിച്ചപ്പോൾ, സ്ലാൻഡിലുണ്ടായിരുന്ന അദ്ദേഹത്തിൻെറ

'ഇൻഡ്യാ ലീഗ്'' ആഫീസിൽ ചില സായംകാലങ്ങളിൽ പോകുമായിരുന്നു. അവിടെ ചായ കഴിക്കുന്നതോടൊപ്പം ഇൻഡ്യൻപത്രങ്ങളിൽ നിന്നു് ബ്രിട്ടീഷ് ദുഷ്പ്രഭുത്വത്തിനെ പ്രതിബിംബിക്കുന്ന സംഭവങ്ങൾ തേടിപ്പിടിക്കുമായിരുന്നു. അന്നു് ബ്രിട്ടീഷ്പാർലമെൻററ് മെമ്പറന്മാർക്കു് ബ്രിട്ടീഷുകാർ ഇൻഡ്യ വിടണമെന്നുള്ള ആഗ്രഹം ജനിപ്പിക്കാനുതകുന്ന കരുക്കളായിരുന്നു ഞാൻ ഇപ്രകാരം ശേഖരിച്ചിരുന്നതു്. ഈ തുച്ഛമായ സഹായത്തിനെ ആസ്പദമാക്കി 'സഹപ്രവൎത്തകൻ' എന്നു് എന്നെ അഭിധാനംചെയ്യാനുള്ള മഹാമനസ്കത അദ്ദേഹത്തിനുണ്ടായി. പക്ഷേ, ഞാൻ എൻെറ ലണ്ടൻദിവസങ്ങളെ ഓൎമ്മിക്കുമ്പോൾ കൃഷ്ണമേനോൻ പ്രധാനമായി പ്രത്യക്ഷപ്പെടുന്നതു് സെൻ പാൻക്രാസ് ആശുപത്രിയിലെ ഒരു രോഗിയായിട്ടാണു്. അവിടുത്തെ ബറോയിലെ കൗൺസിലറായിരുന്ന അദ്ദേഹം സുഖക്കേടായിക്കിടന്ന ആ കാലത്തു് ഞാൻ മിക്കവാറും എന്നും പോയി കാണുമായിരുന്നു. അതിൽപ്പിന്നീടു് ഞങ്ങൾതമ്മിലുള്ള സൗഹാൎദ്ദം കുറെ വൎദ്ധിച്ചുവരികയുംചെയ്തു. ജീവിതത്തിനോടു പലതരത്തിൽ മല്ലിട്ടിട്ടുള്ള ഒരാളാണു് കൃഷ്ണമേനോൻ. അന്നു് മരണത്തിനോടു മല്ലിട്ട ആ സമയം ഇപ്പോൾ അദ്ദേഹം ഓൎക്കുന്നുണ്ടോ എന്നു ഞാൻ അത്ഭുതപ്പെടുകയായിരുന്നു. പക്ഷേ, അപ്പോഴേയ്ക്കും അദ്ദേഹത്തിൻെറ പ്രസംഗംകഴിഞ്ഞു.

വ്യാഴാഴ്ച: ഇന്നു ബേണിലേയ്ക്കു കാറിൽപ്പോയി. നൂറുമൈലിൽക്കൂടുതലുള്ള ഈ ദൂരം മൂന്നുമണിക്കൂറോളം സമയംകൊണ്ടുകടന്നു് അവിടെ ഉച്ചഭക്ഷണത്തിനുമുമ്പെത്തി. വഴിയിൽ പച്ചപ്പാടങ്ങളും, കൊയ്തു കററയായി അടുക്കിയിരുന്ന വൈക്കോൽക്കൂട്ടങ്ങളും കാണാൻ വളരെ കൗതുകം. ബേണിൽ ഒരു അന്തർരാഷ്ട്രീയപാചക—യാത്രാ

പ്രദശ്നനം നടക്കുന്നുണ്ട്; അതിൽ ഒരു ഇൻഡ്യൻ ദേശീയദിനം ആഘോഷിക്കുന്നതിൽ പങ്കുകൊള്ളാനാണു് എന്റെ ഈ പാച്ചൽ. അവിടെച്ചെന്നപ്പോൾ, രണ്ടുമൂന്നു 'സാരി'കൾ അടക്കം, ഞങ്ങൾ ഒരുഡസൻ ഇൻഡ്യക്കാരേ ഉണ്ടായിരുന്നുള്ളു. എങ്കിലും ഇൻഡ്യൻ അമ്പാസഡറുടെ സാന്നിദ്ധ്യത്തിൽ ഇൻഡ്യൻപതാക ഉയർത്തി; സ്വിസ്സ്ബാൻഡ് "ജനഗണമന" ഭംഗിയായി ആലാപിച്ചു; ആ വിശാലമായ പ്രദശ്നസ്ഥലത്തു കൂടിയിരുന്നവർ അപ്രകാരം ഇൻഡ്യൻദിനം ആചരിച്ചു. പല ദേശീയ പാചകശാലകളും ഒരു ഊക്കൻ അന്തർരാഷ്ട്രീയപാചകശാലയും കൂടാതെ അനവധിവിനോദസ്ഥലങ്ങളും അകത്തു യാത്രചെയ്യുന്നതിനു് ഒരു പ്രത്യേക തീവണ്ടിയും ഈ പ്രദശ്നത്തോട്ടത്തിലുണ്ടു്. പക്ഷേ, ഞാൻ മിശ്രമായ ഒരു ഭക്ഷണവുംകഴിഞ്ഞു്, ഇൻഡ്യൻ പവിലിയൻ (ശാല) കാണാൻപോയി; അതിന്റെ സ്രഷ്ടാവും, രക്ഷകനും, പ്രവത്തകനും ആയ മാന്യൻ എന്റെ സ്നേഹിതനായ 'മധുക്കർ' അല്ലാതെ വേറെ ആരുമായിരുന്നില്ല. വാസ്തവത്തിൽ മധുക്കറെ സഹായിക്കാൻ ഞങ്ങൾ ഒത്തൊരുമിച്ചു നിശ്ചയിച്ചതായിരുന്നു ഈ ഇൻഡ്യൻദിനം; ആ ശാലയ്ക്കകത്തു കടന്നപ്പോൾ ഈ പ്രത്യേക ഇൻഡ്യൻദിനം അദ്ദേഹത്തിനു് എത്രത്തോളം സഹായകമായിത്തീൎന്നു എന്നു ഞാൻ പൂൎവ്വാധികം അത്ഭുതപ്പെട്ടു. ഒരു കോണിൽ സാരി അണിയിച്ച ഒരു യൂറോപ്യൻഭൃത്യയും മറുവശത്തു് ചുമന്ന തലപ്പാവുധരിച്ച ഒരു സായിപ്പും ആഗതരെ സല്കരിക്കാൻ തയ്യാറു്; പക്ഷേ, ആഗതരോ അപൂൎവ്വമായി രണ്ടുംമൂന്നും തവണയായി ചുരുക്കം ചിലർ മാത്രമേ വന്നുകേറിക്കൊണ്ടിരുന്നുള്ളു. കഴിഞ്ഞ ഇരുപതുകൊല്ലമായി ജീവിതായോധനത്തിനുവേണ്ടി മധുക്കർ പല വിദ്യകളും സ്വിസ്സ

കാരുടെ ഇടയിൽ ചെസ്സുനോക്കിയിട്ടുണ്ട്. അതിൽ ഒന്നെങ്കിലും വിജയകരമായിത്തീൎന്നിരുന്നെങ്കിൽ അദ്ദേഹത്തിന്റെ ആശാകോടികൾ സഫലമാകുമായിരുന്നു; പക്ഷേ...?

സന്ധ്യയായപ്പോൾ ഞങ്ങൾ ബേൺവിട്ടു. എന്റെ സ്നേഹിതൻ കാറു് അതിവേഗം ഓടിക്കാൻതുടങ്ങി. കാറിന്റെ വേഗത 100–110 കിലോമീറ്ററായി വർദ്ധിക്കുമ്പോൾ എന്റെ അന്ധാളിപ്പും അതോടൊപ്പം വദ്ധിച്ചുവന്നു. അതിനിടയ്ക്കു് രണ്ടുവശത്തുനിന്നും വന്നടിച്ച തണുത്ത കാററു് എന്റെ പേടിയെ വേറൊരു വഴിക്കുതിരിച്ചു.

വെള്ളിയാഴ്ച: വെളിയിൽ ലോകത്തിനെയാകെ ബാധിക്കുന്ന സംഭവങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ഇൻഡോചൈനയിൽ യുദ്ധവിരാമംവരുത്താനുള്ള നിരന്തരമായ ആലോചനകൾ സമാധാന നിയന്ത്രണസമിതിയുടെ ഘടന, വ്യാപ്തി ഇവയെ സംബന്ധിച്ചു അവസാനമില്ലാത്ത വാഗ്വാദങ്ങൾ, ഇവയൊന്നും നിർഭാഗ്യവശാൽ സാധാരണയുള്ള ഒരു സുഖക്കേട്—പനി—എന്നെ ബാധിക്കുന്നതിനു ബാധകമായി തീൎന്നില്ല. ഇന്നു രാവിലെ എഴുന്നേററപ്പോൾ മൂക്കടഞ്ഞു്, നെഞ്ചിടഞ്ഞു്, ശ്വാസോച്ഛ്വാസം തടഞ്ഞു് ഞാൻ വിമ്മിഷ്ടപ്പെട്ടുകയായിരുന്നു. ഇൻഡോചൈനയിൽ നിമിഷംപ്രതിയെന്നോളം മരിച്ചൊടുങ്ങുന്ന ഭടന്മാരുടെ കഷ്ടപ്പാടിനേക്കാൾ എന്റെ തുച്ഛസുഖക്കേടിനു എനിക്കു പ്രാധാന്യം തോന്നി. വെളിയിലെങ്ങും പോകാൻ നിവൃത്തിയില്ലാതെ ഞങ്ങളുടെ 'സലൂൺ'മുറിയിലുള്ള കസേരയിൽ കിടന്നു് വെളിയിലേയ്ക്കു നിസ്സഹായനായി നോക്കുകയായിരുന്നു. അല്പമകലെയുള്ള പാൎക്കും, അവിടെ വിഹരിക്കുന്ന കുട്ടികളും എന്റെ ദൃഷ്ടിപഥത്തിൽവന്നു. ആ കാഴ്ച സ്വാതന്ത്ര്യത്തിന്റേയും സുഖത്തിന്റേയും ചിത്രമായി എനിക്കുതോന്നി.

ശാരീരികമായ യന്ത്രത്തിൻെറ എത്ര നിസ്സാരമായ തക രാറും ജീവിതത്തിനെ എത്രമാത്രം അലങ്കോലപ്പെടുത്തുന്നു, എന്നു ഞാൻ അത്ഭുതപ്പെട്ടു. ഗത്യന്തരമില്ലാതെ അടുത്തു ണ്ടായിരുന്ന വെർജീനിയാ വുൾഫിൻെറയും ആന്ദ്രേഷീ ഡിൻെറയും ദിനസരിക്കുറിപ്പുകൾ വായിക്കാൻ തുടങ്ങി. എത്ര വ്യത്യസ്തരായ എഴുത്തുകാർ. "ബ്ലൂംബ്സറി സെററി"ലെ ഒരു പ്രധാന അംഗമായ വെർജീനിയാ വുൾഫ് ഇംഗ്ലീഷ്സാഹിത്യത്തിൽ ഒരു പ്രത്യേക വെ ളിച്ചംപരത്തി. പക്ഷേ, പ്രശസ്തമായ അവരുടെ ആഖ്യാ യികകളിൽ എനിക്കു വലിയ രസമൊന്നും തോന്നിയിട്ടി ല്ല. എങ്കിലും ഓരോഗ്രന്ഥം എഴുതുന്നതിലും എത്രമാത്രം ശ്രമവും ശുഷ്കാന്തിയും ചെലവഴിച്ചിരുന്നു എന്നു് ഈ ദിനസരിക്കുറിപ്പുകൾ ദൃഷ്ടാന്തം വഹിക്കുന്നു. അവരുടെ ഏററവും പ്രശസ്തമായ 'വർഷങ്ങൾ' എഴുതിക്കഴിഞ്ഞ പ്പോൾ എന്തെന്നില്ലാത്ത നിരാശ അനുഭവപ്പെട്ടു. ആ ഗ്രന്ഥം ദുർബ്ബലമായ ജല്പനങ്ങളും വാർദ്ധക്യസഹജമായ ക്ഷീണത്തിൻെറ ഫലവും ആണെന്നു് അവർ ഒരിക്കൽ വിചാരിച്ചു; പക്ഷേ, പ്രതിക്ഷണത്തിൽ അതു പൂർണ്ണ മായി വികസിച്ച സജീവമായ ഗ്രന്ഥമാണെന്നും അവ ക്കുതോന്നി. എല്ലാ സാഹിത്യശ്രമത്തിൻെറ ഒടുവിലും ഒരുപക്ഷേ, ഇതുപോലെയുള്ള സംശയങ്ങളും ആശകളും ആയിരിക്കാം അനുഭവം. ഷീഡ് തൻെറ ജീവിതത്തിൽ കുറെ അധികം ഒച്ചപ്പാടുണ്ടാക്കിയ ആളാണ്. എങ്കിലും ഒരാൾക്കു് വീണ്ടും ജീവിക്കാനിഷ്ടപ്പെടുന്ന നിമിഷങ്ങളെ ആരാഞ്ഞു നോക്കിയപ്പോൾ യാതൊരു വികാരവും കല രാത്ത ഇന്ദ്രിയസംബന്ധമായ സുഖം നിറഞ്ഞ നിമിഷ ങ്ങളല്ലേ എന്നു് അദ്ദേഹം ഒരിക്കൽ സംശയിച്ചു; എന്നാൽ സ്വന്തമായി വീണ്ടും ജീവിക്കാൻ സാധിക്കുമെങ്കിൽ

അദ്ദേഹത്തിനു കിട്ടാൻ ഇഷ്ടപ്പെട്ടുന്ന നിമിഷമല്ലത്രേ, അവ; എന്തെന്നാൽ അവ ധാതുസംബന്ധമായ എത്രവലിയ ക്ഷോഭം ഉണ്ടാക്കിയാലും, നമ്മുടെ ആന്തരികമായ ആസ്തിത്വത്തിനെ ഒരിക്കലും ഫലപ്രദമാക്കുന്നില്ല.

ഞാൻ പുസ്തകപാരായണമുപേക്ഷിച്ച് വെളിയിലുള്ള ബാൽക്കണിയിലേയ്ക്കുപോയി. ദൂരെ ജൂറാപർവ്വതത്തിൻെറ അടിത്തട്ടിലുള്ള രാഷ്ട്രങ്ങളുടെ ഗംഭീരമായകൊട്ടാരം നിൽക്കുന്നതുകാണാം. എൻെറ ജീവിതം ഇനി ഒന്നുകൂടി ജീവിക്കാമെങ്കിൽ, അവിടെ സമ്മേളിക്കുന്ന വലിയ വീരന്മാരിൽ ഒരാളാകണമോ, അതോ, ഒരു സാധാരണ വ്യക്തിയായി, സാമാന്യജീവിതത്തിൽ സംതൃപ്തിയും, സന്തോഷവും നേടണമോ, എന്ന വ്യർത്ഥമായ ചോദ്യത്തിന് ഉത്തരംകിട്ടാൻ അങ്ങോട്ടുതന്നെ നോക്കിക്കൊണ്ടു നിന്നു.

അദ്ധ്യായം 9

## അമേരിക്കൻരംഗം

വാഷിംഗ്ടൺ
24 ഡിസംബർ 1955

ഞാൻ വാഷിംഗ്ടണിൽ വന്നിറങ്ങിയതു് എന്തുകൊണ്ടും അശുഭമായ ഒരു സമയത്താണെന്നുവേണം വിചാരിക്കുവാൻ. സകലസ്ഥലത്തും ക്രിസ്തുമസ്സിനുള്ള ബഹളമാണു്. അസഹ്യമായ തണുപ്പു്; ചുററും മഞ്ഞുവീണുകിടപ്പുണ്ടു്; റോഡിൻെറവക്കത്തു് മഞ്ഞുറഞ്ഞു് ഗ്ലാസ്സുപോലെ മിനുസമായി അങ്ങിങ്ങായി വിറങ്ങലിച്ചിരിക്കുന്നു. ഈ 'ശീതളമായ' പരിതഃസ്ഥിതിനോക്കിക്കൊണ്ടു് ഞാൻ വിക്ടോറിയാഹോട്ടലിൽ ചെന്നുചേന്നു. അവിടെ ഭക്ഷണം നാസ്തി! ക്രിസ്തുമസ്സാഘോഷം സംബന്ധിച്ചു് അടുക്കളജോലിക്കാക്കു് ഒഴിവു്! ഹോട്ടലിൽനിന്നും ഒന്നുരണ്ടു ഫർലാങ്ദൂരെ അഹോരാത്രം തുറന്നുവെച്ചിട്ടുള്ള ഒരു ഭക്ഷണശാലയുണ്ടു്. വഴുതുന്ന പാതവക്കിൽക്കൂടി രണ്ടുവടിയും ഊന്നി ഞാൻ പതുക്കെപ്പതുക്കെ അങ്ങോട്ടുതിരിച്ചു. തണുത്ത ചൂഴിക്കാററു് മുഖത്തിനെതിരായി ശക്തിയായി അടിച്ചുകൊണ്ടിരുന്നു. പാതയിൽക്കൂടി വാഹനങ്ങൾ തെരുതെരെ അതിവേഗം പാഞ്ഞുപൊയ്ക്കൊണ്ടിരുന്നതുകൊണ്ടു് പാതയുടെ ഒരു വശത്തുനിന്നു് മറേറവശത്തേക്കു് കടന്നുപോകുന്നതു് ഒരു മഹാപ്രയത്നമായി തീന്നിരിക്കുന്നു. കാർ അടുത്തുകൂടിപ്പോവുമ്പോൾ ഓടിരക്ഷപ്പെടാമെന്നു്, നടക്കാൻപോലും വിഷമമുള്ള എനിക്കു വിചാരിക്കേണ്ട ആവശ്യമില്ലല്ലോ. വാഹനങ്ങളുടെ വേഗത്തിലുള്ള വരവുകണ്ടാൽ ഗതാഗതചിഹ്നങ്ങളെ ആദരിക്കു

മെന്നു വിചാരിക്കാനും ബുദ്ധിമുട്ടാണ്. ഇങ്ങനെ ഏതാണ്ടൊരു ഭഗീരഥപ്രയത്നത്തിൻെറ ഫലമായി ഭക്ഷണശാലയിൽച്ചെന്നു തണുപ്പിനെ അകററിനിത്തുന്ന ഇരട്ടവാതില്പകളും തുറന്നു് അകത്തുപ്രവേശിച്ചു.

അമേരിക്കൻജീവിതത്തിൻെറ ഒരു ചെറിയ മാതൃക അവിടെ കാണാമായിരുന്നു. മെഷീനിൽ നാണയമിട്ടാൽ പൊന്തിവരുന്ന സുലഭമായ ഒരു നൃത്തസംഗീതം മുഴങ്ങുന്നുണ്ടു്. അതു കേട്ടുംകൊണ്ടു് അദ്ധാകൃതിയിലുള്ള ഒരു മേശയ്ക്കുചുററും, അതിനപ്പുറം അങ്ങിങ്ങായി ഇട്ടിട്ടുള്ള കസേരകളിലും ആളുകൾ ധ്രുതഗതിയിൽ ആഹാരം കഴിച്ചുകൊണ്ടിരിക്കുന്നു. ആഹാരാദികൾ ഒരേയളവിൽ വാത്തെടുത്തതുപോലെ എവിടെനിന്നോ ഇടയ്ക്കിടയ്ക്കു് അതിവേഗം പ്രത്യക്ഷപ്പെടുന്നു; ഏകരീതിയിലുള്ള വസ്ത്രധാരണംചെയ്ത വെള്ളക്കാരികൾ വിളമ്പിക്കൊടുക്കുന്നു; പിന്നിൽ നീഗ്രോസ്ത്രീകൾ പാത്രങ്ങൾ വൃത്തിയാക്കുന്നതിലും, തറ അടിച്ചുവാരുന്നതിലും വ്യാപൃതരായിരിക്കുന്നു. ആകപ്പാടെ ഒരു ബഹളം; സാവകാശത്തിൽ സംസാരിക്കാനോ ആഹാരംകഴിക്കാനോ സമയമില്ലെന്നുള്ള ഒരു പ്രതീതി....

25 ഡിസംബർ 1955

ഇവിടെ ലിഫ്ററിൽ ജോലിചെയ്യാനും, സാമാനങ്ങൾ എടുത്തുവെയ്ക്കാനും നീഗ്രോജാതിക്കാരാണ്. അവരെല്ലാം കോളേജ് വിദ്യാത്ഥികളാണത്രേ. ഇന്നു പ്രാതലിന് ഹോട്ടലിലെ ഭക്ഷണമുറിയിൽ പോയപ്പോൾ അവിടെ വിളമ്പിക്കൊടുക്കാനും ഇരുണ്ടനിറത്തിലുള്ള ഒരു 'മിശ്രജാതി'ക്കാരിയായിരുന്നു. ടാക്സിയോടിക്കാനും ഒരു നീഗ്രോവൃദ്ധയായിരുന്നു. ആകപ്പാടെ വാഷിംഗ്ടണിൽ

ജാതിസ്പർദ്ധ ഇല്ലെന്നുതന്നെ പറയണം. പക്ഷേ, നീഗ്രോ ജാതിക്കാർ പാവങ്ങളായതുകൊണ്ടു്, താണതരം ജോലികളിൽ അവർ ഏർപ്പെട്ടിരിക്കുന്നു.

ഇന്നു വാഷിംഗ്ടൺ ചുററിനോക്കാൻ പോയി. 'പൊടോമാക്ക്' (Potomac) പുഴയുടെ ഇരുഭാഗത്തുമായിട്ടാണു് ഈ നഗരം സ്ഥിതിചെയ്യുന്നതു്. 1800—ാമാണ്ടു് അമേരിക്കൻ ഐക്യനാടുകളുടെ പ്രസിഡൻറ് ഉൾപ്പെട്ട ഒരു ഉദ്യോഗസ്ഥസംഘം ഇവിടെവന്നു താമസമായതു മുതൽ, ഈ നഗരം തലസ്ഥാനമായി നിലനിന്നുപോരുന്നു. സ്വച്ഛതയും, വൃത്തിയും ഉള്ള നഗരം; കടകളും ബഹളവും ഉള്ള ചില തെരുവുകൾ ഒഴിച്ചാൽ, അഴകുള്ള പാതകളും, കമനീയമായ കെട്ടിടങ്ങളും സർവ്വത്ര കാണാം. പാരീസിനെ അനുസ്മരിപ്പിക്കുമാറു് നഗരത്തിൻെറ ഘടന ഒരു കേന്ദ്രഭാഗത്തുനിന്നു് ക്രമീകൃതമായ രീതിയിൽ വേർപെടുന്ന പാതകളുടെ സമൂഹത്തിനെ അടിസ്ഥാനപ്പെടുത്തിയാണു്. നേരേമറിച്ചു്, ലണ്ടൻ, ന്യൂയോക്ക് മുതലായ നഗരങ്ങൾ ഒരു പ്രത്യേക വ്യവസ്ഥയൊന്നുമില്ലാതെ വളർന്നുവന്നതാണെന്നു കാഴ്ചയിൽത്തന്നെ തോന്നും.

ഇവിടുത്തെ പൊതുസ്വത്തായുള്ള കെട്ടിടങ്ങളെ മൂന്നായി തരംതിരിക്കാം. കോൺഗ്രസ്സ് (പാർലമെൻറ്) കൂടുന്ന മന്ദിരം (Capitol), പ്രസിഡൻറിൻെറ കൊട്ടാരം മുതലായി ഇപ്പോഴും ഉപയോഗത്തിലിരിക്കുന്ന ഗവണ്മെൻറ് കെട്ടിടങ്ങൾ, പഴയ ദേശീയസ്തംഭങ്ങളും, സ്മാരകങ്ങളും, ഇവരണ്ടും കൂടാതെയുള്ള പൊതുദേശീയ കെട്ടിടങ്ങൾ—ഇപ്രകാരമാണു് ഈ മൂന്നുതരത്തിലുള്ള കെട്ടിടങ്ങൾ.

വെളിയിൽനിന്നു് നോക്കാമെന്നല്ലാതെ, ഈ കെട്ടിടങ്ങൾക്കകത്തുകേറി നടക്കാൻ എന്നെക്കൊണ്ടു സാധിക്കുകയില്ല. ബസ്സിലും കാറിലും ഇരുന്നു് ഞാൻ അതുകൊണ്ടു്


ഒരു വിഹഗവീക്ഷണം നടത്തി. ആകപ്പാടെ നോക്കിയാൽ ആകർഷണീയമായി തോന്നിയതു് വെള്ളക്കല്ലുകൾ കൊണ്ടു നിർമ്മിച്ച (പ്രസിഡൻറിൻെറ കൊട്ടാരം) 'വൈററ്ഹൌസ്'' ആണെന്നു നിസ്സംശയം പറയാം. ഇന്നത്തേ ഏററവും വലിയ ശക്തിമത്തായ രാജ്യത്തിലെ അധിപതിയുടെ താമസസ്ഥലം. താരതമ്യേന ചെറിയ ഒരു കൊട്ടാരമാണു്. 170 അടി നീളവും, 85 അടി വീതിയുമുള്ള ഈ കെട്ടിടം സ്വച്ഛതയും അഴകും ഉള്ളതാണു്. ഇരുനൂറിൽപ്പരം വർഷങ്ങളായി ഉപയോഗത്തിലിരിക്കുന്നുവെങ്കിലും, ആ കെട്ടിടത്തിനു് ഏതാണ്ടു് ഒരു പുതുമയുള്ളതു പോലെ പ്രത്യക്ഷപ്പെട്ടു. അകത്തു് വൈദ്യുതവിളക്കുകളും, ക്രിസ്തുമസ്സുവൃക്ഷത്തിൽനിന്നു പുറപ്പെടുന്ന ശബളതയും ജനാലകളുടെ ഇടയ്ക്കുകൂടി കാണാം. ലോകംമുഴവൻ മാറ്റൊലിക്കൊള്ളുന്ന അവിടുത്തെ ഓരോ ചലനവും ഇത്ര നിശ്ശബ്ദമയമായ ശാന്തതയുള്ളതാണോ എന്നത്ഭുതപ്പെട്ടു. ആ രമ്യഹർമ്മ്യത്തിന്റെ ചുററും യാതൊരു ബഹളവും, തിരക്കും ഇല്ലായിരുന്നു. രാഷ്ട്രീയമായ വിഷമസന്ധികളിലും ഇതേ ശാന്തത ഇവിടെ ഉണ്ടായിരിക്കുമോ, അതോ ക്രിസ്തുമസ്സ് ഒഴിവുകാലത്തു മാത്രമുള്ള ഒരു യാദൃച്ഛികസംഭവമാണോ ഇതു് എന്നു ഞാൻ സംശയിച്ചു.

സ്മാരകസ്തംഭങ്ങളിൽ എനിക്കു് ഏറ്റവും ആകർഷകമായിത്തോന്നിയതു് 'വാഷിംഗ്ടൺ മോണുമെൻറും' 'ജെഫർസൺ മെമ്മോറിയലും' ആണു്. ലോകത്തിലേയ്ക്കു് ഉയരംകൂടിയ സ്തംഭമാണത്രേ വാഷിംഗ്ടൺ മോണുമെന്റ്; അഞ്ഞൂറ്റിയൻപത്തഞ്ചിൽപ്പരം അടി പൊക്കമുള്ള ഈ സ്തംഭം വെളുത്ത മാർബിൾക്കല്ലുകൊണ്ടു നിർമ്മിച്ച ഒരു തൂണുപോലെ ഉയർന്നു മേല്പോട്ടു നില്ക്കുന്നു. പക്ഷേ, അടുത്തു ചെന്നുനോക്കുമ്പോൾ 55 ചതുരശ്രഅടി വീതിയുണ്ടെന്നു



ജെഫർസൺ മെമ്മോറിയൽ

പിന്നിൽ പോടോമാക്ക് നദി കാണാം



വാഷിംഗ്ടണിലെ പഞ്ചകോണക്കെട്ടിടം
ലോകത്തിലേയ്ക്കും വലിയ ആഫീസ്സുകെട്ടിടം

കാണാം; ലിഫ്ടിൽക്കൂടി മേലോട്ടു പോവുമ്പോൾ ഒരു സ്വനഗ്രാഹിയിൽനിന്ന് ഈ സ്തംഭത്തിൻെറ ചുരുങ്ങിയ വിവരണം പ്രതിധ്വനിക്കുന്നു. ഈ സ്തംഭത്തിൽ, അഞ്ഞൂറടി പൊക്കത്തിലുള്ള നിരപ്പിൽനിന്നു ചുററും കാണാനുള്ള സൗകര്യം ഉണ്ടാക്കിയിട്ടുണ്ട്; അവിടെനിന്ന് വാഷിംഗ്ടണും, പരിസരപ്രദേശവും ഭംഗിയായി കാണാം. ദൂരെനിന്നുമാത്രം നോക്കിയതുകൊണ്ടായിരിക്കാം പ്രശസ്തമായ ലിങ്കൺസ്മാരകത്തിന് ഇത്രതന്നെ പ്രാഭവം എനിക്കു തോന്നിയില്ല.

'പൊടോമാക്ക്'' നദിയിൽനിന്ന് ഒരു ഉൾത്തടാകം ഉണ്ടാക്കി, അതിൻെറ വക്കിൽ കമനീയമായി ഈയിടെ നിർമ്മിച്ച സ്മാരകമാണ് മൂന്നാമത്തെ പ്രസിഡണ്ടായ തോമസ് ജെഫേർസന്റെ ഓർമ്മയെ പ്രകീർത്തിക്കുന്നത്. മുപ്പതുലക്ഷം ഡോളർ ചെലവാക്കി ഉണ്ടാക്കിയ ഈ സ്മാരകവും വെളുത്ത മാർബിളിൽത്തന്നെയാണ്. ജെഫേർസൻെറ ജനനത്തിനുശേഷം 200 വർഷംകഴിഞ്ഞ സുദിനത്തിലാണ് (1943 ഏപ്രിൽ 13) ഈ സ്മാരകം പൂർത്തിയാക്കിയത്. അവിടെനിന്നു നോക്കിയാൽ, അടുത്ത് ജലാശയത്തിലെ സ്വച്ഛന്ദമായ വെള്ളപ്പരപ്പു കാണാം; ധനുമാസത്തിലെ ഘോരമായ തണുപ്പിൽ അതു് അല്പം നിർജ്ജീവമായി മരവിച്ചുകിടക്കുന്നതുപോലെ തോന്നി. വസന്തകാലത്ത് അടുത്തുള്ള 'ചെറി'വൃക്ഷങ്ങൾ പൂത്തുനില്ക്കുന്നകാഴ്ച മനോമോഹനമാണെന്നു പറഞ്ഞുകേട്ടിട്ടുണ്ട്.

രസാവഹമായ മററു പൊതുസ്ഥാപനങ്ങളുടെ കൂട്ടത്തിൽ 'ആർലിംഗ്ടൺ' ദേശീയശ്മശാനവും രക്ഷാവകുപ്പിൻെറപ്രധാന ആഫീസായ പഞ്ചകോണക്കെട്ടിടവും (Pentagon) പ്രത്യേകംപറയേണ്ടതാണ്. പ്രശസ്തരായ അമേരിക്കൻ വീരന്മാരെ അടക്കംചെയ്യാനുള്ള സ്ഥലമാണ്

ഈ ദേശീയശ്മശാനം. വാഷിംഗ്ടണിൽനിന്നു പൊടോമാക്ക്നദിയുടെ മറുഭാഗത്ത്ഒരു വിശാലമായ കുന്നിൻചെരുവിലാണ് ഈ ശ്മശാനം സ്ഥിതിചെയ്യുന്നതു്. അവിടെ പലതരത്തിലുള്ള അനേകം സ്മാരകസ്തംഭങ്ങൾ അങ്ങിങ്ങായി വിതറിക്കിടക്കുന്നതുപോലെ കാണാം; ഏതാണ്ടു മദ്ധ്യത്തിൽ അജ്ഞാതനാമാവായ ഒരു അമേരിക്കൻ യോദ്ധാവിന്റെ സ്മാരകവുമുണ്ടു്. അതിന്റെമുമ്പിൽ രാത്രിയും പകലും പട്ടാളക്കാർ കാവൽനില്ക്കുന്ന കാഴ്ചയും ഹൃദയസ്പൃക്കാണ്. 'പഞ്ചകോൺ'കെട്ടിടം ലോകത്തിലേക്കും വലിയ ആഫീസ്കെട്ടിടമാണെന്നു പറയപ്പെടുന്നു. മുപ്പത്തിനാലേക്കർ സ്ഥലവും പതിനേഴര മൈൽ വഴികളും ഈ കെട്ടിടത്തിനുണ്ടു്.

ഇങ്ങനെ വലുതും ചെറുതുമായി പലതരത്തിലുള്ള ഔദ്യോഗികകെട്ടിടങ്ങളാണ് വാഷിംഗ്ടണിൽ പ്രധാനമായ കെട്ടിടങ്ങൾ മിക്കതും. ഈയിടെയായി തൊഴിലാളിസംഘക്കാരുടെ ആഫീസ് മുതലായവയും ഉയർന്നുവരുന്നു. തലസ്ഥാനനഗരമായി പ്രത്യേകം കെട്ടിയുണ്ടാക്കിയ ഒരു പട്ടണത്തിനു് ഇതു് ഒഴിച്ചുകൂടാത്ത ഒരു ലക്ഷണമായിരിക്കാം. ഇങ്ങനെ നോക്കുമ്പോൾ ന്യൂഡൽഹിയുടെ ഒരു ഛായ വാഷിംഗ്ടണും കാണാം. ഒരുഭാഗം മുഴുവൻ തന്നെ രാജപ്രതിനിധികൾ (Ambassadors) താമസിക്കുന്ന സ്ഥലങ്ങൾ, മറ്റൊരുഭാഗം പ്രജാസഭാമന്ദിരങ്ങളും, ഗവണ്മെന്റ് ഓഫീസുകളുംകൊണ്ടു് അലംകൃതമായിരിക്കും.... ഇപ്രകാരം സങ്കീർണ്ണമായ ഭരണകൂടത്തിൻെറ ലാഞ്ഛനകൾ ഈ തലസ്ഥാനത്തും, അതിനെ പററിപ്പിടിച്ചുനില്ക്കുന്ന നിവാസികളുടെ ബഹളത്തിനിടക്കു പ്രത്യക്ഷമാകുന്നു. അതുകൂടാതെ, പണവും പ്രതാപവും ആർജ്ജിച്ചാർജ്ജിച്ചുകൂട്ടിയിരിക്കുന്ന ഒരു രാജ്യത്തിൻെറ ഹൃദയസ്പന്ദനവും

സൂക്ഷിച്ചുനോക്കിയാൽ ഇവിടെ കാണാം. അമേരിക്കയിലെ ഒരു രാജ്യമായ ഐക്യനാട്ടുകൾ ഇപ്പോൾ 'അമേരിക്ക' എന്ന പേരും, മററുരാജ്യങ്ങളുടെ മേധാവിത്വവും കൈക്കലാക്കിയിരിക്കുന്നു; ലോകം മുഴുവൻ നിയന്ത്രിക്കാനും, ലോകമെന്നുവെച്ചാൽ അവരാണെന്നു് അവകാശപ്പെടാനും ഇപ്പോൾ അവർ യത്നിക്കുന്നു. ഈ ഒരു വിചാരം ഇന്നത്തെ ഈ അളകാപുരി നോക്കുമ്പോൾ അനിവാര്യമാണു്.

ന്യൂയോർക്ക്
29 ഡിസംബർ 1955

വാഷിംഗ്ടണിലെ എൻെറ ചുരുങ്ങിയ താമസവും കഴിഞ്ഞു് ഞാൻ ഇന്നലെ വൈകുന്നേരം വിമാനമാർഗ്ഗം ഇവിടെയെത്തി. വിമാനത്താവളത്തിൽ, കാമിനിയും അവളുടെ ഡാനിഷ്ഭർത്താവു് സ്റ്റീൻസയർസനും കാത്തുനില്പുണ്ടായിരുന്നു. അങ്ങനെ കാമിനീ—സ്റ്റീൻ സാന്നിദ്ധ്യത്തിൽ എൻെറ ഇപ്പോഴത്തെ ന്യൂയോർക്ക്സന്ദർശനം ആരംഭിച്ചു. മുൻപു് രണ്ടുപ്രാവശ്യം ന്യൂയോർക്കിൽക്കൂടി കടന്നുപോയതല്ലാതെ, അവിടുത്തെ പുണ്യസ്ഥലങ്ങൾ സന്ദർശിക്കാൻ എനിക്കു സാധിച്ചിട്ടില്ല! ഇത്തവണ അങ്ങനെ വരാതിരിക്കാനോ എന്നു തോന്നുമാറു് സ്റ്റീൻ എന്നെ ഭദ്രമായി കാറിനകത്തുകേററി വീട്ടിലേയ്ക്കു കൊണ്ടുപോയി.

സ്റ്റീൻ താമസിക്കുന്നതു് ന്യൂയോർക്കിൻെറ കേന്ദ്രസ്ഥലത്തുനിന്നും മുപ്പതിൽപ്പരം മൈൽ ദൂരെയാണു്. ചെറിയ ഒരു രണ്ടുനിലക്കെട്ടിടം; ചുററുംതകിടിയും അതിന്റെ മദ്ധ്യത്തിൽ കാറോടിച്ചു മുററത്തുകൊണ്ടുവരത്തക്ക ഒരു റോഡും, പിൻഭാഗത്തു കാറിടാനുള്ള ഒരു ഷെഡ്ഡും—

ഇങ്ങനെയാണ് സയർസന്റെ താമസസ്ഥലം. ദീർഘദ്വീപ്പ് (Long Island) എന്നു പറയപ്പെടുന്ന ന്യൂയോക്കിൻെറ ഈ ഭാഗം മററു ഭാഗങ്ങളുടെ ഒരു അനുബന്ധമായിക്കിടക്കുന്നു. ഇവിടെനിന്നും അങ്ങോട്ടുപോകുമ്പോൾ പാലത്തിൻെറ മുകളിൽക്കൂടി വെള്ളം കടന്നുവേണം പ്രധാന കരയിലെത്താൻ. വഴിക്കു 'മാൻഹാട്ടനി'ലുള്ള ഉയർന്ന കെട്ടിടങ്ങളുടെ അതിരുരേഖ(Skyline) ചക്രവാളത്തിന്റെ അങ്ങേയററത്തുകാണുന്നകാഴ്ച സകലരേയും ആകർഷിക്കുന്ന ഒന്നാണ്.

പുതുവർഷം പ്രമാണിച്ച് സയർസന്മാർ മററു ചില അതിഥികളേയും ക്ഷണിച്ചിട്ടുണ്ട്. അവരിൽ രണ്ടുപേർ ഫിലഡൽഫിയായിൽനിന്നും തീവണ്ടിയിൽ ഇന്നു വരുന്നുണ്ട്. അവരെ എതിരേൽക്കാനായി സ്റ്റീൻ സകുടുംബം എന്നോടൊപ്പം ന്യൂയോക്ക് നഗരത്തിലേയ്ക്കുതിരിച്ചു. അമേരിക്ക സന്ദർശിക്കുന്ന യാതൊരാൾക്കും വിഗണിക്കാൻ സാധിക്കാത്ത ഒന്നാണ് തെരുതെരെ അതിവേഗം പായുന്ന അവിടുത്തെ വാഹനഗതാഗതം. എൻെറ അനുഭവവും അതുപോലെതന്നെ. യൂറോപ്പിലും, ഇൻഡ്യയിലെ വലിയ പട്ടണങ്ങളിലും ഇപ്പോൾ കാറിൻെറ എണ്ണം തീരെ ചുരുക്കമല്ല; എങ്കിലും ഇത്ര നെട്ടനീളത്തിൽ ഒന്നിനു പുറകെ ഒന്നായി പായുന്ന വാഹനസമൂഹം വേറെ എവിടെയെങ്കിലും കാണുമോ എന്നു സംശയമാണ്. പെൻസിൽവേനിയാ സ്റ്റേഷന്റെ അടുത്തെങ്ങും പാക്കുചെയ്യാൻ സ്ഥലം കിട്ടിയില്ല. ഒടുവിൽ അനുവാദമില്ലാത്ത ഒരു സ്ഥലത്ത് ഞാനുൾപ്പെടെയുള്ള കാർ നിക്ഷേപിച്ചിട്ട് സയർസന്മാർ അതിഥിസ്വീകരണത്തിനുവേണ്ടി അങ്ങെവിടെയോ അന്തർദ്ധാനംചെയ്തു.

ന്യൂയോക്കുനഗരത്തിലെ ഒരു പ്രധാന തെരുവിൻെറ

ഒരു ഭാഗത്താണ് ഞാൻ ഇപ്രകാരം നിക്ഷിപ്തനായതു്. അതുകൊണ്ടു് പ്രശസ്തമായ ഈ ഭൂവിഭാഗത്തിൽ താമസിക്കുന്നവർ ദൈനംദിനജീവിതത്തിൽ അങ്ങോട്ടുംഇങ്ങോട്ടും പോകുന്നതു് എനിക്കു് അവിടെയിരുന്നു് യഥേഷ്ടം നോക്കിക്കാണാമായിരുന്നു. അത്ഭുതമെന്നു പറയട്ടെ, ഞാൻ അവരിൽ യാതൊരു വ്യത്യാസവും കണ്ടില്ല. പണക്കാരും, പാവങ്ങളും, അതുരണ്ടുമല്ലാത്തവരും, കാപ്പികുടിക്കാനും, സാമാനങ്ങൾ വാങ്ങാനും, അല്ലെങ്കിൽ കാറിൽ സകുടുംബം ഉല്ലാസയാത്രയ്ക്കും, ജീവിതസാധാരണമായ മററു് ആവശ്യങ്ങൾക്കും പൊയ്ക്കൊണ്ടിരുന്നു. പാരീസിലും, ലണ്ടനിലും, ഇതേതരക്കാർതന്നെ. ജാതിമതഭേദങ്ങൾ വരുത്തിക്കൂട്ടുന്ന സമ്പ്രദായവൈപരീത്യങ്ങളും, പൊതുവിൽ സാമ്പത്തികയുയർച്ചയുടെ കുറവുകൊണ്ടുവരുന്ന ഭാവപ്പകർച്ചകളും ഒഴിച്ചാൽ, മദ്രാസിലും, ബോംബെയിലും, കൽക്കത്തയിലും നടക്കുന്ന മനുഷ്യസമൂഹങ്ങളും ഇവരേപ്പോലെ ഒരേവർഗ്ഗത്തിൽപ്പെട്ടവരാണെന്നു വിശ്വസിക്കാൻകഴിയും. അവരെ നോക്കുമ്പോൾ, പൊതുവിൽ നല്ല ആളുകളെന്നോ, ചീത്ത ആളുകളെന്നോ, അഗാധബുദ്ധിമാന്മാരെന്നോ, ഉപരിപ്ലവബുദ്ധിയുള്ളവരെന്നോ പറയാൻ പ്രയാസം. പിന്നീടു് പല അമേരിക്കൻ പൗരന്മാരുമായി പെരുമാറിയപ്പോഴും ഇതേ ഒരു വിശ്വാസംതന്നെ എന്നിൽ പൂർവ്വാധികം ആരൂഢമായി.

30 ഡിസംബർ 1955

സയർസൻെറ പുതിയ അതിഥിമാർ യൂറോപ്പിൽ ഏറെക്കാലം താമസിച്ചവരാണു്. വിദ്യാർത്ഥികളായി അവർ ജെനീവായിൽ താമസിച്ചപ്പോൾ വിവാഹിതരായി; അതിനുശേഷം, ഫിലഡൽഫിയായിൽ കഷ്ടിച്ചു്

കാലക്ഷേപത്തിനുതകുന്ന ഒരു റയിൽവേഉദ്യോഗം സ്വീകരിച്ച ഭർത്താവിനോടൊപ്പം, ദിവസങ്ങൾ കഴിച്ചുപോരുന്നു. ധാരാളിത്തത്തിനു വകയില്ലെന്നു് അവരുടെ പെരുമാററത്തിലും അവരുടെ രണ്ടു ശിശുക്കളുടെ വേഷവിധാനത്തിലും കാണാമായിരുന്നു. സർവ്വകലാശാലാബിരുദധാരികളായ ആ നിർദ്ധനദമ്പതികൾ ഒരുതരം ഉയന്ന ബുദ്ധിമേഖലയിൽ എപ്പോഴും ചരിച്ചുകൊണ്ടിരുന്നതുപോലെ തോന്നി. പണത്തിനുവേണ്ടിമാത്രം പായുന്ന ഉപരിപ്ലവബുദ്ധികളായ ഏതാനും ചില വലിയ വ്യവസായകമ്മാരെക്കൊണ്ടു നിറഞ്ഞിരിക്കുന്ന ഒരു ഭൂഖണ്ഡമാണു് അമേരിക്കയെന്നു ധരിച്ചിരിക്കുന്നവക്കു് ഇത്തരംജീവികളും ഇവിടെ ധാരാളം ഉണ്ടെന്നുള്ളതു് ഒരു പുത്തരിയായിരിക്കാം.

സയർസന്മാരും അവരുടെ പുതിയ അതിഥികളും രണ്ടുകൂട്ടക്കുമുള്ള മുമ്മൂന്നു കുട്ടികളും ഞാനും അടങ്ങിയ ഒരു വലിയ സംഘം ന്യൂയോക്കും പരിസരപ്രദേശങ്ങളും കാണാൻ പുറപ്പെട്ടു. നെടുനീളത്തിൽ ഇളകുന്ന കാർസമൂഹത്തിലെ ഒന്നായി ഞങ്ങൾ കേറിയ വലിയ 'സ്റ്റേഷൻ വാഗൺ' മുന്നോട്ടുപോയപ്പോൾ, വെളിയിൽ തണുത്ത കാററു് ഉഗ്രമായി വീശിക്കൊണ്ടിരുന്നു. ഉൾക്കടലായി കിടന്നിരുന്ന ഒരു ഭാഗം തണുപ്പിന്റെ ശക്തികൊണ്ടു് വെള്ളം ഉറവിച്ചു കട്ടിയായി; അതിൻെറ മദ്ധ്യത്തിൽ അകപ്പെട്ട ഒരു കപ്പൽ ഗത്യന്തരമില്ലാതെ നിശ്ചഞ്ചലമായി നിൽക്കുന്ന കാഴ്ച വളരെ രസാവഹമായി തോന്നി. കഴിഞ്ഞ രണ്ടുമൂന്നു് ആഴ്ചകളായി ന്യൂയോക്കു് പത്രങ്ങൾകൊട്ടിഘോഷിക്കുന്ന ഒരു സംഭവം നടന്നതു് ഞങ്ങൾ കടന്നുപോയ വഴിക്കായിരുന്നു. അയൽവാസികളെപ്പോലെ ജീവിക്കാനുള്ള തൃഷ്ണയുടെ ആധിക്യംകൊണ്ടു് ഒരു തൊഴിലാളി കടംവാങ്ങിച്ചു് കെട്ടിടംവെയ്ക്കുകയും, ആ കടംതീക്കാൻ കഴിവി

ല്ലാതായപ്പോൾ, ഒരു ശിശുവിനെ അപഹരിച്ച് അതി ൻെറ അച്ഛനമ്മമാരുടെ പക്കൽനിന്നും പണംനേടാൻ ഉ ദ്യമിക്കുകയും ചെയ്തത്രേ. പക്ഷേ, പണമിടപാട് തീരു ന്നതിനുമുമ്പ് ഒളിച്ചുവെച്ചിരുന്ന ആ കുട്ടി മരിച്ചുപോയി. അങ്ങനെ ആ തൊഴിലാളി കൊലപാതകിയായി. ശിശു വിനെ ഒളിച്ചുവെച്ചിരുന്ന സ്ഥലമാണ്, ഇപ്പോൾ ഉല്ലാ സയാത്രയ്ക്കു പുറപ്പെട്ട ഞങ്ങളുടെ മുൻപിൽ, അങ്ങവിടെ കുപ്രസിദ്ധിയോടെ പ്രത്യക്ഷപ്പെട്ടത്. അമേരിക്കൻപ ത്രങ്ങളിൽ ധാരാളം സ്ഥലംകിട്ടുന്ന ഈമാതിരി സംഭവ ങ്ങൾ, വാസ്തവത്തിൽ അവിടുത്തെ ജീവിതത്തിനെ സാര മായി സ്പർശിക്കുന്നില്ലെന്നു സാധാരണക്കാർക്കു വിശ്വസി ക്കുവാൻ പ്രയാസമാണ്.

ഞങ്ങൾ വിശാലമായ ഒരു ഉദ്യാനത്തിൻെറ അടു ത്തെത്തി. അതിൻെറ അങ്ങേഭാഗം നഗരവാസികൾക്കു വിഹരിക്കാനുള്ള ഒരു ചുള്ളിക്കാടായി പരിരക്ഷിച്ചുപോ ന്നിരുന്നു. തണുപ്പിൻെറ കാഠിന്യം വകവെയ്ക്കാതെ കുട്ടി കൾ കുതിച്ചുചാടി കാട്ടിലേയ്ക്കു പോയി. അവരെ അനുഗ മിച്ച്, അച്ഛനമ്മമാരും അങ്ങോട്ടു ഗമിച്ചു. പ്രാരബ്ധങ്ങൾ എല്ലാംതന്നെ അനേകായിരം മൈൽ ദൂരെ അകററിനിർ ത്തിയിരുന്ന ഞാൻ വീണ്ടും കാറിൽ തനിച്ചായി; ചുററുമു ള്ള ശൂന്യമായ പ്രദേശങ്ങളിലേയ്ക്കു തുറിച്ചുനോക്കിക്കൊ ണ്ടിരുന്നു. കുററിക്കാടുകളും, അതിൽ തുള്ളിച്ചാടി കളി ക്കാൻ കൗതുകമുള്ള കുട്ടികളും അവിടെയും ഇവിടെയും എ വിടെയും ഒരുപോലെ എന്ന ബോധ്യം എന്നെ ക്രമേണ ബാധിച്ചു.

31 ഡിസംബർ 1955

പുതുവർഷത്തിനെ എതിരേല്ക്കാൻ സയർസൻദമ്പ തിമാർ അശ്രാന്തപരിശ്രമം ചെയ്യുകയാണ്. അതിഥി

പൂജചെയ്യണം; അതിനപ്പുറം ക്രിസ്തുമസ്സ് വൃക്ഷം വീണ്ടും അലങ്കരിച്ച് ദീപാരാധനയ്ക്കുള്ള വട്ടംകൂട്ടണം; രാത്രിയിൽ പുതിയവർഷം പുലന്നു എന്ന മണിയടി കേൾക്കുമ്പോൾ, പാനീയങ്ങളും മററും മേശപ്പുറത്തൊരുക്കി ഒരു ചുരുങ്ങിയ നിലയ്ക്കുള്ള സേവനടത്തണം—ഇതെല്ലാം ആറു സന്താനങ്ങൾ അങ്ങോട്ടും ഇങ്ങോട്ടും ആപ്പുവിളിച്ച് ഓടിനടക്കുന്ന ആഘോഷങ്ങൾക്കിടയ്ക്കു വേണംതാനും. അതിഥികളുടെ മുൻപിൽ ക്ഷമയുടെ മൂത്തീകരണമായി കാണുന്ന സ്റ്റീൻ, ജനാലകളുടെ കണ്ണാടികൾ കല്ലെറിഞ്ഞു ഛിന്നഭിന്നമാക്കിയ കഥകേൾക്കുമ്പോൾ സംഹാരരുദ്രനായി മാറുന്നു; കോപാഗ്നിയിൽനിന്നു് രക്ഷനേടാൻ എവിടെയോ പോയിമറഞ്ഞ സന്താനം, 'എറിക്ക്', അരമണിക്കൂറിനകം ബാക്കിയുള്ള ജന്നൽക്കണ്ണാടികളെ അന്വേഷിച്ച് ഓടിനടക്കുന്നു. ഈ കലാപങ്ങൾക്കിടയിൽ, ഞാൻ 'പാക്ക്‌വേ' ഗ്രാമത്തിലെ ഇൻഡ്യൻസുഹൃത്തുക്കളെ കാണാൻ അങ്ങോട്ടുപോകാൻ നിശ്ചയിക്കുകയും ചെയ്തു.

സർവ്വരാജ്യസംഘത്തിലെ (United Nations) ഉദ്യോഗസ്ഥന്മാർക്കു താമസിക്കാനായി സൃഷ്ടിക്കപ്പെട്ട ഒരു ഗ്രാമമാണ് 'പാക്ക്‌വേ ഗ്രാമം'. എന്നും രാവിലെ കൂട്ടംകൂട്ടമായി ഉദ്യോഗസ്ഥന്മാർ ഇവിടെനിന്നും നാല്പതുമൈൽ അകലെയുള്ള സർവ്വരാജ്യസംഘംഓഫീസിൽ പോവുകയും, അവിടെ സർവ്വരാജ്യസമാധാനം സ്ഥാപിക്കാൻ ജാഗ്രത പ്രദർശിപ്പിച്ചുകൊണ്ടു് എന്തൊക്കെയോ ജോലിചെയ്യുകയും, വൈകുന്നേരം, കാക്കകളുടെകൂട്ട്, വീണ്ടും വീട്ടുപററുകയും ചെയ്യുന്നു. അങ്ങനെ ഉയന്ന പദവിയിലുള്ള ഒരുതരം ജീവിതഗതി; എനിക്കു തീരെ അപരിചിതമല്ലാത്തതും, എന്നാൽ അല്പസ്വല്പം വ്യത്യാസമുള്ളതുമായ ജീവിതഗതി. നമ്മുടെ ചില ആളുകളും ഇതിൽ പങ്കെടുക്കുന്നു,

പൊതുവിൽ, ജെനീവായിലെ ഇത്തരം ജീവികളേക്കാൾ, ചുററുമുള്ളവരുമായി കുറേക്കൂടി സൗഹാർദ്ദത്തിലാണു് ഇവിടെയുള്ളവർ കഴിക്കുന്നതെന്നു പറയാം. അതു് 'ഇവിടെയുള്ളവരുടെ' ഗുണദോഷമോ, അതോ അമേരിക്കക്കാരുടെ വൈശിഷ്ട്യമോ എന്നു പറയാൻ പ്രയാസം.

എൻെറ പ്രിയസ്നേഹിതൻ ശ്രീ. നാരായണൻ സർവ്വരാജ്യസംഘത്തിലെ ഇൻഡ്യൻ ഉദ്യോഗസ്ഥന്മാരിൽ പ്രമുഖനാണു്. പാക്ക്‌വേഗ്രാമത്തിൽ അദ്ദേഹം താമസം ഉറപ്പിച്ചിട്ടു് വഷങ്ങൾ കുറെയേറെയായിരിക്കുന്നു. തമിഴ്ബ്രാഹ്മണ്യം വഴിപോലെയുള്ള ആ മഹാത്മാവു്, ഘോരമായ അമേരിക്കൻജീവിതം ചുററും അതിവേഗം പ്രവഹിച്ചുകൊണ്ടിരിക്കുമ്പോൾ, അതിൻെറ നടുക്കു്, ഒരു ആശ്രമത്തിലെന്നപോലെ, സ്വഗൃഹത്തിൽ വേഷ്ടിയും പൂണുനൂലും ധരിച്ചു് ചമ്രംപടഞ്ഞു് നിലത്തു് ആസനസ്ഥനായി കാണപ്പെട്ടു. അതിഥിപൂജയ്ക്കു് അദ്ദേഹം വിസ്കിക്കും സോഡയ്ക്കും പകരം ഇഡ്ഡലിയും സാമ്പാറുമാണു കൊടുക്കാറു്. ഇങ്ങനെയുള്ളവർ അപൂർവ്വമായതുകൊണ്ടു് അദ്ദേഹത്തിനു വീണ്ടും വീണ്ടും എൻെറ നമസ്കാരം—!

ഞാൻ സ്റ്റീനിൻെറ വീട്ടിലെ വർണ്ണശബളിതമായ അമേരിക്കൻജീവിതത്തിലേയ്ക്കു മടങ്ങി. അവിടെ പഴയ വഷത്തിനെ യാത്രയയയ്ക്കുന്ന ബഹളമായിരുന്നു; അതിനിടയ്ക്കു് അത്താഴസദ്യകഴിഞ്ഞു്, പുതിയ അതിഥിയുടെ പരികർമ്മത്തിൽ പലവക പാനീയം ഒരുക്കുന്ന വേറൊരുബഹളംകൂടി! അതുകഴിഞ്ഞു് അർദ്ധരാത്രിയുടെ ശാന്തതയിൽ അടുത്തകൊല്ലം മന്ദംമന്ദം അകത്തേയ്ക്കു പ്രവേശിച്ചു. ഇതുപോലെ പുതുവർഷത്തിൻെറ ആഗമനം ആകാംക്ഷയോടെ ഞാൻ കാത്തിരുന്ന അവസരങ്ങൾ വളരെ ചുരുക്കം

മാണ്. കുറേ ഏറെ വർഷങ്ങൾക്കുമുൻപ് ഞാൻ ലണ്ട നിൽ ഒരു വിദ്യാർത്ഥിയായിരുന്നപ്പോൾ ഈ ചടങ്ങുകളു ടെ പുതുമ എന്നെ അത്യധികം ആനന്ദിപ്പിച്ചു. പിന്നീട് ഒരു വ്യാഴവട്ടം കഴിഞ്ഞു് വീണ്ടും യൂറോപ്പിൽ വന്ന പ്പോൾ ഒരു റഷ്യൻകുടുംബത്തിൻെറ ആദ്യവസാനത്തിൽ ഞാൻ അതേചടങ്ങിൽ പങ്കുകൊണ്ടു. ഇപ്പോൾ ഇതാ വി ദൂരമായ ഈ പുതിയലോകത്തിൽവെച്ച് വേറൊരു പുതു വർഷത്തിനെ ഭയാശങ്കയോടെ ഞാൻ എതിരേൽക്കുന്നു. എന്തെല്ലാം അജ്ഞാതമായ ആപത്തുകളാണ് അതിൽ അടങ്ങി ഒളിച്ച് ഒതുങ്ങിക്കിടക്കുന്നതു്!

1 ജനുവരി 1956

ഇവിടത്തെ വ്യാവസായികലോകവുമായി ബന്ധ പ്പെടാൻ ഞാൻ ശ്രമിക്കുകയാണ്. കഴിഞ്ഞ സെപ്റ്റംബ റിൽ ജെനീവായിൽവെച്ചുനടന്ന ഒരു സമ്മേളനത്തിൽ നേതൃത്വം വഹിച്ച തൊഴിലാളിനേതാവ് കൻസാനേ, എൻെറ ഒരു സുഹൃത്താണ്. അദ്ദേഹത്തിന്റെ ആഫീസ് സന്ദർശിച്ചു. നവീനരീതിയിലുള്ള സകലസംവിധാന ങ്ങളും ഉപകരണങ്ങളും അടങ്ങിയ ഒരു ആഫീസാണ് ഈ അമേരിക്കൻ തൊഴിലാളിസംഘത്തിൻേറതു്. അതി ലെ ഉദ്യോഗസ്ഥപ്രമുഖന്മാരും, വ്യാവസായികനേതാക്ക ന്മാരുടെ അത്രതന്നെയല്ലെങ്കിലും, ഏതാണ്ട് അതുപോ ലെ പ്രമാണികളും, സമ്പൽസമൃദ്ധിയുള്ളവരും ആണ്. തൊഴിൽത്തർക്കങ്ങളിൽ, സമനിലയ്ക്കു് യുദ്ധംചെയ്യാനുള്ള പരിതഃസ്ഥിതികൾ പ്രദാനം ചെയ്യുകയെന്നുള്ളതാണ് ഈ നയത്തിൻെറ അടിസ്ഥാനതത്വം. പ്രലോഭനങ്ങൾ കൊണ്ടു് തൊഴിലാളിനേതാക്കന്മാരെ വശീകരിക്കാനും

അവരെ കത്തവ്യത്തിൽനിന്നു് വ്യതിചലിപ്പിക്കാനും ഈ സ്ഥിതിയുള്ളതുകൊണ്ടു പ്രയാസമാണുതാനും.

കൻസാനോ ഭീമാകാരനായ ഒരു ഇററാലിയനാണു്. മററുപല അമേരിക്കൻ പൗരന്മാരെപ്പോലെ ഇദ്ദേഹവും ഇവിടെ കുടിയേറിപ്പാത്തു് അമേരിക്ക സ്വന്തരാജ്യമായി അംഗീകരിച്ചിരിക്കുന്നു. താണനിലയിൽ തൊഴിലാളിയായിക്കേറി, സ്വന്തം മിടുക്കുകൊണ്ടു് മുതലാളികളുടെ പക്കൽനിന്നും ആദ്യംമുതൽക്കേ അവകാശങ്ങളും ആദായങ്ങളും നേടിത്തുടങ്ങി; അതിൻെറഫലമായി ഒരു മികച്ച തൊഴിലാളിനേതാവായി പരിണമിക്കുകയും ചെയ്തു. തൊഴിലാളിസംഘത്തിൽ അംഗങ്ങളേച്ചേക്കുക, തൊഴിൽത്തക്കങ്ങൾ തീക്കുക, തൊഴിലാളികൾക്കു് ആദായങ്ങൾ വദ്ധിപ്പിക്കുക—എന്നു തുടങ്ങിയ തൊഴിൽനയത്തിൻെറ വിവിധവശങ്ങളെക്കുറിച്ചും ഞങ്ങൾ കുറെമണിക്കൂറുകൾ നേരം സംസാരിച്ചു. തൊഴിലാളിസംഘങ്ങളുടെ ശക്തിയാണു് മററുസകലതിൻേറയും അടിസ്ഥാനമെന്നാണു് അദ്ദേഹത്തിന്റെ ഉറച്ചവിശ്വാസം. സവ്വകലാശാലാബിരുദ്ദമാത്രംനേടി തൊഴിലാളിനേതാവായി ചമഞ്ഞുനടക്കുന്നവരെപ്പററി അദ്ദേഹത്തിനു പുച്ഛമാണു്. തൊഴിൽശാലയിൽ തൊഴിലാളിയായി ജോലിചെയ്തു്, മുതലാളിയുമായി സംഘട്ടനങ്ങൾ നടത്തിയവക്കുമാത്രമേ ഒരു തൊഴിലാളിനേതാവിൻെറ നില വിജയകരമായി പരിപാലിക്കാൻ സാധിക്കൂ എന്നാണു് അദ്ദേഹത്തിൻെറ അഭിപ്രായം. ഈ അഭിപ്രായങ്ങളും വിശ്വാസങ്ങളും ഊജ്ജസ്വലതയോടെ ഉയന്നസ്വരത്തിൽ എന്നെ കേൾപ്പിക്കുന്നതിലദ്ദേഹം ശ്രദ്ധാലുവായിരുന്നു. നേരിട്ടു് നിയന്ത്രിച്ച തൊഴിൽത്തക്കങ്ങളുടെകഥ ഇതിനെല്ലാം ഉദാഹരണമായി അദ്ദേഹം ഇടയ്ക്കിടയ്ക്കു പറയുമായിരുന്നു. സ്വാശ്രയബുദ്ധി,

മനഃസ്ഥിരത, ധൈര്യം—ഈ ഗുണങ്ങൾ എമ്പാടും അദ്ദേഹത്തിനു ദൈവം കൊടുത്തിട്ടുണ്ടെന്നുള്ളതിനു സംശയമില്ല. അതോടുകൂടി എതിരാളിയെ ചതയ്ക്കാനുള്ള വാസനയും, എന്തുംചെയ്യാൻമടിക്കാത്ത സ്വഭാവവും, പൊതുവിൽ ഒരു ചട്ടമ്പിത്തരവും ഉണ്ടെന്ന് ഇടയ്ക്കിടയ്ക്കു പൊട്ടിപ്പുറപ്പെടുന്ന ചിരി കേട്ടപ്പോൾ എനിക്കുതോന്നി. ഒരു പക്ഷേ, പ്രശസ്തമായ "ടമ്മനിഹാൾ" രാഷ്ട്രീയതലവന്മാരുടെ പാരമ്പര്യപ്രകാരം അമേരിക്കൻ രംഗത്തിൽ ഈ ഗുണങ്ങൾക്ക് ഒരു പ്രത്യേകവിലയുണ്ടായിരിക്കാം.

കൻസാനോയ്ക്ക് എതിർപക്ഷത്തിലുള്ള വ്യാവസായിക പ്രമുഖന്മാരെഒക്കെ നല്ല പരിചയമാണ്. ഒരു വലിയ തൊഴിൽശാലാസംഘത്തിൻെറ ഉപാദ്ധ്യക്ഷനായ തോമസ് ടാൻസേയ്ക്ക് ഉടൻതന്നെഫോൺചെയ്ത് എൻെറ സന്ദർശനസജ്ജീകരണങ്ങളെല്ലാം നിശ്ചയിച്ചുറപ്പിച്ചു. ഞാൻ നാളെരാവിലെ വിമാനത്തിൽ പ്രോവിഡൻസിൽ എത്തുകയും, അടുത്തദിവസം വൈകുന്നേരം വിമാനത്തിൽത്തന്നെ മടങ്ങുകയും, ഇടയ്ക്കുകിട്ടുന്ന രണ്ടുദിവസം "ബെർക്ക്ഷയർ ഹത്ത്വേ" എന്നറിയപ്പെടുന്ന തൊഴിൽശാലകൾ സന്ദർശിക്കുകയും ആണ് ഈ കാര്യപരിപാടി. പ്രോവിഡൻസ് പട്ടണം റോഡ്ഐലൻഡ് സ്റ്റേറ്റിന്റെ തലസ്ഥാനമാണ്. വിമാനത്തിൽത്തന്നെ രണ്ടു മണിക്കൂർ യാത്രചെയ്യണം. കാൻസാനോയുടെ ഫോൺവഴിയുള്ള സംസാരംകേട്ടപ്പോൾ, ഈ സ്ഥലം ഇത്ര വിദൂരത്താണെന്നു ഞാൻ ധരിച്ചിരുന്നില്ല. ഏതായാലും നാളെ അങ്ങോട്ടേയ്ക്ക്—

2 ജനുവരി 1956

വല്ലാത്ത മൂടൽമഞ്ഞ്. വിമാനത്താവളത്തിൽച്ചെന്നപ്പോൾ ഒരൊറ്റ വിമാനംപോലും എങ്ങോട്ടേയ്ക്കും പോക

ന്നില്ല. നാളെ തിരിയെവരാമെന്നുറപ്പിച്ച എൻെറ പ്രോവിഡൻസ്സന്ദർശനം അവതാളത്തിൽ. വിമാനത്താവളത്തിൽ അങ്ങോട്ടും ഇങ്ങോട്ടും ഓടിക്കൊണ്ടുള്ള എൻെറ പരുങ്ങൽ. ഒടുവിൽ വിമാനാധികൃതന്മാർ എന്നെ തീവണ്ടിവഴി അയയ്ക്കാൻ നിശ്ചയിച്ചു. റയിൽവേസ്റ്റേഷനിലെത്താനുള്ള കാറിന്ന് കൂലി(16 ക)യും തന്നു് എന്നെ യാത്ര അയച്ചു. പക്ഷേ, മുപ്പതിൽപ്പരം മൈൽ ദൂരമുള്ള പെൻസിൽവേനിയാസ്റ്റേഷനിൽ സമയത്തിനെത്തുമോ എന്നു സംശയം; വാഹനബഹളത്തിനിടയ്ക്കുകൂടി എന്നെയും വഹിച്ചുകൊണ്ടു് ടാക്സിയുടെപ്രയാണം; ധൃതഗതിയിൽ, ഒരു നീഗ്രോപോർട്ടർ എന്നെ അംഗവൈകല്യംവന്നവർക്കുള്ള വണ്ടിയിൽ ഇരുത്തി, റയിൽവേസ്റ്റേഷനിലെ മുറികളിലും, പ്ലാറ്റുഫോമിലുംകൂടിയുള്ള പാച്ചൽ; അതിൻെറ അവസാനം തീവണ്ടി ഒന്നരമണിക്കൂർതാമസിച്ചേ പുറപ്പെടുഎന്ന കണ്ടുപിടിത്തം. ഇങ്ങനെയൊക്കെയായിരുന്നു, പ്രോവിഡൻസിലേയ്ക്കുള്ള എൻെറ യാത്രയുടെ ആരംഭത്തിൽവന്ന കുഴപ്പങ്ങൾ.

അമേരിക്കൻ ഉൾനാടുകൾ എൻെറ രണ്ടുവശത്തുംകൂടി പാഞ്ഞുപോവുകയാണു്. മഞ്ഞുകട്ടകൾ മൂടിക്കിടക്കുന്ന സ്ഥലങ്ങൾ; വെള്ളം കട്ടിയായി കിടക്കുന്ന കുളങ്ങൾ; തരിശുഭൂമികൾ; അഴകുള്ള കെട്ടിടങ്ങൾ; തൊഴിൽശാലകൾ; പാടങ്ങൾ—ഇങ്ങനെ പല കാഴ്ചകൾ കാണുന്നു. ഭൂപ്രകൃതിയും, കെട്ടിടത്തിന്റെ മാതൃകകളും, ആളുകളുടെ വേഷസ്വഭാവങ്ങളും, ഇംഗ്ലണ്ടു് മുതലായ രാജ്യങ്ങളെയാണു് ഓർമ്മിപ്പിക്കുന്നതു്. യഥാർത്ഥത്തിൽ, ഞാൻ ഇപ്പോൾ ഒരു പുതിയ ഇംഗ്ലണ്ടിൽ (New England) ആണു്. അനേക ശതാബ്ദങ്ങൾക്കുമുമ്പു് ഇംഗ്ലീഷുകാർ ഇവിടെ കുടിയേറിപ്പാർത്തു് ഒരു പുതിയ രാജ്യം സൃഷ്ടിച്ചു; 'പഴയ ഇൻഡ്യ

ക്കാരെ ഇവിടെനിന്നും ആട്ടിയോടിച്ചു. തീവണ്ടിക്കകത്തു് യുവതീയുവാക്കന്മാരുടെ ബഹളമാണു്. മിക്കവേരും, ബോസ്റ്റനിലേയ്ക്കു പോവുന്നവരാണു്. ക്രിസ്തുമസ്സ് ഒഴിവുകാലം കഴിഞ്ഞു് അവിടത്തെ കോളേജുകൾ നാളെ തുറക്കും. കലാലയജീവിതത്തിനെ പരാമർശിക്കുന്ന സുപരിചിതമായ സംഭാഷണം പലഭാഗത്തുനിന്നും പൊന്തിവരുന്നു. ഒരുഭാഗത്തു് ചതുരമായി സംസാരിക്കുന്ന ഒരു ചെറിയ സുന്ദരി എന്റെ ശ്രദ്ധയെ ആകർഷിച്ചു. "രണ്ടുമൂന്നാഴ്ചകൾകൊണ്ടു് ഒരു രാജ്യം കണ്ടുകളയാമെന്നുള്ളതു് എത്ര വ്യർത്ഥമായ വിചാരം," അടുത്തുള്ള സുന്ദരനോടു് അവൾ പറയുകയായിരുന്നു. അവളുടെ പ്രഥമസരുടെ ഈ അഭിപ്രായം അവൾ എന്നോടായിട്ടു പറയുന്നതുപോലെ തോന്നി. ഈ സുന്ദരീസുന്ദരന്മാരുടെ സംഭാഷണത്തിൽ ഞാൻ കുതുകിയായി. കുറേക്കഴിഞ്ഞു നോക്കിയപ്പോൾ അവർ ഗാഢമൈത്രിയിൽ ലയിച്ചിരുന്നു. നമ്മുടെ നാട്ടിലെ നാണംകുണുങ്ങികളേയും, അവരെ അകലെനിന്നു ചൂളംവിളിക്കുന്നവരേയും ഞാൻ അപ്പോൾ ഓർമ്മിച്ചു. ഈ യുവതീയുവാക്കന്മാരുടെ ബന്ധം കുറേക്കൂടി സ്വാഭാവികമാണെന്നു പറയാതിരിക്കാൻ തരമില്ല.

ഞാൻ പ്രോവിഡൻസിൽ എത്തി. അമേരിക്കൻ ഐക്യനാടുകളുടെ ഒരു നാടായ റോഡ്ദ്വീപിൻെറ തലസ്ഥാനമെന്ന നിലയ്ക്കു് ഇതു സാമാന്യം വലിയ ഒരു പട്ടണമാണു്. വാഷിംഗ്ടണിൽ കണ്ട പാർലമെൻറ് മന്ദിരത്തിൻെറ ഒരു ചെറിയ മാതൃക ഇവിടെയും കാണാം. കൂടാതെ നവീനങ്ങളായ കെട്ടിടങ്ങളും, യുദ്ധസ്മാരകസ്തംഭങ്ങളും മററുംകൊണ്ടു് അലംകൃതമായിരിക്കുന്നു. തീവണ്ടി ആഫീസിൻെറ അടുത്തുള്ള ഒരു ഊക്കൻ കെട്ടിടത്തിലാണു് എനിക്കു് ഏർപ്പാടുചെയ്തിരുന്ന ഹോട്ടൽ. അവിടെ

ടാൻസേയും സംഘവും എന്നെ എതിരേല്ക്കാൻ തയ്യാറായിരുന്നു. രാവിലത്തെ വിമാനത്തിൽ അവർ എന്നെ പ്രതീക്ഷിച്ചിരുന്നു. ലക്ഷപ്രഭുവാണെങ്കിലും മററു് അമേരിക്കക്കാരെപ്പോലെ അദ്ദേഹവും അതിഥിസല്ക്കാരത്തിൽ ഒട്ടും പിന്നോക്കമല്ല.

ഷെറാട്ടൻ ബിൽട്ട്മൂർ ഹോട്ടൽ
പ്രോവിഡൻസ്
3 ജനുവരി 1956

ഞാൻ താമസിക്കുന്ന ഹോട്ടൽമുറിയിലിരുന്നു നോക്കിയാൽ താഴെ പ്രോവിഡൻസിലെ പ്രധാനകേന്ദ്രസ്ഥലം ഒരു അങ്കണംപോലെ കാണാം. നടുക്കു് ഒരു സ്മാരകസ്തംഭവും, ചുററും ഇടവിടാതെ പ്രവഹിക്കുന്ന വാഹനഗതാഗതവും ആരെയും ആകർഷിക്കും. ഹോട്ടൽമുറികളിലെല്ലാം സകല നവീനസൗകര്യങ്ങളും ഏർപ്പാടുചെയ്തിട്ടുണ്ടു്. ഓരോ മുറിയിലും ടെലിവിഷനും, റേഡിയോയും, ടെലിഫോണും, കുളിമുറിയും, മേശയും, കസേരകളും മററും മററും....ഒരു രാത്രി കഴിക്കാൻ രൂപാ അറുപതു്; ഭക്ഷണത്തിനു വേറെ. അമേരിക്കൻപട്ടണത്തിൻെറ പ്രാഭവം മുറിക്കകത്തുള്ള ഓരോ സാധനങ്ങളും, വെളിയിൽ നടവഴികളിൽ നടക്കാൻവിരിച്ചിരിക്കുന്ന കനത്ത രത്നകംബളങ്ങളും വിളിച്ചു വിളംബരപ്പെടുത്തുന്നതുപോലെതോന്നി.

അതിരാവിലെ ഹോട്ടലിനോടു് അനുബന്ധിച്ചുള്ള ലഘുഭക്ഷണശാലയിൽനിന്നു കുറഞ്ഞവിലയ്ക്കുള്ള ആഹാരവുംകഴിച്ചു് ഞാൻ ടാൻസേയുടെകീഴിൽ ജോലിചെയ്യുന്ന സൂപ്രേണ്ടിനെക്കാത്തിരിപ്പായി. അദ്ദേഹമാണു് ബെക്ക്ഷേയർഹാത്ത്വേ തൊഴിൽശാലകൾ എന്നെ കാണിക്കാൻ നിയുക്തനായിരിക്കുന്നതു്.

സൂപ്രേണ്ടിൻെറ നേതൃത്വത്തിൽ ഞാൻ ഒരു തൊഴിൽശാലയും, കമ്പനിവകയായി നടത്തുന്ന ഒരു കേന്ദ്ര ഗവേഷണശാലയും പരിശോധിച്ചുനോക്കി. വൃത്തിയും, സ്വച്ഛതയും, ക്രമവും ഇവിടുത്തെ തൊഴിൽരീതിയുടെ പ്രധാനഗുണങ്ങളാണ്. ഇതുപോലെ വൃത്തിയായി സൂക്ഷിച്ചിട്ടുള്ള തൊഴിൽശാലകൾ വേറെ ഞാൻ കണ്ടിട്ടില്ല. സാധനനിർമ്മാണങ്ങൾ നിശ്ചിതമായ രീതിക്കു മുന്നോട്ടു പോകുന്നുവോ എന്നു നിമിഷംപ്രതിയെന്നപോലെ നിശ്ചയിക്കാൻ ക്രമങ്ങൾ അവർ കണ്ടുപിടിക്കുന്നു. ആ ക്രമങ്ങൾക്കു കുറേയേറെ കടലാസ്സുകൾ വേണമെന്നുള്ളതു് പക്ഷേ, ഒരു ദോഷമായിരിക്കാം. എന്നാലും കാര്യത്തിൽ വരുമ്പോൾ സാധനങ്ങൾ എളുപ്പത്തിൽ വേണ്ടതുപോലെ മുന്നോട്ടുവരുന്നുണ്ടെന്നുള്ളതിനു സംശയമില്ല. സൂപ്രേണ്ടിൻെറകൂടെ പ്രോവിഡൻസിനുചുററുമുള്ള നാട്ടുംപുറത്തുള്ള സ്വച്ഛമായ വഴികളും, പാടങ്ങളും കണ്ടുംകൊണ്ടു് ഞാൻ തിരിയെ ഹോട്ടലിലേയ്ക്കുമടങ്ങി. തൊഴിൽനയത്തെക്കുറിച്ചു് കൻസോണോവിൻെറ വീക്ഷണഗതിയിൽനിന്നും തികച്ചും മാറിയ ഒന്നായിരുന്നു സൂപ്രേണ്ടിൻേറയും, ടാൻസേയുടേയും; ഞാൻ അതിനെപ്പററി നാട്ടുംപുറങ്ങളിലെ കാഴ്ചകൾക്കിടയ്ക്കും, പിന്നീടു് ടാൻസേയുമായി വിശാലമായ ഭക്ഷണശാലയിലിരുന്നു് വിലയേറിയ തീനിലേർപ്പെട്ടപ്പോഴും, കുറെയേറെ സംസാരിച്ചു.

അതോടുകൂടി എൻെറ ചുരുങ്ങിയ പ്രോവിഡൻസ് സന്ദർശനം അവസാനിച്ചു. ഈ ചുരുങ്ങിയ സമയംകൊണ്ടു് ഒരു പട്ടണം പിടിച്ചു എന്നുപറയുവാൻ കഴിയുമോ എന്നു സംശയമാണു്; പക്ഷേ, വൈദ്യുതദീപങ്ങൾ രണ്ടു വഴിക്കും തിളങ്ങിനില്ക്കുന്നതു കണ്ടുംകൊണ്ടു് ഞാൻ മോട്ടോർകോച്ചിൽ വിമാനത്താവളത്തിലേയ്ക്കു പോയപ്പോൾ,

പ്രോവിഡൻസ് പട്ടണത്തിലെ ഒഴിഞ്ഞ ജീവിതത്തിനു് ന്യൂയോക്കിലെ വലിയ ബഹളങ്ങളെ അപേക്ഷിച്ചു്, ഒരു പ്രത്യേക കൗതുകമുള്ളതായിത്തോന്നി.

ന്യൂയോർക്ക്
4 ജനുവരി 1956

ഞാൻ ഇന്നു വൈകുന്നേരം ന്യൂയോക്ക് വിടുകയായി. അതിനുമുൻപു് ഈ നഗരം മുഴുവൻ ഒരു വിഹഗവീക്ഷണംനടത്തണമെന്നു നിശ്ചയിച്ചു. ന്യൂയോക്ക് സന്ദർശിക്കുന്നവർ കാണുന്ന പലതും എനിക്കു കാണാൻ സാധിക്കുകയില്ലെന്നു നിരാശാപൂർവ്വം സമ്മതിക്കേണ്ടിവന്നിരിക്കുന്നു. എങ്കിലും, ഒഴിച്ചുകൂടാൻവയ്യാത്ത ചില കാഴ്ചകളുണ്ടു്; ലോകത്തിലുള്ളതിലേയ്ക്കും ഉയരമുള്ള സൗധമായ എംപയർ ഓഫ് സ്റ്റേറ്റ് ബിൽഡിംഗ്, ന്യൂയോക്കിൽ എവിടെനിന്നു നോക്കിയാലും തിരിച്ചറിയാവുന്നവിധം, നവീനരീതിയിൽ കെട്ടിയുണ്ടാക്കിയ സർവ്വരാജ്യസംഘത്തിൻെറ ആഫീസ്, ലോകമെങ്ങും പുകൾകൊണ്ട സ്വാതന്ത്ര്യസ്തംഭം—ഈ കാഴ്ചകൾകാണാതെ ന്യൂയോർക്ക് വിടുന്നതെങ്ങനെ? 102 നിലകളുള്ളകെട്ടിടമാണു് എംപയർ ഓഫ് സ്റ്റേററ് ബിൽഡിംഗ്. രണ്ടുമൂന്നുപ്രാവശ്യം (ലിഫ്ട്)മാറിയേ അങ്ങേയറ്റത്തു എത്തിച്ചേരാൻ സാധിക്കു. അവിടെനിന്നു നോക്കിയാൽ ന്യൂയോക്ക് മുഴുവൻ ഒരൊററ്റ നോക്കിൽക്കാണാം. ദൂരെ ഒരു വശത്തു മൂടൽമഞ്ഞിൽക്കൂടി സ്വാതന്ത്ര്യസ്തംഭം ഞാൻ അവ്യക്തമായിക്കണ്ടു; അതിൽക്കൂടുതൽ എനിക്കു കാണാൻ കഴിയാത്തതു് ഒരു പക്ഷേ, ഈ കാലത്തിൻെറ വിചിത്രമായിരിക്കാം. പിന്നീടു് പ്രശസ്തമായ സർവ്വരാജ്യസംഘംആഫീസ് ഞാൻ സന്ദർശിച്ചു. അവിടുത്തെ നീണ്ട നടവഴികളിൽക്കൂടി

നടക്കാൻ കെല്പില്ലാത്തതുകൊണ്ടു് അങ്ങനെയുള്ളവർക്കു വേണ്ടി സജ്ജീകരിക്കപ്പെട്ട ഒരു ഉന്തുവണ്ടിയിൽക്കേറി ഞാൻ ഒരു മുറിയിൽനിന്നു മറെറാരു മുറിയിലേയ്ക്കുനീങ്ങി. അനന്തമായ വാദപ്രതിവാദങ്ങൾ നടക്കുന്ന മുറികളാണു് ഇവയിൽ പലതും; പക്ഷേ, അന്നവിടെയെങ്ങും ഒരൊററ ആത്മാവിനെപ്പോലും കാണാൻ കഴിഞ്ഞില്ല. ഓരോന്നി ൻെറയും വിവരണങ്ങൾ മാർഗ്ഗദർശിയായി നടന്ന ആ യുവ തി എന്നെ വിസ്തരിച്ചുകേൾപ്പിച്ചപ്പോൾ, സ്വർഗ്ഗനരക ങ്ങളിൽക്കൂടി ഡാൻറയേ നയിച്ചുകൊണ്ടുപോയ ബിയാട്രീ സിനെപ്പററി ഞാൻ ഓർമ്മിച്ചു. ഏതു നരകമോ, സ്വർഗ്ഗമോ, ത്രിശങ്കുസ്വർഗ്ഗമോ ആണു് ഈ നവീനവിധാതാക്കൾ ഇവിടെവെച്ചു ഭാവിതലമുറയ്ക്കു സൃഷ്ടിച്ചുകൊണ്ടുവരാൻ പോകുന്നതു്?

പക്ഷേ, അവ്യക്തമായ ഭാവിയെപ്പററി വിചാരി ക്കാൻ എനിക്കു സമയമില്ല. വിദൂരമായ വിമാനത്താവള ത്തിൽ സമയത്തിനെത്തിയില്ലെങ്കിൽ, ഇന്നു വൈകുന്നേ രം അഞ്ചുമണിക്കു പുറപ്പെടുന്ന വിമാനം കിട്ടുകയില്ല. അവിടംവരെ വരാൻ സാധിക്കുകയില്ലെങ്കിലും, നഗര ത്തിൽനിന്നങ്ങോട്ടു് മോട്ടോർകോച്ച് വിടുന്ന സ്ഥലം വരെയുള്ള എൻെറ സാരഥ്യം സ്റ്റീൻ ഏറെറടുത്തു. താമ സിയാതെ ഞങ്ങൾ ന്യൂയോക്ക് തെരുവിൽക്കൂടി കാറിൽ അതിവേഗംപുറപ്പെട്ടു. പക്ഷേ, ന്യൂയോക്ക് ഗതാഗതനിയ ന്ത്രണനിയമങ്ങളുടെ ഒരു പ്രത്യേകത, പ്രധാന റോഡിൽ നിന്നു് ഉപറോഡുകളിലേക്കു് തിരിയുവാൻ സാധിക്കുന്ന അവസരങ്ങൾ, പ്രത്യേകിച്ചും വാഹനബഹളമുള്ള സമ യത്തു്, തുലോം ചുരുക്കമാണെന്നുള്ളതാണു്. അതുകൊണ്ടു് എത്ര ശ്രമിച്ചിട്ടും, കുറേനേരത്തേയ്ക്കു് നേരെ പോകാനേ സാധിച്ചുള്ളൂ. ഒടുവിൽ ഞാൻ എയർ ടെർമിനസ്സിൽ

എത്തി മോട്ടോർകോച്ചിൽ കേറിയ നിമിഷംതന്നെ അതി ളകി വിമാനത്താവളത്തിലേയ്ക്കു പുറപ്പെട്ടുകയും ചെയ്തു.

അതുകഴിഞ്ഞിട്ടും, നിർഭാഗ്യവശാൽ എൻെറ ബദ്ധപ്പാട്ടുകൾ അവസാനിച്ചില്ല. ഞാൻ പോകാമെന്നുദ്ദേശിച്ചിരുന്ന വിമാനം ഉയന്നരീതിയിലുള്ള ഒരു പ്രത്യേക 'പ്രസിഡൻഡ് ഫ്ളൈററ്' വിമാനമാണത്രെ. അതിൽ കേറാൻ കുറേ കൂട്ടതൽ കൂലികൊടുക്കണം; അതിനുവേണ്ട ഡോളർ എൻെറ കൈവശം ഇല്ലാതാനും! ഈ വിഷമസന്ധിയിൽ, വിമാനക്കമ്പനിക്കാരുമായുള്ള കൂടിയാലോചനകൾകൊണ്ടേ കായ്യങ്ങൾ സാധിക്കൂ. ഭാഗ്യംകൊണ്ടു് ഈ പുനരാലോചനകളുടെ ഫലം എനിക്കു പ്രതികൂലമായിരുന്നില്ല. പ്രതിബന്ധങ്ങൾ എല്ലാം നീങ്ങി ഞാൻ പ്രസിഡൻഡ് ഫ്ളൈററിൽ പ്രവേശിക്കാൻ തയ്യാറായി. വിമാനത്തിന്റെ മുൻപിൽ ഒരു പട്ടുപരവതാനി വിരിച്ചിട്ടുണ്ടു്; ഉദ്യോഗസ്ഥന്മാർ പ്രസിഡൻഡ്ഫ്ളൈററിൽ കേറാനുള്ള പ്രശസ്തയാത്രക്കാരെ സ്വീകരിക്കാൻ ഒരുങ്ങിനിൽക്കുന്നു; യാത്രക്കാരുടെ സുഖസൗകയ്യങ്ങൾ നോക്കാൻ പ്രസിഡൻഡ്ഫ്ളൈറ്ററായതുകൊണ്ടു് ഒരു പ്രത്യേകസംഘം സജ്ജീകൃതമായിട്ടുണ്ടു്. ഈ അസാധാരണ ഏപ്പാട്ടുകൾകണ്ടു് അല്പം സന്തുഷ്ടനായി ഞാൻ പതുക്കെപ്പതുക്കെ പ്രസിഡൻഡ്ഫ്ളൈററിൽ പങ്കുകൊള്ളാൻ വിമാനത്തിലേയ്ക്കു പ്രവേശിച്ചു; അങ്ങനെ ഞാൻ അമേരിക്കയോടു് അവസാനമായി യാത്രപറയുകയും ചെയ്തു.

MUL
195532
195532
V2:19wN10
32J8:1

2 1 JUL 1967